
KALABHAVAN 2000
Kala Bhavan studios ltd

# KALABHAVAN 2000

280.108
-K

## CELEBRATING THE 80TH BIRTHDAY OF REV. DR. ABEL C.M.I. & THE 30TH ANNIVERSARY OF KALABHAVAN REGD.

C. M. I. LIBRARY
28670
KOTTAYAM
S. J. PROVINCE

Kala Bhavan studios Ltd

marggam DIGITAL PUBLISHING
www.marggam.org



H.E. Joseph Cardinal Parecattil. Kalabhavan's Patron

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA



Fr. Dr. Abel CMI The Founder

# ഒരുപതിറ്റാണ്ടുകാലം ചിരിപ്പിക്കാൻ കഴിഞ്ഞതു കലാഭവനിലൂടെ

കലാഭവൻ റഹ്മാൻ



1981, സെപ്റ്റംബർ 21

അന്നാണു മിമിക്സ് പരേഡിനു തുടക്കമിടുന്നത്. കേരള യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ അനുകരണകലയിൽ സമ്മാനം നേടിയ അൻസാർ, സിദ്ധിക്ക്, ലാൽ, പ്രസാദ്, വർക്കിയച്ചൻ പെട്ട പിന്നെ ഞാൻ. ആറു പേർ ചേർന്നുള്ള സംഘം.

രണ്ടുപേർ ചേർന്നൊരുക്കിയിരുന്ന മിമിക്രി എന്ന കലാരൂപം അരഡസൻ പേർ അണിനിരക്കുന്ന പ്രൊഫഷണൽ പ്രോഗ്രാമായി മാറുകയാണ്. മൂന്നു മണിക്കൂർ നീണ്ടു നിൽക്കുന്ന മിമിക്സ് പരേഡ്. റിസൽറ്റ് എങ്ങനെയാണെന്നു പറയാൻ പറ്റില്ല. എന്തും സംഭവിക്കാം. എല്ലാവരും ടെൻഷനിലാണ്. ടെൻഷനില്ലാത്ത ഒരേഒരാൾ ആബേലച്ചനാണ്. അച്ചൻ ഏതുകാര്യത്തിലും ശുഭാപ്തി വിശ്വാസക്കാരനാണ്.

പക്ഷെ, ഉദ്ഘാടന പ്രോഗ്രാം കഴിഞ്ഞപ്പോൾ ഞങ്ങൾക്കു മനസ്സിലായി പ്രോഗ്രാം ഏറ്റുവെന്ന്. ജനം അത്രമാത്രം ആഹ്ലാദഭരിതരായിരുന്നു. അതോടെ ഞങ്ങളുടെ ടെൻഷനും മാറി. ആബേൽ അച്ചന്റെ അവസ്ഥയിലേക്കു ഞങ്ങളും വന്നു.

മിമിക്സ് പരേഡിനു കിട്ടിയ ഉദ്ഘാടന വിജയം ജനമധ്യത്തിൽ ചർച്ചാവിഷയമായതോടെ കലാഭവനിൽ ബുക്കിംഗിന്റെ തിരക്കായി. എന്നും പരിപാടികൾ, ഇടവേളകളില്ലാതെയുള്ള യാത്ര. എല്ലായിടത്തും വമ്പിച്ച സ്വീകരണങ്ങളായിരുന്നു. മോശമാണെന്ന് ആരും പറഞ്ഞു കേട്ടിട്ടില്ല.

കലാഭവൻ മിമിക്സ് പരേഡ് എന്ന ബോർഡ് വച്ച ടെമ്പോവാൻ കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ ഓടി. നഗരങ്ങളും ഗ്രാമങ്ങളും കണ്ടു. പിന്നെ കേരളത്തിനു പുറത്തേക്കു രാജ്യത്തിന്റെ അതിരുകളും കടന്നു കലാഭവൻ മിമിക്സ് പരേഡ് ജൈത്രയാത്ര നടത്തുകയായിരുന്നു.

പരേഡ് തുടങ്ങി മൂന്നു മാസം കഴിഞ്ഞപ്പോൾ വർക്കിയച്ചൻ പെട്ട ജോലി കിട്ടി പോയി. പകരം എൻ.എഫ്.വർഗ്ഗീസ് വന്നു. കലാകാരന്മാർ പല കാരണങ്ങൾ കൊണ്ടും മാറിക്കൊണ്ടിരുന്നു. സിദ്ധിക്ക്പോയി. അശോകൻ വന്നു. സൈനുദ്ദീൻ വന്നു. ലാൽ പോയി. ജയറാം വന്നു.

ജയറാം, സൈനുദ്ദീൻ, പ്രസാദ്, രവി, നാരായണൻ കുട്ടി പിന്നെ ഞാൻ. ഞങ്ങൾ നാലു വർഷം ഒരുമിച്ചുണ്ടായിരുന്നു. കലാഭവൻ മിമിക്സ് പരേഡിന്റെ സുവർണ്ണകാലഘട്ടമെന്നു പറയാവുന്നതും ഈ വർഷങ്ങളാണ്.

ഞങ്ങളുടെ വിജയത്തിനു പിന്നിലെ ഏറ്റവും വലിയ ശക്തി ആബേലച്ചനായിരുന്നു. ചില സ്ഥലങ്ങളിൽ പരിപാടി നടക്കുമ്പോൾ കാണാൻ അച്ചൻ വരും. പ്രോഗ്രാം കാണുകയും ആസ്വദിക്കുകയും കർച്ചീഫ് കൊണ്ട് വായപൊത്തിപ്പിടിച്ചു ചിരിക്കുകയും ചെയ്യും.

ഇതൊക്കെ കഴിഞ്ഞു ഞങ്ങളുടെ അടുത്തേക്കു വന്നു ഒരു തട്ടുണ്ട്.

റഹ്മാനെ.... പോരാട്ടോ. പരിപാടി ഒന്നുകൂടി ശരിയാകാനുണ്ട്. ശ്രദ്ധിക്കണം.... വളരെ ഗൗരവത്തിലാണ് അച്ചൻ. ഇതു കേൾക്കുമ്പോൾ മാനസികമായി ഞങ്ങൾക്കു വിഷമം തോന്നിയിരുന്നു.

പക്ഷെ പിന്നീട് മനസ്സിലായി അച്ചൻ പറയുന്നതു പ്രോഗ്രാം കൂടുതൽ നന്നാക്കാനും വിജയത്തിൽ അഹങ്കരിക്കാതിരിക്കുവാനുമാണെന്ന്. അന്ന് അച്ചൻ ഞങ്ങളെ അഭിനന്ദിക്കുകയാണു ചെയ്തിരുന്നതെങ്കിൽ ഒരു പക്ഷെ ഞങ്ങളുടെ വളർച്ച അവിടെ നിൽക്കുമായിരുന്നു. അച്ചന്റെ ഓരോ പ്രവർത്തനങ്ങളിലും നന്മയുടെ അംശങ്ങൾ മാത്രമേയുള്ളു. അതു മനസ്സിലാക്കാതെപ്പോയാൽ നഷ്ടം നമുക്കു തന്നെയാണ്.

അച്ചന്റെ വാക്കുകളും അതിലെ നന്മകളും അർഹിക്കുന്ന ഗൗരവത്തോടെയായിരുന്നു ഞങ്ങൾ കണ്ടിരുന്നത്. അതിന്റെ ഗുണവും ഞങ്ങൾക്ക് കിട്ടിയിരുന്നു.

ഒരിക്കലും ദേഷ്യപ്പെട്ടുകണ്ടിട്ടില്ലാത്ത ആബേലച്ചൻ നല്ലൊരു നർമ്മബോധമുള്ള വ്യക്തികൂടിയാണ്. അച്ചനെ അടുത്തറിയുന്നവർക്കറിയാം ആ മനസ്സിനുള്ളിലെ നർമ്മബോധം.

ഒരിക്കൽ ഞങ്ങൾ കലാഭവൻ പരേഡ് ട്രൂപ്പ് വിദേശപര്യടനം കഴിഞ്ഞു മടങ്ങുകയാണ്. സിങ്കപ്പൂരിൽ നിന്നും പുറപ്പെട്ട വിമാനം മദ്രാസ് എയർപോർട്ടിൽ ഇറങ്ങുകയാണ്.

സമയം രാത്രി ഏഴ് മണിയായിക്കാണും. ഞാൻ ഒരു ഭാഗത്തെ ജനലിനരുകിലായിട്ടാണ് ഇരിക്കുന്നത്. എന്റെ തൊട്ടടുത്ത് അച്ചനും.

അച്ചൻ എന്നോടു പറഞ്ഞു.

റഹ്മാനേ... താനൊന്നു ജനലിൽ കൂടി താഴേയ്ക്ക് നോക്കിയേ. വല്ലതും കാണുന്നുണ്ടോന്ന്...

ജനലിലൂടെ ഞാൻ താഴേയ്ക്ക് നോക്കിയിട്ടു അച്ചനോട് പറഞ്ഞു.

സിറ്റിയുടെ വെളിച്ചമൊക്കെ കാണുന്നുണ്ട്....

ഉടനെ അച്ചന്റെ കമന്റ് വന്നു.

ഹ്ഹോ... സമാധാനമായി. ഇനി ശവമെങ്കിലും വീട്ടുകാർക്ക് കിട്ടും.

അതിലെ തമാശ ആസ്വദിച്ചു ശരീരം മൊത്തം ഇളകിചിരിക്കുകയാണ് അച്ചൻ. ആ ചിരിയിൽ എനിക്കും പങ്ക് ചേരേണ്ടി വന്നു. കാരണം ആ ചിരിയിൽ കാപട്യമില്ലായിരുന്നു.

പത്ത് വർഷം കലാഭവന്റെ മിമിക്സ് പരേഡിൽ അംഗമായിരുന്നു ഞാൻ. ഏറ്റവും കൂടുതൽ മിമിക്സ് പരേഡിൽ കളിച്ച വ്യക്തിയും ഞാൻ തന്നെയാണ്. ഈ കുറിപ്പുകളിൽ ഒതുക്കാൻ കഴിയാത്തത്രയും അനുഭവങ്ങളുമുണ്ട്.

സന്തോഷവും സംതൃപ്തിയും തോന്നുന്ന, വേദനയും ദുരിതവും കഷ്ടപാടുകളും നിറഞ്ഞ ഈ ലോകത്തു പത്തു വർഷം കലാഭവൻ മിമിക്സ് പരേഡിലൂടെ എത്രയോ പേർക്കു സന്തോഷം നൽകാൻ കഴിഞ്ഞു. അതുതന്നെ വലിയൊരു ഈശ്വരാനുഗ്രഹമാണ്.

DIGITAL PUBLISHING
www.marggam.org



# EDITORIAL

Life is a special gift of God. To be born on this earth is a blessing, and to be associated with such an august institution, a very special extension of that blessing. I realise this now in hindsight, for now as a part of this Kalabhavan family, I understand the purpose of my birth.

A chance encounter with the great visionary Fr. Abel, the architect of Kalabhavan, at Trivandrum International Airport in 1994, caused a ripple in my existence and the subsequent interaction with the priest changed the course of my life forever. Indeed this meeting was a coincidence and now I realized this was one of the master strokes of my Creator, to lead me onto the path of fulfilment.

Today when I look back at all these years spent at Kalabhavan, I am grateful to God for granting me this opportunity to serve Him through Kalabhavan, and to know and experience the greatness of Fr. Abel, who has become my father figure, my mentor, as well as my alterego. I fervently ask God to bless Abelachan with a long and healthy, active and happy life.

Kalabhavan was envisaged and fashioned by Fr. Abel and is the fruit of his perseverance and dedication. His selfless labour is reflected in its growth and attainment. In the year 1969, under the patronage of His Eminence the Late Cardinal Joseph Parecattil, an ambitious project was set in concrete to quench the thirst of music and art lovers. Baptised as The Christian Arts Club, this fine arts centre got renamed as Kalabhavan. Fr. Abel then had already reached the landmark age of half a century. Many musical enthusiasts, eminent personalities and our very own Padmashree K.J. Yesudas, contributed their mite to mould and shape the infant, that has now grown into strapping manhood, the Kalabhavan of today. Thirty years of sweat and toil, sorrows and setbacks, joys and successes, it stands a memorial, a salute to the indomitable spirit of a humble CMI priest who strummed the strings of many a heart with sweet music. A man who dared to dream.

The panorama of thirty years of Kalabhavan vis-a-vis eighty years of Fr. Abel's dreams, unfolds before us, on a canvas of dance, music and drama, that sublimates and transcends all human barriers and emotions as Kalabhavan. Fr. Abel's youthful enthusiasm, a brightly burning candle that lights the path leading each tiny talent into a burst of capabilities, a twinkling star on the dome of the heavens.The pages of this souvenir are dedicated to all those men and women who have enriched Kalabhavan with their selfless devotion and made Fr. Abel's dream, his vision a reality. I sincerely hope and pray for the blessings of the Almighty and the continued co-operation from each and every one of you, in all our future endeavours.

**Georgekutty Kariyanappally**

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

WITH BEST COMPLIMENTS

Mr./Mrs. P.T. Thomas
Palathra, Palluruthy, Cochin

&



Mr./Mrs. Thomas Thomas Palathra
Daisy , Abhy , Geo , Rob and Anu.

&

Daisy's Fortune Companies
16 Ward Avenue, Staten Island
New York, USA

marggam
DIGITAL PUBLISHING
www.marggam.org

# KALABHAVAN REGD. SOCIETY COMMITTEE MEMBERS 1999 - 2000


Fr. Dr. Abel CMI


A. M. Thomas


Seshadri


James Kulathunkal


Andrew Nettikkadan


Jacob Mathew


Jose Thomas. Ettuparayil


K. A. Akbar


Georgekutty Kariyanappally


Fr. Baby Shepherd. CMI


Michael Payappilly


Soby George

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
DIGITAL PUBLISHING
www.marggam.org




www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA




ഫാ: ആബേൽ സി.എം.ഐ.

# ഓളവും തീരവും

> ഗാനമേളമാത്രമായിട്ടാണ് ആരംഭം, പരിപാടി കൂടുതൽ ആസ്വാദ്യകരമാക്കുവാൻ പിന്നീട് അതോടുചേർത്തു മിമിക്രിയും നടത്തി തുടങ്ങി. വർക്കിയച്ചൻ പെട്ട ഏകനായിട്ടാണ് മിമിക്രി തുടങ്ങിയത്. ക്രമേണ അതു മൂന്നുപേരായി വികസിച്ചു.

മുപ്പത്തഞ്ചുകൊല്ലം മുമ്പു ഞാൻ എറണാകുളത്തു കാലുകുത്തുമ്പോൾ ഒന്നിനെപ്പറ്റിയും എനിക്ക് ഒരു കണക്കുകൂട്ടലും ഉണ്ടായിരുന്നില്ല- കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ വിളിച്ചതുകൊണ്ടു വന്നു, അദ്ദേഹം നിർദ്ദേശിക്കുന്ന ജോലികൾ ചെയ്യുന്നു, അത്രമാത്രം.

സത്യദീപം പത്രാധിപരായിരുന്നപ്പോൾ തിരുമേനി ഉപയോഗിച്ചിരുന്ന ബ്രോഡ്‌വേയിലെ ഒരു ചെറിയ മുറി എന്റെ ഉപയോഗത്തിനു വിട്ടുതന്നു. രാത്രി താമസം കാരിക്കാമുറിയാശ്രമത്തിൽ. രാവിലെ എട്ടുമണിയാകുമ്പോൾ ബ്രോഡ്‌വേയിലേയ്ക്കു നടക്കും. വൈകുന്നേരം അഞ്ചരയാകുമ്പോൾ തിരിച്ചു നടക്കും. അങ്ങനെ ബസ്സുകൂലിയൊഴിവാക്കാം, വ്യായാമവും കിട്ടും. അതായിരുന്നു പദ്ധതി. അത്തരം ചെലവു ചുരുക്കൽ നയം മൂലമാണു കലാഭവൻ ഉണ്ടാകാനിടയായത് എന്നു ഞാൻ വിശ്വസിക്കുന്നു.

അന്നു സി.എം. ഐ. സഭയുടെ ജനറാളായിരുന്ന റവ. ഡോ. കനീസിയൂസാണ് എന്റെ സേവനം കർദ്ദിനാളിനു വിട്ടുകൊടുത്തത്. മുമ്പോട്ടുള്ള എന്റെ പ്രവർത്തനങ്ങളിലെല്ലാം ബ. കനീസിയൂസച്ചൻ വാത്സല്യപൂർവ്വം എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിരുന്ന കാര്യം കൃതജ്ഞതാപൂർവ്വം ഞാൻ അനുസ്മരിക്കുന്നു.

1965 മുതൽ 69 വരെ കർദ്ദിനാൾ തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് മൃതസംസ്ക്കാരം, കാനോനനമസ്ക്കാരം, വിശുദ്ധവാരകർമ്മങ്ങൾ മുതലായ പുസ്തകങ്ങളും ആവശ്യമായ ഭക്തിഗാനങ്ങളും രചിക്കുന്നതിലാണു ഞാൻ വ്യാപൃതനായിരുന്നത്. വിവർത്തനം നിർവ്വഹിച്ചുതന്നത് സുറിയാനിഭാഷാ പണ്ഡിതനായ ഫാദർ ലുദവിക് കുനിയന്തോടത്ത് ആയിരുന്നു. അദ്ദേഹം അന്ന് ആലുവാ ആശ്രമത്തിലാണു താമസിച്ചിരു

ന്നത്. വട്ടക്കുന്നേൽ ബ. ആന്റണി മാരിസച്ചൻ അദ്ദേഹത്തെ സഹായിച്ചിരുന്നു.

അന്നു ബ. പ്രൊവിൻഷ്യലച്ചന്റെ അനുവാദത്തോടുകൂടി കാരിക്കാമുറി പ്രയർജനറൽസ് ഹൗസിലാണു ഞാൻ താമസിച്ചിരുന്നത്. സൗകര്യാർത്ഥം രണ്ടുകൊല്ലം അരമനയിലും താമസിച്ചിട്ടുണ്ട്. മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ജോലി. ഇരുന്നു മടുക്കുമ്പോൾ നിന്നു കൊണ്ടെഴുതാൻ പൊക്കമുള്ള ഒരു മേശയും തയ്യാറാക്കിയിരുന്നു. അരമനയിലെ വാസം സുഖപ്രദമാക്കുവാൻ ബ. ഏറണാട്ടച്ചനും മറ്റും വളരെ സഹായിച്ചിട്ടുണ്ട്. കൈയെഴുത്തുപ്രതികൾ വായിച്ചു തിരുത്തുവാനും, നിർദ്ദേശങ്ങൾ നല്കുവാനും കർദ്ദിനാൾ തിരുമേനി കാണിച്ച ജാഗ്രത എന്നെ വിസ്മയിപ്പിച്ചു. അദ്ദേഹം മലയാളം ഹയറിനു പഠിച്ചിരുന്നത് എനിക്കു വലിയ ആശ്വാസമായി.

ആദ്യമാദ്യമുള്ള ഗാനങ്ങൾ സുറിയാനി രീതിയിലാണ് എഴുതിയിരുന്നത്. എന്നാൽ പാട്ടു കുർബ്ബാനയുടെ ഗാനങ്ങൾക്കും മറ്റും പുതിയ ശീലുകൾ നല്കണമല്ലോ. അക്കാര്യത്തിലാണു കെ.കെ. ആന്റണി മാസ്റ്ററുടെ സേവനം ആവശ്യമായി വന്നത്. സിലോൺ റേഡിയോയിൽ പരിപാടികൾ അവതരിപ്പിച്ചിരുന്ന ആന്റണി മാസ്റ്ററെ ഇരിങ്ങാലക്കുടക്കാരൻ വർഗീസ് പുളിക്കൻ എന്നൊരു വ്യാപാരിയാണു കലാഭവനിൽ കൊണ്ടു വന്നത്. ആന്റണി മാസ്റ്ററുടെ കലാവിരുതിനെപ്പറ്റി എനിക്കൊന്നും അറിഞ്ഞുകൂടായിരുന്നു. ഏതായാലും ഒന്നു പരീക്ഷിച്ചു നോക്കിക്കളയാമെന്നു കരുതി. ഞാൻ രചിച്ച 'കർത്താവിൻ തിരുഭവനത്തിൽ' എന്ന ഈരടികൾ ട്യൂൺ ചെയ്യാൻ അദ്ദേഹത്തെ ഏൽപ്പിച്ചു. ആ ട്യൂൺ എനിക്കു വളരെ ഇഷ്ടപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ ആഴമേറിയ വിജ്ഞാനത്തെപ്പറ്റി മനസ്സിലായപ്പോൾ ഇന്റർവ്യൂ നടത്തിയ വിവരക്കേടിനെ ഓർത്ത് ഞാൻ ലജ്ജിച്ചു. അതിനുശേഷമാണ് "ഈശ്വരനെത്തേടി', "പരിശുദ്ധാത്മാവേ...' "നട്ടുച്ചനേരത്ത്....' തുടങ്ങിയ ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ അദ്ദേഹം വിദഗ്ധമായി സംവിധാനം ചെയ്തത്. അതോടുകൂടി തിരുനാൾക്കർമ്മങ്ങൾ, കുർബാന മുതലായ പുസ്തകങ്ങളിലെ ഗാനങ്ങളും ടേപ്പിലാക്കി വിതരണം ചെയ്യേണ്ടിയിരുന്നു. അക്കാര്യത്തിൽ ആന്റണി മാസ്റ്ററെ ഏറ്റവുമധികം സഹായിച്ചത് എമിൽ, റെക്സ്, ജോളി എബ്രഹാം തുടങ്ങിയ കലാകാരന്മാരാണ്.

ദേവാലയ ഗാനങ്ങളെല്ലാം റെക്കോർഡു ചെയ്തു കഴിഞ്ഞപ്പോൾ അതിൽ സഹകരിച്ച യുവകലാകാരന്മാർക്കു മറ്റൊരു വഴി തുറന്നു കൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയായി ചിന്ത. അതിന് ഒരു ഗാനമേള ട്രൂപ്പുണ്ടാക്കണം. യേശുദാസിന്റെ ഗാനമേള ആരംഭിച്ചകാലമായിരുന്നു. അതിന്റെ മാതൃകയിൽ ചില ഗായകരെയും, എമിൽ റെക്സ് പ്രതിഭകളെയും കൂട്ടിയിണക്കി കലാഭവൻ ട്രൂപ്പിന് അടിത്തറയിട്ടു. അതിലൂടെ ഒത്തിരി കലാകാരന്മാർക്കു കരയേറാൻപറ്റി. ജോളി എബ്രഹാം, ജെൻസി, സുജാത, ഗോപകുമാർ തുടങ്ങിയവരായിരുന്നു ആദ്യ ഗായകർ.

ഗാനമേളമാത്രമായിട്ടാണ് ആരംഭം. പരിപാടി കുടുതൽ ആസ്വാദ്യകരമാക്കുവാൻ പിന്നീട് അതോടുചേർത്തു മിമിക്രിയും നടത്തി തുടങ്ങി. വർക്കിയച്ചൻ പെട്ട ഏകനായിട്ടാണ് മിമിക്രി തുടങ്ങിയത്. ക്രമേണ അതു മൂന്നുപേരായി വികസിച്ചു. കാണികളുടെ ആവേശകരമായ പ്രതികരണം കണ്ടപ്പോൾ മിമിക്രി തനിച്ച് ഒരു മുഴുനീളപ്പരിപാടിയാക്കിയാലോ എന്നു ഞാൻ ആലോചിച്ചു. അങ്ങനെ ഗാനമേളയുടെ ഇടയ്ക്കുള്ള മിമിക്രി നിലനിർത്തിക്കൊണ്ടുതന്നെ പത്തുപേരടങ്ങുന്ന മറ്റൊരു പരിപാടിക്കു രൂപം കൊടുത്തു. അതിനു മിമിക്സ് പരേഡ് എന്നു പേരും നല്കി.

ഇരുപതിലേറെ മിമിക്സ് പരേഡ് ആർട്ടിസ്റ്റുകൾ സിനിമാലോകത്തേയ്ക്കു കുടിയേറിയതോടെ കലാവാസനയുള്ള ചെറുപ്പക്കാരുടെയിടയിൽ ഒരു കോളിളക്കംതന്നെയുണ്ടായി. തുടർന്നു കന്യാകുമാരി മുതൽ കാസർകോടു വരെയുള്ള സിനിമാപ്രേമികളായ യുവാക്കന്മാരുടെ ഒരു പ്രവാഹമായി കലാഭവനിലേയ്ക്ക്. അത് ഇപ്പോഴും തുടർന്നു കൊണ്ടു തന്നെ പോകുന്നു.

അതിനിടയിൽ, 24 ട്രാക്കുള്ള ഒരു ഡിജിറ്റൽ റെക്കാർഡിംഗ് സ്റ്റുഡിയോ കലാഭവനിൽ സ്ഥാപിച്ചു. റെക്കാർഡിംഗ് എൻജിനീയറായി വിദഗ്ധനായ സോബി ജോർജിനെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ അവിടെ ഇടതടവില്ലാതെ എല്ലാ സമയവും റെക്കാർഡിംഗ് നടക്കുന്നു എന്നു പറയുവാൻ അതിയായ സന്തോഷമുണ്ട്.



ഒരധ്യാപകനും മൂന്നു കുട്ടികളുമായി ബ്രോഡ്വേയിലെ ഒരു ചെറിയ മുറിയിൽ ആരംഭിച്ച സംഗീത ക്ലാസ്സുകളുടെ ചരിത്രം ഒരത്ഭുതകഥയാണ്. അതിനു പകരം ഇന്ന് നാലുനിലകൾ വീതമുള്ള രണ്ടു സൗധങ്ങളിലായി 3100 വിദ്യാർത്ഥിനീവിദ്യാർത്ഥികൾ സംഗീതസംബന്ധമായ 21 വിഷയങ്ങൾ അഭ്യസിച്ചു വരുന്നു. ഗാനമേള, മിമിക്സ് പരേഡ് ട്രൂപ്പുകൾ 1984 മുതൽ ഇൻഡ്യയുടെ വിവിധ കേന്ദ്രങ്ങളിൽ മാത്രമല്ല, അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നീ വിദേശരാജ്യങ്ങളിലും പരിപാടികൾ അവതരിപ്പിച്ചു മുക്തകണ്ഠമായ പ്രശംസ നേടി വരുന്നു.

കലാഭവന്റെ ആരംഭകാലത്ത് "കുഞ്ഞിക്കൈകൾ' എന്ന ബാലചിത്രത്തിലൂടെ സിനിമാരംഗത്തു പരീക്ഷണം നടത്തിനോക്കിയതും, ശ്രീ. സി.എൻ. ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിൽ കലാഭവൻ തീയേറ്റർ സ്കൂൾ നടത്തിയതും മറ്റും പലർക്കും അറിവില്ലാത്ത കാര്യങ്ങളാണ്.

കലാഭവൻ സ്റ്റുഡിയോസ് എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി സ്ഥാപിച്ചത് 1971-ൽ ആണ്. ശ്രീ. കെ.ജെ. യേശുദാസിന്റെയും മറ്റും ആഗ്രഹപ്രകാരം അന്ന് അതിന്റെ പേരിൽ കാക്കനാട്ട് ആറ് ഏക്കർ സ്ഥലം വാങ്ങി. മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ.ജോസഫ് കാരിക്കാശ്ശേരിയുടെ അകാലനിര്യാണം മൂലം കമ്പനിയുടെ പ്രവർത്തനങ്ങൾ വളരെക്കാലത്തേയ്ക്കു മുടങ്ങിക്കിടന്നു. 1996 ആരംഭത്തിൽ ഏതാനും ഷെയർ ഹോൾഡേഴ്സു വന്ന് സ്റ്റുഡിയോസിന്റെ പ്രവർത്തനം പുനരാരംഭിക്കണമെന്നും, അതു സാധ്യമല്ലെങ്കിൽ വസ്തുവിറ്റുകാശു വീതിച്ചു കൊടുത്തേപറ്റു എന്നും ശക്തിയായി വാദിച്ചു. ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ ആസ്തികൾ വില്ക്കുക ക്ഷിപ്രസാധ്യമല്ലെന്നു മനസ്സിലായപ്പോൾ അതു പുനരുജ്ജീവിപ്പിക്കുവാൻ തന്നെ തീരുമാനിച്ചു.

ആ സ്ഥലത്ത് ഒരു സ്കൂളും, ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും, ടി.വി. സെന്ററും തുടങ്ങാനാണു പ്ലാനിട്ടത്. ഡയറക്ടർ ബോർഡിന്റെ നിർദ്ദേശപ്രകാരം കൂടുതൽ ഷെയറുകൾ വില്ക്കുന്നതിനായി എം.ഡി.യായ ജോർജ്ജുകുട്ടി കരിയാനപ്പള്ളിയും ഞാനും കൂടി അമേരിക്കയിലും യൂറോപ്പിലും ഗൾഫു രാജ്യങ്ങളിലും പര്യടനം നടത്തി രണ്ടുകോടിയിൽപ്പരം രൂപ സ്വരൂപിച്ചു. പ്രായോഗികത കണക്കിലെടുത്ത് ആദ്യവർഷം സ്കൂൾ മാത്രം ആരംഭിക്കാമെന്നും, മറ്റുള്ളവ അടുത്ത കൊല്ലത്തേയ്ക്കു മാറ്റി വയ്ക്കാമെന്നുമാണു തീരുമാനമുണ്ടായത്.

അതനുസരിച്ച് 1998 നവംബർ 14-ാം തീയതി സിനിമാനടൻ ശ്രീ. ജയറാം കാക്കനാട്ടുള്ള സ്കൂൾ കെട്ടിടത്തിനു തറക്കല്ലിട്ടു. സ്കൂളും ഹോസ്റ്റലും ഏഴു മാസം കൊണ്ടു പൂർത്തിയാക്കി ജൂൺ ഒന്നാം തീയതി ക്ലാസ്സുകൾ ആരംഭിച്ചു. സ്കൂളിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ശ്രീ. ജയറാമിന്റെയും കലാഭവൻ മണിയുടെയും സാന്നിദ്ധ്യത്തിൽ വിദ്യാഭ്യാസമന്ത്രി ശ്രീ. പി.ജെ. ജോസഫ് ആണു നിർവ്വഹിച്ചത്. വിദേശത്തു നിന്നുള്ള ഷെയർ ഹോൾഡേഴ്സും, രക്ഷകർത്താക്കളും തദവസരത്തിൽ സന്നിഹിതരായിരുന്നു. പ്രതീക്ഷിച്ചതിലേറെ മനോഹരമായ സ്കൂൾ കെട്ടിടവും പരിസരങ്ങളും നേരിൽക്കണ്ട് അവർ നിർവൃതിയടഞ്ഞു.

ഐ.സി.എസ്.ഇ. സിലബസനുസരിച്ചു നടത്തപ്പെടുന്ന സ്കൂളും, ഡിപ്ലോമാ നേടുന്ന കലാഭ്യസനവും അഭൂതപൂർവ്വമായ ഒരു പദ്ധതിയാണെന്നുള്ളതിൽ സംശയമില്ല. ദൈവത്തിന്റെ തൃക്കരങ്ങളാണു കലാഭവനെ ഉന്നമനത്തിലേയ്ക്കു നയിച്ചുകൊണ്ടിരുന്നത്. അമരത്തിരിക്കുന്നവർ ദൈവവിശ്വാസത്തിലും എളിമയിലും അടിയുറച്ചു നിന്നാൽ ഒരുകാലത്ത് നളന്ദ, തക്ഷശിലപോലെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിജ്ഞാനകുതുകികളെ ആകർഷിക്കുന്ന ഒരു ലോകോത്തരപ്രസ്ഥാനമായി കലാഭവൻ വളരുമെന്നാണ് എന്റെ പ്രതീക്ഷ.















കലാഭവനിലെ ആദ്യകാല
ക്ലാസ്സുകൾ നടേശൻ മാഷും
അഗസ്റ്റിൻ മാഷും നയിക്കുന്നു.

# KALABHAVAN: ALWAYS IN THE LIMELIGHT

A.M. Thomas, Former Union Minister



Kalabhavan had a humble beginning in a small room at Broadway, with two fiddles, a harmonium and three kids aspiring to be singers. That was in 1968 when Fr. Abel, Kalabhavan's founder father busied himself in decoding the sacred books from Syriac. He found it difficult to set music for his lyrics without professional help and as a result of it, the Christian Arts Club came into being.

Fr. Abel's songs and translations soon zoomed to fame and the small room at Broadway began to transform itself into a musical world. Musical instruments crowded the room, young art lovers flocked around, hundreds of well-wishers waited to lend a hand. Soon came the day, September 3, 1969 and Kalabhavan treaded into the world of art, shaping itself into an organisation. Those were the years of initial struggle, and Kalabhavan held out against it all.

Soon, it was time to own a new building. The foundation stone for the new building was laid by Parecattil Thirumeni in a 10 cent plot near Ernakulam Town Hall on 15th August, 1974. Within a short span of time, a four storeyed building took shape. In fact, Bishop Parecattil had provided the much needed confidence and courage to Fr. Abel's efforts.

Kalabhavan is a repository of arts and skills. Anyone with an ear for music could be nurtured here. Training is being imparted in all branches of music. Apart from it, music, painting, dance and acting classes are also being conducted. Kalabhavan was instrumental in eliciting fame for the fine arts. Pop-music and mimicry are two other art forms where Kalabhavan excels. The fact that the Malayalam film world is crammed with heroes who had once been in league with this outfit, is ample evidence of Kalabhavan's merits.

In 1972, Kalabhavan set about the task of entertaining drama lovers too. "Vincent De Paul" was its first dramatic attempt, which boasted of high moral standards. 'Anthichuvappu', directed by P.J. Antony, was staged next.

Though music has always been its first prerogative, in 1973 Kalabhavan started a theatre school, on the lookout for fresh acting talents. A 'Nadakakalari' was also conducted which lasted for a year.

Kalabhavan's musicals are also something to talk about. The first musicale hit Kochi in 1971. Yesudas was in the lead, B. Vasantha, Janaki and Jayachandran accompanied–that indeed was a musical feast. More than 50 artists, over 60 instruments. Never before had Kochi witnessed something like that.

A flair for art, a desire to serve art lovers and the will to succeed–Fr. Abel is all this rolled into one. This founder father of Kalabhavan is a person of many talents, armed with a doctorate in Journalism and Politics (Rome International University). He was a lecturer at Devagiri College, Kozhikode. Formerly he had founded 'Kuttikalude Deepika'.

Thirty years have passed since then. Today Kalabhavan is at a covetable stage, commanding glory and fame and always in the limelight–thanks to Fr. Abel's leadership. Fr. Abel adored art, inspired artists and served art lovers. Kalabhavan has always been true to his spirits.

marggam DIGITAL PUBLISHING

www.marggam.org

# വൈദിക കവിയെപ്പറ്റി മഹാകവി



ജി. ശങ്കരക്കുറുപ്പ്

അഭിവന്ദ്യ വൈദികനായ ഫാദർ ആബേലിന്റെ ആ സൗഹൃദത്തെ ഞാൻ വിസ്മരിക്കയില്ല. സെപ്റ്റംബറിൽ ഒരു ഞായറാഴ്ച അപരാഹ്നത്തിൽ ഫാദർ എന്റെ വായനമുറിയിൽ ഇരുന്ന്, മലയാളത്തിൽ സ്വയം വിവർത്തനം ചെയ്തിട്ടുള്ള ആരാധനാഗാനങ്ങൾ വായിക്കയും, ആലപിക്കുകയും ചെയ്തു. ഭാവവ്യഞ്ജകമായ ഭാഷയും ഭാവപോഷകമായ രാഗവിശേഷവും എനിക്ക് അത്യന്തം ഹൃദയംഗമമായിത്തോന്നി. ലാളിത്യവും സാരള്യവും ലാഘവവും ആണ് ആരാധനയുടെ മൊഴിക്കുവേണ്ടത്. വിവർത്തകൻ സവിശേഷശ്രദ്ധപതിപ്പിച്ചിട്ടുണ്ട്, ഈ വിഷയത്തിൽ.

ഭക്തിയും, ശോകവും, വിശ്വാസവും, പ്രതീക്ഷയും നിറഞ്ഞ പാവനമായ ഒരന്തരീക്ഷമുണ്ട്, ഈ ആരാധനാഗാനങ്ങളിൽ. ചില വാക്കുകളെക്കുറിച്ചോ, രീതിധർമ്മങ്ങളെക്കുറിച്ചോ ഞങ്ങൾക്കു സംസാരിക്കേണ്ടിവന്നിട്ടുണ്ട്, അങ്ങുമിങ്ങും. ഫാദർ അതു പരിഗണിച്ചിട്ടുണ്ടെന്നാണ് എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞത്.

ആരാധനയ്ക്കു മാതൃഭാഷ അംഗീകരിച്ചു തുടങ്ങിയതു കൊണ്ട് മലയാളഭാഷയ്ക്കും സാഹിത്യത്തിനും വികാസവും സമ്പന്നതയും ഏറിവരുമെന്നാണ് ഞാൻ വിശ്വസിക്കുന്ന തെന്നുകൂടി അറിയിച്ചുകൊള്ളട്ടെ.

കലാഭവൻ ശിൽപവും ശില്പിയും എന്ന ഗ്രന്ഥത്തിൽ നിന്ന്



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സംഗീതാചാര്യനായ കെ.കെ. ആന്റണിമാസ്റ്റർ

കെ.കെ. ആന്റണിമാസ്റ്ററുടെ നിര്യാണത്തിൽ കലാഭവൻ മാനേജിംഗ് കമ്മിറ്റി പ്രസിദ്ധീകരിച്ചത്



സംഗീതം ജീവിത സപര്യയാക്കിയ വിനയാന്വിതനായ ഒരു കലാസ്നേഹിയായിരുന്നു ശ്രീ. കെ.കെ. ആന്റണിമാസ്റ്റർ. വലിയ ഒരു ശിഷ്യ സഞ്ചയത്തിലൂടെ കേരളത്തിന്റെ സംഗീത സംസ്ക്കാരത്തിൽ സ്വാധീനം ചെലുത്തിയ ആന്റണിമാസ്റ്ററുടെ ജീവിതം സംഗീതത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ഒന്നായിരുന്നു. പതിനെട്ടു വർഷക്കാലം കലാഭവന്റെ മ്യൂസിക് ഡയറക്ടറായിരുന്ന ആന്റണി മാസ്റ്റർ 1987 മാർച്ച് 16-ാം തീയതിയാണ് ദിവംഗതനായത്.

ആന്റണി മാസ്റ്റർ സംഗീതസംവിധാനം നിർവ്വഹിച്ചിട്ടുള്ള ഗാനങ്ങളറിയാത്ത മലയാളികൾ വിരളമായിരിക്കും. ക്രൈസ്തവ ഗാനശാഖയ്ക്ക് ഭക്തിയുടേയും ശാസ്ത്രീയ സംഗീതത്തിന്റേയും ചിറകുകൾ വച്ചുപിടിപ്പിച്ച അദ്ദേഹം ഭക്തിഗാനങ്ങളുടെ സംഗീത സംവിധാനശൈലിയിൽ പുതിയൊരു സരണി വെട്ടിത്തുറക്കുകയായിരുന്നു. മാസ്റ്ററുടെ ഈണത്തിനൊത്തു പാടിയ പ്രശസ്തരുടെ നിര നീണ്ടതാണ്. സംഗീത ലോകത്തിന് എക്കാലവും ഓമനിക്കാവുന്ന ആയിരത്തോളം ഗാനങ്ങൾക്കു സംഗീതം നല്കി ശബ്ദലേഖനം ചെയ്യാൻ മാസ്റ്റർക്കു കഴിഞ്ഞു. ഇതിൽ അഞ്ച് എൽ.പി. റെക്കോർഡുകളും ഉൾപ്പെടുന്നു.

## ഭക്തിഗാനത്തിന്റെ ആത്മാവ്

കർണ്ണാടക സംഗീതത്തിന്റേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും ശൈലികൾ ക്രിസ്തീയ ഭക്തി സംഗീതത്തിന്റെ ആത്മാവിന് അന്യമല്ലെന്ന് തെളിയിക്കാൻ കെ.കെ. ആന്റണി മാസ്റ്റർക്കു കഴിഞ്ഞു. ഒരു പുരുഷായുസ്സിനു ചെയ്യാൻ കഴിയുന്നതിലേറെ അദ്ദേഹം ചെയ്തുവെന്ന വസ്തുത വിസ്മരിക്കുന്നില്ല. എങ്കിലും കാലം അനുവദിച്ചിരുന്നെങ്കിൽ ഇനിയും മികച്ച സൃഷ്ടികൾ അദ്ദേഹത്തിൽ നിന്നുണ്ടാകുമായിരുന്നുവെന്ന് തീർത്തു പറയാം. കേരളത്തിലെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ആരാധനക്രമം അവരുടെ ജീവസ്രോതസ്സുതന്നെയാണ്. അനുദിന ജീവിതവുമായി ഇത്രയേറെ ബന്ധപ്പെട്ട മേഖല ഇല്ലതന്നെ. ആരാധനക്രമത്തിലാണെങ്കിൽ സംഗീതത്തിന് ഒഴിച്ചു കൂടാനാവാത്ത സ്ഥാനമാണുള്ളത്. സീറോ മലബാർ സഭയിൽ ആദ്യകാല ക്രിസ്തീയ ഗാനങ്ങൾ സുറിയാനി ഭാഷയിൽത്തന്നെയായിരുന്നു. മലയാളത്തിലുണ്ടായ ഗാനങ്ങൾ പോലും സുറിയാനി രീതികളിലാണ് ആലപിക്കപ്പെട്ടിരുന്നതും. ഇന്നും സുറിയാനി ഗാനങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്നും സമ്മതിക്കണം. ഹിന്ദി സിനിമാ ഗാനങ്ങളുടെ രീതിയിൽ വർഗ്ഗീസ് ജെ.മാളിയേക്കൽ രചിച്ച ഗാനങ്ങൾക്കു പ്രചാരം ലഭിച്ചെങ്കിലും സ്വതന്ത്രമായ സംഗീതശൈലിക്കു വേണ്ടിയുള്ള കാത്തിരിപ്പു തുടർന്നുകൊണ്ടിരുന്നു. ഈയവസരത്തിൽ കലാഭവന്റെ സംഗീത സംവിധായകനായി ആന്റണി മാസ്റ്ററുടെ രംഗപ്രവേശം

മഹത്തായ ക്രിസ്തീയ ഗാനപാരമ്പര്യത്തിനു തുടക്കവും അനുസ്യൂതമായ പ്രവാഹവുമായി തീർന്നു. "പരിശുദ്ധാത്മാവേ, നീയെഴുന്നുള്ളി വരണമേയെന്റെ ഹൃദയത്തിൽ' എന്ന ഗാനം എല്ലാ ക്രൈസ്തവരുടേയും ചുണ്ടുകളിൽ ഇന്നും തത്തിക്കളിക്കുകയാണ്. കർണ്ണാടക സംഗീതത്തിൽ ആന്റണി മാസ്റ്റർക്കുള്ള അവഗാഹം എല്ലാ ഗാനങ്ങളിലും തെളിഞ്ഞു കാണാം. "ദൈവമേ, നിൻസ്നേഹമെത്ര മോഹനം", "പുൽക്കൂട്ടിൽ വാഴുന്ന", "എഴുന്നുള്ളുന്നു രാജാവെഴുന്നുള്ളുന്നു", "നിത്യനായ ദൈവത്തിൻ പുത്രനാണു നീ", "മനസ്സിൽ വിരിയുന്ന പൂവായ പൂവെല്ലാം", "യാത്രയാത്ര ഒരിക്കലുമൊരിക്കലും അവസാനിക്കാത്ത യാത്ര" തുടങ്ങിയ ഗാനങ്ങൾ എത്രതന്നെ കേട്ടാലും വീണ്ടും കേൾക്കാൻ തോന്നും. "മഹേശ്വരാ, നിൻ സുദിനം കാണാൻ കഴിഞ്ഞ കണ്ണിനു സൗഭാഗ്യം' എന്ന ഗാനത്തിന്റെ വശ്യതയ്ക്കു മുഖ്യ കാരണം മനോഹരമായ ഹിന്ദുസ്ഥാനിരാഗമാണെന്നു പറയാം.

## ഇതരസംഗീത ശാഖകൾ

ആന്റണി മാസ്റ്ററുടെ പ്രതിഭ ക്രിസ്തീയ സംഗീത ശാഖയിൽമാത്രം ഒതുങ്ങി നിന്നില്ല. ശ്രീലങ്കയിൽ റേഡിയോ ആർട്ടിസ്റ്റായി അദ്ദേഹം ചെലവഴിച്ച കാലം ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും മലയാള ചലച്ചിത്രങ്ങൾക്കും അദ്ദേഹം സംഗീതസംവിധാനം നിർവ്വഹിക്കുകയുണ്ടായി. "കുഞ്ഞിക്കൈകൾ' എന്ന ചലച്ചിത്രത്തിൽ ആന്റണി മാസ്റ്ററുടെ പ്രതിഭ കൂടുതൽ തെളിഞ്ഞു കണ്ടു. നാടകഗാനങ്ങൾക്കും അദ്ദേഹം സംഗീതസംവിധാനം നിർവ്വഹിച്ചിട്ടുള്ള കാര്യം മറക്കാവുന്നതല്ല. 1968ൽ പ്രസിദ്ധ തമിഴ് കവയിത്രി സുനിതത്തിന്റെ കീർത്തനസമാഹാരത്തിന് സംഗീതം നൽകി. തമിഴ് സംഗീതത്തിനു മികച്ച മുതൽകൂട്ടായി മാറി, പ്രസ്തുത കീർത്തന സമാഹാരം. കനകാംഗി, രത്നാംഗി, ഗാനമൂർത്തി തുടങ്ങി അത്യപൂർവ്വങ്ങളായ രാഗങ്ങൾ അദ്ദേഹം വിജയകരമായി ഉപയോഗിക്കുകയുണ്ടായി. കർണ്ണാടകസംഗീതത്തിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മാസ്റ്റർക്കു തിരക്കേറിയ തന്റെ സപര്യക്കിടയിലും അമ്പതിലേറെ കീർത്തനങ്ങളും കൃതികളും കണ്ടെത്താൻ കഴിഞ്ഞു. തികഞ്ഞ ഗവേഷണകുതുകിയുമായിരുന്നു അദ്ദേഹം.

## പാട്ടുകുർബാനയിലൂടെ

ആന്റണി മാസ്റ്റർ സംഗീതം നല്കിയ ആഘോഷമായ പാട്ടുകുർബാന, തിരുനാൾ റാസ എന്നിവയിലെ ഗാനങ്ങളും മരിച്ചവർക്കുള്ള പാട്ടുകുർബാനയിലെ ഗാനങ്ങളും സേവനത്തിന്റേതായ പുതിയ വഴിത്താരകൾ കാട്ടിത്തന്നു.

"ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ചു സ്വയം ബലിയണച്ചു"

എന്ന ഗാനം കേൾക്കാത്തവർ വിരളമായിരിക്കും. "യോഗ്യനാരൂഴിയിൽ നാഥാ", "സുവിശേഷ വെളിച്ചത്താൽ', "വിശ്വസിക്കുന്നു ഞങ്ങൾ", "വിണ്ണിൽ നിന്നു സമാഗതമായൊരു", "വാനിൽ നിന്നുഴിയിൽ", "സ്നേഹത്തിൻ മലരുകൾ തേടി", "മോദം കലർന്നു നിന്നെയുൾക്കൊണ്ട", "വന്ദനം ബലിപീഠമേ" തുടങ്ങിയ ഗാനങ്ങൾ ഏതുമനസ്സിലും ദിവ്യസംഗീതത്തിന്റെ നിർഝരിയൊഴുക്കാതിരിക്കില്ല. "കാൽവരികണ്ടൊരു", "ദൈവമെന്റെ രക്ഷകൻ", "ദൈവമേ, എന്നിൽ കനിയേണമേ" തുടങ്ങി എത്രയെത്ര ഗാനങ്ങളാണു ഹൃദയം കുളിർക്കുന്ന രാഗധാരയിലൂടെ അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത് !

## കുട്ടികൾക്കുള്ള ഗാനങ്ങൾ

കുട്ടികൾക്കു പാടി രസിക്കാവുന്ന നിരവധി ഗാനങ്ങളുണ്ട് ആന്റണിമാസ്റ്ററുടേതായി.

ആദ്യം കലാഭവൻ റെക്കോർഡുകൾക്കുവേണ്ടി ഈണംപകർന്ന ഗാനങ്ങൾ ഇപ്പോഴും പലരുടേയും ഓർമ്മകളിൽ തുടിച്ചുനില്ക്കുന്നുണ്ടാവും. "ദൈവമെന്റെ കൂടെയുണ്ട്", "അമ്പിളിയമ്മാവാ, ഞാനൊരു കാര്യം ചോദിക്കാം", "ദൈവം കല്പിച്ചു, പറവകളുണ്ടായി", "കൂട്ടുകാരേ, ഓടിവാവാ" തുടങ്ങിയ ഗാനങ്ങൾതന്നെ ഉദാഹരണം. 'മതപഠനം ഗാനങ്ങളിലൂടെ' എന്ന കാസറ്റിൽ ആന്റണിമാസ്റ്ററുടെ സംഗീതസേവനം എങ്ങനെ മറക്കുവാൻ കഴിയും? തന്റെ ജീവിതത്തിന്റെ അവസാനകാലത്ത് തരംഗിണി പുറത്തിറക്കിയ ഗാനധാര എന്ന കാസറ്റിൽ മികച്ച ചില സൃഷ്ടികളുണ്ട്.



marggam DIGITAL PUBLISHING
www.marggam.org
www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഫാ. ജോസഫ് മനക്കിൽ രചിച്ച ഗാനങ്ങൾക്കാണ് ആന്റണിമാസ്റ്റർ സംഗീതം പകർന്നത്. "അനുഗ്രഹ പൂമഴപൊഴിയൂ', "യേശുവിൻ രക്ഷയേകും നാമമേ' തുടങ്ങിയ ഗാനങ്ങൾ ഇപ്പോഴും മനസ്സിൽ നവ്യാനു ഭൂതി പകർന്നു തരുന്നുണ്ട്.

## അംഗീകാരമന്വേഷിക്കാതെ

കെ.കെ. ആന്റണിമാസ്റ്റർക്കു കേരള സഭയിൽ നിന്നു വേണ്ടത്ര അംഗീകാരം ലഭിച്ചിട്ടില്ലെന്നതു തീർച്ചയാണ്. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ചാവറ അവാർഡിന് 1982ൽ ആന്റണിമാസ്റ്റർ അർഹനായി. ആ സംഗീതപ്രതിഭയെ തേടിയെത്തിയ പ്രധാനപ്പെട്ട ഒരേയൊരു അവാർഡ് ഈ പുരസ്ക്കാരമാണെന്ന് അസ്വസ്ഥതയോടെ മാത്രമേ അനുസ്മരിക്കാനാവൂ.

## ജീവിതത്തിന്റെ ഏടുകളിലേയ്ക്ക്

1924 ഏപ്രിൽ 27-ാം തീയതി ഇരിങ്ങാലക്കുടയ്ക്കടുത്ത് വിളയനാട്ട് കാനംകുടം കുഞ്ഞുവറീതിന്റേയും മറിയത്തിന്റേയും പുത്രനായി ജനിച്ചു. സംഗീതത്തിന്റെ ആദ്യപാഠങ്ങൾ നൽകിയത് ജ്യേഷ്ഠസഹോദരനായിരുന്നു. പത്തൊമ്പതാമത്തെ വയസ്സിൽ ജീവിതമാർഗ്ഗം തേടി സിലോണിലേക്കു പോയി. എ.ആർ. കൃഷ്ണൻ ഭാഗവതർ തുടങ്ങി ഏതാനും പ്രസിദ്ധന്മാരുടെ കീഴിൽ സംഗീതാഭ്യാസം തുടരാൻ സിലോണിൽ അവസരം ലഭിച്ചു.

തമിഴ് നാടകസംഘങ്ങളുടെ കൂടെ ഹാർമോണിസ്റ്റായും ഗായകനായും കുറേക്കാലം സിലോണിൽ ചുറ്റി സഞ്ചരിച്ചു. ഇതിനിടെ 'ശൈവ മങ്കയർ തിലകം' സംഗീത അക്കാദമിയിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 1945 മുതൽ ഇരുപതുവർഷം ശ്രീലങ്കാ പ്രക്ഷേപണ നിലയത്തിൽനിന്ന് പലതവണ കച്ചേരികൾ നടത്താൻ അവസരം ലഭിച്ചു. സിലോണിലിറങ്ങിയ



ഏതാനും ചലച്ചിത്രങ്ങൾക്കു പശ്ചാത്തല സംഗീതവുമൊരുക്കി.

1965ൽ കേരളത്തിലേയ്ക്കു മടങ്ങിയെങ്കിലും മലേഷ്യയിലെ കൾച്ചറൽ അസ്സോസ്സിയേഷൻ പിറ്റേ വർഷം ആന്റണി മാസ്റ്ററെ അങ്ങോട്ടു കൊണ്ടുപോയി. ടെലിവിഷനിൽ ഒട്ടേറെ സംഗീത പരിപാടികൾക്കു നേതൃത്വം നല്കാൻ മലേഷ്യയിൽ അവസരം ലഭിച്ചു, കൂടെ സംഗീതാദ്ധ്യാപകനായും സേവനമനുഷ്ഠിച്ചു.

1969-ൽ ആണ് കൊച്ചിയിൽ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബിലെ സംഗീതാദ്ധ്യാപകനായത്. യേശുദാസായിരുന്നു അവിടെ മാസ്റ്ററുടെ പ്രധാന സഹപ്രവർത്തകൻ. ക്ലബ് പിന്നീട് കലാഭവനായി വളർന്നു. മാസ്റ്റർ കലാഭവന്റെ മ്യൂസിക് ഡയറക്ടറും. മരിക്കുന്ന തുവരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു.

ആ വന്ദ്യ ഗുരുവിന്റെ സുഭഗസ്മരണയ്ക്കു മുമ്പിൽ കലാസ്നേഹികളുടെ അകമഴിഞ്ഞ ആദരാഞ്ജലികൾ.

marggam DIGITAL PUBLISHING

www.marggam.org



# പുത്തൻ നാടകാവതരണ ശൈലിയുമായി കലാഭവൻ തിയേറ്റർ സ്ക്കൂൾ

കലാഭവൻ ബോസ്ക്കോ, ഗിരിനഗർ

**1972**–നാടക പഠനം, അഭിനയം, നാടക രചന, സംവിധാനം എന്നിവ ലക്ഷ്യമാക്കി കലാഭവൻ 'തിയേറ്റർ സ്ക്കൂൾ' ആരംഭിച്ച വർഷം.

ഭാരത സംസ്ക്കാരത്തിന്റെ വിശുദ്ധഗ്രന്ഥമായ രാമായണത്തെ ആധാരമാക്കി "നാടകത്രിഭയ" മെഴുതി വിശ്വവിഖ്യാതനായിത്തീർന്ന നാടകാചാര്യനും പണ്ഡിതനുമായിരുന്ന യശശ്ശരീരനായ സി. എൻ. ശ്രീകണ്ഠൻ നായരെത്തന്നെ കലാഭവൻ തിയേറ്റർ സ്ക്കൂളിന്റെ ഡയറക്ടറും പ്രിൻസിപ്പലുമായി നിയമിച്ചു. പിൽക്കാലത്ത്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ, ഇപ്പോൾ തൃശ്ശൂരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ക്കൂൾ ഓഫ് ഡ്രാമയുടെ മുഖ്യശില്പിയായ പ്രസിദ്ധ നാടകകൃത്തും അധ്യാപകനുമായിരുന്ന യശശ്ശരീരനായ പ്രൊഫ: ജി. ശങ്കരപ്പിള്ള; മുൻ എറണാകുളം എം.എൽ.എ. പ്രൊഫ: എം.കെ. സാനു; പ്രൊഫ: അയ്യപ്പപ്പണിക്കർ; പ്രൊഫ: രാമാനുജം; കാവാലം നാരായണപ്പണിക്കർ; എം.വി. ദേവൻ; കൊടിയേറ്റം ഗോപി; നെടുമുടി വേണു എന്നിവരായിരുന്നു കലാഭവൻ തിയേറ്റർ സ്ക്കൂളിലെ മുഖ്യപരിശീലകരും അധ്യാപകരും.

ഒരു വർഷമായിരുന്നു തിയേറ്റർ കോഴ്സിന്റെ കാലാവധി. നാടകവായന, മൈമിംഗ്, അഭിനയാവതരണ കായിക പരിശീലനം, ലൈറ്റിംഗ്, മെയ്ക്കപ്പ്, സ്റ്റേജ് ക്രാഫ്റ്റ്, രചന, സംവിധാനം തുടങ്ങിയ വിഷയങ്ങളിൽ പാഠ്യപദ്ധതി തയ്യാറാക്കി സമ്പൂർണ്ണവും ശാസ്ത്രീയവുമായ ഒരു നാടക സംസ്ക്കാരവും അവതരണ ശൈലിയും കേരളത്തിൽ ആദ്യമായി മലയാള നാടകവേദിക്കു സംഭാവന ചെയ്തതിൽ കൊച്ചിയിലെ കലാഭവനുള്ള പങ്ക് സാംസ്കാരിക കേരളചരിത്രത്തിലെ രജത രേഖകളാണ്.

സർവ്വകലാശാലയുടെ അംഗീകാരത്തോടെ പാഠ്യപദ്ധതിയും പരിശീലനവും നല്കി ഒരംഗീകൃത സ്ഥാപനം സ്ഥിരമായുണ്ടാക്കാൻ പ്രൊഫ: ജി. ശങ്കരപ്പിള്ളയ്ക്കു പ്രചോദനം നല്കിയതു കൊച്ചിയിൽ കലാഭവൻ രൂപം നല്കിയ "തീയേറ്റർ സ്ക്കൂൾ" ആയിരുന്നു.

"ലങ്കാലക്ഷ്മി" എന്ന വിശ്വപ്രസിദ്ധമായ രാമായണകഥ നാടകശില്പമാക്കി രംഗാവിഷ്കാരം നിർവ്വഹിക്കാൻ സി. എൻ. ശ്രീകണ്ഠൻ നായർക്കു കഴിഞ്ഞത് കലാഭവൻ തീയേറ്റർ സ്ക്കൂളിന്റെ പ്രഥമ വർഷാന്ത്യത്തിന്റെ നാളുകളിലായിരുന്നു.

1975–ൽ കലാഭവൻ പ്രൊഫഷണൽ നാടകരംഗത്തേയ്ക്കു കടന്നു. നാടകാചാര്യനായ ഭരത് പി. ജെ. ആന്റണി രചനയും സംവിധാനവും നിർവ്വഹിച്ച "അന്തിച്ചുവപ്പ്" എന്ന നാടകമായിരുന്നു കലാഭവന്റെ ആദ്യ പ്രൊഫഷണൽ നാടകം. കലാഭവൻ തീയേറ്റർ സ്ക്കൂളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയവരും, സിനിമാ–നാടകരംഗങ്ങളിൽ പ്രശസ്തരായവരും "കലാഭവൻ തീയേറ്ററിൽ" പ്രവർത്തിച്ചിരുന്നു.

അതുല്യനും ആചാര്യനുമായിരുന്ന ഭരത് പി.ജെ. ആന്റണിയുടെ അകാലനിര്യാണം പ്രൊഫഷണൽ നാടകവേദിയിൽ കലാഭവന്റെ പ്രതീക്ഷകൾക്കു മങ്ങലേല്പ്പിച്ചു.

മലയാള സാഹിത്യസാംസ്കാരികരംഗത്ത്, നാടക ശാഖവഴി അവതരണത്തിലും ആവിഷ്കാരത്തിലും ശാസ്ത്രീയമായി, കാലോചിതമായ കാഴ്ചപ്പാടിലൂടെ രംഗവേദിയെ ധന്യമാക്കുവാൻ, കലയുടെ ആചാര്യനായ ആബേലച്ചൻ നയിക്കുന്ന കലാഭവൻ ഇനിയും പുതിയ ചക്രവാളങ്ങളുടെ ദൃശ്യങ്ങൾക്കായി മുന്നോട്ടു നീങ്ങുമെന്നത് സംശയമില്ലാത്ത കാര്യമാണ്.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# THE MESSAGE OF KALABHAVAN AS I KNOW IT

**Justice V.R. Krishna Iyer**



*The Kalabhavan is born- Justice V.R. Krishna Iyer inaugurating the Kalabhavan thirty years ago by lighting a traditional oil lamp.*

Kalabhavan is a glorious institution which has contributed a great deal in many aesthetic dimensions since the late 60's and continues to be, to date, my link with Fr. Abel. He has worked wonders out of the talents and young people in and around Cochin. The massive building, which houses Kalabhavan is to me a place of artistic pilgrimage, a hallowed place where song, dance and drama and other forms of art flourish under the creative direction of Fr. Abel. He tirelessly works for the cause of "Satyam Sivam Sundaram". Indeed, in my view, truth is beauty and beauty is truth and both these profound virtues are geared to the goodness and elevation of humanity. A true Christian that Fr. Abel is, he chooses the channel of art to transform society. His methods are authentic and not money oriented. His troupes travel all over the world and the message of India, particularly of Kerala, is carried to other shores and lands. This is aesthetic patriotism, unalloyed commitment to the cause of human uplift.

From the days I came to know Kalabhavan, it has grown by leaps and bounds and is an outstanding example for young talent to blossom. There is music both vocal and instrumental. There are plays, which are ennobling. There are other forms of innovation, which makes Kalabhavan the beloved of the people. Generations of young artists claim to be the products of Kalabhavan. What strikes me as most significant is the blend of beauty in life and art with the expression of the soul in values which make for culture. I am sure Kalabhavan will continue in the ascendant to bring in larger numbers of young faculties and give them the opportunity to unfold their inner being. This process of self realisation and global humanisation is the highest objective of any institution where paradise is divinity and humanity blended in happy measure.

# TRANSFORMING KERALA'S MORIBUND ART SCENE

**Leela Menon**



Not only did Fr. Abel singly orchestrate the cultural renaissance of the commercial city of Ernakulam, but also is he solely responsible for immortalising Kalabhavan into a cultural icon, contributing a bevy of cine-artists and mimics to filmdom and theatre. Fr. Abel is Kalabhavan. He also effortlessly demolished the caste-identification of art forms like Mohiniaattam, Kathakali and Bharathanatyam, earlier associated with Hinduism, encouraging artists from other communities to master the art forms. He could be viewed as a great communal and cultural leveller of Kerala.

Fr. Abel thus transcended not only his clerical moorings, for he is a monk of the Carmelites of Mary Immaculate (CMI), but he also displayed a unique sensitivity to the role of music and dance in melding cultures. For him only talent counted, not the person behind it. Once he detected talent, he lent his unstinted support and encouragement to make it flower and flourish.

Himself a poet in Malayalam, Fr. Abel appears to have had a natural affinity to the art form of music and dance. His panacea for organising children and youth and his credo, "Catch them young" helped him dream the Kalabhavan concept. It had its origins in the Christian Arts Club, formed to tune devotional songs for church choirs, but had attracted illustrious music maestros like M.K. Arjunan, Dakshinamoorthy and Emil Isaacs also. The culmination of the course was Yesudas, who lent his own cosmopolitan image to impart a communal lustre to the Arts Club which was rechristened Kalabhavan.

While the charisma of Yesudas automatically rubbed off on Kalabhavan, Fr. Abel contributed to the evolution of Kalabhavan into a house of ART. The Kalabhavan troupe was a heady new concept in the sixties, attracting every aspiring artist in Ernakulam and its neighbourhood to the organisation despite its Christian trappings. Children with taste in music and dance gravitated to the gates of Kalabhavan as in a reflex.

Fr. Abel also moulded a team of mimics who proudly quote the Kalabhavan label even now, despite the fame and recognition they have acquired. Jayaram continues to be Kalabhavan's flagship, displaying the mimicry he perfected at Kalabhavan. Or Kalabhavan Mani and various other Kalabhavan artists.

That Kalabhavan has blossomed into a campus is not surprising. For Fr. Abel always had the vision and the stamina to translate it into reality. One is happy that Fr. Abel manifested in Kochi to transform the moribund art scene of the city. He injected vibrancy to it, expanded its dimensions and invested artistic legitimacy to mimicry. Kochi should indeed be grateful for it to Fr. Abel.

# ABEL THE BLESSED ONE

Mrs. Usha Devarajan



On a clear, starry night,
Not so long ago,
A simple priest,
Was blinded by a Blessed Vision.

The angels of God,
Glided down on silvery moonbeams,
"Abel" they whispered,
Softly in his ear,
"Abel, you are the chosen one.
Spread the word of His love,
Let it be music to all ears,
May the feet of mankind,
Dance to the rhythm of life,
Let there be joy and rejoicing,
In the heart of every child."

Abel rubbed his eyes in wonder,
He had been blessed,
Fifty long summers fell away from him,
He bowed his head, it was His will.

An abode of Arts,
Kalabhavan,
Was born of that vision.
Music and dance and joyful hearts,
Marched hand in hand to do His bidding.
The rich and the poor,
The girl and the boy,
Helped by God and all His angels,
Gathered to spread,
The message of love, peace and harmony.

These past thirty years,
Abelachan strived,
To fulfil his vow to God and His angels.
Storms have blown,
Thunder has struck,
But Abelachan stands tall,
For Abel you are able.
He walks with you,
And His angels,
Do your bidding.
Eighty past and raring to go,
Blessed are you oh Abel!
Abel, God's chosen one.

# കലാഭവൻ, കലാസാംസ്കാരിക രംഗത്തെ വമ്പിച്ച ജനകീയ പ്രസ്ഥാനം



ജെയിംസ് കുളത്തുങ്കൽ, സെക്രട്ടറി, കലാഭവൻ

കലാഭവൻ ജന്മമെടുത്തത് മുപ്പതുവർഷം മുമ്പ് കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനിയുടെ പരിലാളനയിൽ അരമനയുടെ അരികിലുള്ള ഒരു കെട്ടിടത്തിന്റെ എടുപ്പിലാണ്. ഇന്നത് 3100 വിദ്യാർത്ഥികൾക്ക് വിവിധ കലകളിൽ പരിശീലനം നൽകുന്ന മഹാപ്രസ്ഥാനമാണ്. അതും ലോകനിലവാരത്തിൽ ഏറ്റവും കുറഞ്ഞ ചിലവിൽ. നോർത്ത് റെയിൽവേ സ്റ്റേഷനിലോ ടൗൺഹാൾ ബസ്സ്റ്റോപ്പിലോ വന്നിറങ്ങി ഏതൊരാൾക്കും കലാഭവൻ റോഡിലൂടെ ഏതാനും വാര നടന്ന് കലാഭവനിലെത്തി അമ്പതു രൂപാ ഫീസ് നൽകി ആവിഷ്ക്കാരകലകളുടെ ഏതിനവും അഭ്യസിക്കാം. മതമോ, ജാതിയോ, രാഷ്ട്രീയ പരിഗണനകളോ, കുടിയ വിദ്യാഭ്യാസ യോഗ്യതയോ ഒന്നും ഇതിന് ബാധകമല്ല. കലാഭവന്റെ പഴയ ബഹുനിലമന്ദിരത്തിനടുത്ത് കേന്ദ്രമാനവശേഷി വികസന മന്ത്രാലയത്തിന്റെ ഗ്രാന്റോടുകുടി ജൂബിലി സ്മാരകമന്ദിരം കുടി പണിതുയർത്തിയിരിക്കുന്നു. കുടുതൽ ക്ലാസ്സുകൾ ചിട്ടയായും ക്രമമായും നടത്തുന്നതിന് ഇപ്പോൾ സൗകര്യമുണ്ട്. ഏതാണ്ട് മുന്നുകോടി രൂപാ വിലമതിക്കുന്ന അത്യാധുനിക ഉപകരണങ്ങളുടെയും സജ്ജീകരണങ്ങളുടെയും പിൻബലത്തോടെ ഈ കലാഭവൻ ഗാനമേള, നൃത്തം, മിമിക്സ് പരേഡ് ട്രൂപ്പുകൾ രാജ്യാന്തര പ്രശസ്തി നേടിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലും ഇന്ത്യയുടെ ഇതരഭാഗങ്ങളിലും നിരന്തരം പരിപാടികൾ നടത്തുന്നു. എല്ലാ കൊല്ലവും മറുനാടൻ മലയാളികളുടെ ക്ഷണമനുസരിച്ച് വിദേശത്ത് പരിപാടികൾ ധാരാളം കലാഭവൻ നടത്തുന്നുണ്ട്. ഈ വിജയഗാഥ പൂർണ്ണമാകുന്നത് സാമൂഹ്യബോധം കുടി ഉൾക്കൊണ്ട് കലാഭവൻ, സെൻട്രൽ ജയിലിലും കുഷ്ഠരോഗാശുപത്രികളിലും യുദ്ധാശ്വാസപ്രവർത്തനരംഗത്തും സൗജന്യമായി പരിപാടികൾ അവതരിപ്പിക്കുന്നതുകുടി അനുസ്മരിക്കുമ്പോഴാണ്.

അനുബന്ധസ്ഥാപനങ്ങളായ കലാഭവൻ സ്റ്റുഡിയോസ് ലിമിറ്റഡ്, കലാഭവൻ ഡിജിറ്റൽ റെക്കാർഡിംഗ് സ്റ്റുഡിയോ ഇവയെല്ലാം ക്രമാനുഗതമായ പുരോഗതിയുടെ പാതയിലാണ്. കലാഭവൻ ടാലെന്റ് റസിഡൻഷ്യൽ സ്കൂൾ, ഫിലിം അക്കാഡമി, ടി.വി. ചാനൽ ഇവയെല്ലാം ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള പുതിയ പദ്ധതികളിൽ ചിലതുമാത്രമാണ്.

ഒരു കാലത്ത് സംസ്കൃതം പോലെ വരേണ്യവർഗ്ഗത്തിന്റെ കുത്തകയായിരുന്നു കലാസാംസ്ക്കാരികരംഗം. കൊട്ടാരങ്ങളുടെ അകത്തളങ്ങളിലും കൂടിയാൽ ദേവാലയങ്ങളുടെ തിരുമുറ്റം വരെയും ആയിരുന്നു കലാസാംസ്ക്കാരിക പ്രസ്ഥാനത്തിന്റെ അരങ്ങേറ്റം. ഇതിന്റെയർത്ഥം "ചെറുമികൾ ചേലോടെ പാടുമീനാടിന്റെ മണമുറും പാട്ടുകൾ' ഇവിടെയില്ലായിരുന്നു എന്നല്ല. ജനകീയ കല ഏതു നാടിന്റേയും സംസ്ക്കാരത്തിന്റെ നട്ടെല്ലാണ്. ഇവയുടെയെല്ലാം സമന്വയമെന്നോണം കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലത്തെ റവ. ഡോ. ആബേലിന്റെ നേതൃത്വത്തിലുള്ള കലാഭവന്റെ പ്രവർത്തനം, കലാസാംസ്ക്കാരികരംഗത്തെ വമ്പിച്ച ഒരു ജനകീയ പ്രസ്ഥാനമായി കലാഭവനെ വളർത്തിയെടുത്തിരിക്കുന്നു. അതും ജാതിമത ചിന്തകൾക്കതീതമായി, രാഷ്ട്രീയകുറുകൾക്കതീതമായി. സാംസ്ക്കാരിക കേരളത്തിന്റെ തിലകക്കുറികളായി കലാഭവനിൽ നിന്നും പുറത്തുപോയ പലരും വിരാജിക്കുന്നു. അവർ വിവിധ മതങ്ങളിലും ജാതികളിലും ദേശങ്ങളിലും ജീവിച്ചു വന്നവരാണ്. കലാഭവന്റെ കുരയ്ക്കുകീഴിൽ അവരെല്ലാം ഒന്നിച്ചൊന്നായി കലോപാസന നടത്തുന്നത് ഭാരതത്തിനുതന്നെ മാർഗ്ഗദീപമാണ്.

marggam DIGITAL PUBLISHING

www.marggam.org



കലാഭവൻ അതിന്റെ ജൈത്രയാത്ര തുടരുന്നു. ടാലെന്റ് റസിഡൻഷ്യൽ സ്കൂൾ തുടങ്ങി സ്ഥാപനങ്ങളുടെ ഒരു ശൃംഖലയിലൂടെ. നാളെകളിൽ ഒരു സാംസ്കാരിക സർവ്വകലാശാല തന്നെ കലാഭവന്റെ സ്വപ്നമായാൽ അതിൽ അവിവേകമുണ്ടെന്നു തോന്നുന്നില്ല.

കലാഭവന്റെ ജീവാത്മാവും പരമാത്മാവും എന്നു വിശേഷിപ്പിക്കപ്പെടുന്ന റവ. ഡോ. ആബേലിനെ ഞങ്ങളൊക്കെ നാല്പതുവർഷം മുമ്പ് പരിചയപ്പെടുമ്പോൾ അദ്ദേഹം ഒരു മാധ്യമപ്രവർത്തകനായിരുന്നു. 2000-ാം മാണ്ട് ഫെബ്രുവരി 6നു പി.ഒ.സി. ഓഡിറ്റോറിയത്തിൽ ചേർന്ന കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ മാധ്യമ കമ്മീഷന്റെ മാധ്യമ അവാർഡ് റവ. ഡോ. ആബേലിനു നൽകിയത് ഉചിതമായി. അൾത്താരയിലെ വാനമ്പാടിയെന്നു പ്രകീർത്തിക്കപ്പെടുന്ന അദ്ദേഹത്തെ തേടി നിരവധി അംഗീകാരങ്ങളും, അവാർഡുകളും, പുരസ്ക്കാരങ്ങളും വന്നുകൊണ്ടിരിക്കുന്നു. ദീപികയിൽ പത്രപ്രവർത്തകനായിരുന്ന സമയത്ത് അദ്ദേഹം ദീപിക ബാലസഖ്യത്തിന്റെ സാരഥികൂടിയായിരുന്നു. കലാസാംസ്കാരികരംഗത്തെ ഒരു കൊടുങ്കാറ്റായി ഉയർന്നു വന്ന ആ സംഘടനയുടെ ആഴവും വലിപ്പവും ആ സംഘടനയുടെ ജനറൽ സെക്രട്ടറിയായിരുന്ന ഈ ലേഖകന് അഭിമാനത്തോടുകൂടി മാത്രമേ ഓർക്കാൻ സാധിക്കൂ. ദീപികയിലെ തന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ദേവഗിരി കോളേജിലേയ്ക്കുപോയ റവ. ഡോ. ആബേലിനെ ലിറ്റർജിയുടെ (ആരാധനക്രമം) പരിഷ്ക്കരണത്തിനുവേണ്ടിയാണ് കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി എറണാകുളത്തേയ്ക്ക് കൊണ്ടുവന്നത്. ഏറെ താമസിയാതെ കലാഭവന് റവ. ഫാ. ആബേൽ ചുക്കാൻ പിടിക്കാനാരംഭിച്ചു. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലത്തെ, ആ രംഗത്തെ പ്രവർത്തനം സാംസ്കാരിക കേരളത്തിന്റെ മുൻപിൽ ഒരു തുറന്ന പുസ്തകമാണ്. ഇതരലേഖനങ്ങളിൽ വന്നിട്ടുള്ളതുകൊണ്ടും വിസ്താരഭയം കൊണ്ടും അതിന്റെ കൂടുതൽ വിവരങ്ങളിലേയ്ക്ക് കടക്കുന്നില്ല.

കലാസാംസ്കാരിക സാഹിത്യ രാഷ്ട്രീയരംഗങ്ങളിൽ സർഗശക്തികളുടെ വിളയാട്ടം വിരളമായാൽ, നേതൃത്വ ദാരിദ്ര്യമുണ്ടായാൽ, അതു നാടിനും സമുദായത്തിനും, ആപത്താണ്. ശാസ്ത്രവും സാങ്കേതികവിദ്യയും എത്തിപ്പിടിക്കാൻ കരുത്തേകുന്ന പുതിയ മാനങ്ങൾ, സർഗശക്തിയുടെ അഭാവം കൊണ്ട് ശുഷ്കമാകരുത്. കലാഭവൻ പോലുള്ള പ്രസ്ഥാനങ്ങൾ വഴിയേ ഇത് ഉറപ്പു വരുത്താനാകു.

റവ. ഫാ. ആബേലിന്റെ ഭക്തിഗാനങ്ങൾ നമുക്കു സുപരിചിതമാണ്. സാംസ്കാരിക കേരളത്തിന്റെ ചുണ്ടിൽ സദാ തങ്ങി നിൽക്കുന്ന "ഈശ്വരനെത്തേടി" എന്ന ഗാനം അവസാനിക്കുന്നത് ഈ വരികളിലാണ്.

"അവസാനമെന്നിലേയ്ക്കു ഞാൻ തിരിഞ്ഞു
ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം.'

കലാഭവന്റെയും റവ. ഡോ. ആബേലിന്റേയും ദർശനം ഈ വരികളിൽ പൂർണ്ണമാകുന്നു.

കലാഭവന്റെ കുടുംബാംഗങ്ങൾക്കും അവർക്കു സ്തുത്യർഹമായ നേതൃത്വം കൊടുക്കുന്ന റവ. ഡോ. ആബേലിനും പ്രവർത്തനനിരതമായ അനേകം വർഷങ്ങൾകൂടി ജഗന്നിയന്താവ് നൽകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടുപസംഹരിക്കുന്നു.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കലാഭവൻ ശില്പിയുടെ ജീവിതത്തിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ



**1990 മെയ്മാസത്തിൽ പ്രസിദ്ധീകരിച്ച ശില്പിയും ശില്പവും എന്ന പുസ്തകത്തിൽ നിന്ന്,**
**അഭിമുഖം: മാത്തുക്കുട്ടി ജെ. കുന്നപ്പള്ളി**

എറണാകുളം ജില്ലയിലെ മുളക്കുളം ഗ്രാമത്തിൽ പെരിയപ്പുറത്തു മാത്തൻ വൈദ്യൻ–ഏലിയാമ്മ ദമ്പതികളുടെ അഞ്ചാമതു സന്താനമായി ജനിച്ച മാത്യുവാണ് റവ. ഡോക്ടർ ആബേൽ സി.എം.ഐ. ആയി കേരളത്തിലെ കലാസാംസ്ക്കാരിക സാഹിത്യ വേദികളിൽ വ്യക്തിമുദ്ര പതിപ്പിച്ചത്. പരേതനായ ഫാദർ ജോസഫ് പെരിയപ്പുറം, ശ്രീമതി അന്നാമ്മ കുര്യൻ പൊരുന്നടത്ത്, ശ്രീ. പി.എം. കുര്യൻ വൈദ്യൻ, സിസ്റ്റർ പംക്രാസിയ സി.എം.സി., പ്രൊഫ. പി.എം. ചാക്കോ, പ്രൊഫ. പി.എം. തോമസ്, സിസ്റ്റർ ഗ്ലോറിയ എസ്.എ.ബി.എസ്, കുളത്തുവയൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോൺ പി.മാത്യു എന്നിവർ ഡോ. ആബേലിന്റെ സഹോദരീസഹോദരന്മാരാണ്. 1920 ജനുവരി 19നു ജനിച്ച ഫാ. ആബേൽ, താൻ പിന്നിട്ട ഏഴുപതിറ്റാണ്ടുകളിലെ വളർച്ചകളെയും തളർച്ചകളെയും **1990 മെയ് 9–ന്** നടത്തിയ ഈ അഭിമുഖ സംഭാഷണത്തിൽ അനുസ്മരിക്കുന്നു.

**ചോദ്യം: കലാഭവന്റെ പ്രവർത്തനങ്ങൾ ഏറെ പ്രസിദ്ധി നേടുമ്പോഴും അതിന്റെ ശിൽപിയായ ആബേലച്ചൻ പ്രശസ്തിയിൽ നിന്നു കഴിവതും അകന്നു മാറിക്കഴിയുന്നു. ആദ്യകാല ജീവിതത്തെപ്പറ്റി ആർക്കും ഏറെയൊന്നും അറിയില്ല. എല്ലാമൊന്നു വിശദമാക്കാനും പരസ്യമാക്കാനും ഇതൊരവസരമാവട്ടെ; സാഹിത്യ പ്രവർത്തനങ്ങളിൽ തുടങ്ങാം. പദ്യരചനാവാസന ജന്മസിദ്ധമോ കർമ്മസിദ്ധമോ?**

ഡോ. ആബേൽ : പദ്യരചനയ്ക്കുള്ള വാസന ജന്മസിദ്ധമെന്നുതന്നെ പറയാം. അമ്മയുടെ കുടുംബത്തിൽ പലകാരണവന്മാരും കവിതകൾ രചിച്ചിരുന്നു. പ്രശസ്ത കവയിത്രിയായിരുന്ന, അന്തരിച്ച സി. മേരി ബനീഞ്ഞ (മേരി ജോൺ തോട്ടം) ഞങ്ങളുടെ ബന്ധുവായിരുന്നു. മാന്നാനത്തു സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഞാൻ ലഘുപദ്യങ്ങൾ രചിച്ചിരുന്നു. എല്ലാം ക്രൈസ്തവഭക്തിമാർഗ്ഗവുമായി ബന്ധപ്പെട്ടവ. ആറാം ഫാറത്തിൽ (ഇന്നത്തെ പത്താം സ്റ്റാൻഡേർഡ്) പഠിക്കുമ്പോൾ ഞാനെഴുതിയ ഒരു കവിത കർമ്മലകുസുമം മാസികയിൽ അച്ചടിച്ചുവന്നു. "അർത്ഥം അനർത്ഥമൂലം" എന്നതലക്കെട്ടിൽ "ഓമനക്കുട്ടൻ ........." എന്ന ഈണത്തിൽപാടാൻ തക്കവണ്ണം രചിച്ച ആ ബൈബിൾ കവിതയായിരുന്നു ആദ്യം പ്രസിദ്ധീകൃതമായ കൃതി. "ധനവാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിലും ദുഷ്ക്കരം" എന്ന സന്ദേശമായിരുന്നു അതിലുണ്ടായിരുന്നത്. ദാരിദ്ര്യത്തിന്റെയും സന്യാസത്തിന്റെയും പാത തന്നെ പിന്നീട് ഞാനും തെരഞ്ഞെടുത്തു.

**ചോദ്യം: ലിറ്റർജിക്കൽ ആവശ്യങ്ങൾക്കുവേണ്ടി പദ്യരചനയും തർജ്ജമയും നടത്താനുണ്ടായ സാഹചര്യം എന്താണ് ?**

ഡോ. ആബേൽ: അതൽപം നീണ്ടകഥയാണ്. മാന്നാനത്താണു ഞാൻ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്തിയത്. അതിനുശേഷം അമ്പഴക്കാട്ടും കൂനമ്മാവിലും ചെത്തിപ്പുഴയിലും മംഗലാപുരത്തും വൈദികവിദ്യാർത്ഥിയായിരിക്കെ ആരാധനാവശ്യങ്ങൾക്കുള്ള പദ്യരചനയ്ക്ക് ഏറെ അവസരങ്ങൾകൈവന്നു. ഞാൻ വൈദികപദം കാംക്ഷിച്ചു ചേർന്ന കർമ്മലീത്താ സന്യാസിസമൂഹം സീറോ–മലബാർ ലിറ്റർജിയിലെ സുറിയാനി ഗീതങ്ങൾ സുറിയാനി ഈണത്തിൽത്തന്നെ മലയാളത്തിൽ തർജ്ജമ ചെയ്യാൻ എനിക്കു നിർദ്ദേശവും പ്രോത്സാഹനവും തന്നു. 1948-'49 കാലഘട്ടത്തിലായിരുന്നു അത്. സുറിയാനി ഭാഷയിൽ ദിവ്യബലി നടക്കുമ്പോൾ വിശ്വാസികൾക്കു പാടാനും ചൊല്ലാനും വേണ്ട പാട്ടുകളും പ്രാർത്ഥനകളും ചേർത്തു "നമ്മുടെ ബലി" എന്ന ലഘുഗ്രന്ഥം അക്കാലത്തു ഞാൻ രചിച്ചു. ഹിന്ദിസിനിമാപ്പാട്ടുകളുടെ ട്യൂണിലും മലയാളത്തിൽ പ്രാർത്ഥനാഗാനങ്ങൾ രചിച്ചിരുന്നു. പൂക്കാലം എന്നൊരു ഗാനസമാഹാരവും പിന്നീടുണ്ടായി.

**ചോദ്യം : പിന്നിട്ടുപോന്ന പ്രവർത്തനമേഖലകളെക്കുറിച്ചു ചുരുക്കമായൊന്നു വിവരിക്കുമോ?**

ഡോ. ആബേൽ: ഓർമ്മയിൽ പൂവിരിഞ്ഞു നിൽക്കുന്ന ദിനം, സെമിനാരികളിൽ പഠനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ചനാൾ തന്നെ: ചെത്തിപ്പുഴ ആശ്രമത്തിൽ വച്ചായിരുന്നു. 1951ൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത ആയിരിക്കെ അന്തരിച്ച മാർ മാത്യു കാവുകാട്ടു തിരുമേനി, മെത്രാൻ പട്ടം സ്വീകരിച്ച ശേഷം ജീവിതത്തിലാദ്യമായി വൈദികപട്ടത്തിന്റെ കൈവെപ്പു നൽകിയത് എനിക്കായിരുന്നു. അതിനു ശേഷം ആറുമാസം കോട്ടയത്തു ദീപിക ഓഫീസിൽ

marggam DIGITAL PUBLISHING www.marggam.org



ജോലി ചെയ്തു. ആ സമയത്താണ് റോമിൽ പോയി പൊളിറ്റിക്കൽ സയൻസും ജേർണലിസവും പഠിക്കാൻ തെരഞ്ഞെടുക്കപ്പെട്ടത്. 1957 വരെ റോമിലായിരുന്നു. അവിടത്തെ ഇന്റർ നാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നു പൊളിറ്റിക്കൽ സയൻസിൽ ഡോക്ടറേറ്റെടുത്തു. ജേർണലിസത്തിലും പഠനം നടത്തി. വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ സഞ്ചരിച്ചു. മടങ്ങിയെത്തിയ ശേഷം 1961 വരെ ദീപികപത്രാധിപസമിതിയിലായിരുന്നു. ദീപികബാലസഖ്യം രൂപവൽക്കരിച്ചതും അതു വലിയവളർച്ച നേടിയതും അക്കാലയളവിലായിരുന്നു. ദീപികവിട്ട് കോഴിക്കോടു ദേവഗിരി കോളേജിലേയ്ക്കാണു പോയത്. അവിടെ സുറിയാനി ഭാഷാ പ്രൊഫസ്സറും ഹോസ്റ്റൽ വാർഡനുമായി 1965 വരെ പ്രവർത്തിച്ചു. അതേത്തുടർന്നുള്ള കാൽനൂറ്റാണ്ട് എന്റെ പ്രവർത്തനരംഗം എറണാകുളം നഗരമാണ്. ഇപ്പോഴും അങ്ങനെ തുടരുന്നു.

**ചോദ്യം: കലാഭവൻ സ്ഥാപിക്കാനുണ്ടായ സാഹചര്യങ്ങൾ ഒന്നു വിശദീകരിക്കാമോ ?**

ഡോ. ആബേൽ : സീറോ–മലബാർ ലിറ്റർജിയുടെ മലയാളത്തിലേയ്ക്കുള്ള തർജ്ജമയും കലാഭവന്റെ സംസ്ഥാപനവും വളർച്ചയും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്ന കാര്യങ്ങളാണ്. അതിനാൽ, ലിറ്റർജിക്കാര്യം തന്നെ ആദ്യം പറയാം.

1965ൽ ഞാൻ എറണാകുളത്ത് എത്തിയ ഉടനെ ആർച്ചു ബിഷപ് ഡോ. ജോസഫ് പാറേക്കാട്ടിൽ എന്നെ ബിഷപ്സ് ഹൗസിലേയ്ക്കു വിളിപ്പിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളുടെ ചുവടുപിടിച്ച്, ലോകമെങ്ങും ക്രൈസ്തവ ആരാധനക്രമങ്ങൾ തദ്ദേശീയഭാഷകളിലേയ്ക്കു വിവർത്തനം ചെയ്തു തുടങ്ങിയ നാളുകളായിരുന്നു. സീറോ–മലബാർ സഭയുടെ നേതാവും മാർഗ്ഗദർശിയുമെന്നനിലയിൽ, ലിറ്റർജിയുടെ മലയാളവൽക്കരണം അദ്ദേഹത്തിന്റെ ചുമതലയായിരുന്നുതാനും. എന്നോടു ശ്രമകരവും ചരിത്രപ്രധാനവുമായ ഈ യജ്ഞത്തിൽ സഹകരിക്കാൻ തിരുമേനി ആവശ്യപ്പെട്ടു. '65, '66, '67 വർഷങ്ങളിൽ അരമനയിൽ തന്നെ താമസിച്ചുകൊണ്ട്, ആരാധനക്രമത്തിലെ സുറിയാനി ഗീതങ്ങൾ, സുറിയാനി ഈണങ്ങളിലും ഭാരതീയ ഈണങ്ങളിലും നമ്മുടെ മാതൃഭാഷയിലേയ്ക്കു മൊഴിമാറ്റം നടത്തുന്ന ജോലിയിൽ ഞാൻ മറ്റെല്ലാം മറന്നു മുഴുകി. ആർച്ചു ബിഷപ്പിന്റെ പൈതൃകസംരക്ഷണവും പ്രോത്സാഹനവും ജോലിയിൽ അതിവേഗം നീങ്ങാൻ സഹായകമായി.

ലിറ്റർജിക്കൽ ഗാനങ്ങൾ തയ്യാറായപ്പോൾ അവ ട്യൂൺ ചെയ്തു പാടി ടേപ്പിലാക്കി ഇടവകപ്പള്ളികൾക്കും മറ്റും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവശ്യകമായിത്തീർന്നു. അങ്ങനെയാണ് ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബ് രൂപംകൊള്ളുന്നത്. ആർച്ച് ബിഷപ്സ് ഹൗസിന്റെ വളപ്പിൽ പഴയ മലബാർ മെയിൽ-സത്യദീപം മന്ദിരത്തോടു തൊട്ടടുത്ത് സത്യദീപം പത്രാധിപരായിരിക്കെ ഫാ. ജോസഫ് പാറേക്കാട്ടിൽ താമസിക്കാനുപയോഗിച്ചിരുന്ന മേൽനിലമുറി, ആർച്ച് ബിഷപ് തിരുമേനി, ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബിന്റെ ആസ്ഥാനമായി വിട്ടുതന്നു. എത്ര വിനീതമായൊരു തുടക്കമായിരുന്നു അത്! കുറച്ചു പഴയ മേശകളും കസേരകളും. പഴയമോഡലിലുള്ള ഒരു ടേപ്പ് റിക്കാഡർ. ഗായകരും ഉപകരണകലാകാരന്മാരും സാവധാനത്തിൽ അവിടേയ്ക്കടുത്തു. അവരൊക്കെ സ്വന്തം ഉപകരണങ്ങളുമായെത്തി. മലേഷ്യൻ റേഡിയോയിലും ശ്രീലങ്കാ റേഡിയോയിലും മറ്റും സംഗീതജ്ഞനായി പ്രവർത്തിച്ച കെ.കെ. ആന്റണിമാസ്റ്ററും ഗിറ്റാർ വിദഗ്ധനായ എമിൽ ഐസക്സും വയലിനിസ്റ്റായ റെക്സ് ഐസക്സും, ദക്ഷിണാമൂർത്തി, റാഫിജോസ്, എം.കെ. അർജ്ജുനൻ എന്നിവരും സഹായത്തിനുണ്ടായി. ഭക്തിഗീതങ്ങൾ എഴുതി, ട്യൂൺ ചെയ്ത്, പാടി ടേപ്പിലാക്കി ഞങ്ങൾ കാത്തിരിക്കും. നാടെങ്ങും നിന്നു പള്ളികൾക്കുവേണ്ടി, ബന്ധപ്പെട്ടവർ വന്ന് അവ സ്വന്തം ടേപ്പുകളിൽ പകർത്തിക്കൊണ്ടുപോകും. കലാകാരന്മാർക്കു പ്രതിഫലംപോയിട്ടു ബസ്സു കൂലി പോലും നൽകാൻ പണമില്ലാതിരുന്ന നാളുകൾ. എങ്കിലും ഞങ്ങൾ ധൈര്യം വിട്ടില്ല. ഞങ്ങൾക്കു ധൈര്യം തരാൻ പാറേക്കാട്ടിൽ തിരുമേനി ഉണ്ടായിരുന്നു. ഒരു നാൾ ഈ പ്രസ്ഥാനം വളർന്നു വലുതായി എങ്ങും പ്രസിദ്ധി നേടുമെന്ന് അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. ലിറ്റർജിക്കൽ ഗീതങ്ങളും പ്രാർത്ഥനകളും തർജ്ജമ ചെയ്തു പുസ്തകരൂപത്തിലാക്കി വിൽക്കുന്ന ചുമതല അദ്ദേഹം ഞങ്ങൾക്കു വിട്ടുതന്നു. അവ അച്ചടിക്കുന്നതിന് ഒരു രൂപാപോലും അഡ്വാൻസു തരാൻ, പിൽക്കാലത്ത് അവയിലെ ഗാനങ്ങൾ അപഹരിക്കാനും സ്വന്തമാക്കാനും ശ്രമിച്ചവർ തയ്യാറായില്ല. പുസ്തകം വിറ്റു കിട്ടുന്ന പണം പ്രസ്സിൽ കൊടുക്കാനേ കഴിയുമായിരുന്നുള്ളു. അവയുടെ വിൽപനയിൽനിന്നുള്ള വരുമാനം ക്രിസ്ത്യൻ



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആർട്ട്സ് ക്ലബ്ബിനും പിന്നീടു കലാഭവനും വലിയ സഹായകമായിത്തീർന്നു. എന്നല്ല, പ്രസ്ഥാനത്തിന്റെ നിലനിൽപ്പുതന്നെ അവയെ ആശ്രയിച്ചായിരുന്നു. പാറേക്കാട്ടിൽ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ റോമിൽനിന്നുപോലും പ്രസ്ഥാനത്തിനു സഹായം ലഭ്യമായി. അങ്ങനെയൊക്കെയാണു വളർന്നത്.

**ചോദ്യം: ലിറ്റർജിക്കൽ പ്രസിദ്ധീകരണങ്ങളെപ്പറ്റി പറഞ്ഞു. ഏതൊക്കെയാണ് അങ്ങയുടെ പ്രധാനകൃതികൾ ?**

ഡോ. ആബേൽ: മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ (അൽമായരുടെ), മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ (വൈദികരുടെ), സന്യാസീസന്യാസിനിമാരുടെ മൃതസംസ്കാരം, മരണസമയത്തും മരണശേഷവുമുള്ള പ്രാർത്ഥനകൾ, മരിച്ചവരുടെ ഓർമ്മ, മരിച്ചവർക്കുവേണ്ടിയുള്ള റാസ, മരിച്ചവർക്കുവേണ്ടിയുള്ള പാട്ടു കുർബാന, തിരുനാൾ കർമ്മങ്ങൾ, കൂദാശകൾ, വെഞ്ചരിപ്പുകൾ, വിശുദ്ധവാരകർമ്മങ്ങൾ വർഷാരംഭം, വർഷാവസാനം, ക്രിസ്തുമസ് രാത്രി, വിവാഹസമ്മതം, ഊട്ടുനേർച്ച, രോഗിശുശ്രൂഷ, കുർബ്ബാനസമയത്തു പാടാവുന്ന കരിസ്മാറ്റിക് ഗാനങ്ങൾ, മെത്രാഭിഷേകം, പരി: കുർബാനയുടെ വാഴ്‌വ്, സഭാവസ്ത്രസ്വീകരണം, കാനോനനമസ്ക്കാരം-3 വാല്യങ്ങൾ, സങ്കീർത്തനങ്ങൾ എന്നിവയാണ് ഈ രംഗത്തെ എന്റെ കൃതികൾ.

**ചോദ്യം: ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബ് പിന്നീടു കലാഭവനായി മാറിയെന്നു പറഞ്ഞുവല്ലോ. ഇതിന്റെ പശ്ചാത്തലം ഒന്നു വിവരിക്കാമോ ?**

ഡോ. ആബേൽ: തീർച്ചയായും. മലയാളത്തിന്റെ പ്രശസ്തനായ ഗായകൻ, കെ.ജെ. യേശുദാസ്, ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കാൻ തയ്യാറായി വന്നതാണ് അതിന്റെ തുടക്കം. കുറെക്കാലം അദ്ദേഹം ഞങ്ങളോടൊത്തു പ്രവർത്തിച്ചു. നാനാജാതി മതസ്ഥരെയും കലയുടെ മേൽക്കൂരയ്ക്കു കീഴിൽ അണിനിരത്താൻ കഴിയുമാറ്, പ്രസ്ഥാനത്തിനു മതേതരമായൊരു നാമം നൽകണമെന്ന് യേശുദാസുംമറ്റും ആഗ്രഹിച്ചു. കലാസദൻ, കലാഭവൻ എന്നിങ്ങനെ രണ്ടു പേരുകൾ നിർദ്ദേശിക്കപ്പെട്ടു. എല്ലാവർക്കും സ്വീകാര്യമായതു കലാഭവനാണ്. അങ്ങനെ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബെന്ന കൊക്കൂണിൽനിന്നു കലാഭവനെന്ന വർണ്ണശലഭം ചിറകുവച്ചു പറന്നു. 1969 സെപ്. 3ന് ജസ്റ്റീസ് കൃഷ്ണയ്യർ ഉദ്ഘാടനം ചെയ്തു. കളക്ടർ എസ്. കൃഷ്ണകുമാറായിരുന്നു അദ്ധ്യക്ഷൻ. സംഗീതത്തിന്റെ വിവിധ ശാഖകളിൽ അഖിലകേരള മത്സരങ്ങൾ നടത്താൻ പ്രചോദനം നൽകിയതു യേശുദാസാണ്. ആദ്യത്തെ മത്സരപരമ്പരയ്ക്കായി അദ്ദേഹം തന്നെ നേതൃത്വം നൽകി. നിരവധി പുതുഗായകരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചു വളർത്താൻ അതു സഹായകമായി. "മ്യൂസിക്കേൽ" എന്ന പേരിൽ വാർഷികസംഗീതമേളകൾ നടത്തുന്നതിനും യേശുദാസ് സഹകരണം നൽകി. 1971ൽ ബംഗ്ലാദേശ് യുദ്ധസമയത്ത് കലാഭവൻ ബാനർവച്ച ഒരു തുറന്നലോറിയിൽ അദ്ദേഹം കേരളമെങ്ങും ചുറ്റിനടന്നു പാടി ധനശേഖരണം നടത്തി. ശേഖരിച്ച തുക അദ്ദേഹം തന്നെ ഡൽഹിയിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്കു സമർപ്പിക്കുകയും ചെയ്തു. ഹ്രസ്വകാല സാന്നിദ്ധ്യം കൊണ്ടു കലാഭവനിലേയ്ക്ക് ഏറെ ബഹുജനശ്രദ്ധയാകർഷിക്കാൻ സഹായിച്ച യേശുദാസ് പിന്നീട് തനതായ പ്രവർത്തനമേഖലകൾ കണ്ടെത്തി, കലാഭവനോടു വിടപറയുകയും ചെയ്തു.

**ചോദ്യം: സംഗീതമാണു കലാഭവന്റെ ജീവവായുവെന്ന് ഇതുവരെ അച്ചനോടു സംസാരിച്ചതിൽനിന്നു മനസ്സിലായി. എന്താണ് ഈ രംഗത്തെ മുഖ്യപ്രവർത്തനങ്ങൾ?**

ഡോ. ആബേൽ: ക്രൈസ്തവഭക്തി ഗാനങ്ങളുടെ രചനയിലും സംവിധാനത്തിലും പ്രചാരണത്തിലും ഊനം വരുത്താതെ തന്നെ കലാഭവൻ, പോപ്പുലർ സംഗീതത്തിന്റെ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ചു. പൊതുവേദികളിൽ പ്രകടനം നടത്താനുള്ള ഗാനമേളസംഘം സംഘടിപ്പിച്ചതാണു മുഖ്യ കാൽവെയ്പ്. തുടക്കം വളരെ അരിഷ്ടതയിലായിരുന്നു. വാടകയ്ക്കെടുത്ത ഉപകരണങ്ങളും സൗണ്ടു സിസ്റ്റവും വാഹനവുമായി, വല്ലപ്പോഴും വീണു കിട്ടുന്ന ഓരോ പരിപാടിയിൽനിന്നുള്ള തുച്ഛമായ വരുമാനവുമായി, ഞങ്ങൾ അങ്ങനെ നീങ്ങി. ആർക്കും പരാതിയൊന്നുമില്ലായിരുന്നു. കലാഭവൻ വളരണം അതു മാത്രമായിരുന്നു ചിന്ത.

1970ൽ ആദ്യത്തെ മ്യൂസിക്കേൽ പരിപാടി നടന്നു. പിന്നെ അതൊരു പതിവു വാർഷിക മേളയായി. 1972ൽ എറണാകുളം സെന്റ് ആൽബർട്ട്സ് ഗ്രൗണ്ടിൽ നടന്ന മ്യൂസിക്കേലിൽ

ശ്രീ. വി.കെ. കൃഷ്ണമേനോനായിരുന്നു മുഖ്യാതിഥി. യേശുദാസ്, ജാനകി, ജയചന്ദ്രൻ, വസന്ത, വാണി ജയറാം തുടങ്ങിയ പ്രശസ്ത ഗായകരെല്ലാം ഈ സംഗീതമേളയിൽ പാടിയിട്ടുണ്ട്. 1977ലെ കലാഭവൻ മ്യൂസിക്കേൽ നൈറ്റ്, 1978ലെ കലാഭവൻ നൈറ്റ്, '78ൽ തന്നെ ശിശുവർഷത്തോടനുബന്ധിച്ചു നടത്തിയ ശിശുമേള, 1980ലെ കലാഭവൻ നൈറ്റ്, '81ൽ കലാഭവന്റെ 13-ാം വാർഷികം, '82ലെ പുരാണിക് സംഗീത സായാഹ്നം തുടങ്ങിയവയെല്ലാം സംഗീതാധിഷ്ഠിതമായ പൊതുപരിപാടികളായിരുന്നു. ജോളി എബ്രഹാം, ടോണി പള്ളൻ, ജോണി, ഗോപൻ, പീറ്റർ, വില്യംസ്, ഉഷാ വേണുഗോപാൽ, സംസ്ഥാനമന്ത്രിയായിരുന്ന പി.ജെ. ജോസഫ് തുടങ്ങിയവരെല്ലാം വിവിധ വേദികളിൽ കലാഭവനുവേണ്ടി ഗാനാലാപനം നടത്തി.

**ചോദ്യം: ടേപ്പിൽ നിന്നും ടേപ്പിലേയ്ക്കു ഭക്തിഗാനങ്ങൾ പകർത്തിയിരുന്ന നാളുകളിൽ നിന്ന് എൽ.പി. റിക്കാർഡുകളുടെയും കലാഭവൻ കാസറ്റുകളുടെയും നാളുകളിലേയ്ക്കുള്ള വികാസം എങ്ങനെയായിരുന്നു?**

ഡോ. ആബേൽ: എൽ.പി. റിക്കാർഡിലായിരുന്നു തുടക്കം. യേശുദാസും വസന്തയും പാടിയ 'കലാഭവൻ ക്രൈസ്തവ ഭക്തിഗാന' എൽ.പി. റിക്കാർഡ് വളരെയധികം ഖ്യാതി നേടി. "ഈശ്വരനെത്തേടി ഞാൻ നടന്നു' തുടങ്ങിയ ഗാനങ്ങൾ അതിലായിരുന്നു. വാണിജയറാം, ജോളി എബ്രഹാം, ബി. വസന്ത, പി.കെ. മനോഹരൻ എന്നിവർ പാടിയ "മെലഡീസ് ഡിവൈൻ' വാണി, ജോളി, വസന്ത, മനോഹരൻ, ഷെറിൻ പീറ്റർ എന്നിവരുടെ "രക്ഷകനായ ക്രിസ്തു', ജാനകി, ജോളി, അമ്പിളി, മാധുരി, ബ്രഹ്മാനന്ദൻ, മനോഹരൻ, കല്യാണിമേനോൻ, സെബാസ്റ്റ്യൻ എന്നിവർപാടിയ "ക്രിസ്തുവിന്റെ ജീവിതം' രണ്ടുവാല്യങ്ങൾ, ബേബി ജെൻസി, ബേബി സുജാത, കുമാരി പത്മജ എന്നീകുട്ടികളും വസന്തയുമൊത്തു പാടിയ ക്രൈസ്തവ ഭക്തിഗാനങ്ങളുടെ രണ്ടു വാല്യങ്ങൾ, ജോളി, വസന്ത, ഇബ്രാഹിം എന്നിവരുടെ ക്രൈസ്തവ ഭക്തിഗാനങ്ങൾ മുതലായവ കലാഭവൻ വിപണിയിലിറക്കിയ ഗ്രാമഫോൺ റിക്കാർഡുകളിൽപ്പെടുന്നു. അവയെല്ലാം ആയിരക്കണക്കിനു കോപ്പികൾ വിറ്റഴിയുകയും ചെയ്തു.

കാസറ്റുകളുടെ യുഗം പിറന്നതോടെ കലാഭവൻ ആ മാധ്യമത്തിലും മുദ്രപതിപ്പിച്ചു. ആഗോള പ്രശസ്തിയും അംഗീകാരവും നേടിയവയാണു കലാഭവൻ കാസറ്റുകൾ. ദിവ്യസല്ലാപം, മരിയൻ ഗാനങ്ങൾ, കുരിശിന്റെ വഴി, ക്രിസ്തുമസ് ഗാനങ്ങൾ, ഓണപ്പാട്ടുകൾ, സ്മരണാഞ്ജലി, സാന്ത്വനഗാനങ്ങൾ, മതപഠനം ഗാനങ്ങളിലൂടെ, വിശുദ്ധവാരക്കർമ്മങ്ങൾ, തിരുന്നാൾ പാട്ടുകുർബ്ബാന, മരിച്ചവർക്കുവേണ്ടിയുള്ള റാസ, മരിച്ചവർക്കു വേണ്ടിയുള്ള പാട്ടു കുർബ്ബാന, മൃതസംസ്ക്കാര ഗാനങ്ങൾ, ലൈഫ് ഓഫ് ക്രൈസ്റ്റ്, കലാഭവൻ ക്രിസ്തീയ ഗാനങ്ങൾ, കരിസ്മാറ്റിക് ഗാനങ്ങൾ, സ്നേഹാമൃതം, ചാവറ ഗാനങ്ങൾ, കാനോന നമസ്ക്കാരം, ദിവ്യബലി ഗീതങ്ങൾ തുടങ്ങി ഏറെ കാസറ്റുകൾ, ഭക്തിരസവും സംഗീതമധുരിമയും തുളുമ്പുന്ന വരികളിലും ഈണങ്ങളിലും കലാഭവൻ പുറത്തിറക്കിയിട്ടുണ്ട്.

കലാഭവന്റെ ഗ്രാമഫോൺ റിക്കാർഡുകളിലും കാസറ്റുകളിലുമുള്ള എല്ലാ ഗാനങ്ങളും എന്റെ എളിയ തൂലികയിൽ നിന്നാണുവന്നത്. പൗരസ്ത്യ ട്യൂണുകളുൾപ്പെടെ, പന്തീരായിരത്തിലേറെ വരികളിലായി, ആയിരത്തോളം ഗാനങ്ങൾ രചിച്ചുകഴിഞ്ഞു.

**ചോദ്യം: ഏറെശ്രദ്ധ നേടിയ പ്രവർത്തനമണ്ഡലമാണല്ലോ കലാഭവൻ അക്കാദമി ? അതേപ്പറ്റി അറിയാനാഗ്രഹമുണ്ട്.**

ഡോ. ആബേൽ: കലാഭവൻ പോലൊരു പ്രസ്ഥാനത്തിന് ഗാനമേളകളും കാസറ്റു വിൽപ്പനയും മാത്രമായി മുന്നോട്ടു പോയാൽ, സമൂഹിക കടമകൾ നിറവേറ്റി എന്ന് അവകാശപ്പെടാനാവില്ല. സംഗീതത്തിന്റെ വളർച്ച ഞങ്ങളുടെ അടിസ്ഥാനലക്ഷ്യങ്ങളിലൊന്നാണ്. നിലവിലുള്ള കലാകാരന്മാർ, പുതിയമേച്ചിൽ സ്ഥലങ്ങൾതേടി വിശാലമായ ലോകത്തിലേയ്ക്കു നീങ്ങും. തൽസ്ഥാനത്തു കലാഭവന്റെ തന്നെ ആവശ്യത്തിനു പുതിയ കലോപാസകരെ കണ്ടെത്തണം. സംഗീതം തൊഴിലും ജീവിതമാർഗ്ഗവുമാക്കാൻ ആഗ്രഹിക്കുന്നവർക്കു പരിശീലനവും നൽകണം. അതിനെല്ലാമുതകുന്നസംരംഭമാണു കലാഭവൻ അക്കാദമി. തുടക്കത്തിൽ എറണാകുളം ബ്രോഡ്‌വേയിലെ ചെറിയ മുറിയിൽ വായ്പാട്ടിലും ഗിത്താറിലും മറ്റും പരിശീലനം നൽകിക്കൊണ്ടായിരുന്നു ആരംഭം. ഏതാനും കുട്ടികൾ വരും. അവരിൽനിന്നു നാമമാത്രമായ ഫീസ് ഈടാക്കും. സ്ഥലസൗകര്യം തീരെയില്ല. ഗിറ്റാറും വയലിനും തബലയും ഹാർമോണിയവുമെല്ലാം ഒരേ മുറി

marggam DIGITAL PUBLISHING
www.marggam.org



യിൽ ഒച്ചവെയ്ക്കുകയും പരസ്പരം തട്ടിമുട്ടിക്കഴിയുകയും ചെയ്തിരുന്ന അവസ്ഥ. സ്ഥലം തീരെ പോരെന്നു തോന്നിയപ്പോൾ എറണാകുളം നോർത്തിലെ എ.കെ.സി.സി. ഓഫീസ് മന്ദിരത്തിലേയ്ക്ക് ഏതാനും ക്ലാസ്സുകൾ മാറ്റി. അർപ്പണബോധമുള്ള പരിശീലകരും സംഗീതത്തെ സ്നേഹിച്ച കുട്ടികളും-അതായിരുന്നു അക്കാദമിയുടെ മുതൽക്കൂട്ട്. പരിശീലകർക്കു പ്രതിഫലം നൽകാനോ കുട്ടികൾക്കു സ്വസ്ഥതയിൽ ഇരുന്നു പഠിക്കാൻ സ്ഥലമൊരുക്കാനോ കഴിയാതിരുന്ന നാളുകൾ. പുതിയ മന്ദിരം പണി പൂർത്തിയായ ശേഷമാണു പ്രശ്നങ്ങൾ തീർന്നു കിട്ടിയത്. അതെപ്പറ്റി പിന്നീട് പറയാം.

**ചോദ്യം: കുട്ടികൾ എന്നും കലാഭവന്റെ സ്വത്തും പ്രതീക്ഷയുമാണല്ലോ. അവർക്കു വേണ്ടി എന്തെല്ലാം പ്രത്യേക സംരംഭങ്ങളാണുള്ളത് ?**

ഡോ. ആബേൽ : കലാഭവൻ ഗാനമേളയാണ് എടുത്തുപറയേണ്ട ഒരു സംഗതി. പിഞ്ചുകുഞ്ഞുങ്ങൾ തന്നെ സംഗീതോപകരണങ്ങളും വായ്പാട്ടും അവതരിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഗാനമേള ട്രൂപ്പായി 1971ൽ അതു രൂപം കൊണ്ടു. പുതുമയും വൈവിധ്യവും നിലനിറുത്തിക്കൊണ്ട് ഇന്നും പാടിക്കൊണ്ടിരിക്കുന്നു.

കുട്ടികൾക്കുവേണ്ടി ചലച്ചിത്രനിർമ്മാണം നടത്തണമെന്നമോഹം പൂവണിഞ്ഞത്, "കുഞ്ഞിക്കൈകൾ" എന്ന ബാലചിത്രത്തിന്റെ നിർമ്മാണത്തോടെയാണ്. പി.ജെ. ആന്റണി രചിച്ച് മങ്കടരവിവർമ്മ സംവിധാനം ചെയ്ത ആ ചിത്രം മഹാകവി ജി. ശങ്കരക്കുറുപ്പാണ് ഉദ്ഘാടനം ചെയ്തത്. തീയേറ്ററിൽ ഓടുകയോ മുടക്കുമുതൽ തിരിച്ചു നൽകുകയോ ചെയ്യാത്ത, 61 മിനിട്ടു ദൈർഘ്യമുള്ള ആ ചിത്രം നഷ്ടമായിരുന്നു. "കുഞ്ഞിക്കൈകൾ'ക്കു തളർച്ചവന്നതോടെ കലാഭവൻ സിനിമാനിർമ്മാണരംഗം വിട്ടു.

ആകാശവാണിയുടെ ചാനലുകൾ കലാഭവന്റെ സംഗീത ധോരണിയെ കൂടെക്കൂടെ ഉപയോഗപ്പെടുത്തിപ്പോരുന്നു. ക്രൈസ്തവ ഭക്തിഗാനങ്ങൾ പ്രക്ഷേപണം ചെയ്യേണ്ടപ്പോഴൊക്കെ അവർ ഞങ്ങളുടെ റിക്കാർഡുകളെയും കാസറ്റുകളെയുമാണ് ഏറെയും ആശ്രയിക്കുക. അവരുടെ ക്ഷണപ്രകാരം ഞങ്ങൾ റേഡിയോ സ്റ്റേഷനിൽ പോയി ഗാനപരിപാടികൾ റിക്കാർഡു ചെയ്തിട്ടുണ്ട്. ഡസൻകണക്കിൽ എന്നു പറയാം. കലാഭവന്റെ സംഗീത താരങ്ങൾക്കു വ്യക്തിപരമായ നിലയിൽ റേഡിയോയിലും ദൂരദർശനിലും പ്രകടനം നടത്താൻ കിട്ടുന്ന അവസരങ്ങളും ഒരർത്ഥത്തിൽ കലാഭവന്റെ നേട്ടങ്ങൾ തന്നെ.

ഭാരതീയ സംഗീതവേദിയിൽ യുഗപ്രഭാവനായിരുന്ന മുഹമ്മദുറാഫിയുടെ ചരമവാർഷികനാളിൽ ഞങ്ങളൊരു റാഫിനൈറ്റു നടത്തിയതും കുട്ടികളെ മുന്നിൽ കണ്ടുകൊണ്ടാണ്. റാഫി ഗാനങ്ങൾ മാത്രം ആലപിച്ചുകൊണ്ടു നടത്തിയ ആ സ്മാരകമേളയിൽനിന്ന് 5000 രൂപ ലാഭമുണ്ടായി. അതു ബാങ്കിൽ സ്ഥിരനിക്ഷേപമായി ഇടുകയും, അതിന്റെ പലിശ വാർഷിക റാഫി സംഗീത മത്സരത്തിലെ വിജയികൾക്കു മൂന്നു കാഷ് അവാർഡുകൾ നൽകാൻ വിനിയോഗിക്കുകയും ചെയ്യുന്നു.

**ചോദ്യം: എളിയ നാളുകളെയും അരിഷ്ടതയുടെ വർഷങ്ങളെയുംകുറിച്ചു പറഞ്ഞു. ബ്രോഡ്‌വേയിലെ ഇടുങ്ങിയ മുറിയും ഒഴിഞ്ഞ മടിശ്ശീലയും പിന്നിട്ട്, എറണാകുളം നോർത്തിൽ, കലാഭവന്റെ പേരിൽ ഒരു റോഡും ഉത്തുംഗമായൊരു മന്ദിരവും സ്വന്തമാക്കിയ കഥപറഞ്ഞില്ലല്ലൊ?**

ഡോ. ആബേൽ: പറയാം, അതിനുമുമ്പ്, കടുകുമണിയിൽ നിന്നു വന്മരം ഉരുവാകാൻ സഹായിച്ചവരെപ്പറ്റി പറയട്ടെ. 1965 മുതൽ ഞാൻ എറണാകുളത്ത് ലിറ്റർജിക്കൽ തർജ്ജമയിലേർപ്പെട്ടതായി പറഞ്ഞുവല്ലോ. പാറേക്കാട്ടിൽ തിരുമേനി ആവശ്യപ്പെട്ട പ്രകാരം എന്റെ സേവനം അതിലേയ്ക്കു വിട്ടുകൊടുക്കാൻ സന്മനസ്സു കാട്ടിയത് അന്ന് സി.എം.ഐ. പ്രിയോർജനറലായിരുന്ന റവ. ഫാ. കനിസിയൂസ് ആണ്. ബഹു. കനിസിയൂസച്ചനെ ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. എന്നാൽ എനിക്ക് ഈ ഭൂമുഖത്ത് എന്തെങ്കിലും അവശേഷിപ്പിച്ചിട്ടുപോകാൻ അവസരം കിട്ടുന്നെങ്കിൽ, അതിനു ഞാൻ പൂർണ്ണമായും കടപ്പെട്ടിരിക്കുന്നതു പാറേക്കാട്ടിൽ തിരുമേനിയോടാണ്. കൽക്കരിത്തുണ്ടിനെ വൈഡൂര്യമാക്കാൻ പോരുന്ന കാരുണ്യവും വിട്ടുവീഴ്ചയും പിതൃതുല്യമായ സ്നേഹവും തിരുമേനിയിൽനിന്ന് എനിക്കു കിട്ടി. ദൈവം നൽകിയ തലേന്തിനെ മണ്ണിൽ കുഴിച്ചിടാൻ അദ്ദേഹമെന്നെ അനുവദിച്ചില്ല. അതു നൂറിരട്ടിയാക്കി വർദ്ധിപ്പിക്കാൻവേണ്ട എല്ലാ അവസരങ്ങളും ഒരുക്കിത്തന്നു. വൈദികനും മെത്രാനും മെത്രാപ്പോലീത്തയും കർദ്ദിനാളും ഭാരതസഭയുടെതന്നെ നേതാവുമായി



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org



അദ്ദേഹം വളർന്നതിനൊപ്പം കലാഭവനെയും വളർത്തി. ഹൃദയം നിറഞ്ഞു തുളുമ്പുന്ന നന്ദിയോടെ ആ വളർച്ചയുടെ കഥപറയാം.

അക്കാദമിയുടെ നടത്തിപ്പിനും മറ്റും സ്ഥലസൗകര്യം പ്രശ്നമാകുന്നുവെന്നു കണ്ടറിഞ്ഞ കർദ്ദിനാൾ തിരുമേനി, അതിരൂപത വകയായി എറണാകുളം ടൗൺഹാളിനടുത്തുണ്ടായിരുന്ന പതിനൊന്നു സെന്റ് സ്ഥലം നാമമാത്രമായ വിലയ്ക്കു നൽകി. അവിടെ ചെറിയൊരു കെട്ടിടം പണിയണമെന്നേ കരുതിയുള്ളു. കർദ്ദിനാൾ തന്നെ പണിതുടങ്ങാൻ വേണ്ട പിന്തുണ നൽകി. റോമിൽനിന്നും കേന്ദ്രഗവൺമെന്റിൽനിന്നും ധനസഹായം കിട്ടി. എങ്കിലും ധൈര്യമായി ഈ വൻപദ്ധതിക്കിറങ്ങാൻ എന്നെ പ്രേരിപ്പിച്ചത് അക്കാലത്തു കൊച്ചിയിലെ പ്രശസ്ത ആർക്കിടെക്റ്റായിരുന്ന ശ്രീ. സാമുവൽ ജോണാണ്. അദ്ദേഹം തയ്യാറാക്കിയ ഡിസൈൻ അനുസരിച്ചു പണി ചെയ്യാൻ ശ്രീ. കെ.ആർ. ഗോപാലകൃഷ്ണൻ എന്ന കോൺട്രാക്ടറെ സാമുവൽ തന്നെ ഏർപ്പെടുത്തി. ഒരൊറ്റ രൂപപോലും അഡ്വാൻസു നൽകാൻ കെൽപ്പില്ലാത്ത ഞങ്ങളെ കണ്ണുമടച്ചു വിശ്വസിച്ച്, സാമുവൽ ജോണും ഗോപാലകൃഷ്ണനും കൂടി പണമെല്ലാം സ്വന്തം കയ്യിൽ നിന്നു മുടക്കി കലാഭവനു സ്വന്തമായി ഒരു ഭവനമുണ്ടാക്കിത്തന്നു. പത്തുവർഷം കൊണ്ടാണ് നല്ലവനായ ശ്രീ. ഗോപാലകൃഷ്ണന്റെ കടം ഞങ്ങൾ വീട്ടിയത്. കടപ്പാടിന്റെ കടം ഒരിക്കലും വീട്ടാനുമാവില്ല. കലാഭവൻ മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാക്കി അധികം വൈകാതെ ശ്രീ. സാമുവൽ ജോണും ശ്രീ. ഗോപാലകൃഷ്ണനും നിര്യാതരായി. കലാഭവൻ പ്രവർത്തനങ്ങളിൽ ഏറെ വിലപ്പെട്ട സംഭാവന നൽകിയ ശ്രീ. വി.കെ.വി.മേനോൻ, സ്ഥാപനത്തിന്റെ ട്രഷററായിരിക്കെ മരണം പ്രാപിച്ചു. അവരെയെല്ലാം ഞാനിവിടെ നന്ദിപൂർവ്വം അനുസ്മരിക്കട്ടെ. നാലും അഞ്ചും നിലകളുടെ പണിതീർക്കാൻ സാമ്പത്തിക പിന്തുണ നൽകിയ ശ്രീ. ടി.കെ. വർക്കിയും ഞങ്ങളുടെ കൃതജ്ഞത അർഹിക്കുന്നു.

ഓഫീസുമുറികൾ, ക്ലാസുമുറികൾ, ഓഡിറ്റോറിയം, റിക്കാർഡിംഗ് സ്റ്റുഡിയോ എന്നിവയെല്ലാം പുതിയ മന്ദിരത്തിലുണ്ട്. അക്കാഡമിയിൽ ഗാനഭൂഷണം ഡിപ്ലോമയ്ക്കുവേണ്ട പ്രത്യേക ക്ലാസ്സുകൾ നടക്കുന്നു. വായ്പാട്ടിലും വിവിധ ഉപകരണങ്ങളിലുമായി മുപ്പത്തിരണ്ട് അദ്ധ്യാപകരാണ് അക്കാദമി സ്റ്റാഫിലുള്ളത്. ആയിരത്തഞ്ഞൂറിലേറെ കുട്ടികൾ ഫുൾടൈം, പാർട്ട്ടൈം കോഴ്സുകളിലായി ഇവിടെ പഠിക്കുന്നു. തികഞ്ഞ അച്ചടക്കത്തിൽ, ദൈവികകലയായ സംഗീതത്തിന്റെ ചൈതന്യമുൾക്കൊണ്ടു പരിശീലനം തേടുന്ന അവരിൽനിന്നു കൃത്യമായി ലഭിക്കുന്ന ഫീസ് അദ്ധ്യാപകർക്കെല്ലാം മാന്യമായ പ്രതിഫലം നൽകാൻ ഉപകരിക്കുന്നു. പരിശീലനം പൂർത്തിയാക്കുന്ന കുട്ടികളുടെ അരങ്ങേറ്റ പരിപാടികൾ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഗുരുജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ഓഡിറ്റോറിയത്തിൽ പതിവായി നടത്തും. ചിത്രരചന, നൃത്തം എന്നിവയിലും ക്ലാസ്സുകളുണ്ട്.

ജ്ഞാനപീഠം നേടിയ മഹാകവി ജി. ശങ്കരക്കുറുപ്പ് ഉൾപ്പെടെ നിരവധിവ്യക്തികൾ കലാഭവനിൽ സന്ദർശനം നടത്തിയിട്ടുണ്ട്. പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതു കേന്ദ്രമന്ത്രി ശ്രീ. സി.എം. സ്റ്റീഫനാണ്. ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം സംസ്ഥാനമന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹ നടത്തി. കേന്ദ്രമന്ത്രി പി. യാദവ്, നടൻ മധു, നടി ശോഭ, നടൻ മുരളിമോഹൻ, നടിമാരായ ശാരദ, ഷീല, ശ്രീവിദ്യ, നടൻ സോമൻ, ബാലൻ കെ. നായർ, കേന്ദ്രമന്ത്രി മല്ലികാർജ്ജുൻറാവു, സംഗീതസംവിധായകനായ ദക്ഷിണാമൂർത്തി, ജെറി അമൽദേവ്, ഗായകരായ ബാലമുരളികൃഷ്ണ, പി. ലീല, ഹാസ്യനടന്മാരായ ജഗതി, കുതിരവട്ടം, മാമ്മുക്കോയ, മാള അരവിന്ദൻ തുടങ്ങിയവർ സന്ദർശകരുടെ നീണ്ടപട്ടികയിൽ ചിലർമാത്രമാണ്. ഉത്തർപ്രദേശ് കൾച്ചറൽ ട്രൂപ്പിനു നൽകിയ സ്വീകരണം, കാർട്ടൂണിസ്റ്റ് യേശുദാസന്റെ കാർട്ടൂൺ ക്ലാസ്സ്, കർദ്ദിനാൾ പാറേക്കാട്ടിലിന്റെ മെത്രാഭിഷേകജൂബിലിയോടനുബന്ധിച്ചു ജസ്റ്റിസ് നരേന്ദ്രന്റെ നേതൃത്വത്തിൽ കലാഭവൻ നൽകിയ സ്വീകരണം, ശിശുവർഷത്തോടനുബന്ധിച്ച് ആർച്ചുബിഷപ്പ് ജോസഫ്കേളന്ത്ര മുഖ്യാതിഥിയായി നടത്തിയ ശിശുമേള തുടങ്ങിയവ പ്രത്യേകം ഓർമ്മിക്കേണ്ട ചടങ്ങുകളാണ്.

**ചോദ്യം: മിമിക്സ് പരേഡിനെപ്പറ്റി വളരെയെല്ലാം കേട്ടിട്ടുണ്ട്. ഈ കലാരൂപത്തിനു നിയതമായൊരു വേദി കേരളത്തിൽ ആദ്യമായി ഒരുക്കിയതു കലാഭവനാണല്ലൊ. എങ്ങനെയാണത് സംഭവിച്ചത് ?**

ഡോ. ആബേൽ: ഒറ്റപ്പെട്ട പ്രകടനം നടത്തുന്ന മിമിക്രി കലാകാരന്മാർ കേരളത്തിൽപണ്ടേ ഉണ്ടായിരുന്നു. പക്ഷേ അവരെ ഒരു പരേഡുരൂപത്തിൽ സംഘടിപ്പിച്ചതു കലാഭവനാണ്. ലാൽ, സിദ്ദിഖ്, അൻസാർ, വർക്കിയച്ചൻ പെട്ട, പ്രസാദ്, റഹ്മാൻ എന്നീ കലാകാ



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

രന്മാർ ഒരിക്കൽ ഞങ്ങളെ സമീപിച്ച് അവരുടെ കഴിവുകൾ കാട്ടിത്തന്നു. സംഘർഷനിർഭരമായ ജീവിതത്തിനിടയിൽ എല്ലാം മറന്ന് ഉള്ളുതുറന്നു ചിരിക്കാനാഗ്രഹിക്കുന്നവരാണ് സാധാരണ ജനങ്ങൾ. അവരുടെ മുമ്പിൽ ഈ ചെറുപ്പക്കാർക്ക് അംഗീകാരം കിട്ടുമെന്നു ഞങ്ങൾക്കു തോന്നി. മതിയായ റിഹേഴ്സലിനുശേഷം ആദ്യപരിപാടി 1981 സെപ്തംബറിൽ ജില്ലാ കളക്ടർ ശ്രീ. കെ.ആർ. രാജൻ ഉദ്ഘാടനം ചെയ്തു. അവതരിപ്പിച്ച ഇടങ്ങളിലെല്ലാം മിമിക്സ് പരേഡ് വൻ വിജയമായി. ജയറാം പിന്നീട് വന്നു ചേർന്നതാണ്; സിദ്ദിഖും, ലാലും, ജയറാമും ഇന്നു മലയാള സിനിമാവേദിയിലെ പ്രശസ്ത താരങ്ങളാണ്. എന്നല്ല, കേരളത്തിലെ കലാരംഗവുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടവരെല്ലാം കലാഭവനുമായും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ സഹകരിച്ചിട്ടുണ്ട്. നിത്യ ഹരിതനായകനായിരുന്ന പ്രേംനസീറിനെ ഓർമ്മവരുന്നു. എന്തൊരു സൗഹൃദമാണു കലാഭവനോടും എന്നോടും അദ്ദേഹം കാട്ടിയിരുന്നത് !

**ചോദ്യം : സ്വദേശത്തെന്നപോലെ വിദേശത്തും കലാഭവൻ ഖ്യാതിനേടിയതായി അറിയാം. എന്തൊക്കെയാണ് ഈ വഴിക്കുണ്ടായ നേട്ടങ്ങൾ ?**

ഡോ. ആബേൽ: കലാഭവൻ കാസറ്റുകൾ മലയാളികൾ ചെന്നെത്തിയ എല്ലാ നാടുകളിലും പ്രചാരത്തിലുണ്ട്. കൂടാതെ 1983 പകുതിയോടെ ഞങ്ങളുടെ ഗാനമേള ട്രൂപ്പ് യു.എസ്.എ.യിലെ വിവിധ നഗരങ്ങളിൽ വിജയകരമായ പര്യടനം നടത്തി. അവിടെയുള്ള മലയാളി സുഹൃത്തുക്കൾ ഏർപ്പാടുചെയ്ത സന്ദർശനമായിരുന്നു അത്. ഗാനമേള വളരെയേറെ ജനപ്രീതി നേടിയെന്നുവേണം കരുതാൻ. കാരണം, ഏതാനും മാസങ്ങൾക്കകം തന്നെ യു.എസ്സിലേയ്ക്ക് അടുത്ത ക്ഷണവും വന്നെത്തി. 1984 ആദ്യപകുതിയിൽ ഗാനമേള ട്രൂപ്പും മിമിക്സ് പരേഡും സംയുക്തമായി വീണ്ടും വടക്കേ അമേരിക്കയിൽ കറങ്ങി. സൗദി അറേബ്യ ഒഴികെയുള്ള അറേബ്യൻ രാജ്യങ്ങളിൽ ഗാനമേള ട്രൂപ്പും മിമിക്സ് പരേഡും ഒരുമിച്ചു പര്യടനം നടത്തിയത് 1987 ജൂണിലാണ്. അവിടെയും സ്വീകരണം ഗംഭീരമായിരുന്നു. പത്രങ്ങൾ കലാഭവന്റെ പ്രകടനങ്ങളെ പ്രശംസിച്ചെഴുതി. ഫലം, അതേവർഷം ഡിസംബറിൽ മറ്റൊരു പര്യടനമായിരുന്നു. എല്ലാ വിദേശയാത്രകളിലും ഞാൻ നമ്മുടെ കലാസംഘങ്ങളെ അനുഗമിക്കുകയും അവരുടെ വിജയത്തിൽ ആഹ്ലാദം പങ്കിടുകയും ചെയ്തു. കലാഭവൻ മാനേജരായ ഷെർളി വർഗ്ഗീസും ഈ വിദേശയാത്രകളിൽ കലാഭവൻ സംഘത്തെ അനുഗമിച്ചിരുന്നു.

**ചോദ്യം: വൻതോതിലുള്ള ഒരു റിക്കാർഡിംഗ് സ്റ്റുഡിയോ എക്കാലവും കലാഭവന്റേയും അങ്ങയുടേയും സ്വപ്നമായിരുന്നല്ലോ. ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അതിലേയ്ക്കായി രൂപവൽക്കരിക്കുകയും ചെയ്തു. സ്റ്റുഡിയോയെ ചുറ്റിയുള്ള പദ്ധതികൾ എവിടത്തോളമെത്തി ?**

ഡോ. ആബേൽ: കമ്പനിയുടമസ്ഥതയിലുള്ള റിക്കാർഡിംഗ് സ്റ്റുഡിയോ പല കാരണങ്ങളാലും നടപ്പായില്ല. സാമ്പത്തികമായിരുന്നു മുഖ്യതടസ്സം. എങ്കിലും കലാഭവൻ കാസറ്റുകളുടെ റിക്കാർഡിംഗ് സ്വന്തമായ സംവിധാനത്തിൽ നടത്തണമെന്ന ലക്ഷ്യം സാധിക്കുകതന്നെ ചെയ്തു. പുതിയ മന്ദിരത്തിൽ, അത്യാധുനിക റിക്കാർഡിംഗ് ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള ഒരു സ്റ്റുഡിയോ പ്രവർത്തിക്കുന്നു. അതിലേയ്ക്കുള്ള ഉപകരണങ്ങൾ പലപ്പോഴായി ഞാൻ തന്നെ സിങ്കപ്പൂരിൽ പോയിവാങ്ങിവരികയായിരുന്നു. സിങ്കപ്പൂർ ആർച്ചുബിഷപ്പിന്റെ സവിശേഷ സഹായം ഈയാത്രകളിൽ എനിക്കുണ്ടായിട്ടുണ്ടെന്നു നന്ദിപൂർവ്വം ഓർമ്മിക്കട്ടെ. അവിടത്തെ ബിഷപ്ഹൗസിൽ താമസിച്ചുകൊണ്ടാണു ഞാൻ കലാഭവനുവേണ്ടി ഷോപ്പിങ്ങൊക്കെ നടത്തിയത്. നാട്ടിലെത്തിച്ച ഉപകരണങ്ങൾക്കു കനത്ത ഡ്യൂട്ടി ഈടാക്കാൻ കസ്റ്റംസുകാർ മറന്നില്ല. അവർക്കു ചെയ്യാൻ കഴിയുന്ന സഹായം അതാണല്ലോ! ഏതായാലും ഒടുവിൽ എല്ലാം വേണ്ടപോലെ സജ്ജീകരിച്ചു. 1981 ഡിസംബറിൽ സ്റ്റുഡിയോയുടെ ഉദ്ഘാടനം കേന്ദ്രമന്ത്രി ശ്രീ. മല്ലികാർജ്ജുൻ നിർവ്വഹിച്ചു. കേരളത്തിലെങ്ങുമുള്ള സംഗീതസംവിധായകരും ഗായകരും മിമിക്രികലാകാരന്മാരും നാടകസംഘങ്ങളും ഞങ്ങളുടെ റിക്കാർഡിംഗ് സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്.

റിക്കാർഡിംഗ് യന്ത്രങ്ങളും സൗണ്ടുസിസ്റ്റവും സംഗീതോപകരണങ്ങളുമായി ഏതാണ്ട് രണ്ടുദശലക്ഷം രൂപാ വിലവരുന്ന സ്വത്തുക്കളാണ് ഇന്നു കലാഭവനുള്ളത്. അടുത്ത പ്രോഗ്രാമിനുപോകാൻ സൗണ്ടുസിസ്റ്റം വാടകയ്ക്കെടുക്കാനുള്ള പണം ആരോടു കടംവാങ്ങുമെന്നു ചിന്തിച്ചു മനസ്സു പുണ്ണാക്കി നടന്ന നാളുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു സംതൃപ്തി തോന്നേണ്ട നാളുകൾ തന്നെ.

marggam DIGITAL PUBLISHING
www.marggam.org



**ചോദ്യം: സാമ്പത്തികപരാധീനത സമീപകാലം വരെയും ഏറെ അലട്ടിയിരുന്ന പ്രശ്നമാണല്ലോ. കാലാകാലങ്ങളിൽ ഇതിനെ അതിജീവിക്കാൻ എന്തൊക്കെയാണു ചെയ്തിരുന്നത് ?**

ഡോ. ആബേൽ: വലിയതമാശയായി തോന്നാം. താൽക്കാലിക സാമ്പത്തികവിടവുകൾ നികത്താൻവേണ്ടി കലാഭവൻ കലേതരമായ പല പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പുതിയ മന്ദിരത്തിന്റെ ആദ്യഘട്ടം പണിതീർന്നപ്പോൾ ധാരാളം സ്ഥലം ബാക്കിയായി. അക്കാദമിക്ലാസ്സുകളൊന്നും കാര്യമായി വളർന്നിട്ടില്ല. ആ സമയത്താണ് "ടോക്-എച്ച്" എന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ തുടക്കം. അതു പ്രവർത്തിക്കാൻ കലാഭവനിൽ സ്ഥലം നൽകി. ഞങ്ങൾക്കു വാടകയിനത്തിൽ തുച്ഛമായൊരു വരുമാനമാർഗ്ഗം അങ്ങനെ തുറന്നു. കാലക്രമത്തിൽ ടോക്-എച്ച് സ്കൂൾ സ്വന്തം സ്ഥലം വാങ്ങികെട്ടിടം പണിതു. ഇന്ന് എറണാകുളത്തെ ഏറ്റവും പ്രശസ്തമായ ആ പബ്ലിക് സ്കൂൾ ഞങ്ങളുടെ കൂരയ്ക്കു കീഴിലാണു പിറന്നുവീണത്. സ്കൂൾ പോയതിനുശേഷം ഞങ്ങൾ പാരലൽ കോളേജു നടത്തി. വല്ലാത്തപരിസരമലിനീകരണമാണ് അതുമൂലമുണ്ടായത്. ഒരു വിധത്തിലും നിയന്ത്രിക്കാനാവാത്ത അന്തരീക്ഷം. ഒടുവിൽ അതുനിറുത്തലാക്കി. സാമ്പത്തികവരുമാനം പങ്കുവയ്ക്കാമെന്ന അടിസ്ഥാനത്തിൽ കരാട്ടെ, ജൂഡോ, കളരിപ്പയറ്റ് എന്നിവ പഠിപ്പിക്കാൻ വന്നവർക്കും കലാഭവനിൽ ഇടയ്ക്കു കുറെനാൾ സ്ഥലം നൽകി. എല്ലാം സാമ്പത്തികഭാരം ലഘൂകരിക്കാൻ വേണ്ടി എടുത്ത കാൽവയ്പ്പുകൾ. കടുത്തസമാധാനക്കേടിനും മാനസികസംഘർഷത്തിനുമാണ് അവയൊക്കെ ഇടവരുത്തിയത്. ഒടുവിൽ, അക്കാദമി വളരുകയും വിവിധസംഗീത ശാഖകളിലായി ആയിരത്തഞ്ഞൂറിലേറെ കുട്ടികൾ ഇവിടെപഠനം നടത്തുകയും ചെയ്യുമ്പോൾ എന്തൊരു ശാന്തതയാണ് അനുഭവപ്പെടുന്നത്.

**ചോദ്യം: അരിഷ്ടതകൾക്കിടയിലും കലാഭവൻ ജീവകാരുണ്യപരമായ കലാപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടല്ലോ. അതേപ്പറ്റി അറിഞ്ഞാൽ കൊള്ളാം.**

ഡോ. ആബേൽ: വ്യക്തിപരമായ നേട്ടങ്ങളും പണവും മാത്രമാവരുത് കലാകാരന്റെ ലക്ഷ്യമെന്നും, നമ്മെക്കാൾ നിർഭാഗ്യകരമായ സാഹചര്യങ്ങളിൽ ജനിച്ചവർക്കും ജീവിക്കുന്നവർക്കും ആശ്വാസം പകരാൻ കലയുടെ സർഗ്ഗമുഖങ്ങൾ പ്രയോജനപ്പെടുത്തണമെന്നും കലാഭവൻ പ്രവർത്തകരെയും വിദ്യാർത്ഥികളെയും ഞങ്ങൾ ഉദ്ബോധിപ്പിക്കാറുണ്ട്. പ്രായോഗികമായി കാട്ടിക്കൊടുക്കാറുമുണ്ട്. 1976ൽ വികലാംഗർക്കു വേണ്ടി എറണാകുളം ചിൽഡ്രൻസ് പാർക്കിൽ സൗജന്യമായി ഗാനമേള നടത്തിക്കൊടുത്തു. 1988, 1989 വർഷങ്ങളിൽ ക്രിസ്തുമസ് നാളിൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ അന്തേവാസികൾക്കു വേണ്ടി കലാപരിപാടികൾ സൗജന്യമായി നടത്തി. കൂടാതെ കഴിഞ്ഞ വർഷം വിയ്യൂർ സെൻട്രൽ ജയിലിലും നടത്തി. 1988ലാണു കൊരട്ടിയിലെ കുഷ്ഠരോഗാശുപത്രിയിൽ സൗജന്യമായി ഗാനമേള പാടിയത്. കലാഭവൻ അക്കാദമിയിൽ പഠിക്കുന്ന ഇരുപത്തഞ്ചോളം നിർദ്ധന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസച്ചെലവു വഹിക്കാൻ ഞങ്ങൾ തന്നെ സ്പോൺസർമാരെ കണ്ടെത്തിയിട്ടുണ്ട്. പഠിപ്പിൽ സാമർത്ഥ്യം കാട്ടുന്നവരെയാണ് ഇങ്ങനെ സഹായിക്കുക.

**ചോദ്യം: കലാഭവൻ ഗായകസംഘം നാടൊട്ടുക്കു സഞ്ചരിച്ചു കലാപരിപാടികൾ നടത്താറുണ്ടല്ലോ. ഇവരോടൊപ്പം ആബേലച്ചൻ സഞ്ചരിക്കാറുണ്ടോ ? എന്തെങ്കിലും രസകരമായ അനുഭവങ്ങൾ ....... ?**

ഡോ. ആബേൽ: ഉണ്ട്, വളരെയേറെ. വിദേശപര്യടനങ്ങൾക്ക് ഞാനൊപ്പം പോയകാര്യം പറഞ്ഞുവല്ലോ. അവയൊന്നും സാമ്പത്തികമായി കലാഭവനു ഗുണകരമായില്ല. പ്രവർത്തകർക്കു രാജ്യങ്ങൾ കാണാൻ ഒരവസരമായി– അത്രമാത്രം. ഭാവിയിൽ, വ്യക്തമായ സാമ്പത്തികലാഭമുള്ള വിദേശപര്യടനങ്ങളേ നടത്തുകയുള്ളു എന്നു തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ നടക്കുന്ന പരിപാടികൾക്ക് ഞാൻ ഒപ്പം പോകാറില്ല. എന്നാൽ കേരളത്തിനു വെളിയിൽ പോകുമ്പോൾ ഞാൻ കൂടെ പോകും. അതിനുകാരണമുണ്ട്. ആദ്യകാലങ്ങളിൽ വാടകവണ്ടികളിലാണു ഗായകസംഘം ദൂരസ്ഥലങ്ങളിലേയ്ക്ക് സഞ്ചരിച്ചിരുന്നത്. അതു നഷ്ടമാണെന്നു തോന്നിയപ്പോൾ 1976ൽ കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ഒരു പഴയബസ് വാങ്ങി. 22,000 രൂപാ വില നൽകി. പക്ഷേ അതുമൂലം ആണ്ടുതോറും പത്തമ്പതിനായിരം രൂപാവീതം റിപ്പയറിനും മറ്റു നഷ്ടമായിക്കൊണ്ടിരുന്നു. എങ്കിലും നീണ്ടപത്തുവർഷങ്ങൾ ആ വയസ്സൻവണ്ടി ഞങ്ങളെ വഹിച്ചു. ഒരിക്കലും വഴിയിൽ കേടായിക്കിടക്കുകയോ പരിപാടികൾ മുടക്കുകയോ ചെയ്തില്ല. പക്ഷേ ഒരു കുഴപ്പമുണ്ടായിരുന്നു.



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

വണ്ടിക്കു കേരളത്തിനു വെളിയിൽ ഓടാൻ പെർമിറ്റില്ലായിരുന്നു. അന്യസംസ്ഥാനത്തുവച്ച് ട്രാഫിക് ഉദ്യോഗസ്ഥന്മാർ വണ്ടി തടയാനും പിടിച്ചെടുക്കാനും പിഴ ഈടാക്കാനും സാദ്ധ്യതകളേറെ. അതൊക്കെ ഒഴിവാക്കാനായി ഞാനും കൂടെപ്പോകും. എവിടെയെങ്കിലും വണ്ടി പോലീസു തടഞ്ഞാലുടനെ ഞാനിറങ്ങിച്ചെല്ലും: സാഹചര്യം വിശദീകരിക്കും. ഈ തവിട്ടു സന്യാസക്കുപ്പായവും കഷണ്ടിത്തലയും ഒക്കെ കാണുമ്പോൾ "സാധുസന്യാസി, വല്ല ആശ്രമത്തിലും തപസ്സനുഷ്ഠിക്കേണ്ടതിനു പകരം കലയ്ക്കുവേണ്ടി കഷ്ടപ്പെടുന്നതുകണ്ടില്ലേ" എന്ന് അവർക്കു മനസ്സലിവു തോന്നും; പോകാനനുവദിക്കും. അങ്ങനെ ഒരു ജാമ്യക്കാരന്റെ റോളിൽ ഞാൻ ഇന്ത്യയൊട്ടുക്ക് ആ പഴയബസ്സിൽ ഞങ്ങളുടെ കലാസംഘങ്ങളോടൊത്തു കറങ്ങിയിട്ടുണ്ട്.

എന്നിട്ടും ഒരിക്കൽ അപകടത്തിൽപ്പെട്ടു. വണ്ടി കൊൽഹാപൂരിലെത്തിയപ്പോൾ ട്രാഫിക്കുദ്യോഗസ്ഥന്മാർ തടഞ്ഞു. സന്യാസിക്കുപ്പായം കണ്ടിട്ടും അവർക്കു കാരുണ്യം തോന്നിയില്ല. രജിസ്ട്രേഷൻ ബുക്കു കണ്ടുകെട്ടിയിട്ട് യാത്ര തുടരാനനുവദിച്ചു. പരിപാടിയെല്ലാം തീർത്തു നാട്ടിലെത്തുമ്പോൾ എനിക്കു പൂനെയിലെ മജിസ്ട്രേട്ടുകോടതിയിൽ നിന്നു നോട്ടീസ്. "കള്ളവണ്ടി' ഓടിച്ച ക്രിമിനൽ കുറ്റത്തിനു സമാധാനം പറയാൻ കോടതിയിൽ ഹാജരാകാൻ! ഒന്നാം പ്രതിയായ ഞാൻ നേരേ ആ നോട്ടീസുമായി കമാണ്ടർ കെ.കെ. നാരയന്റെ അടുത്തേയ്ക്കു പോയി. മഹാരാഷ്ട്രയിൽ രാംമോഹൻ എന്നൊരു പാർലമെന്റംഗമുണ്ട്. കമാണ്ടറുടെ ഉറ്റസുഹൃത്ത്. അദ്ദേഹത്തിനു കമാണ്ടർ വിശദമായൊരു കത്തെഴുതി. ഒരാഴ്ചയ്ക്കകം കൊൽഹാപൂരിലെ ട്രാഫിക്കുദ്യോഗസ്ഥന്മാരുടെ ക്ഷമാപണ കത്തും ഞങ്ങളുടെ പഴഞ്ചൻ വണ്ടിയുടെ ബുക്കും എറണാകുളത്തെത്തി. സന്തോഷത്തിലും ആപത്തിലും വർഷങ്ങളായി എനിക്കു വലംകയ്യായുള്ളയാളാണ് കമാണ്ടർ നാരായൻ. ഇന്നും കലാഭവനുവേണ്ടി സജീവമായി പ്രവർത്തിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യ നളിനി നാരായൻ, ഞങ്ങൾക്കെല്ലാം പ്രിയസഹോദരിയും ഉറ്റ സുഹൃത്തുമായിരുന്നു. എത്രയെത്ര കലാഭവൻ പൊതുചടങ്ങുകൾ നളിനിയുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ചിട്ടുണ്ട്. ഗാനപരിപാടികളിലും ബൈബിൾ ഗാനമേളകളിലും എല്ലാം അവർ പാടിയിരുന്നു. ധനശേഖരണാരംഗത്തും മുൻപന്തിയിലായിരുന്നു. കഴിഞ്ഞവർഷം പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് നളിനി നാരായൻ മരിച്ചു. കമാണ്ടറുടെ ദുഃഖം കലാഭവന്റെയും ദുഃഖമാണ്.

**ചോദ്യം: ആർക്കും അസൂയയുണ്ടാക്കുന്ന നേട്ടങ്ങൾ, ഇല്ലായ്മയിൽനിന്നു കെട്ടിയുയർത്തിയ ഒരു മഹത് പ്രസ്ഥാനം. പിന്തിരിഞ്ഞുനോക്കുമ്പോൾ അഭിമാനം തോന്നുന്നില്ലേ?**

ഡോ. ആബേൽ: സത്യത്തിൽ ഇതൊന്നും എന്റെ മാത്രം നേട്ടങ്ങളല്ല. ഒപ്പം പ്രവർത്തിക്കാൻ അർപ്പണബോധമുള്ള എത്ര സഹപ്രവർത്തകരുണ്ടായിരുന്നു. കെ.കെ. ആന്റണിമാസ്റ്ററെ ഞാനോർമ്മിക്കുന്നു. സ്വന്തം സംഗീതപ്രതിഭയും ജീവിതത്തിലെ നീണ്ട വർഷങ്ങളും മുഴുവൻ കലാഭവനു സമർപ്പിച്ച കലാകാരൻ. 1987 മാർച്ചിൽ അദ്ദേഹം മരിച്ചു. അക്കൊല്ലം സെപ്റ്റംബറിൽ, മാസ്റ്ററുടെ സ്മരണയ്ക്കായി "ഹോമേജ് റ്റു എ ഗുരു' എന്ന പേരിൽ ഒരു സംഗീതപരിപാടി എറണാകുളം ഫൈൻ ആർട്ട്സ് ഹാളിൽനടത്തി. ഏറെ ഓർമ്മകളുണർത്തിയ ഒരു സായാഹ്നം. മാസ്റ്ററുടെ കുടുംബത്തിന് അരലക്ഷം രൂപ സമ്മാനിക്കുകയും ചെയ്തു. ജോസഫ് കാരിക്കശ്ശേരിയെ ഞാനോർമ്മിക്കുന്നു. കലാഭവൻ പ്രവർത്തകർക്കെല്ലാം കുഞ്ഞപ്പൻചേട്ടനായിരുന്ന അദ്ദേഹത്തിന്റെ വൈപ്പിൻ ദ്വീപിലെ എസ്റ്റേറ്റിൽ എത്രയെത്ര വൈകുന്നേരങ്ങളാണ് കലാപ്രവർത്തകർ ഉല്ലാസപൂർവ്വം ചെലവഴിച്ചിട്ടുള്ളത്! 1979 നവംബറിൽ അദ്ദേഹവും മരിച്ചു. ഉറ്റസഹപ്രവർത്തകർ ഓരോരുത്തരായി യാത്ര പറയുമ്പോൾ എന്റെ തോളിലെ ഭാരം വർദ്ധിക്കുന്നു. ഞാനൊറ്റയ്ക്കു മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ, സഹായത്തിനായി പുതിയ തലമുറയിൽനിന്നു മിടുക്കന്മാരെയും മിടുക്കിമാരെയും ദൈവം അയച്ചുതരുന്നു. സംഗീതജ്ഞനായ ഫാ.ജോസഫ് പാലയ്ക്കൽ അങ്ങനെ എന്നെ സഹായിക്കാൻ വന്നതാണ്. കലാഭവൻ അക്കാദമിയുടെ ഡീൻ ഓഫ് സ്റ്റഡീസായിരുന്ന, ഒന്നാന്തരം ഗായകനായ പാലയ്ക്കലച്ചൻ ഇപ്പോൾ അമേരിക്കയിൽ ഉപരിപഠനം നടത്തുന്നു. താമസിയാതെ കലാഭവനിൽ മടങ്ങിയെത്തി ചുമതലകൾ ഏറ്റെടുക്കുമെന്നാണു ഞങ്ങളുടെ പ്രതീക്ഷ. കലാഭവന്റെ നിലവിലുള്ള മാനേജിംഗ് കമ്മിറ്റിയിൽ മുൻ കേന്ദ്രമന്ത്രി എ.എം.തോമസ് (വൈസ് പ്രസിഡന്റ്), ജയിംസ് കുളത്തുങ്കൽ (സെക്രട്ടറി), ആൻഡ്രൂ നെറ്റിക്കാടൻ (ട്രഷറർ), ഡോ.ഐ.എസ്. മേനോൻ, ജോസ്

തോമസ്, പി.എം. മത്തായി, വില്യം ഫെലിക്സ്, ഇ.കെ. പോൾ, അഡ്വ. പി.സി. ചാക്കോ, ഡോ.പി.മാത്യു വർഗ്ഗീസ്, ഡോ. ക്ലമന്റ്, ഫാ. ജോസ് തച്ചിൽ, എ.യു. മാസ്റ്റർ, എ.ഡി. ജോസ് (കമ്മിറ്റിയംഗങ്ങൾ) എന്നിവർ എനിക്കു സഹായത്തിനുണ്ട്. കലാഭവൻ ഓഫീസിൽ ഷെർളി വർഗ്ഗീസ്, ശ്രീമതി എലിസബത്ത് ലോപ്പസ് (അക്കൗണ്ടന്റ്), സി.ജി. രമ (ടൈപ്പിസ്റ്റ്), മത്തായി (പ്യൂൺ) എന്നിവർ പ്രവർത്തിക്കുന്നു. ഭരണസംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന ഷെർളിയുടെ നിയന്ത്രണത്തിൽ സാമ്പത്തിക രംഗത്തു നല്ല അടുക്കും ചിട്ടയും കൈവന്നിരിക്കുന്നു. പഴയ ബസ്സുപേക്ഷിച്ച്, വളരെ പുതിയതൊന്നു വാങ്ങാൻ ഞങ്ങൾ തീരുമാനിച്ചതു മുഖ്യമായും ഷെർളിയുടെ ആത്മവിശ്വാസം മൂലമാണ്. 1989 അവസാനത്തോടെ കലാഭവൻ ഒരു പുതിയ അശോക്-ലെയ്‌ലന്റ് ബസു വാങ്ങി. മുമ്പ് ഞങ്ങൾ സ്ഥലസൗകര്യം നൽകിയ "ടോക്-എച്ച്' സ്കൂളിന്റെ ഗാരേജിലാണ് അതു വിശ്രമിക്കുന്നത്. സ്കൂൾ അധികൃതർ സൗജന്യമായി അതിനുള്ള സൗകര്യം നൽകിയകാര്യം നന്ദിയോടെ ഓർമ്മിക്കട്ടെ.

ദുഃഖകരമായ ഒരു സംഭവംകൂടി ഓർമ്മിക്കാനുണ്ട്. കലാഭവനിൽ ഒരു വ്യാഴവട്ടക്കാലം പ്യൂണായി സേവനമനുഷ്ഠിച്ച ജോസഫ്ചേട്ടൻ 1987 സെപ്റ്റംബർ 26ന് ലോറിമുട്ടി മരിച്ചു. രാപകൽ കലാഭവനിൽ ഒരു കാവൽമാലാഖയെപ്പോലെ ചെലവഴിച്ച അദ്ദേഹത്തിന്റെ അപകടമരണം ഞങ്ങളെയെല്ലാം ദുഃഖത്തിലാഴ്ത്തി. പന്തീരായിരം രൂപ ജോസഫ് ചേട്ടന്റെ കുടുംബത്തിനു കലാഭവനിൽനിന്നു നൽകി. പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ജീവിതം മുഴുവൻ അഹോരാത്രം അദ്ധ്വാനിച്ചവർക്ക് ആദരവർപ്പിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടു പോകുന്നു. തിരിഞ്ഞുനോക്കുമ്പോൾ തീർച്ചയായും അഭിമാനിക്കാനുണ്ട്. പക്ഷേ അതൊന്നും ഒരു വ്യക്തിയുടെ നേട്ടങ്ങളല്ല. കുറെപ്പേരുടെ സംഘടിതമായ അദ്ധ്വാനത്തിന്റെ അന്തിമഫലമാണ്.

**ചോദ്യം: കലാഭവന്റെ ഭാവിയെക്കുറിച്ചുള്ള ആശയങ്ങൾ എന്തൊക്കെയാണ് ?**

ഡോ. ആബേൽ: കലാഭവൻ അക്കാദമിയുടെ നിലനിൽപ്പിലും വളർച്ചയിലും ഊന്നിയാണു ഭാവിപദ്ധതികളെല്ലാം. ആണ്ടുതോറും കുറെയേറെ കലോപാസകരെ സാംസ്ക്കാരികകേരളത്തിനു സമ്മാനിക്കുന്നു. ഗാനഭൂഷണം കോഴ്സിനു കൂടുതൽ കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. അതിനുള്ള സംവിധാനങ്ങൾ നടത്തും. യാതൊരു പ്രചാരണവുമില്ലാതെയാണു കുട്ടികൾ വിവിധ കോഴ്സുകൾക്കു വന്നുചേർന്നുകൊണ്ടിരിക്കുന്നത്. ഇന്നത്തെനിലയിൽ കലാഭവന്റെ പ്രവർത്തനങ്ങൾ നിലനിറുത്തുന്നതുതന്നെ വലിയൊരു ജോലിയാണ്. എന്നെസംബന്ധിച്ചു പറഞ്ഞാൽ, യുവരക്തത്തിനു ചുമതലയേൽപ്പിച്ചുകൊടുത്തിട്ടു വിശ്രമിക്കണമെന്ന ചിന്ത ഈയിടെയായി ശക്തിപ്പെട്ടിരിക്കുന്നു.

**ചോദ്യം: പിന്നിട്ട ഇരുപതുവർഷങ്ങളിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ ഏറ്റവും സന്തോഷവും ഏറ്റവും ദുഃഖവും തോന്നിയ മുഹൂർത്തങ്ങൾ ഏതൊക്കെയാണെന്നു പറയാമോ ?**

ഡോ. ആബേൽ: ഏറ്റവും സന്തോഷകരമായ മുഹൂർത്തം പണിപൂർത്തിയായ കലാഭവൻ മന്ദിരത്തിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി സി.എം. സ്റ്റീഫൻ നിർവ്വഹിച്ച 1980 ഏപ്രിൽ 20ന്റെ സായാഹ്നം തന്നെ. ഒപ്പം സന്തോഷം തോന്നുന്ന മറ്റൊരു മുഹൂർത്തം കൂടിയുണ്ട്. കലാഭവൻ ഗാനസംഘവും മിമിക്സ് പരേഡും ദുബൈയിൽ പരിപാടികൾ അവതരിപ്പിച്ച നാളുകൾ. അവിടത്തെ ഒരു സാംസ്ക്കാരിക പ്രസ്ഥാനം ഞങ്ങൾക്കു സ്വീകരണം തന്നു. അതിൽ പ്രസംഗിച്ച മലയാളിസമാജം പ്രസിഡന്റിന്റെ വാക്കുകൾ: "കഴിഞ്ഞ 15 വർഷത്തിനിടയിൽ ദുബൈ മലയാളികൾക്കു നാട്ടിൽനിന്നു ലഭിച്ച കലാപ്രകടനങ്ങളിൽ വച്ച് ഏറ്റവും രസകരമായ പരിപാടിയാണ് കലാഭവൻ ഇവിടെ അവതരിപ്പിച്ചത്." ഊട്ടിവളർത്തിയ പ്രസ്ഥാനത്തെയോർത്ത് അഭിമാനവും സന്തോഷവും തോന്നിയ മുഹൂർത്തം.

ഏറ്റവും ദുഃഖമുണ്ടാക്കിയ സംഭവം പാറേക്കാട്ടിൽ തിരുമേനിയുടെ മരണം തന്നെ. കലാഭവനും എനിക്കും അദ്ദേഹം പിതാവും വഴികാട്ടിയുമായിരുന്നു. എല്ലാറ്റിനും ഞങ്ങൾ അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു; എല്ലാറ്റിനും.

# യേശുദാസും കലാഭവനും .....

1971–ൽ പ്രസിദ്ധീകരിച്ച യേശുദാസിന്റെ ശതാബ്ദി സ്മാരക പ്രസിദ്ധീകരണത്തിൽ നിന്ന്

സുന്ദരമായ ഏതോ സ്വപ്നത്തിന്റെ മണിത്തേരിലേറി ഏതോ വിദൂരലോകത്തിൽ സവാരി ചെയ്യുമ്പോഴാണ് അനുജൻ മണി യേശുദാസിനെ വിളിച്ചുണർത്തിയത്. തിരുവനന്തപുരത്ത് ഒരു ഗാനമേള കഴിഞ്ഞു തലേദിവസം വൈകുന്നേരത്തെ ഫ്ളൈറ്റിൽ മടങ്ങിയതേയുള്ളു. നാടിന്റെ തലസ്ഥാനനഗരിയിൽ 1966നു ശേഷമുള്ള എഴുപതാമത്തെ ഗാനമേള. രാത്രി കുറെയധികം ഇരുട്ടുന്നതുവരെ പലതും സംസാരിച്ചിരുന്നു. അനുജന്മാരായ മണിയും ആന്റപ്പനും അഭിരാമപുരത്തുണ്ട്. ആന്റപ്പൻ കപ്പലിൽനിന്നും അവധിക്കു വന്ന അവസരം. അവന്റെ ലോകപര്യടനത്തിലെ അനുഭവങ്ങളും, തന്റെ സംഗീതപര്യടനങ്ങൾക്കിടയിലെ തമാശകളുമെല്ലാം പറഞ്ഞിരുന്നു സമയം നീങ്ങിയതറിഞ്ഞില്ല. ഒരു മണി കഴിഞ്ഞാണു കിടന്നത്.



ഡൈനിംഗ് ഹാളിൽ ഘടിപ്പിച്ചിട്ടുള്ള ഇലക്ട്രിക്ക് ബെല്ലിലെ ഇരുമ്പുദണ്ഡുകൾ പരസ്പരം കൂട്ടിയടിക്കുന്ന ശബ്ദം മയക്കത്തിനിടയിൽ കേട്ടെങ്കിലും യേശുദാസ് അത്ര ഗൗനിച്ചില്ല. ആരെങ്കിലുമാവട്ടെ, മണിയും ആന്റപ്പനുമുണ്ടല്ലോ. കാലത്ത് പത്തുമണിയല്ലേ ആയിട്ടുള്ളു. ഒന്നുകൂടി ഉറങ്ങിക്കളയാം. റിക്കാർഡിംഗില്ലാത്ത ദിവസമാണ്. അതു ചിന്തിച്ച് വീണ്ടും ഉറങ്ങാൻ തുടങ്ങുമ്പോഴാണു മണി പിടിച്ചു കുലുക്കിയത്.

'ചേട്ടാ ചേട്ടാ ഒരച്ചൻ വന്നിരിക്കുന്നു.' മണി വാർത്ത കൊടുത്തു. 'കൊച്ചിയിൽനിന്നു വന്നതാണത്രെ. ചേട്ടനെ കാണണംന്ന്. മുമ്പുവന്നിട്ടുള്ളതല്ല. കാപ്പിപ്പൊടിനിറത്തിലൊള്ള ഉടുപ്പാ. കർമ്മലീത്താ അച്ചനാണെന്നാ തോന്നുന്നെ.'

അച്ചന്മാരെ കാത്തിരുത്താൻ പാടില്ല. തിടുക്കത്തിൽ കിടക്കവിട്ടെഴുന്നേറ്റു. ഒരു ഷർട്ടെടുത്തിട്ടു സ്വീകരണമുറിയിലെത്തി. സെറ്റിയിൽ നിശ്ശബ്ദനായിരിക്കുന്ന വൈദികനു സ്തുതിചൊല്ലി. അദ്ദേഹമെഴുന്നേറ്റു പ്രത്യഭിവാദനം ചെയ്തു.

മിന്നിത്തിളങ്ങുന്ന കഷണ്ടിത്തലയാണ് ആദ്യം ശ്രദ്ധയിൽപ്പെട്ടത്. സെന്റ് ആന്റണിയുടെ ചിത്രം ഓർമ്മയിലെത്തി. ഉയരംകുറഞ്ഞു തടിച്ച ശരീരം. സൗമ്യതയും പുഞ്ചിരിയും നിറഞ്ഞുനില്ക്കുന്ന മുഖം. മുമ്പെവിടെയോ കണ്ടിട്ടുണ്ട്. ഓ, ശരി അതു തന്നെ. ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബിലെ ആബേലച്ചൻ ! ഒരു വർഷം മുമ്പ്, 1968 മാർച്ചിൽ എറണാകുളത്തു വച്ച് കുരിശിന്റെ വഴി പാടി റിക്കാർഡുചെയ്യാൻ അദ്ദേഹമാണു പ്രേരണ നൽകിയത്. അച്ചൻ രചിച്ച ഗാനങ്ങൾ അന്നേ തനിക്കു വളരെ ഇഷ്ടമായതാണ്. സിനിമാ ഗാനങ്ങളുടെ ട്യൂണിലാണു അന്നതെല്ലാം പാടിയത്. മനസ്സിന്റെ വെള്ളിത്തിരയിൽ ആ ദിവസം ഓടിയെത്തി. ഒരിക്കൽ പരിചയപ്പെട്ടവരെ താൻ മറക്കാറില്ല. ആൾക്കാരുടെ പേരും മുഖവും, ടെലിഫോൺ നമ്പരുകളും കാർ നമ്പരുകളും ഓർമ്മിക്കാൻ ദൈവം തനിക്കു പ്രത്യേകമായ കഴിവു തന്നിട്ടുണ്ട്.

'ദാസ് എന്നെ ഓർമ്മിക്കുന്നുണ്ടാവില്ല'. ആബേലച്ചൻ പറഞ്ഞു.

'ഉവ്വച്ചോ. ഞാൻ മറന്നിട്ടില്ല. ആബേലച്ചനല്ലേ. കുരിശിന്റെ വഴി റിക്കാർഡു ചെയ്ത.......' ദാസ് പ്രതിവചിച്ചു.

അച്ചൻ അത്ഭുതപ്പെട്ടുപോയി. ഗാനങ്ങളും ഗാനമേളകളുമായി, നിത്യം നൂറു നൂറാളുകളെ പുതുതായി പരിചയപ്പെടുന്ന മനുഷ്യൻ, ഒരു ദിവസത്തെ പരിചയം ഒരു വർഷത്തിനുശേഷം ഓർമ്മിച്ചിരിക്കുന്നു!

'എനിക്ക് പ്രധാനപ്പെട്ട ചില കാര്യങ്ങൾ ദാസുമായി സംസാരിക്കാനുണ്ട്. കാലത്തെ ട്രെയിനിലാണു ഞാൻ മദ്രാസിലെത്തിയത്. ഇന്നു സൗകര്യക്കുറവുണ്ടെങ്കിൽ, ഒന്നോ രണ്ടോ ദിവസം മദ്രാസ്സിൽ തങ്ങാൻ വിരോധമില്ല'. അച്ചൻ സന്ദർശനോദ്ദേശം സൂചിപ്പിച്ചു.

'കുഴപ്പമില്ലച്ചോ. ഇന്നെനിക്കു പണിയൊന്നുമില്ല. നമുക്കു സംസാരിക്കാം. പക്ഷെ അതിനു മുമ്പ് കാപ്പി കുടിക്കണം. എല്ലാം ഉടനെ തയ്യാറാകും' ദാസു പറഞ്ഞു.

മിനിട്ടുകൾക്കുള്ളിൽ കാപ്പി വന്നെത്തി. പിന്നാലെ പലഹാരങ്ങളുമെത്തി. കാപ്പികുടിക്കുന്നതിനിടയിൽ അവർ സംസാരിച്ചു.

ഒരു മാസം മുമ്പ്, 1968 ഡിസംബറിൽ, ആകാശവാണിയുടെ തിരുവനന്തപുരം നിലയത്തിൽ നിന്നും, ക്രിസ്തുമസ് ദിവസത്തിൽ ആബേലച്ചൻ സംവിധാനം ചെയ്ത 'ത്യാഗമൂർത്തി' എന്ന സംഗീത ശിൽപം പ്രക്ഷേപണം ചെയ്തിരുന്നു. അതിന്റെ റിക്കാർഡിംഗ് ഘട്ടത്തിൽ, നിലയത്തിലെ നൃത്തകലാവിദഗ്ധനായ തൃശൂർ പി. രാധാകൃഷ്ണനോട്, മദ്രാസിൽ പോയി ഒന്നുരണ്ടു ഗാനങ്ങൾ റിക്കാർഡു ചെയ്തു ഡിസ്കിലാക്കാനുള്ള ആഗ്രഹം അച്ചൻ പ്രകടിപ്പിച്ചു. അതേപ്പറ്റി സംസാരിക്കുമ്പോൾ, കേരളത്തിൽ തന്നെ ഒരു റിക്കാർഡിംഗ് സ്റ്റുഡിയോയും ഡിസ്ക്ക് സ്റ്റാമ്പിംഗ് സ്റ്റുഡിയോയും സ്ഥാപിക്കുന്ന ആശയം രാധാകൃഷ്ണൻ നൽകി. ഏകദേശം അൻപതിനായിരം രൂപയുണ്ടെങ്കിൽ ഒരു തുടക്കമിടാമെന്നും ലാഭകരമായ ഏർപ്പാടായതുകൊണ്ട്, പണമുള്ളവർ സഹകരിക്കുമെന്നും ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു. സംഘാടകവിദഗ്ധനായ ആബേലച്ചനെ പ്രവർത്തനനിരതനാക്കാൻ അതു ധാരാളമായിരുന്നു.

ക്രിസ്തുമസ് പരിപാടി റേഡിയോയിൽ ഉദ്ഘാടനം ചെയ്തത്, എറണാകുളം ആർച്ച് ബിഷപ്പ് ഡോ. ജോസഫ് പാറേക്കാട്ടിൽ ആയിരുന്നു, പിതാവിനോട് ഈ ആശയം ആബേലച്ചൻ പറഞ്ഞു. ക്രിസ്തീയമത



ത്രിമൂർത്തികൾ ഒന്നിച്ചപ്പോൾ ...

ചടങ്ങുകൾക്കുവേണ്ടി ഗാനങ്ങൾ ട്യൂൺ ചെയ്യാൻ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബ് എന്നൊരു പ്രസ്ഥാനം ചെറിയതോതിൽ, ആർച്ചു ബിഷപ്പ് രക്ഷാധികാരിയായി, ആബേലച്ചന്റെ നേതൃത്വത്തിൽ, എറണാകുളത്തെ ബിഷപ്സ് ഹൗസിനടുത്തുതന്നെ ആരംഭിച്ചിരുന്നു. സംഗീതവും യേശുദാസും യുവജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം പഠിച്ചറിഞ്ഞിരുന്ന ആർച്ചു ബിഷപ്പ്, ആബേലച്ചന്റെ 'സ്റ്റുഡിയോ ഐഡിയാ'യ്ക്ക് അനുഗ്രഹവും അനുമതിയും നല്കി.

അത്രയും കാര്യങ്ങൾ ആബേലച്ചൻ ആമുഖമായി യേശുദാസിനോടു പറഞ്ഞു. അച്ചന്റെ സംസാരം കേട്ടിരിക്കുന്തോറും ഗായകന് ഉത്സാഹം വർദ്ധിച്ചു. എത്രയോ നാളുകളായി താനും മനസ്സിൽ കൊണ്ടുനടക്കുന്ന ആശയം. സംഘടനാതലത്തിൽ തനിക്കു വലിയ സാമർത്ഥ്യമില്ല. സമയവും കുറവാണ്. അതുകൊണ്ട് ആരോടും പറഞ്ഞിരുന്നില്ല. ഇപ്പോഴിതാ സ്വന്തമായി ഒന്നാംകിട പ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്തിട്ടുള്ള ആബേലച്ചൻതന്നെ ഇങ്ങോട്ടു പറയുന്നു, തനിക്കിഷ്ടപ്പെട്ട കാര്യത്തിൽ തന്നെയും സഹകരിപ്പിക്കാ

മെന്ന്, ദൈവത്തിന്റെ നിഗൂഢമാർഗ്ഗം തന്നെ ഇതും.

യേശുദാസ് സംസാരിച്ചു തുടങ്ങി. മനസ്സിൽ അടക്കിവച്ചിരുന്നതെല്ലാം അണപൊട്ടിയൊഴുകി. കൊച്ചിയിൽ റിക്കാർഡിംഗ് സ്റ്റുഡിയോ ഉണ്ടാക്കണം, ഫിലിം സ്റ്റുഡിയോയും വേണം. പക്ഷെ അതിനുമുമ്പ്, അടിസ്ഥാനപരമായി ചിലതൊക്കെ ചെയ്യാനുണ്ട്. റിക്കാർഡിംഗ് സ്റ്റുഡിയോയിൽ ആവശ്യം വേണ്ടത് ഉപകരണസംഗീതജ്ഞരാണ്. മദ്രാസിൽ അതു ധാരാളമാണ്. കൊച്ചിയിൽ വളരെ കുറവും. അതുകൊണ്ട് ആദ്യം യുവജനങ്ങളെ ഉപകരണങ്ങൾ പരിശീലിപ്പിക്കാൻ ഒരു സ്ഥാപനം വേണം. എമിലും റെക്സുമൊക്കെ അതിൽ സഹകരിക്കും. ക്രിസ്ത്യൻ ആർട്ട്സ്



നൂതന ആശയങ്ങൾ ചർച്ചകളിലൂടെ...

ക്ലബ്ബ് കൊള്ളാം. പക്ഷേ പേരുമാറ്റണം. ജാതിമതവ്യത്യാസങ്ങൾക്കതീതമായ ഒരു പൊതുസ്ഥാപനമാവണം. പേരും അതിനു യോജിച്ചതായിരിക്കണം. രാഷ്ട്രീയം ഒട്ടും പാടില്ല. കലയിലൂടെ, യുവജനങ്ങളിലെ അധമവാസനകൾ മാറ്റിയെടുക്കാൻ ഈ സ്ഥാപനം ഉപകരിക്കണം ...... യേശുദാസ്, ജീവിതത്തിൽ മുമ്പെങ്ങും കാട്ടിയിട്ടില്ലാത്ത വാഗ്വിലാസത്തോടെ സംസാരിച്ചു.

ഉച്ചകഴിഞ്ഞു രണ്ടു മണിവരെ അവർ ചർച്ചകളിൽ മുഴുകിയിരുന്നു. അതിനിടയിൽ ഊണുകഴിച്ചു. കൂടുതൽ ചിന്തിച്ചശേഷം പുതിയ ആശയങ്ങളുമായി വീണ്ടും കാണാമെന്ന ഉറപ്പിൽ ആബേലച്ചൻ വൈകുന്നേരത്തെ ട്രെയിനിൽ എറണാകുളത്തേക്കു മടങ്ങി.

എറണാകുളത്തു വരുമ്പോഴെല്ലാം ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബ് സന്ദർശിക്കുക യേശുദാസ് അതുമുതലൊരു പതിവാക്കി. ബ്രോഡ്‌വേയിൽ മാർളൂയിസ് മെമ്മോറിയൽ പ്രസ്സിന്റെ മുകളിൽ, ഒരു ചെറിയ മുറിയും മേശയും കസേരയും, ഒരു ഹാർമ്മോണിയപ്പെട്ടിയുമാണ് ക്ലബ്ബിനുള്ളത്. കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനിയുടെ പൈതൃക വാത്സല്യമാണ് കലാഭവൻ ശിശുവിന്റെ ഭവനം മോടിപിടിപ്പിക്കുന്നതിനു പിന്നിൽ ഉണ്ടായിരുന്നത്. വളരെ വിനീതമായ ചുറ്റുപാടുകൾ. യേശുദാസിനോടൊപ്പം അദ്ദേഹത്തിന്റെ പാട്ടുകളിൽ ആകൃഷ്ടനായി ആത്മാർത്ഥ സുഹൃത്തായിത്തീർന്ന, ശ്രീ. ജോസഫ് കാരിക്കശ്ശേരിയും വന്നുകൊണ്ടിരുന്നു. കുഞ്ഞപ്പൻ ചേട്ടൻ എന്നു വിളിക്കുന്ന ആ 'ജ്യേഷ്ഠസഹോദരൻ' യേശുദാസിനു താല്പര്യമുള്ള ക്ലബ്ബിലും താല്പര്യമെടുത്തു. വൈപ്പിനിലെ ഐലണ്ട് സീ ഫുഡ്സിന്റെ മാനേജിംഗ് ഡയറക്ടറാണദ്ദേഹം.

1968 ജൂൺ ആയപ്പോഴേക്കും, ദാസും അച്ചനും ചേർന്നു മദ്രാസിൽ വച്ചു ചർച്ച ചെയ്ത ആശയങ്ങൾ കൂടുതൽ വ്യക്തമായ രൂപം കൈക്കൊണ്ടു. ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബെന്നപേരിനു 'കലാസദൻ', 'കലാഭവൻ' എന്നിങ്ങനെ രണ്ടു പേരുകൾ നിർദ്ദേശിക്കപ്പെട്ടു. ജൂലൈമാസത്തോടെ 'കലാഭവൻ' എന്ന പേര് അവസാനമായി സ്വീകരിക്കുകയും, വയലിൻ ക്ലാസ്സുകൾ ഉടൻ തന്നെ ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

'കലാഭവനി'ൽ എറണാകുളത്തെ കലാപ്രേമികളും കലാവാസനയുള്ളവരുമായ യുവജനങ്ങൾ ഓടിക്കൂടി. പുതിയ പ്രസ്ഥാനത്തിന്റെ ഉദ്ഘാടനം കേമമായി നടത്തണമെന്നു തീരുമാനിക്കപ്പെട്ടു. ഉദ്ഘാടകനായി യോഗ്യനായ ഒരാളെ ക്ഷണിക്കാനും തീരുമാനിച്ചു.

ആബേലച്ചനും എമിലും ചേർന്നാണ് അദ്ദേഹത്തെ ക്ഷണിക്കാൻ പോയത്. കേരളാ ഹൈക്കോടതിയിലെ ജസ്റ്റീസ് ശ്രീ. വി.ആർ. കൃഷ്ണയ്യർ! യേശുദാസ് ഗാനങ്ങളെ ഇഷ്ടപ്പെടുന്ന മഹാനായ കലാസ്നേഹി! ഉജ്ജ്വലസാഹിത്യകാരൻ! പ്രസിദ്ധനായ പ്രാസംഗികൻ! യേശുദാസിന്റെ റഷ്യൻ യാത്ര അദ്ദേഹമാണ് ഏർപ്പാടു ചെയ്തത്. തലശ്ശേരിയിലെ പൗരസ്വീകരണവും. രാഷ്ട്രീയനേതാവായും, എം.എൽ.എ. ആയും, മന്ത്രിയായും, പ്രഗത്ഭനായ അഭിഭാഷകനായും, സംസ്ഥാ

നത്തെ സേവിച്ചിട്ടുള്ള അദ്ദേഹം. സോഷ്യലിസത്തിന്റെ വലിയ വക്താവുമാണ്. ജാതിമതകക്ഷി ഭേദങ്ങൾക്കതീതമായ സാമൂഹ്യനീതിക്കുവേണ്ടി വാദിക്കുന്ന, അതു നിർഭയം കോടതിയിലൂടെ നടപ്പാക്കുന്ന ന്യായാധിപൻ!

കലാഭവന്റെ ലക്ഷ്യം അദ്ദേഹത്തിനിഷ്ടപ്പെട്ടു. ഉദ്ഘാടനച്ചടങ്ങു നിർവ്വഹിക്കാനും രക്ഷാധികാരിയാവാനും സമ്മതിച്ചു. ജില്ലാ കളക്ടർ ശ്രീ. കൃഷ്ണകുമാർ അദ്ധ്യക്ഷപദവിയും സ്വീകരിച്ചു. അദ്ദേഹവും കലാഭവന്റെ രക്ഷാധികാരിയാവും. കൂടാതെ ഫാക്ടിന്റെ മാനേജിംഗ് ഡയറക്ടറും കലാപ്രോത്സാഹകനുമായ ശ്രീ. എം.കെ.കെ. നായരും കലാഭവന്റെ രക്ഷാധികാരിയാകാമെന്നു സമ്മതിച്ചതോടെ, പുതിയ പ്രസ്ഥാനത്തിനു വലിയ മേൽവിലാസമായി. അതിനോടകം കർദ്ദിനാൾ പദവിയിലേയ്ക്കുയർത്തപ്പെട്ട ആർച്ചുബിഷപ്പ് ജോസഫ് പാറേക്കാട്ടിൽ മുഖ്യരക്ഷാധികാരിയുമാണ്. പത്രപംക്തികളെല്ലാം കലാഭവന്റെ സംസ്ഥാപനത്തെയും ലക്ഷ്യങ്ങളെയും പ്രശംസിച്ചെഴുതി.

1969 സെപ്തംബർ മൂന്നിന്, ഫൈൻ ആർട്ട്സ് ഹാളിൽ, കളക്ടർ കൃഷ്ണകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ, ഒരു ദീപം കൊളുത്തിക്കൊണ്ട്, ജസ്റ്റീസ് കൃഷ്ണയ്യർ 'കലാഭവൻ' ഉദ്ഘാടനം ചെയ്തു. യേശുദാസ് ജീവിതത്തിലാദ്യത്തെ പ്രസംഗം അന്നു ചെയ്തു. കലാഭവന്റെ ഡയറക്ടർ ജനറലെന്ന നിലയിൽ ചെയ്ത സ്വാഗതപ്രസംഗം! അതൊരു പുതിയ അനുഭവമായി. അന്നുവരെ വെറും പാട്ടുകാരനായിരുന്നു. ഇതോടെ, കലാസംഘടനാരംഗത്ത് നേതൃത്വം കൈവരാനുള്ള തുടക്കമായി.

കലാഭവന്റെ ഗാനമേളയുമുണ്ടായി. യേശുദാസ് അവരോടൊത്തു അവസാനഗാനം പാടി. 'നാദബ്രഹ്മത്തിൻ സാഗരം' എന്ന ഗാനം.

കലാഭവൻ പെട്ടെന്നാണു വളർന്നത്. വിവിധ സംഗീതോപകരണങ്ങളിൽ ക്ലാസ്സുകളാരംഭിച്ചു. നൂറു കണക്കിനു കുട്ടികൾ അവയിൽ വിദ്യാർത്ഥികളായി. ഭക്തിഗാനങ്ങളുടെ രചനയും സംവിധാനവും റിക്കാർഡിംഗും നടന്നുകൊണ്ടിരുന്നു. നാലു ഗാനങ്ങൾ, യേശുദാസും ജോളിയും ചേർന്നു പാടി, ഡിസ്ക്കിലാക്കി. അവ കേരളത്തിലെങ്ങും അലയടിച്ചു.

1970 ജനുവരി 22ന്, ഫൈൻ ആർട്ട്സ് ഹാളിൽ, കലാഭവന്റെ ആദ്യത്തെ 'മ്യൂസിക്കേൽ' പരിപാടി നടന്നു. ഡസൻ കണക്കിനു സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ, യേശുദാസും, ദക്ഷിണേന്ത്യ



കലാഭവൻ സ്റ്റുഡിയോസിന്റെ പ്രഥമ വാർഷിക യോഗം

marggam DIGITAL PUBLISHING

www.marggam.org



യിലെ പ്രമുഖഗായികയായ എസ്. ജാനകിയും പാടിയ ആ പരിപാടി ശ്രീ. എം.കെ.കെ.നായർ ഉദ്ഘാടനം ചെയ്തു. ആയിരക്കണക്കിനാളുകളാണ് അതിൽ സംബന്ധിച്ചത്. കലാഭവന്റെ വളർച്ചയിൽ അതൊരു സുപ്രധാന നാഴികക്കല്ലായി.

ബൈബിൾ സംഗീതമേള എന്ന പേരിൽ, ആബേലച്ചൻ രചിച്ച ബൈബിൾ ഗാനങ്ങൾക്കു ശ്രീ. കെ.കെ. ആന്റണി സംഗീതം നൽകിയ ഒരു കലാശില്പം ആ വർഷത്തെ ക്രിസ്തുമസിനോടനുബന്ധിച്ചു കലാഭവൻ തയ്യാറാക്കി. വൈപ്പിൻ ബൈബിൾ സംഗീതമേളയുടെ അരങ്ങേറ്റം യേശുദാസ് ഉദ്ഘാടനം ചെയ്യുകയും കലാഭവൻ ഗായകരോടൊത്തു പാടുകയും ചെയ്തു. എറണാകുളത്ത് ഈ സംഗീതമേള ഉദ്ഘാടനം ചെയ്തതു കാർഡിനൽ പാറേക്കാട്ടിൽ ആയിരുന്നു.

അഖില കേരളാടിസ്ഥാനത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കുംവേണ്ടി ലളിത-ശാസ്ത്രീയസംഗീതങ്ങളിൽ ഒരു വാർഷികമത്സരം നടത്തണമെന്ന ദാസിന്റെ നിർദ്ദേശം കലാഭവൻ സ്വീകരിച്ചു. 1970 സെപ്തംബറിലാണ് ആദ്യത്തെ മത്സരം നടത്തിയത്. യേശുദാസ് സംഗീതമത്സരത്തിനു നേതൃത്വം നൽകുന്നെന്നറിഞ്ഞു കേരളത്തിന്റെ നാനാഭാഗങ്ങളിലും നിന്നു നൂറുകണക്കിനു ഗായകർ എറണാകുളത്തെത്തി. രണ്ടുദിവസം ദീർഘിച്ച മത്സരത്തിൽ യേശുദാസ് മുഖ്യജഡ്ജിയായിരുന്നു. സമ്മാനാർഹരെ നിശ്ചയിച്ചു. തന്റെ ഗാനങ്ങൾ തന്റെ ആരാധകരായ കുട്ടികൾ ഈണം തെറ്റിച്ചും വികലമായ ശബ്ദത്തിലും പല ഭാവവ്യത്യാസങ്ങളോടെയും പാടുന്നതു കേട്ടിരിക്കുക രസകരമായ അനുഭവമായിരുന്നിരിക്കണം, ശാസ്ത്രീയസംഗീതത്തിന്റെ സീനിയർ വിഭാഗത്തിൽ ഒന്നാംസമ്മാനമായി തന്റെ പിതാവിന്റെ സ്മരണയ്ക്ക് 'അഗസ്റ്റിൻ ജോസഫ് മെമ്മോറിയൽ പ്രൈസ്' നൽകുന്നതാണെന്നും യേശുദാസ് പ്രഖ്യാപിച്ചു.

കലാഭവന്റെ മ്യൂസിക്കേൽ പരിപാടി വീണ്ടും 1971 ജനുവരി 23നു നടന്നപ്പോഴാണ് ഇവർക്കുള്ള സമ്മാനദാനം നടന്നത്. മുൻ രാജ്യരക്ഷാവകുപ്പുമന്ത്രിയും ലോകത്തിൽ ഏറ്റവുമധികം അറിയപ്പെടുന്ന മലയാളിയുമായ ശ്രീ. വി.കെ. കൃഷ്ണമേനോൻ മുഖ്യാതിഥിയായി സമ്മാനദാനം നിർവ്വഹിച്ചു. കേരളം കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വർണ്ണശബളമായ ഗാനപരിപാടിയിൽ യേശുദാസും സഹഗായകരായ ജയചന്ദ്രനും ജാനകിയും വസന്തയും ചേർന്ന് അൻപതു ഗാനങ്ങളുടെ ഒരുപഹാരം പതിനായിരത്തിലധികം വരുന്ന ശ്രോതാക്കൾക്കു നൽകി. കേരളത്തിലെങ്ങും നിന്ന് തങ്ങളുടെ ഇഷ്ട ഗായകരെ കേൾക്കാൻ ആരാധകരെത്തി. കലാഭവന്റെ പ്രശസ്തി കേരളത്തിന്റെ എല്ലാ മുക്കിലും മൂലയിലുമെത്തിച്ച ഒരു സംഭവമായിരുന്നു മ്യൂസിക്കേൽ-71.

കലാഭവന്റെ നേതൃത്വം, കലാകേരളത്തിന്റെ തന്നെ നേതൃത്വം യേശുദാസിലെത്തിക്കാൻ കാലതാമസമുണ്ടായില്ല.



'കുഞ്ഞിക്കൈകൾ' സ്വിച്ച്-ഓൺ കർമ്മം

1969 സെപ്തംബറിൽ മാത്രം ഉദ്ഘാടനം ചെയ്യപ്പെട്ട ഈ പ്രസ്ഥാനത്തെ, വെറും ഒന്നരവർഷം കൊണ്ട്, അഖിലേന്ത്യാ തലത്തിൽ പ്രശസ്തമാക്കിയെടുത്ത യേശുദാസിന്റെ പ്രതിഭാവിലാസം കേരളത്തിലെ മറ്റു സംഘടിതകലാപ്രസ്ഥാനങ്ങൾക്കും ഒരു പുതുജീവൻ നൽകാൻ ഉപയോഗപ്പെടുത്തണമെന്ന് കേരളഗവൺമെന്റിന്റെ ഉന്നതതലങ്ങളിൽ ആലോചനയുണ്ടായി.

കലാഭവനിൽ ആബേലച്ചനും 'കൊച്ചനുജന്മാരും' പാട്ടുപാടുന്ന 'ചേട്ടന്റെ' ഉന്നതസ്ഥാനലബ്ധിയിൽ അനുമോദനമർപ്പിക്കുവാൻ യോഗം ചേർന്നു. ആ യോഗത്തിൽവച്ച്, നിർദ്ധനവിദ്യാർത്ഥികൾക്കുവേണ്ടി, കലോത്സവങ്ങളിലൂടെ ധനം ശേഖരിക്കാനുള്ള 'യേശുദാസ് പദ്ധതി' അക്കാദമി ചെയർമാൻ പ്രഖ്യാപിച്ചു. കലാഭവന്റെ ബാലചിത്രമായ 'ഇരുട്ടും വെളിച്ചവും' ആ ദിവസങ്ങളിൽതന്നെ നിർമ്മാണത്തിലേക്കു പ്രവേശിച്ചു.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സർഗ്ഗ ചൈതന്യത്തിന്റെ സാന്നിദ്ധ്യം – കവിഹൃദയത്തിലൂടെ...

പ്രൊഫ. എം. ലീലാവതി



"കരയുന്ന ദൈവത്തെക്കണ്ടോ

പാരിലലയുന്ന ദൈവത്തെക്കണ്ടോ"

ഇതിലെ ദൈവം മാനവരിൽ ആർക്കെങ്കിലുമന്യനാവുമോ ?

ദൈവത്തിന്റെ ചിന്മയരൂപം കാരുണ്യമുള്ള മർത്ത്യനിൽ കണ്ടെത്തുകയാണു ഫാ. ആബേൽ തന്റെ കവിതകളിലൂടെ. കരുണാപൂരിത ഹൃദന്തമുള്ള മർത്ത്യനെ ദൈവമാക്കുന്ന കവിവചസ്സുകൾ ഈ ഭൂമുഖത്ത് ഏതു മതത്തിൽ വിശ്വസിക്കുന്നവർക്കാണ് അന്യം നിന്നു പോവുന്നു എന്നതോന്നലുളവാക്കുക.

"ഒരു വറ്റുചോറിന്നു കൈനീട്ടിനില്ക്കുന്ന

വിവശനാം ദൈവത്തെക്കണ്ടോ ? "

എന്ന വചനത്തിലെ ഈശ്വരൻ ആരാണ് ? വിശപ്പടക്കാനില്ലാത്ത നിസ്വനിൽ ഈശ്വരനെകണ്ട് അവനെ പൂജിക്കാൻ, ഈശ്വരനുള്ള നൈവേദ്യം അവനർപ്പിക്കാൻ പ്രേരിപ്പിക്കുന്ന കവി, ഹൃദയമുള്ള മാനവരോടെല്ലാമാണു സംവദിക്കുന്നത്. ഒരു സീമിത സമൂഹത്തോടല്ല; ഇത് ദരിദ്രർക്ക് സ്വർഗ്ഗരാജ്യമുണ്ടെന്ന വാഗ്ദാനം കൊണ്ട് അവനെ എന്നും ദരിദ്രനാക്കി നിർത്തി പൂജിക്കാനുള്ള വ്യഗ്രതയുമല്ല. ദാരിദ്ര്യനിർമ്മാർജ്ജനം ഈശ്വരസേവയാണ് എന്ന ഉദ്ബോധനവും ആഹ്വാനവും കൂടിയാണ്.

"സ്നേഹത്തിൻ കതിരുകൾ വീശി

സുകൃതത്തിൻ തിരകളുണർത്തി

പരിശുദ്ധാത്മാവേ നിത്യം നിറയണമെന്നിൽ"

മുകളിൽ ഉദ്ധരിച്ച ഗീതത്തിൽ നിന്നു വ്യത്യസ്തമായ മറ്റൊരുതരം താളലയഘടന. ആ ഗാനത്തിലെ മറ്റു ഖണ്ഡങ്ങൾ:

"വിശ്വാസക്കൊടികളുയർത്തി

വിജ്ഞാനക്കതിരുപരത്തി

പരിശുദ്ധാത്മാവേ നിത്യം നിറയണമെന്നിൽ

വചനത്തിൻ മാധുരിനുകരാൻ

സഹനത്തിൻ മറു പൊരുളറിയാൻ

പരിശുദ്ധാത്മാവേ ..."

ഓരോ ഗാനവും ശ്രദ്ധിച്ചാലറിയാം അതിനൊപ്പം പാദനം ചെയ്യുന്ന തന്ത്രി വാദ്യങ്ങളും സുഷിര വാദ്യങ്ങളും പ്രയോഗിക്കുന്നതിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾകൂടി പ്രവർത്തിച്ചിട്ടുണ്ട് എന്ന്. ഗാനസാഹിത്യ രഹസ്യങ്ങളോടൊപ്പം

ഗാനാലാപന കലാരഹസ്യങ്ങളും അറിയുന്ന സർഗ്ഗചൈതന്യത്തിന്റെ സാന്നിധ്യം ഈ ഗാനത്തിലുണ്ട്. ലോകത്തിൽ ഇന്നേവരെ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥങ്ങളിൽ വച്ച് ഏറ്റവുമധികം വിറ്റഴിഞ്ഞിട്ടുള്ളതു ബൈബിൾ ആണ്. ബൈബിളിലെ അർത്ഥവാദകഥകൾ മതനിഷേധികൾക്കും, നിരീശ്വരന്മാർക്കും, യുക്തിവാദികൾക്കും ആസ്വാദ്യമാകുന്നത് അവയുടെ സാഹിത്യഭംഗികൊണ്ടാണ്.

നാദ ബ്രഹ്മോപാസനയിൽ ഗായകർക്കെന്നപോലെ നിഷ്ഠയുള്ള ഗാനരചയിതാവുണ്ടെങ്കിൽ മാത്രമേ ഗായകരുടെ ഉദ്യമവും വൈദഗ്ദ്ധ്യവും സഫലമാകൂ. 'കലാഭവൻ' എന്ന സ്ഥാപനത്തിലെ ഗായകസംഘത്തെ വളർത്തിയെടുക്കുകയും അവർക്ക് നേതൃത്വം നല്കുകയും ചെയ്ത ഫാ. ആബേൽ സംഗീതോപാസനയിലൂടെ ഭൂമിയുടെ ഒരു തുണ്ടിൽ നമ്മുടെ ഈ കൊച്ചു കേരളത്തിൽ ദൈവരാജ്യം സാക്ഷാത്കരിക്കാനാണ് ഉദ്യമിച്ചുപോരുന്നത്.

രവീന്ദ്രനാഥ ടാഗോർ "സ്വാതന്ത്ര്യ സ്വർഗ്ഗത്തിലേയ്ക്ക് എന്റെനാടുണരേണമേ" എന്നു പ്രാർത്ഥിക്കുന്ന ഗീതാഞ്ജലി ഗീതത്തിൽ (Where the mind is without fear... into that heaven of freedom my father let my country awake) മതിൽ കെട്ടിപ്പൊക്കി മനുഷ്യ സമൂഹത്തെ ശിഥിലീകരിക്കുന്ന സങ്കുചിത വീക്ഷണങ്ങൾ ഇല്ലാത്ത അവസ്ഥയെ വിഭാവനം ചെയ്യുന്നുണ്ട്. (Where the world has not been broken up into fragments by narrow domestic walls). വിഭാജകങ്ങളായ കന്മതിൽക്കെട്ടുകളില്ലാത്ത ഒരു സ്വാതന്ത്ര്യസ്വർഗ്ഗത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാനാണു റവ. ഫാ. ആബേൽ ഗാനരചനയുടേയും കലാഭവൻ പ്രവർത്തനത്തിന്റേയും തപസ്യ ഏറ്റെടുത്തിരിക്കുന്നത്.

ആനന്ദലബ്ധിക്കുള്ള ഉപായമായി ശബ്ദങ്ങളെ ഉപയോഗിക്കുമ്പോൾ ഉള്ള ആനന്ദ നിർവൃതിയെക്കുറിച്ചു ടാഗോർ പറയുന്നു.

"At the immortal touch of thy hands
My little heart loses its limits in joy
And gives birth to utterance ineffable"

(ഗീതാഞ്ജലി)

ഫാ. ആബേലും സമാനമായ വിനീതിയും ആനന്ദവും അനുഭവപ്പെട്ടിട്ടുണ്ടെന്ന് അവ ഹൃദയ തന്ത്രികളെ സ്പർശിച്ചുണർത്തുമ്പോൾ പറയാതെ പറയുന്നു. ഇവയുടെ അനുവാചകർക്കും ശ്രോതാക്കൾക്കും ലഭിക്കുന്ന അനർഘനിമിഷങ്ങളുടെ സമ്പന്നതയും അതേ വിനീതിയും ആനന്ദവും തന്നെ കവി ഈശ്വരന്റെ മുന്നിൽ ദിവ്യകരങ്ങളുടെ അമര സ്പർശത്തിൽനിന്നുണ്ടായ തന്റെ ആനന്ദവും നിർവൃതിയും പൂജാപുഷ്പമായർപ്പിച്ചു വിനീതനാവുന്നതുപോലെ കവിസൃഷ്ടങ്ങളായ സൽകൃതികളുടെ ദിവ്യകരസ്പർശത്തിൽ നിന്നുളവാകുന്ന ആനന്ദവും നിർവൃതിയും കവിക്കുള്ള പൂജാപുഷ്പമായർപ്പിച്ചു വിനീതനാകുന്നു. ക്ലേശകരമായ ചില അനുഭവങ്ങളിൽ കൂടി കടന്നുപോകേണ്ടി വന്നിരിക്കുന്ന ഒരു ജീവിത സന്ദർഭത്തിൽ എത്തിപ്പെട്ടിരിക്കുന്ന എനിക്ക് ഈ ഗാനങ്ങൾ നല്കിയ ആശ്വാസത്തെ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

marggam DIGITAL PUBLISHING
www.marggam.org

# 80-ാം പിറന്നാൾ ആഘോഷിക്കുന്ന കലാഭവന്റെ കപ്പിത്താൻ

കെ. എ. അലിഅക്ബർ



കേരളത്തിലെ ഏറ്റവും വലിയ കലാക്ഷേത്രങ്ങളിൽ ഒന്നായി വളർന്നു കഴിഞ്ഞിട്ടുള്ള കലാഭവന്റെ ജീവനാഡിയും, ജീവാത്മാവും, പരമാത്മാവുമാണ് അഭിവന്ദ്യ വൈദികനായ ഡോക്ടർ ആബേലച്ചൻ.

2000 ജനുവരി 19ന് 80-ാം പിറന്നാൾ ആഘോഷിക്കുന്ന ആബേലച്ചന്റെ അക്ഷീണമായ പ്രവർത്തനത്തിന്റെ ഫലമായി കെട്ടിപ്പടുത്ത കലാഭവൻ അന്തർദ്ദേശീയ പ്രശസ്തി നേടിയ ഒരു പ്രസ്ഥാനമായി ഇന്ന് മാറിക്കഴിഞ്ഞിരിക്കയാണ്. ജനപ്രിയ-ദൃശ്യകലാരൂപങ്ങളായ ഗാനമേള, മിമിക്സ് പരേഡ്, ഡാൻസ്, നാടകം, സിനിമ തുടങ്ങിയ എല്ലാ കലാരംഗങ്ങളിലും തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കലാഭവനു കഴിഞ്ഞിട്ടുണ്ട്.

കല സാമൂഹ്യ പുരോഗതിക്കു വേണ്ടിയായിരിക്കണം. കലയ്ക്കു മാത്രമായി ഒരു ചരിത്രമില്ല. കലയ്ക്കു മാത്രമായി സഞ്ചരിക്കാവുന്ന വഴികളുമില്ല. ജീവിതയാത്രയിലെ ഒരു ഭാഗം മാത്രമാണു കലയും, സംസ്കാരവും. ശ്രുതിഭംഗവും, അപസ്വരങ്ങളും കൊണ്ട് കലുഷിതമായിക്കൊണ്ടിരിക്കുന്ന നമ്മുടെ വർത്തമാനകാലജീവിതത്തെ ശ്രുതിലയമാധുരിയാൽ തട്ടിയുണർത്തി മനുഷ്യന്റെ കൂട്ടായ്മയെ അരക്കിട്ടുറപ്പിക്കുവാൻ നമ്മുടെ കലാകേന്ദ്രങ്ങൾക്കു വേണ്ടതുപോലെ കഴിയുന്നില്ല. ജാതി-മത-ഭാഷാഭേദങ്ങൾക്കപ്പുറത്ത് മാനവീകതയെ പുണരാൻ കഴിയുന്ന വൈവിദ്ധ്യമാർന്ന സംഗീത ആലാപനങ്ങളുടെ ഘോഷയാത്രയായി ഒഴുകിയെത്തുന്ന ഹൃദയഹാരിയായ ഗാനങ്ങളിലൂടെ നമുക്കു ലഭിക്കുന്ന സംതൃപ്തിയും, സന്തോഷവും പുറത്തറിയിക്കാൻ കഴിയാത്തതാണ്.

1977-ൽ കലൂരിൽ പ്രവർത്തനം ആരംഭിച്ച റെഡ്സ്റ്റാർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബിന്റെ പ്രസിഡണ്ടെന്ന നിലയിൽ ക്ലബ്ബിന്റെ വാർഷികാഘോഷങ്ങളിൽ അവതരിപ്പിക്കാറുള്ള നാടകങ്ങൾ ഞാനെഴുതിയിരുന്നത് അച്ചന്റെ പ്രോത്സാഹനം കൊണ്ടു കൂടിയാണ്. മിശ്രവിവാഹിതനായ എന്റെ കുടുംബവിശേഷങ്ങൾ ഒരു കാരണവരെപ്പോലെ മനസ്സിലാക്കുന്നതിന് അച്ചന് അതീവ താല്പര്യമായിരുന്നു. എന്റെ മകൾ ആശാ അക്ബർ കേരളാ പ്രസ്സ് അക്കാദമിയിൽ നിന്നും ജേർണ്ണലിസം പാസ്സായി എന്നറിഞ്ഞപ്പോൾ മകളെ കലാഭവനിൽ വിളിച്ചുവരുത്തി അഭിനന്ദിക്കുകയും, അവൾക്ക് വിലപിടിപ്പുള്ള ഒരു പേന സമ്മാനിക്കുകയും ചെയ്തു.

മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കുകയെന്ന സരളവും, സാഹസികവുമായ കർത്തവ്യമാണ് മനുഷ്യസ്നേഹികളായ കലാകാരന്മാർക്കും, സംഘടനകൾക്കും ഏറ്റെടുക്കേണ്ടി വരുന്നത്. എന്തുകൊണ്ടെന്നാൽ സ്നേഹത്തിന്റേയും, സൗന്ദര്യത്തിന്റേയും പൂക്കളങ്ങളെല്ലാം ഇന്ന് പോർക്കളങ്ങളായി മാറിക്കൊണ്ടിരിക്കയാണ്.

കേരളത്തിലെ അറിയപ്പെടുന്ന ഒട്ടേറെ കലാപ്രതിഭകൾക്കു ജന്മം നല്കിയ അഭിവന്ദ്യ വൈദികൻ ഡോക്ടർ ആബേലച്ചൻ നേതൃത്വം കൊടുക്കുന്ന കലാഭവന്റെ മാനേജിങ്ങ് കമ്മറ്റി അംഗമെന്ന നിലയിൽ എളിയ പ്രവർത്തനം നടത്തുന്നതിന് അവസരം ഉണ്ടായതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്.

യുവത്വത്തിന്റെ ചുറുചുറുക്കോടും, ഊർജ്ജസ്വലതയോടും കൂടി ഈ 80-ാം വയസ്സിലും കലാഭവന്റെ കലാകാരന്മാരോടൊന്നിച്ച് വിദേശരാജ്യങ്ങളിൽ പോയി കലയുടെ വിളനിലമായ കലാഭവന്റെ വളർച്ചയ്ക്കു വേണ്ടി അക്ഷീണം പ്രവർത്തിക്കുന്ന കലാഭവൻ എന്ന കപ്പലിലെ കപ്പിത്താനായ നമ്മുടെ പ്രിയങ്കരനായ ആബേലച്ചന് ഈ സഹസ്രാബ്ദത്തിന്റെ ആയിരമായിരം പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കലാസ്നേഹിയായ താപസശ്രേഷ്ഠൻ



ജോർജ് കള്ളിവയലിൽ
(റസിഡന്റ് എഡിറ്റർ, ദീപിക; കൊച്ചി)

ആബേലച്ചൻ, മുഖവുര വേണ്ടാത്ത പേര്, കേരളത്തിലും പുറത്തും ആബേലച്ചനെ പരിചയപ്പെടുത്തേണ്ടിവരില്ല. ആബേലച്ചൻ സ്ഥാപിച്ച 'കലാഭവനെ' യും. അതുതന്നെയാണ് ആബേലച്ചന്റെ വലിപ്പം.

നാടിനേയും നാട്ടാരെയും അതിലേറെ കലയേയും സ്നേഹിച്ച നാടിന്റെ അഭിമാനം. പ്രകാശഗോപുരം പോലെ തിളങ്ങി നില്ക്കുമ്പോഴും വിനയത്തിന്റെ ശക്തി മനസ്സിലാക്കിയ താപസശ്രേഷ്ഠൻ കൂടിയാണ് അദ്ദേഹം.

പേരും പെരുമയും അംഗീകാരവും ബഹുമാനവുമെല്ലാം തേടിയെത്തുമ്പോഴും വിനയവും കലയോടും കലാകാരനോടുമുള്ള സ്നേഹവും ആബേലച്ചൻ കാത്തുസൂക്ഷിക്കുന്നു. "ഒരു കരിക്കട്ടയെ തിളങ്ങുന്ന വൈരക്കല്ലാക്കിമാറ്റിയതുപോലെ എന്നെയും മാറ്റുകയായിരുന്നു. നല്ലവനായ ദൈവത്തിന്റെ വരദാനങ്ങളെ മണ്ണിനടിയിൽ കുഴിച്ചുമൂടാതെ അനേകം മടങ്ങു ഫലം പുറപ്പെടുവിക്കുന്നതാക്കിയതിനും കർദ്ദിനാൾ പാറേക്കാട്ടിലിനോടു നന്ദിയുണ്ട്". ആബേലച്ചന്റെ ഈ വാക്കുകൾക്കു കൂടുതൽ വിശദീകരണം ആവശ്യമില്ല.

'കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്' എന്ന സന്യാസസഭയിലെ ഫാ. ആബേൽ സി.എം.ഐ. ഇന്നു സഭയോടൊപ്പം തന്നെ വളർന്നു വലുതായിക്കഴിഞ്ഞു. എറണാകുളം ജില്ലയിലെ മുളക്കുളം ഗ്രാമത്തിൽ മാത്തൻ വൈദ്യന്റെ അഞ്ചാമത്തെ മകൻ മാത്യുവാണ് വളർന്നു പന്തലിച്ച് ആബേലച്ചൻ എന്ന മഹാവൃക്ഷമായി മാറിയത്. സന്യാസസഭയുടെ ചിട്ടകളിൽ വളർന്ന് ളോഹയണിഞ്ഞു വൈദികനായപ്പോഴും ആബേലച്ചൻ തന്റെ കലയുടെ വഴികൾ തേടുകയായിരുന്നു.

മലയാളത്തിലെ ആദ്യദിനപത്രമായ 'ദീപിക' യിലാണു ഫാ. ആബേൽ ആദ്യം ജോലിയാരംഭിച്ചതെന്നത് എന്നെപ്പോലുള്ള പിൻ തലമുറക്കാർക്കു വലിയ ആവേശവും പ്രചോദനവുമാണ്. ദീപികയിൽ ആറു മാസം ജോലിയെടുത്തപ്പോഴേയ്ക്കും ഉന്നത വിദ്യാഭ്യാസത്തിനായി അച്ചനെ യൂറോപ്പിലേയ്ക്കയച്ചു. റോമിലെ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നു രാഷ്ട്രമീമാംസയിൽ ഡോക്ടറേറ്റും ജേർണ്ണലിസത്തിൽ ഡിപ്ലോമയുമെടുത്ത് 1957–ൽ നാട്ടിൽ തിരിച്ചെത്തുമ്പോഴേയ്ക്കും ദൈവം അച്ചനെ രൂപപ്പെടുത്തുകയായിരുന്നു. ദീപികപ്പത്രത്തിലെ ബാലപംക്തി കൈകാര്യം ചെയ്യാനായിരുന്നു റോമിൽ നിന്നു മടങ്ങിയെത്തിയശേഷമുള്ള ആദ്യ നിയോഗം. കുട്ടികളെ കണ്ടെത്താനും അവർക്കു ശരിയായ മാർഗ്ഗനിർദ്ദേശം നൽകാനും ദീപികയിലെ സേവനം തുണയായി. ബാലപംക്തി സജീവമായതോടെ ആബേലച്ചനും ഉണർവായി.

'ദീപിക ബാലസഖ്യം' (ഡി.സി.എൽ.) എന്ന മഹത്പ്രസ്ഥാനത്തിന് തുടക്കം കുറിക്കാൻ അച്ചനു കഴിഞ്ഞത് ഈ ഉന്മേഷമാണ്. ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി പ്രസ്ഥാനമായി ഇന്ന് വളർന്ന ദീപിക ബാലസഖ്യത്തിനു മൂന്ന് ലക്ഷത്തിലേറെ അംഗങ്ങളുമായി. ജാതി–മത–വർണ–വർഗ–ദേശ ഭേദമില്ലാതെ എല്ലാവരെയും ഒരുമിപ്പിച്ചു 'നാം ഒരു കുടുംബം' എന്ന മുദ്രാവാക്യവുമായി ദീപിക ബാലസഖ്യം പടർന്നുപന്തലിക്കുമ്പോൾ ആബേലച്ചനു തീർച്ചയായും ആഹ്ലാദിക്കാം. ദീപിക ബാലസഖ്യത്തിന്റെ പെട്ടെന്നുള്ള വളർച്ച ഇത്തരത്തിലുള്ള നിരവധി പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനും കാരണമായി.

ഈ കാലഘട്ടത്തിൽ എറണാകുളത്തെ 'സത്യദീപം' ഓഫീസിനോടനുബന്ധിച്ച് ആബേലച്ചൻ തുടങ്ങിയ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബ് മറ്റൊരു വഴിത്തിരിവായിരുന്നു. കെ.ജെ. യേശുദാസ് മുതൽ ദക്ഷിണാമൂർത്തിയും, എം. കെ. അർജ്ജുനനും, എമിൽ ഐസക്കുമെല്ലാം ആബേലച്ചനോടു സഹകരിച്ചു. 1969–ൽ കലാഭവൻ തുടങ്ങാനും വഴിതെളിഞ്ഞുവെന്നതും കേരളത്തിന്റെ നേട്ടമായി.

ആബേലച്ചന്റെയും കലാഭവന്റെയും സംഭാവനകൾ മലയാളനാടിന് ഇനിയും നേട്ടമാകുമെന്നതിൽ സംശയമില്ല. കലാഭവൻ ടാലെന്റ് സ്ക്കൂൾ പുതിയ കാലഘട്ടത്തിലെ കുതിപ്പിന്റെ തുടക്കമാവുകയും ചെയ്യും.

# AN EDUCATIONAL INSTITUTION OF THE NEXT CENTURY

**Michael Payyappilly**



Pride, Prestige, Publicity, Penny and Pleasure are the five P's that motivate any human being in his physical, intellectual, emotional and economic activities. Examples in human history were in testimony. The theory was not mooted. None-the-less, after a comparative analysis of the Management Institutes in India and in the advanced countries, there appeared to be a consensus. Adults with adequate IQ level and analytical minds mainly look for two P's - Placement and Position. The perspective emphasized that the products of popular, expensive and highly sophisticated institutes are motivated by the powerful pulls of the two P's, if not more.

The progeny of such 'Executives', mutatis mutandis, have to be exposed to similar surroundings in education right from the early childhood. There may be a segment of people who believe that the ambition of the parents is high sounding. That is debatable. The prominent argument in favour is probably that the ensuing millennium needs people who can lead thoughts-ideas that lead the nations, corporations, associations, societies and families in an IT controlled century. The question arises 'whether the developing countries are equipped and prepared to meet the challenges.'

A quick glance at the Indian panorama provides vivid pictures. Thousands of affluent and highly placed Indians are settled in advanced countries and their children are naturalized citizens of United Kingdom, United States, Australia, Canada, Germany, Norway and so on. The nature and quality of instruction imparted to young children and teenagers do differ in all such countries. The medium of instruction invariably differs. Teaching aids utilized vary between blackboards to computer discs and magic lanterns to websites. Educationalists in India have found that the main concern of Indian parents who spent their childhood and youth in the motherland is that they do not want their children to grow into adulthood in the foreign culture and atmosphere. The expenses for education abroad is not prohibitive for parents. While Indian parents spend more than Rs. 10,000/- per year per child in a residential school, American parents spend nearly $5,000 per year for a day scholar because residential school facility is not a felt need. The expenses for a licensed and trained baby sitter at home is an additional expense. Extra curricular training in histrionics or such arts may cost a small amount.

In India different centres must be able to plan and organize educational institutions for our non resident Indians. Parents are eagerly looking for such establishments where their children are fully secure, accommodation is reasonably decent, food is nutritious and hygienic, teachers and staff are competent and qualified, atmosphere is not polluted, landscape is alluring, exposure to Indian culture is ensured and the instruction imparted is comparable to international standards. Levy of fees or service charges will never be a handicap for an ideally run institution. The planners are bound to look for a location which is not infested by any element which the children are not familiar with.

Kalabhavan Residential Talent School in Kochi, is a right move towards the venture. The very fact that the owner of the school is Kalabhavan Studios Ltd., is a testimony to the visualization of the organizers. A thickly populated state in the country can never plan a recording studio unless the main criteria are met. Studio, Art Centre and TV Channel have been thrust to the second and the third phases of the projects. The school occupies a primary position in the hilly area with all scenic beauty around. Any visitor to the school will carry sweet memories, high dreams and wish the organizers all success.

# ക്രൈസ്തവ ഭക്തിഗാന ചരിത്രത്തിലെ ഒരു യുഗസ്യഷ്ടാവ്

ടാറ്റാപുരം സുകുമാരൻ

(1975ലെ കലാഭവൻ സ്മരണികയിൽ നിന്ന്)

കലാസപര്യയുടെ ആദ്ധ്യാത്മിക സാധനയും ലയനവും അപൂർവ്വമായേ ഒരു വ്യക്തിയിൽ സമ്മേളിക്കാറുള്ളു. എന്നാൽ കലാഭവന്റെ സ്ഥാപകനും, ഗാനരചയിതാവും, സംഘാടകനും സർവ്വോപരി, അനേകരുടെ ആരാധനാപാത്രവുമായ ഫാ. ആബേലിൽ ഇവ രണ്ടും ഒത്തു ചേർന്നിരിക്കുന്നു. ഒരു ക്രൈസ്തവപുരോഹിതനെന്ന നിലയിലും, കലോപാസകനെന്ന നിലയിലും, അദ്ദേഹം നിർവ്വഹിച്ചു പോരുന്ന സേവനം തികച്ചും അഭിനന്ദനീയമാണ്. "അൾത്താരയിലെ വാനമ്പാടി' എന്ന് പ്രശസ്ത സാഹിത്യനിരൂപകനായ പ്രൊഫ. മാത്യു ഉലകംതറ വിശേഷിപ്പിച്ചിട്ടുള്ള ഫാ. ആബേൽ ക്രൈസ്തവ ഭക്തിഗാനചരിത്രത്തിലെ ഒരു യുഗസ്രഷ്ടാവായി തീർന്നിരിക്കുന്നു.

തന്റെ കഴിവുകളിൽ ഉദ്ധതനല്ലാത്ത ഫാദർ ആബേൽ ആരെയും ആകർഷിക്കത്തക്കവിധം വിനയധനനാണ്. പെരുമാറ്റത്തിൽ സദാ പ്രതിഫലിക്കുന്ന സമഭാവനയും, മാധുര്യവും അദ്ദേഹത്തിന്റെ മുഖമുദ്രയായി നിലകൊള്ളുന്നു. മനഃപ്രസാദം, സൗമ്യത, ഭാവസംശുദ്ധി എന്നീ ത്രിഗുണങ്ങൾ അച്ചന്റെ പ്രത്യേകതകളാണ്. വാസ്തവത്തിൽ ഈ ഗുണങ്ങളാണ് അദ്ദേഹത്തിന്റെ മൂലധനം. അച്ചന്റെ കർമ്മകുശലതയും, സേവനോത്സുകതയും അദ്ദേഹം സ്ഥാപിച്ച "കലാഭവനി'ൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. എത്രതന്നെ ബുദ്ധിമുട്ടുകൾ നേരിട്ടാലും ആത്മവീര്യം നഷ്ടപ്പെടാതെ അവയൊടെല്ലാം മല്ലിട്ടു കർമ്മശക്തി വികസിപ്പിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ടു പോകുന്നു.

## നൂതന പന്ഥാവുകൾ

"ജീവിതം ഉപേക്ഷിക്കുന്നവൻ അതു കണ്ടെത്തുന്നു' എന്ന ബൈബിൾ വാക്യം ഫാ. ആബേലിനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. കേവലം ഇരുപതുവയസ്സുള്ളപ്പോൾ അദ്ദേഹം വൈദികപഠനം ആരംഭിച്ചു. മാന്നാനം, തേവര, കൂനമ്മാവ് എന്നിങ്ങനെ കേരളത്തിലെ വിവിധ വൈദിക കേന്ദ്രങ്ങളിൽ പ്രശസ്തമായ പഠനത്തിനുശേഷം മംഗലാപുരത്തു ചെന്ന് ഉപരിപഠനം നേടി. 1951-ൽ അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. അങ്ങനെ ഭൗതികസുഖജീവിതം ഉപേക്ഷിച്ച ഫാ. ആബേൽ, ജീവിതത്തിലെ നൂതനപന്ഥാവുകൾ കണ്ടെത്തി. പത്രപ്രവർത്തനരംഗത്തേയ്ക്കാണ് അദ്ദേഹം ആദ്യം തിരിഞ്ഞത്. പ്രസ്തുത വർഷത്തിൽ ദീപികയിൽ ചേർന്ന അദ്ദേഹം പത്രപ്രവർത്തനത്തിന്റെ ഉദാത്തഭാവങ്ങൾ കണ്ടെത്തി.

1953-ൽ ഫാ. ആബേൽ റോമിലേയ്ക്കുപോയി. റോമിൽ ഇന്റർനാഷണൽ യുണിവേഴ്സിറ്റിയിൽ നിന്നു പത്രപ്രവർത്തനത്തിലും രാഷ്ട്രമീമാംസയിലും ഡോക്ടറേറ്റു നേടി കേരളത്തിൽ മടങ്ങിയെത്തി.

പത്രപ്രവർത്തനം ഫാ. ആബേലിന് ഏറ്റവും ഇഷ്ടപ്പെട്ട രംഗമായിരുന്നു. 1957-61 കാലത്തു ദീപികയിൽ അസി. മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചിരുന്ന കാലത്താണ്, ഫാ. ആബേൽ തന്റെ സ്വന്തം സിദ്ധികൾ കണ്ടെത്തിയത്. സാഹിത്യത്തോടും കലയോടുമുള്ള അദ്ദേഹത്തിന്റെ താല്പര്യം വർദ്ധിച്ചതും ഇക്കാലത്താണ്. 1961 മുതൽ 65 വരെ ദേവഗിരി കോളേജിൽ അദ്ദേഹം ലക്ചററായി പ്രവർത്തിച്ചു. സാഹിത്യകലാപ്രദർശനങ്ങൾ വികസ്വരമാക്കുവാൻ ഈ അദ്ധ്യാപകവൃത്തി സഹായിച്ചു. അവിടെ ഹോസ്റ്റൽ വാർഡൻ കൂടിയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികളുമായി ഇടപഴകാൻ ലഭിച്ച ആ സന്ദർഭം അദ്ദേഹം ശരിക്കും വിനിയോഗിച്ചു. ഓരോ വിദ്യാർത്ഥിയിലും കലാവാസന മൊട്ടിട്ടുനിൽക്കുന്നത് അദ്ദേഹം കണ്ടു. അവരുടെ വാസന അനുകൂലസാഹചര്യങ്ങളിൽ വികസ്വരമാകുമെന്ന് അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. വിദ്യാർത്ഥിനി വിദ്യാർത്ഥികളിലുള്ള കലാവാസന വളർത്തിയെടുക്കാനുള്ള മാർഗ്ഗത്തെപ്പറ്റി അദ്ദേഹം ചിന്തിക്കുകയും ചെയ്തു.

## സമർത്ഥനായ പരിഭാഷകൻ

ഈ അവസരത്തിലാണ് എറണാകുളം ആർച്ച് ബിഷപ്പ് കർദ്ദിനാൾ പാറേക്കാട്ടിൽ സുറിയാനി ഭാഷയിലുള്ള പ്രാർത്ഥനാപുസ്തകങ്ങൾ മലയാളത്തിലേയ്ക്കു തർജ്ജമ ചെയ്യുന്നതിനു സമർത്ഥനായ ഒരു പരിഭാഷകനെ അന്വേഷിച്ചത്. സുറിയാനി ഭാഷാപണ്ഡിതനായ ഫാദർ ആബേലിലാണ് ആ അന്വേഷണം ചെന്നവസാനിച്ചത്. അങ്ങനെ അദ്ദേഹം 1965-ൽ എറണാകുളത്ത് എത്തിച്ചേർന്നു. ഇരുപതോളം പുസ്തകങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തി.

ആരാധനാപുസ്തകങ്ങളുടെ പരിഭാഷ അദ്ദേഹത്തിന്റെ ചിന്ത മറ്റൊരു രംഗത്തേയ്ക്കു തിരിച്ചു വിട്ടു. അദ്ദേഹം സ്വന്തമായി ഏതാനും ആരാധനാഗാനങ്ങൾ രചിച്ചു. ഈ ഗാനങ്ങളാകട്ടെ വളരെപ്പെട്ടെന്നു ഭക്ത

ജനങ്ങൾക്കിടയിൽ പ്രചരിക്കുക മാത്രമല്ല അവരുടെ ഇഷ്ടഗാനങ്ങളായി മാറുകയും ചെയ്തു. ഫാ. ആബേലിന്റെ ഗാനങ്ങൾ ലളിതങ്ങളായിരുന്നു. "നട്ടുച്ച നേരത്ത് കിണറിന്റെ തീരത്ത്' എന്നിങ്ങനെ തുടങ്ങുന്ന ഗാനങ്ങളിൽ പലതും ഹൃദിസ്ഥമാക്കുവാനും എളുപ്പമായിരുന്നു. ഈ ഭക്തിഗാനങ്ങളാണ് യഥാർത്ഥത്തിൽ കലാഭവനു ജന്മം നൽകിയത്. ഭക്തിഗാനങ്ങൾ ഇമ്പമായി അവതരിപ്പിക്കാൻ ഒരു ഓർക്കസ്ട്രാസംഘമാണ് കലാഭവന്റെ ആദ്യകാല കലാകാരന്മാർ എന്നു പറയാം.

ഫാ. ആബേൽ ഇക്കാലത്തു ഭക്തിഗാനരചനാരംഗത്ത് അത്ഭുതങ്ങൾ തന്നെ പ്രവർത്തിച്ചുവെന്നു പറയാം. ഏതാണ്ട് ആയിരത്തോളം ഭക്തിഗാനങ്ങൾ അദ്ദേഹം എഴുതി. ഇന്നത്തെ പ്രശസ്ത ഗായകനായ യേശുദാസ് അന്ന് കലാഭവനിലെ ഒരു പ്രധാന ഗായകനായിരുന്നു. ഇരുന്നൂറോളം ഗാനങ്ങൾ പിന്നീട് റെക്കോർഡു ചെയ്തു. കെ.കെ. ആന്റണി, അർജ്ജുനൻ, ദക്ഷിണാമൂർത്തി എന്നിവരാണ് ഇവ ട്യൂൺ ചെയ്തത്. കൂടാതെ ഫാ. ആബേലിന്റെ അറുപതിൽപ്പരം ഗാനങ്ങൾ ചേർത്ത് "സംഗീത സുവിശേഷം' എന്നൊരു ഗ്രന്ഥം പ്രസിദ്ധീകൃതമാവുകയും ചെയ്തു. ഈ ഗാനസമാഹാരത്തെക്കുറിച്ച് അവതാരികാകാരൻ ഇങ്ങനെ പറയുന്നു: "ശ്രോതാക്കളുടെ ധന്യഭാവനകൾക്കു വാതിൽ തുറന്നു കൊടുക്കുന്ന സ്വർണ്ണത്താക്കോലുകളായി ഈ ഗാനങ്ങളെ നമുക്കു സങ്കല്പിക്കാം. അനുഭൂതിപ്രപഞ്ചത്തിന്റെ അകത്തളത്തിലേയ്ക്ക് അവ നമ്മെ ബഹുദൂരം ആനയിക്കുമെന്നുള്ളതിനു സംശയമില്ല. ട്യൂൺ നൽകിയും, റിക്കാർഡുകളാക്കിയും, നൃത്തശിൽപ്പങ്ങളിൽ പകർത്തിയും ആ പ്രപഞ്ചത്തിലേയ്ക്കുള്ള തീർത്ഥാടനം അദ്ദേഹം സുഗമമാക്കിത്തീർക്കുകയും ചെയ്യും.... ....."

## സാഹിത്യസേവനവും മതസേവനവും

ഫാ. ആബേലിന്റെ ഗാനങ്ങൾ ഇന്നു കേരളീയരുടെ ആത്മാവിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. 1926-ൽ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയെഴുതിയ "ശ്രീയേശുവിജയം" മഹാകാവ്യത്തിനുശേഷം ക്രൈസ്തവാദർശങ്ങളും യേശുദേവന്റെ ജീവിതകഥകളും ലളിതമായും രസപുഷ്കലമായും എഴുതിയിട്ടുള്ളതു ഫാ. ആബേലാണ്. മൂലകഥയെ അംഗീകരിച്ചുകൊണ്ട് കാവ്യരസത്തിനു ഭംഗം വരാതെതന്നെ അനുവാചകഹൃദയങ്ങളെ ഈശ്വരോന്മുഖമാക്കുംവിധത്തിലാണ് ഫാ. ആബേൽ ഗാനങ്ങൾ രചിച്ചിട്ടുള്ളത്. ഒരേ അവസരത്തിൽ മതസേവനവും സാഹിത്യസേവനവും അദ്ദേഹം അതിലൂടെ സാധിച്ചുവെന്നു നിസ്സംശയം പറയാം. പാണ്ഡിത്യവും രചനാവൈഭവവും ഒരുപോലെ മേളിച്ചിട്ടുള്ള ഒരാൾക്കേ ഇത്തരം ഗാനങ്ങൾ രചിക്കാൻ കഴിയുകയുള്ളൂ.

ആബേലച്ചനെ സംബന്ധിച്ചിടത്തോളം ഗാനരചന ഒരു സിദ്ധിയാണെങ്കിൽ, സമർപ്പണബുദ്ധിയോടെ ചെയ്യുന്ന യജ്ഞമാണ് കലാസേവനം. സ്വപ്രയത്നം കൊണ്ടും, നിരന്തരോത്സാഹംകൊണ്ടും അച്ചന് ഒരു കലാസ്ഥാപനം കെട്ടിപ്പടുക്കുവാൻ സാധിച്ചു. സൗമ്യവും, വിനീതവുമായ ആ ബാഹ്യഭാവത്തിനു പിന്നിൽ പ്രവർത്തിച്ച ആദർശനിഷ്ഠയും ഇച്ഛാശക്തിയുമാണ് അതിനു നിദാനം. കലാസേവനത്തിലൂടെ ജനസേവനം നിർവ്വഹിക്കാമെന്നു കാണിച്ചുകൊടുത്ത ആദ്യത്തെ പുരോഹിതനാണു ഫാ. ആബേൽ. 1920-ൽ എറണാകുളം ജില്ലയിൽ മുളക്കുളം ഗ്രാമത്തിൽ മാത്തൻ വൈദ്യരുടെ പുത്രനായി ജനിച്ച ഫാ. ആബേൽ മനുഷ്യാത്മാക്കളെ മുഴുവൻ ചികിത്സിക്കുന്ന മറ്റൊരു ഭിഷഗ്വരനായി മാറിയിരിക്കുകയാണ്.

ഫാ. ആബേലിന്റെ എത്രയോ ഗാനങ്ങളാണ് യേശുദാസ് പാടിയിട്ടുള്ളത്. ജോളി എബ്രാഹം, ജെൻസി, സുജാത, പത്മജ തുടങ്ങിയ ഗായകരെ സൃഷ്ടിച്ചതു ഫാ. ആബേലിന്റെ ഗാനങ്ങളാണ്. "സർവ്വേശപുത്രനുയിർത്തു" എന്ന ഗാനം ജോളി ഇമ്പമയമാക്കിയപ്പോൾ "ദീപമേ, സ്വർല്ലോക ദീപമേ' എന്ന ഗാനം ജെൻസി അനശ്വരമാക്കി. "ജീവന്റെ നാഥനാണു ദൈവം', "ദൈവമെന്റെകൂടെയുണ്ട്' തുടങ്ങിയ ഗാനങ്ങളിലൂടെയാണ് ബേബി സുജാത കേരളീയരുടെ ശ്രദ്ധയാകർഷിച്ചത്.

"ദീപിക"യിൽ പ്രവർത്തിച്ചിരുന്ന കാലത്ത് ഫാ. ആബേൽ ദീപിക ബാലസഖ്യത്തിന്റെ ചുമതല വഹിച്ചിരുന്നു. ഇന്നു പ്രശസ്തമായിത്തീർന്നിരിക്കുന്ന ദീപിക ബാലസഖ്യത്തിന്റെ ഉപജ്ഞാതാവ് അദ്ദേഹമാണ്. അങ്ങനെ വളരെ മുമ്പേ 'കുട്ടികളുടെ കൊച്ചേട്ട'നായിത്തീർന്ന ഫാ. ആബേൽ തന്റെ കഴിവുകൾ കുട്ടികളുടെ കലാവികസനത്തിനായി വിനിയോഗിക്കുകയാണു ചെയ്തത്. ബാലമനസ്സുകളെ ഏറ്റവുമധികം ആകർഷിച്ച ഒരു കലാപ്രവർത്തകൻ എന്ന നിലയിൽ ഫാ. ആബേലിന്റെ സ്ഥാനം അതുല്യമാണ്. അതുപോലെതന്നെ സംഗീതശാസ്ത്രപരമായും മറ്റു കലാപരമായുള്ള ഗവേഷണപഠനങ്ങളിലും അദ്ദേഹം ഉത്സുകനാണ്.

## നാദത്തിന്റെ ഭാഷ

ഒരു വ്യാഴവട്ടം മുമ്പ്, എറണാകുളത്തു കലാഭവൻ സ്ഥാപിച്ചപ്പോൾ ഫാ. ആബേലിന്റെ ലക്ഷ്യം ബാലി കാബാലന്മാരെ സംഗീതത്തിലും സംഗീതോപകരണങ്ങളുടെ പ്രയോഗത്തിലും സമർത്ഥരാക്കുകയെന്നതായിരുന്നു. നാദത്തിന്റെ ഭാഷയും കലയുമായ സംഗീതത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം എത്രയോ ബാലപ്രതിഭകളെ കണ്ടെത്തുവാൻ ഫാ. ആബേലിനു കഴിഞ്ഞു. 1968-ൽ ബ്രോഡ്‌വേയിലെ ഒരു ചെറിയ മുറിയിൽ രണ്ടു ഫിഡിലും ഒരു ഹാർമ്മോണിയവും മൂന്നു കുട്ടികളുമായി ആരംഭിച്ച കലാഭവൻ ഇന്നു മഹാപ്രസ്ഥാനമായി വളർന്നിരിക്കുകയാണ്.

1974-ആഗസ്റ്റ് 15-നു എറണാകുളം ടൗൺഹാളിനോടു തൊട്ടുള്ള പതിനൊന്നു സെന്റ് സ്ഥലത്തു കർദ്ദിനാൾ പാറേക്കാട്ടിൽ കലാഭവന്റെ പുതിയ കെട്ടിടത്തിനു തറക്കല്ലിട്ടു. ഇതിലേയ്ക്കുള്ള സ്ഥലം കർദ്ദിനാൾ തന്നെ സംഭാവന ചെയ്തതായിരുന്നു. ഫാ. ആബേലിന്റെ സ്വപ്നം ഒരു നാലുനിലക്കെട്ടിടമായിരുന്നു. ആറുമാസത്തിനകം താഴത്തെ നിലയിൽ കലാഭവൻ പ്രവർത്തനമാരംഭിച്ചുവെന്നു പറയുമ്പോൾ എത്ര ദ്രുതഗതിയിലാണു കെട്ടിടപ്പണി നീങ്ങിയതെന്ന് അനുമാനിക്കാം. ഒരു വർഷത്തിനകം മറ്റു നാലുനിലകളിലും പ്രവർത്തനം ആരംഭിച്ചു. നാലാംനിലയിലുള്ള ഓഡിറ്റോറിയം 1978-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.

കലാഭവനു കേന്ദ്ര-കേരള അക്കാദമികളുടെയും സഹൃദയരായ കേരളീയരുടെയും സഹായം നേടുന്നതിൽ ഫാദർ ആബേൽ വിജയിക്കതന്നെ ചെയ്തു. ഏതാണ്ട് ആറുലക്ഷം രൂപാ ഈ കലാക്ഷേത്രത്തിന്റെ നിർമ്മാണത്തിന് അന്നു ചെലവു വന്നിട്ടുണ്ട്.

## പരിശീലനരംഗത്ത്

കലാഭവന്റെ "പ്രോസ്പെക്ടസി'ലൂടെ കണ്ണോടിക്കുന്ന ഏതൊരാളും അത്ഭുതാധീനനായിപ്പോകുന്നു, ഇരുപതോളം കോഴ്സുകൾ അവിടെ പഠിപ്പിക്കുന്നു. ഓരോ കോഴ്സിനും വിദഗ്ധരായ അദ്ധ്യാപകന്മാരും, അദ്ധ്യാപികമാരും. ഉപകരണസംഗീതത്തിനു പുറമേ, ക്ലാസ്സിക്കൽ മ്യൂസിക്കിനും ലൈറ്റ് മ്യൂസിക്കിനും പ്രത്യേകം ക്ലാസ്സുകളുണ്ട്. ഭരതനാട്യം, മോഹിനിയാട്ടം, നാടോടിനൃത്തങ്ങൾ എന്നിവയിലും അഭ്യസനം നൽകിവരുന്നു. കാർട്ടൂൺ വരയിൽ മാത്രമല്ല, മാജിക്കിലും, മിമിക്രിയിലും ഇവിടെ പരിശീലനം നൽകിവരുന്നു. അഞ്ചു വയസ്സു പൂർത്തിയായതും, കലയിൽ വാസനയുള്ളതുമായ ഏതൊരു കുട്ടിക്കും ഇവിടെ പ്രവേശനം ലഭിക്കും. ആയിരക്കണക്കിനു വിദ്യാർത്ഥിനി വിദ്യാർത്ഥികൾ ഇവിടെ നിന്നും പരിശീലനം നേടി പുറത്തു പോയിട്ടുണ്ട്. ഒന്നോ രണ്ടോ വർഷത്തെ പരിശീലനം കൊണ്ട് ഒരു കുട്ടിയെ നല്ല വയലിനിസ്റ്റോ, ഹാർമ്മോണിസ്റ്റോ ആക്കുവാൻ കലാഭവനു കഴിയും. പഠിക്കുന്നവർക്കുവേണ്ടി മാസംതോറും കലാഭവൻ ഓഡിറ്റോറിയത്തിൽ കലാപരിപാടികളും നടത്താറുണ്ട്. കലാഭവനിൽ നിന്നു പരിശീലനം നേടി പുറത്തുപോയിട്ടുള്ള പലരും ഇന്ന് സ്കൂളുകളിലും, കോളേജുകളിലും, ചലച്ചിത്ര വ്യവസായത്തിലും മറ്റും ജോലിചെയ്തു വരുന്നു. എന്നിട്ടും ഈ കോഴ്സുകളെ ഇതേവരെ ഗവൺമെന്റ് അംഗീകരിച്ചു കഴിഞ്ഞിട്ടില്ല. ഒരു "മ്യൂസിക്ക് അക്കാദമിയും", "കലാമണ്ഡലവും' ചെയ്യുന്ന സേവനങ്ങൾ ഇവിടെ ഏകോപിപ്പിക്കുകയാണ് കലാഭവൻ പ്രസിഡന്റും പ്രിൻസിപ്പാളുമായ ഫാ. ആബേൽ ചെയ്തിട്ടുള്ളത്. ഇന്നു കലാരംഗത്തുള്ള മികച്ച ഗായകരിലും ഗായികമാരിലും പലരേയും കലാഭവൻ വളർത്തിയെടുത്തതാണ്. ഇവരുടെ കൂട്ടത്തിൽ ജെൻസി, സുജാത, ജോളി എബ്രാഹാം, ഇബ്രാഹിം എന്നിവരും ഉൾപ്പെടുന്നു. ഇരുപതോളം സംഗീതവിദഗ്ദ്ധരും, അഞ്ചുഗായകരും ഉൾപ്പെടുന്ന കലാഭവൻ ഗാനമേളാസംഘം കേരളത്തിലും കേരളത്തിനുപുറത്തും ഒരുപോലെ പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്.

## സംസ്കാരമൂല്യം

സത്യത്തേയും, നന്മയേയും സൗന്ദര്യത്തേയും ഏകീകരിക്കുന്ന സംസ്കാരമൂല്യത്തെ ഉചിതരൂപങ്ങളിൽ ആവിഷ്കരിക്കുകയാണ് കലാഭവൻ ചെയ്തുവരുന്നത്. ജീവിതമൂല്യങ്ങൾ പലതും ശോഷിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നൃത്തത്തിലും, നാടകത്തിലും ഗാനങ്ങളിലും കൂടി സാന്മാർഗ്ഗിക മൂല്യങ്ങൾ നിലനിർത്തുവാൻ കലാഭവനു മാത്രമേ കഴിയുകയുള്ളു. കാലഘട്ടത്തിന്റെ ഈ ധർമ്മം ഏറ്റെടുത്തിട്ടുള്ള കലാഭവൻ സർക്കാരിന്റെയും, അക്കാദമികളുടെയും പ്രോത്സാഹനം അർഹിക്കുന്നു. പാപത്തിൽ ആണ്ടുപോയ പാവനതയേയും മാലിന്യത്തിൽ മറഞ്ഞുപോയ നിർമ്മലതയേയും സമാശ്ലേഷിക്കുവാനുള്ള ഹൃദയമാണ് ഫാ. ആബേലിനുള്ളത്. മനുഷ്യഹൃദയത്തിന്റെ മുൻപിൽ നിത്യാനന്ദത്തിന്റെ ദീപശിഖ കൊളുത്തുവാൻ ഈ കലാസംഘടനയ്ക്കും അതിന്റെ ശില്പിയായ ഫാ. ആബേലിനും കഴിയുമെന്നു നിസ്സംശയം പറയാം.



CERTIFICATE OF REGISTRATION OF SOCIETIES

The Travancore-Cochin Literary, Scientific and Charitable Societies' Registration Act XII of 1955.

S. No. [illegible] of 1971.

I hereby certify that Kalabhav[illegible] has this day been registered under the Travancore-Cochin Literary, Scientific and Charitable Societies' Registration Act XII of 1955.

Given under my hand at [illegible] this 25th day of [illegible] One thousand nine hundred and seventy[illegible].

REGISTRAR OF SOCIETIES

G. P. T.




എറണാകുളം നോർത്തിലുള്ള കലാഭവൻ മന്ദിരത്തിന്റെ ഉദ്ഘാടനം ബഹു. കേന്ദ്രമന്ത്രി ശ്രീ. സി.എം. സ്റ്റീഫൻ നിർവഹിക്കുന്നു.

# KALABHAVAN STUDIOS LTD.

## First Board of Directors 1971


Fr. Abel CMI
(Chairman)


K. J. Yesudas


Joseph Karikkasserry
(Managing Director)


Commander K.K. Narayan


Hubert Peyoli


Dominic Kuruvinakkunnel


Appachan Vadakkekalam


George Panackalody




കഴിഞ്ഞ കാലങ്ങളിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ

# KALABHAVAN SCHOOL : A DREAM VENTURE

**P.T. Joseph**
**President , Rotary Club of Cochin Harbour**



Everybody lights up a room. Some when they enter ... some when they leave. It is but one of the small truths that all of us can relate to. We love cheery, optimistic people because they light up our lives with their positive enthusiasm and passion and we love being around them because their attitude is contagious and we want to catch it. In Fr. Abel, I have found a person with a very positive attitude who has lit up his surroundings as he entered it. The fame and glory of Kalabhavan has spread all round the world and it lingers on in the minds of all those who have experienced it once.

Kalabhavan has grown to be an extremely successful institution due to Fr. Abel's high level of commitment to lifelong learning. Over the years, Kalabhavan has contributed to the growth of many a talented personality who has been a great success in the field of music, cinema and other cultural fields.

We have entered the 21st century based on the Christian Calendar. But India has its rich cultural heritage of the past 50 centuries (5000 years).

We had great scholars and universities like Takshasila and Nalanda which attracted student scholars from every part of the world. But during the British Rule of 200 years, the country's human resources were completely neglected. But after independence we started the great work of rebuilding our country and have celebrated 52 years of independence. Kalabhavan Talent Residential School has been formed with the idea of cultivating and promoting the cultural talents while imparting regular education to the children. Let this grow to a glorious institution over the years fulfilling the dreams and wishes of its founder.

I commend the extraordinary efforts that have gone into setting up this institution and my sincere best wishes and prayers follow for its great success.

I am extremely happy to have been closely associated with Fr. Abel CMI and his cultural organisation "Kalabhavan" for the past few years. I take this occasion to congratulate Rev. Fr. Abel and his team on having ventured into their new activity-Kalabhavan Talent Residential School successfully.

# അൾത്താരയിലെ വാനമ്പാടി

പ്രൊഫ. മാത്യു ഉലകംതറ

ദിവ്യബലിയുൾപ്പെടെയുള്ള ആരാധനക്രമങ്ങളെല്ലാം മാതൃഭാഷയിലാക്കാനുള്ള പരിശ്രമം സഭാനവീകരണത്തിന്റെ ഒരു ഭാഗമെന്നനിലയിൽ ലോകമെമ്പാടും ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തിരുക്കർമ്മങ്ങളിൽ വെറും പ്രേക്ഷകരോ ശ്രോതാക്കളോ ആയി ദൂരത്തു നിൽക്കാതെ ദൈവജനം മുഴുവൻ അതിൽ ഭാഗഭാക്കുകളാകണമെന്നതാണ് ഈ പരിഷ്ക്കാരത്തിന്റെ മുഖ്യോദ്ദേശ്യം. റീത്തുകളുടെ വ്യക്തിത്വം നിലനിറുത്തിക്കൊണ്ടുതന്നെയാണ് പ്രാർത്ഥനാക്രമങ്ങൾ മാതൃഭാഷയിലാക്കുന്നതെങ്കിലും ഓരോ ദേശത്തേയും ജനങ്ങളുടെ സാംസ്ക്കാരിക പാരമ്പര്യത്തിനും ചിന്താശൈലിക്കും ഇണങ്ങുന്നവിധത്തിൽ അവയുടെ വിവർത്തനം സാധിക്കണമെന്നും അതിനാവശ്യമായ സ്വാതന്ത്ര്യങ്ങളെല്ലാം വിവർത്തനത്തിൽ സ്വീകരിക്കാമെന്നുമാണ് സഭയുടെ നയം. ഏതൊരു പുതിയ ചുവടുവെയ്പിനുമെന്നപോലെ ഈ ഭാഷാന്തരീകരണ സംരംഭത്തിനും വളരെയേറെ എതിർപ്പുകളെ നേരിടേണ്ടി വന്നു, എല്ലാ ദിക്കിലും. ചൊല്ലി പരിചയിച്ച ഭാഷയൊന്നു മാറി നോക്കാനൊരുക്കമില്ലാത്തവരായിരുന്നു എതിർപ്പുകാരിലൊരു വിഭാഗം. ദിവ്യകർമ്മങ്ങളുടെ നിഗൂഢഗഹനത നഷ്ടപ്പെട്ടു പോകുമെന്നും മറ്റും അവർ തടസ്സവാദങ്ങളുന്നയിച്ചു. പ്രാദേശിക ഭാഷയിലാക്കിയാൽത്തന്നെ മൂലകൃതികളുടെ വാക്യഘടനയും അർത്ഥസൂചനകളും, പദസംഖ്യപോലും മാറ്റിക്കൂടെന്നായിരുന്നു വേറെ ചിലരുടെ നിർബന്ധം. ഇതുമൂലം മലയാളപരിഭാഷ സുറിയാനി പ്രാർത്ഥനകളുടേയും ലത്തീൻ പ്രാർത്ഥനകളുടേയും മറ്റും വികൃതമായ ഒരു മുഖംമൂടിയായിത്തീരുമെന്നല്ലാതെ മലയാളികൾക്കുവേണ്ടിയുള്ള മലയാള പ്രാർത്ഥനകളുണ്ടാവുകയില്ലെന്നു പറയേണ്ടതില്ലല്ലോ. ഈ ഗതികേടു നമ്മുടെ പ്രാർത്ഥനാ വിവർത്തനങ്ങളുടെ പ്രാരംഭഘട്ടത്തിൽ നാം വളരെയേറെ സഹിച്ചു. ഇപ്പോഴുമതങ്ങു തീർത്തുമാറിയെന്നു പറയാറായിട്ടില്ല. പ്രാർത്ഥനയുടെ ഭാഷ പ്രൗഢോജ്ജ്വലമായിരിക്കണമെന്നും സംസ്കൃതപദബഹുലമായിരിക്കണമെന്നുംകൂടി ചിലർ വാദിക്കാതിരുന്നില്ല. അതിന്റെ അവശിഷ്ടങ്ങളും അങ്ങിങ്ങ് അടിഞ്ഞു കിടപ്പുണ്ട്. ഇത്തരം വൈഷമ്യങ്ങളുടെയിടയിൽക്കൂടി പ്രാർത്ഥനാക്രമപരിഷ്ക്കാരങ്ങൾ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നപ്പോഴാണ് സീറോ മലബാർ ലിറ്റർജിക്കമ്മിറ്റിയിൽ ഫാ. ആബേൽ സി.എം.ഐ.യുടെ പേരുകൂടി ചേർക്കപ്പെട്ടത്. അതു സിറിയൻ റീത്തിലെ മലയാള പ്രാർത്ഥനകളുടെ ചരിത്രത്തിലെ ഭാഗ്യപൂർണ്ണമായ ഒരു വഴിത്തിരിവായിരുന്നു.



കമ്മിറ്റിയംഗങ്ങളിൽ പലർക്കും പദ്യരചന അത്ര സുഗമമല്ലാത്തതിനാലായിരിക്കാം മരിച്ചവർക്കായുള്ള പ്രാർത്ഥനകളും മറ്റും പദ്യത്തിലാക്കുന്ന ജോലിയാണ് ആദ്യം അദ്ദേഹത്തിലർപ്പിക്കപ്പെട്ടത്. അടുത്തകാലംവരെ നമ്മുടെ ദേവാലയകർമ്മങ്ങൾ ഗാനദരിദ്രമായിരുന്നുവെന്ന വസ്തുത ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ഭാഷാശുദ്ധിയോ ഗാനഭംഗിയോ അധികമില്ലാത്ത ഗാനങ്ങളായിരുന്നു ഉപയോഗത്തിലിരുന്നവയിൽ മിക്കവയും. ശ്രീ. വർഗ്ഗീസ് മാളിയേക്കൽ, ഫാ. ജേക്കബ് കല്ലറയ്ക്കൽ മുതലായവരുടെ പരിശ്രമങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കപ്പെടേണ്ടവയാണെങ്കിലും കാലംകൊണ്ടു നിറംമങ്ങുകയും അന്യരംഗങ്ങളനുസ്മരിപ്പിക്കയും ചെയ്യുന്ന ചലച്ചിത്രഗാനങ്ങളുടെ രീതിയിലാണ് അവരുടെ പല നൂതനഗാനങ്ങളും രചിക്കപ്പെട്ടതെന്നൊരു ന്യൂനത അവയ്ക്കുണ്ടായിരുന്നു. ഫാ. ആബേലിന്റെ തിരുക്കർമ്മ വിവർത്തനങ്ങൾ നമ്മുടെ ഭക്തിഗാനചരിത്രത്തിന്റെ ഗതിതന്നെ ഒന്നു തിരിച്ചുവിട്ടുവെന്നു പറയാം. പൗരസ്ത്യഗാനശൈലിക്കിണ

ങ്ങുന്ന സുറിയാനി രീതികളും അവയോടു പൊരുത്തപ്പെടുന്ന മലയാള ഗാനരീതികളും തെരഞ്ഞെടുത്തു പാടിപ്പഴകിയ നാവുകൾക്കും കേട്ടു നിൽക്കുന്ന ചെവികൾക്കും ഒപ്പം രുചിക്കുന്ന ഗാനങ്ങൾ അദ്ദേഹം രചിച്ചു. മരിച്ചവർക്കായുള്ള കർമ്മങ്ങൾ വളരെവേഗം ജനങ്ങളുടെ നാവുകളിൽ തത്തിക്കളിക്കാൻതുടങ്ങി.

മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ, നീയണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ.

അകൃത്രിമസുന്ദരമായ ഇത്തരം പ്രാർത്ഥനകൾ പദ്യവിരോധികളുടെ ഹൃദയത്തിൽപ്പോലും തറച്ച്, നാവിലൂടെ വഴിഞ്ഞൊഴുകാൻ തുടങ്ങി.

മങ്ങിയൊരന്തി വെളിച്ചത്തിൽ
ചെന്തീപോലൊരു മാലാഖ,
വിണ്ണിൽ നിന്നെൻ മരണത്തിൻ
സന്ദേശവുമായ് വന്നരികിൽ.

ആ മാലാഖയുടെ വരവിൽ പലരുടേയും കണ്ണുകളഞ്ചി. ഒരനുഗൃഹീതകവിക്കു മാത്രമേ കറകളഞ്ഞ മലയാളശൈലിയിൽ ഈ സജീവചിത്രം വരച്ചു വയ്ക്കാൻ കഴിയു. ഇതിനൊരു സുറിയാനിമൂലമുണ്ടോ എന്നെനിക്കറിവില്ല. ഉണ്ടെങ്കിൽ മൂലകവി അല്പം ലജ്ജിച്ചുകൊള്ളട്ടെ. ഇതു മലയാളിയായ ഒരു ഭക്തകവിയുടെ ഹൃദയത്തിൽനിന്നും പുറപ്പെടുന്നതും മലയാളികളുടെ ഹൃദയത്തിൽ അലിഞ്ഞു ചേരുന്നതുമായ ശുദ്ധമലയാളകവിതയാണ്.

അന്തിമദിവസമടുക്കുമ്പോൾ
അംബരമിളകി വിറയ്ക്കുമ്പോൾ
വെളിവിൻ കതിരുകൾ മാഞ്ഞടിയും
കരിനിഴൽ തിങ്ങിവളർന്നുയരും.
കതിരോൻ മങ്ങിപ്പൊലിയുന്നു
പനിമതിയിരുളിൽ താഴുന്നു
താരകൾ വീണുനുറുങ്ങുന്നു
പാരിടമൊന്നായുരുകുന്നു.

ഇങ്ങനെ ഭാഷാകവിതയുടെ ശക്തിയും ചൈതന്യവും തുടിക്കുന്ന എത്ര ഭാഗങ്ങൾ വേണമെങ്കിലും മരിച്ചവരുടെ തിരുകർമ്മങ്ങളിൽനിന്നെടുത്തു കാണിക്കാം.

പദ്യരചനയിലുണ്ടായ ഈ വിജയം നിമിത്തം ദിവ്യബലിയുടെ ഗദ്യവിവർത്തനത്തിനും ഫാ. ആബേൽ നിയോഗിക്കപ്പെടുകയുണ്ടായെങ്കിലും അവിടെയദ്ദേഹത്തിനു വേണ്ടത്ര സ്വാതന്ത്ര്യം വിനിയോഗിക്കാൻ കഴിഞ്ഞില്ല. ഇത്തരം സംരംഭങ്ങളിൽ അതു സ്വാഭാവികമാണ്. മൂലകൃതികളെക്കുറിച്ചുള്ള സ്മരണ മങ്ങുകയും ഗദ്യരചന കുറെ വൈദഗ്ദ്ധ്യം ആവശ്യമുള്ള സംഗതിയാണെന്നു ബോധ്യംവരികയും ചെയ്യുന്നകാലം വളരെ ദൂരെയല്ല. ഫാ. ആബേലിന്റെ ലളിതവും ഋജുവുമായ ഗദ്യവിവർത്തനമാർഗ്ഗം അന്നു കൂടുതൽ അഭികാമ്യമായിക്കരുതപ്പെടും. ഏതായാലും അദ്ദേഹത്തിന്റെ സഹകരണവും നിരന്തരശ്രമവും ദിവ്യബലിയുടെ വിവർത്തനത്തിൽ കൂടുതൽ തെളിമ പരത്തിയിട്ടുണ്ടെന്നുള്ളത് ആശ്വാസപ്രദമാണ്.

ഫാ. ആബേലിന്റെ ഗദ്യവിവർത്തനങ്ങൾക്കു മാതൃകയായി എടുത്തുകാട്ടാവുന്നവയാണ്, കാനോന നമസ്കാരത്തിലെ സങ്കീർത്തന ഭാഗങ്ങൾ. ജറുസലേം ബൈബിൾ വിവർത്തകർ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ വെറും ഗദ്യത്തിനു വഴങ്ങാത്തതും പദ്യാത്മകമായ ഒരു താളലയത്തോടെ വിവർത്തനം ചെയ്യപ്പെടേണ്ടതുമാണ് ദാവീദിന്റെ സങ്കീർത്തനങ്ങൾ. ഈ വസ്തുത തികച്ചും മനസ്സിലാക്കിക്കൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്.

"കർത്താവേ അങ്ങേ കൂടാരത്തിൽ ആരു വസിക്കും?
അങ്ങേ വിശുദ്ധനഗരിയിൽ ആരു വിശ്രമിക്കും?

കറകൂടാതെ ജീവിക്കുന്നവനും,
നീതിപ്രവർത്തിക്കുന്നവനും:

ഹൃദയത്തിൽ സത്യമുള്ളവനും
നാവുകൊണ്ടു ദ്രോഹിക്കാത്തവനും:
15-ാം സങ്കീർത്തനം/P16

സഹോദരനോടു തിന്മചെയ്യാത്തവനും അയൽക്കാരനെതിരായ പ്രേരണയ്ക്കു വഴങ്ങാത്തവനും: ദുഷ്ടനോടു കൂട്ടുചേരാത്തവനും, ദൈവഭക്തനെ മാനിക്കുന്നവനും: സത്യപ്രതിജ്ഞ ലംഘിക്കാത്തവനും, അന്യായപ്പലിശ വാങ്ങാത്തവനും, നിരപരാധിക്കെതിരായി കൈക്കൂലി സ്വീകരിക്കാത്തവനും: ഇങ്ങനെയുള്ളവൻ നീതിമാനാകുന്നു, അവൻ ഒരിക്കലും നശിക്കയില്ല!' ഫാ. ആബേലിന്റെ ഈ വിവർത്തനം പ്രസിദ്ധമാണല്ലോ. താഴെക്കാണുന്ന ഭാഗങ്ങൾകൂടി നോക്കുക.

"ആകാശം ദൈവമഹത്വത്തെ പ്രകീർത്തിക്കുന്നു. നഭോമണ്ഡലം അവിടുത്തെ കൈവിരുതു കാണിക്കുന്നു. പകൽ പകലിനോടു സംസാരിക്കുകയും രാത്രി രാത്രിയെ അറിയിക്കയും ചെയ്യുന്നു. വാക്കോ പ്രസംഗമോ ഇല്ല, ശബ്ദം കേൾക്കുന്നുമില്ല. എങ്കിലും ഭൂമിയുടെ എല്ലാ ഭാഗത്തും അവയുടെ സ്വരം എത്തിക്കഴിഞ്ഞു.'

"അവിടുന്നു സൂര്യന് ഒരു കൂടാരം പണിതിരിക്കുന്നു,
മണവറയിൽനിന്നു മണവാളൻ എന്നപോലെ
അവിടെനിന്നു സൂര്യൻ പുറത്തു വരുന്നു.
ഒരു മല്ലന്റെ പ്രസന്നതയോടെ
സൂര്യൻ ഓട്ടത്തിനു തയ്യാറാവുന്നു.
ആകാശത്തിന്റെ ഒരറ്റത്ത് അതുദിക്കുന്നു.
മറ്റേ അറ്റത്ത് അതിനു ശയ്യവിരിച്ചിരിക്കുന്നു.'

ഇതു മലയാളത്തിൽ നൂതനമായെഴുതപ്പെട്ട ഗദ്യകവിതപോലെ സരളവും സുന്ദരവുമായിട്ടുണ്ടെന്ന് ആരും സമ്മതിക്കും. വലിയ വാക്കുകളില്ല. വിവർത്തനത്തിന്റെ വളച്ചുകെട്ടുകളില്ല. ഇതൊരുകവിയുടെ ഗദ്യമാണ്-ദാവീദിന്റെ ഹൃദയംകണ്ട ഒരു മലയാളകവിയുടെ.

എന്നാൽ പദ്യരചനയിൽ തന്നെയാണു ഫാ. ആബേലിന്റെ കരവിരുതു മുഴുവനും തെളിഞ്ഞു വിളങ്ങുന്നത്.

"പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവനസന്നിധിയണയുന്നു:
കർത്താവേ, നിൻകരുണയ്ക്കായ്
നന്ദി പറഞ്ഞു നമിക്കുന്നു'

എന്നാരംഭിക്കുന്ന പ്രഭാതപ്രാർത്ഥന മുതൽ കുട്ടികളുടെ നാവിൽ നൃത്തം ചെയ്തു തുടങ്ങിയിരിക്കുന്നു. എവിടെനിന്നുദ്ധരിക്കണമെന്നു മാത്രമേ ഒരാസ്വാദകനു സംശയമുണ്ടാവുകയുള്ളു. മാതാവിന്റെ തിരുന്നാൾ കർമ്മങ്ങളിൽനിന്നുദ്ധരിക്കുന്ന പക്ഷം

വിണ്ണിൻ താരകമേ, വിരിയും മലരേ നീ
മുഴുവനുമഴകല്ലോ

എന്ന് ഈ കവിതയെക്കുറിച്ചു പറയേണ്ടിവരും. കൂദാശക്രമങ്ങളിൽ സ്ഥൈര്യലേപനത്തിന്റെ ഗാനമാണു താഴെയുദ്ധരിക്കുന്നതെന്നു പറഞ്ഞാൽ വിശ്വസിക്കാൻ വിഷമം തോന്നും.

"സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ
അന്ധകാര വിരിപ്പുമാറ്റിടും
ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശവീശുന്ന
മോഹനദിവ്യഗാനമേ.'

ഇതു ചങ്ങമ്പുഴയുടെയോ, ഇടപ്പള്ളിയുടെയോ ഒരു കവിതയിൽ നിന്നുദ്ധരിച്ചതാണെന്നേ തോന്നൂ. വിഭൂതി, ഓശാനഞായർ, പെസഹാവ്യാഴം, ദുഃഖവെള്ളിയാഴ്ച ഈ ദിവസങ്ങളിലെ ഗാനങ്ങളുടെ മാസ്മരശക്തി ഇതിനകം നാം അനുഭവിച്ചറിഞ്ഞതാണ്. നൈസർഗ്ഗിക വികാരങ്ങളുടെ കൂലങ്കഷപ്രവാഹമാണു കവിതയെങ്കിൽ ദുഃഖവെള്ളിയാ

ഴ്ചത്തെ തിരുക്കർമ്മങ്ങളുടെ അവസാനത്തിലുള്ള ഗാനം അത്യുത്തമ കവിതകളുടെ മുന്നിൽ തലയുയർത്തി നില്ക്കുക തന്നെ ചെയ്യും.

ഗാഗുൽത്താമലയിൽ നിന്നും
വിലാപത്തിൻ മറ്റൊലി കേൾപ്പൂ;
"ഏവമെന്നെ ക്രൂശിലേറ്റുവാൻ
അപരാധമെന്തു ഞാൻ ചെയ്തു?'

ഹൃദയമുള്ളവരെയെല്ലാം വികാരതരളിതരാക്കുന്ന ഈ ഒരൊറ്റ ഗാനം മതി ഫാ. ആബേലിന്റെ കവനവൈദഗ്ദ്ധ്യത്തിനു കീർത്തിമുദ്രനേടിക്കൊടുക്കാൻ. ഒടുവിൽ "കുരിശേ മനോജ്ഞവൃക്ഷമേ' എന്നു വിളിക്കുമ്പോൾ ശ്രോതാക്കളുടെ ആത്മാക്കളെയുംകൊണ്ട് കവി മേലോട്ടുയരുകയാണ്. ഈ ഹൃദയസംവാദം തന്നെയാണല്ലോ കവിത്വത്തിന്റെ വിജയമാനദണ്ഡം.

പൂർവ്വാപരക്രമം തെറ്റിച്ചുകൊണ്ടാണെങ്കിലും അദ്ദേഹത്തിന്റെ പരിശ്രമഫലങ്ങളെ ഒന്നക്കമിട്ടു നിരത്തിക്കാണിക്കാം. (1) കൂദാശകൾ (2) പരിശുദ്ധകുർബ്ബാനയുടെ വാഴ്വ് (3) മരണസമയത്തും ശേഷവുമുള്ള പ്രാർത്ഥനകൾ (4) തിരുനാൾ കർമ്മങ്ങൾ (5) സന്യാസിമാരുടെ സഭാവസ്ത്ര സ്വീകരണവും, വ്രതവാഗ്ദാനവും (6) വൈദികരുടേയും മറ്റും ശവസംസ്കാരക്കർമ്മങ്ങൾ (7) വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ (8)വർഷാരംഭ പ്രാർത്ഥന, വർഷാവസാന പ്രാർത്ഥന, ക്രിസ്തുമസ് രാത്രി (9) ദേവാലയ പ്രതിഷ്ഠ (10) മരിച്ചവരുടെ ഓർമ്മ (11) മരിച്ചവർക്കുവേണ്ടിയുള്ള കർമ്മങ്ങൾ (12) കാനോന നമസ്ക്കാരം (13) ഭക്തിഗാനങ്ങൾ. ഒടുവിൽ പറഞ്ഞ ഭക്തിഗാനങ്ങൾ, പലതിൽ നിന്നും തെരഞ്ഞെടുത്ത് അഖിലേന്ത്യാ റേഡിയോ പ്രക്ഷേപണം ചെയ്ത ഗാനങ്ങളുടെ സമാഹാരമാണ്. ഈ വിപുലമായ ഗ്രന്ഥസഞ്ചയത്തിന് ഒരു സമ്പൂർണ്ണാസ്വാദനം തയ്യാറാക്കാൻ തന്നെ ഒരു ഗ്രന്ഥം വേണ്ടി വരുമെന്നിരിക്കെ എന്റെ ഈ സൂചനകളുടെ അപര്യാപ്തത ക്ഷന്തവ്യമാണല്ലോ. ഈ വിവർത്തനങ്ങളും പദ്യങ്ങളും അന്യൂനങ്ങളാണെന്നു ഞാൻ വിവക്ഷിക്കുന്നതായി ധരിക്കയുമരുത്. ഓശാന ഞായറാഴ്ച കർത്താവു കഴുതക്കുഞ്ഞിൻ പുറത്തെഴുന്നള്ളിയതും മറ്റും എനിക്കു തൃപ്തിയായിട്ടില്ല. സ്വല്പം കൂടി വളർന്ന ഒരു കഴുതയെക്കെട്ടാൻപദ്യത്തിനുള്ളിലിടമുണ്ടാക്കണം. മാതാവിന്റെ ലുത്തിനിയായിൽ "സ്വർല്ലോകത്തിൻ ദ്വാരകമേ' എന്നെഴുതിയതും പന്തിയായില്ല. പക്ഷേ ഇത്തരം പോരായ്മകൾ വിരലിലെണ്ണാൻ മാത്രമേയുള്ളു. താനെഴുതിയതിനു പൂർണ്ണത നൽകാൻ എത്രപേരെയെങ്കിലും കാണിക്കുന്നതിനും എത്ര തവണയെങ്കിലും തിരുത്തുന്നതിനും ഫാ. ആബേൽ ഒരിക്കലും വൈമുഖ്യം കാണിച്ചിട്ടില്ല. ഇതിലെ പദ്യഭാഗങ്ങൾ മിക്കതും അച്ചടിക്കുന്നതിനു മുമ്പ് അദ്ദേഹമെന്നേയും കാണിച്ചിട്ടുണ്ട്. ലിറ്റർജിക്കൽ കമ്മിറ്റിയിൽപ്പെട്ടവരുടെ സൂക്ഷ്മപരിശോധനയും പുറമേയുള്ളവരുടെ സാന്ദർഭികപരിശോധനകളും കഴിഞ്ഞുവേണം തന്റെ രചനകൾ സൂര്യപ്രകാശം കാണുവാനെന്ന് അദ്ദേഹം നിഷ്കർഷിച്ചിട്ടുണ്ട്. അങ്ങനെ യഥാർത്ഥത്തിൽ ഇതിന്റെ കാവ്യജീവൻ ഫാ. ആബേലിന്റേതാണെങ്കിലും ഇതു സീറോ മലബാർ സഭയുടേയും കേരളകത്തോലിക്കരുടേയും ഭാഗ്യമാണെന്നു ഞാൻ കരുതുന്നു. മഹാകവി വള്ളത്തോൾപോലും തന്റെ കവിതയ്ക്ക് ഓരോ പതിപ്പിലും കൂടുതൽ പരിഷ്കാരങ്ങൾ വരുത്തിയ സ്ഥിതിക്ക് കൂടുതൽ പരിഷ്കാരങ്ങളും പൂർണ്ണതയും ഈ പ്രാർത്ഥനാഗാനങ്ങൾക്ക് ഇനിയുമുണ്ടാക്കാവുന്നതാണ്. സ്വതേ രൂക്ഷാക്ഷരവിരളവും, സംഗീതാത്മകവുമാണ് ഫാ. ആബേലിന്റെ ഗാനങ്ങൾ. അവയ്ക്കു യുക്തമായ സംഗീതാവിഷ്കരണം നൽകാനും, കേരള ക്രൈസ്തവർക്കു സ്വന്തമായൊരു ഗാനശൈലി വാർത്തെടുക്കാനും വേണ്ടി അദ്ദേഹമിപ്പോൾ ഒരു കലാഭവൻ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അവയ്ക്കു നാം നൽകുന്ന പ്രോത്സാഹനം അനന്തര തലമുറകൾ നമ്മുടെ അൾത്താരയോടു മമതാബന്ധം പുലർത്താൻ കൂടുതൽ പ്രേരണ നൽകുന്നതാണ്.

സ്വർഗ്ഗീയ ഗാനത്തിന്റെ ഒരനുരണനം നമ്മുടെ അൾത്താരയ്ക്കു ചുറ്റും കേൾക്കുവാനിടയാക്കിയ ഫാ. ആബേലിന്റെ നിസ്തന്ദ്രപരിശ്രമങ്ങൾക്കു മുന്നിൽ ഭാവിതലമുറയ്ക്കുവേണ്ടി ഞാനൊരു പുഷ്പമഞ്ജരിയർപ്പിച്ചുകൊള്ളട്ടെ.

**(1969ൽ കുടുംബദീപം: ക്രിസ്മസ് പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയത്)**

marggam DIGITAL PUBLISHING

www.marggam.org

# കലകൾക്ക് ഒരു ഇന്ദ്രനഗരം

പ്രൊഫ. ജോസഫ് മറ്റം

കമനീയമായ കലാഭവന്റെ തിരുമുറ്റത്തു ഞാൻ നിന്നു. ഉത്തുംഗമനോഹരവും, ശില്പഭദ്രവുമായ ആ മണിമന്ദിരത്തിൽ കലയുടെ കമലദളങ്ങൾ വിടരുന്ന നേരമായിരുന്നു.

സപ്തസ്വരമധുരമായ സംഗീതം എന്റെ കാതുകളിൽ അമൃതം വർഷിക്കുന്നതു ഞാനറിഞ്ഞു. തളയും വളയും കിലുങ്ങുമാറങ്ങിളകീടും പദപാണി താളമേളം ഞാൻ കേട്ടു. ലളിതവും മനോഭിരാമവുമായ നടനം ഞാൻ കണ്ടു. നൃത്തനൃത്ത്യങ്ങളുടെ അപൂർവ്വമുഹൂർത്തം. ഹാർമ്മോണിയം, വയലിൻ, ഗിത്താർ, വീണ, ഫ്ളൂട്ട്, മൃദംഗവും തബലയും, തപ്പുകളും മദ്ദളങ്ങളും, വീണകളും കിന്നരങ്ങളും എല്ലാം ഒരേസമയം വിവിധസ്വരങ്ങളിൽ സ്വരൈക്യത്തിൽ, താളമേളങ്ങളിൽ. കലയുടെ നന്ദനാരാമം. ഇന്ദ്രപുരി, ഒരു മായികസ്വപ്നം പോലെ എൻ കൺമുന്നിൽ. ആ അത്ഭുത പ്രപഞ്ചത്തിലേയ്ക്കു കാലുകുത്താൻ, അനുഭൂതികളുടെ അനശ്വരനിമിഷങ്ങൾക്കു സാക്ഷ്യം വഹിക്കാൻ, എനിക്ക് ആവേശമായി.

പലദിശകളിൽ നിന്നൊഴുകിയെത്തുന്ന മാധുര്യം ആസ്വദിച്ചുകൊണ്ടു ഞാൻ ചോദിച്ചു. "ഇന്നെന്താണിവിടെ വിശേഷം? വല്ല കലാമത്സരങ്ങളുമുണ്ടോ?'

ആരെയും വശീകരിക്കുന്ന മന്ദഹാസത്തോടെ കലാഭവന്റെ സ്ഥാപകനും നിയന്താവും സംരക്ഷകനുമായ ഫാ. ആബേൽ പറഞ്ഞു "ഇവിടെ എന്നും ഇങ്ങനെയാണ്.' "ഇന്ന് അവധി ദിവസമല്ലേ?' അദ്ദേഹം അനുസ്മരിപ്പിച്ചു. "അവധി ദിവസങ്ങളിലെല്ലാം ഇങ്ങനെയാണിവിടെ. രാവിലെ മുതൽ ക്ലാസ്സുകൾ ആരംഭിക്കുകയായി. പല നിലകളിൽ, പലമുറികളിൽ, പല ക്ലാസ്സുകൾ'.

"കലാഭവനിൽ ആദ്യം വരികയാണോ?" അദ്ദേഹം അന്വേഷിച്ചു.

"ഇവിടെ ആദ്യമാണ്. പത്തുപതിനാലു കൊല്ലം മുമ്പ് ഒരു ദിവസം ബ്രോഡ്‌വേയിലെ ആ ചെറിയ കെട്ടിടത്തിൽ വന്നിട്ടുണ്ട്, ഞാൻ'.

"അതൊക്കെ പഴയ കഥകൾ; കലാഭവന്റെ ആരംഭകാലകഥകൾ. പതിനാലു കൊല്ലം കൊണ്ടു കലാഭവനു കൈവന്ന വളർച്ച കാണണ്ടേ? വരു.' അദ്ദേഹം എന്നെ ക്ഷണിച്ചു.

## രാഗസഞ്ജീവനി

കലയ്ക്കുവേണ്ടി ആത്മസർപ്പണം ചെയ്ത, കലാസപര്യയിൽ നിന്നു സംലബ്ധമാകുന്ന ഈശ്വരാനുഭവമല്ലാതെ മറ്റൊരു പാരിതോഷികവും വേണ്ടാത്ത, സംഗീതത്തിന്റെ നിത്യകാമുകനായ ആ വന്ദ്യതാപസന്റെ പിന്നാലെ നടക്കുമ്പോൾ എന്റെ ആത്മാവിൽ മുഴങ്ങുന്നുണ്ടായിരുന്നു, പ്രസിദ്ധമായ ഒരു ഗാനത്തിന്റെ ഈരടി. ഫാ. ആബേലിന്റെ അനുഗൃഹീത തൂലികയിൽ നിന്ന് ഒഴുകിവീണ "ഈശ്വരനെത്തേടി ഞാൻ നടന്നു' എന്ന പ്രസിദ്ധമായ ഗാനം. അസ്തിത്വദുഃഖത്തിലും, ആശാഭംഗങ്ങളിലും, മായാമോഹങ്ങളിലും കുടുങ്ങിക്കിടക്കുന്നവർക്കു സമാശ്വാസം പ്രദാനം ചെയ്യുന്ന രാഗസഞ്ജീവനി. വിശ്വകലാകാരനായ സർവ്വേശ്വരന്റെ പാദമുദ്രകൾ തേടി അലയുകയാണല്ലോ എല്ലാവരും. പുല്ലിലും പൂവിലും, മഞ്ഞുതുള്ളിയിലും മഹാർണ്ണവത്തിലും, നിഴലിലും നിലാവിലും, ഈ പ്രപഞ്ചത്തിലെ സുന്ദരവസ്തുക്കളിലാകെ നിറഞ്ഞു നിൽക്കുന്ന ഈശ്വര ചൈതന്യം തേടി, കണ്ടിട്ടും കണ്ടില്ലെന്നു നടിച്ച്, അറിഞ്ഞിട്ടും, അനുഭവിച്ചിട്ടും, ആസ്വദിച്ചിട്ടും ആ സത്യം അംഗീകരിക്കാൻ വിസമ്മതിച്ച് സന്ദേഹനിബിഡമായ അന്ധകാരത്തിൽ, അന്ധതയിൽ, അലയുന്ന നമ്മൾ.

കലകളുടെ ശ്രീകോവിലിലേയ്ക്ക് അദ്ദേഹം എന്നെ ക്ഷണിച്ചു. അദ്ദേഹം, ഫാ. ആബേൽ സി.എം.ഐ. കാൽ നൂറ്റാണ്ടിനപ്പുറം, മനസ്സിൽ മധുരഗാനങ്ങളും, സിരകളിൽ സംഗീതവുമായി ദീപികയുടെ കൊച്ചേട്ടനെന്ന നിലയിൽ അനേകായിരം ബാലികാബാലന്മാരുടെ ആരാധനാപാത്രമായി വിരാജിച്ചിരുന്ന യുവതാപസൻ. 1955-മുതൽ എനിക്കദ്ദേഹത്തെ അറിയാം. അദ്ദേഹത്തിന് എന്നും പൂക്കാലമായിരുന്നു. കാറ്റുവന്നൊന്നു തൊട്ടാൽ ചുറ്റും പൂമഴപെയ്യുന്ന മലവാക പോലെ, ശൈശവമധുരമായ പെരുമാറ്റംകൊണ്ടും, ഹൃദ്യമായ പുഞ്ചിരികൊണ്ടും എല്ലാവരുടെയും മനം കവരുന്ന ഫാ. ആബേൽ. "പൂക്കാലം' എന്ന ഒരേ ഒരു



C M I LIBRARY

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൃതികൊണ്ടു മലയാളകാവ്യ ലോകത്തിൽ ശാശ്വത പ്രതിഷ്ഠ നേടിയ കവി. ചാവറ കുര്യാക്കോസ് അച്ചന്റെയും, ലേത്തൂസച്ചന്റെയും അനുഗൃഹീതമായ കാവ്യപാരമ്പര്യത്തിൽ സി.എം.ഐ.സഭയുടെ നടുമുറ്റത്തു പൂക്കളം തീർത്തകലാകാരൻ.

"പാടും പൂമാനിരുമടങ്ങു ജപിക്കയത്രേ' എന്ന മഹദ്വചനം അന്വർത്ഥമാക്കുമാറ് സംഗീതത്തിലൂടെ സർവ്വേശ്വരനു സ്തോത്രകാഴ്ചകൾ അർപ്പിക്കുന്ന യതീന്ദ്രൻ.

## സർഗ്ഗമുഖങ്ങൾ

കലാഭവന്റെ സർഗ്ഗമുഖങ്ങളെല്ലാം ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം ആ വളർച്ചയുടെ കഥകൾ വിവരിച്ചു.

1969-ൽ എറണാകുളം ബ്രോഡ്‌വേയിൽ വളരെ വിനീതമായ നിലയിൽ ആരംഭിച്ച കലാഭവന് നാലു നിലയിൽ ഒരു സർവ്വകലാഭവനമായി, സുന്ദരകലകളുടെ സർവ്വകലാശാലയായി വളരാൻ വേണ്ടി വന്നതു വെറും ആറുവർഷം മാത്രം. അഭിവന്ദ്യകർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടെ "ക്രിസ്റ്റ്യൻ ആർട്ട്സ് ക്ലബ്" തുടങ്ങുമ്പോൾ ക്രൈസ്തവരുടെ ആരാധനാലയങ്ങളിലെ തിരുക്കർമ്മങ്ങൾക്കും മറ്റുഭക്ത്യാനുഷ്ഠാനങ്ങൾക്കും വേണ്ട ഗാനങ്ങൾ രചിക്കുകയായിരുന്നു ആബേലച്ചന്റെ ഉന്നം. സീറോ-മലബാർ റീത്തിലെ മലയാളം കുർബാനയ്ക്കും, വിവാഹം തുടങ്ങിയ മറ്റു ചടങ്ങുകൾക്കും വേണ്ട ഗാനങ്ങൾ ആബേലച്ചന്റെ തൂലികയിൽ ജന്മം കൊണ്ടിരുന്ന കാലം.

"ആദിയിലഖിലേശൻ
നരനെ സൃഷ്ടിച്ചു

അവനൊരു സഖിയുണ്ടായ്,
അവനൊരു തുണയുണ്ടായ്"

എന്നാരംഭിക്കുന്ന കല്യാണപ്പാട്ടും, "മങ്ങിയൊരന്തിവെളിച്ചത്തിൽ ചെന്തീപോലൊരു മാലാഖാ, വിണ്ണിൽ നിന്നെൻ മരണത്തിൻ സന്ദേശവുമായ് വന്നരികിൽ' എന്നു തുടങ്ങുന്ന മൃതസംസ്ക്കാരവിലാപയാത്രയിലെ ശോകരസം മുറ്റി നില്ക്കുന്ന പാട്ടും എഴുതി കേരളത്തിലെങ്ങും പ്രശസ്തനായിത്തീർന്ന ഫാ. ആബേലിനു വേദിയൊരുക്കിയത് ബ്രോഡ്‌വേയിലെ ആ ചെറു "ഭവന"മായിരുന്നു. ആബേലച്ചന്റെ ഗാനങ്ങൾ കേരളത്തിലെങ്ങും പ്രചരിച്ചു. കൊച്ചിയിലേയും, പരിസരങ്ങളിലേയും കലോപാസകരായ ചെറുപ്പക്കാർ അദ്ദേഹത്തെ തേടിയെത്തി. "ക്രിസ്റ്റ്യൻ ആർട്ട്സ് ക്ലബ്" രൂപീകൃതമാവുന്നതിനു പിന്നെ അധികദിവസം വേണ്ടി വന്നില്ല.

## പതിനായിരത്തിനപ്പുറം

ഒരു വർഷത്തിനുള്ളിൽ "ക്രിസ്റ്റ്യൻ ആർട്ട്സ് ക്ലബ്' കലാഭവനായി രൂപാന്തരം പ്രാപിച്ചു. ബ്രോഡ്‌വേ കുറേക്കൂടി വിസ്തൃതമായി. രണ്ടു വയലിനും ഒരു ഹാർമ്മോണിയവും ആറു വിദ്യാർത്ഥികളെയും കൊണ്ടു ആബേലച്ചൻ തുടക്കം കുറിച്ച കലാഭവനിൽ ക്രമേണ സംഗീതോപകരണങ്ങൾ പെരുകി. വിദ്യാർത്ഥികൾ വർദ്ധിച്ചു. അതിനനുസരിച്ച് അദ്ധ്യാപകരുടെ എണ്ണവും ഏറി. ഒൻപതിനായിരത്തി അഞ്ഞൂറോളം യുവകലാകാരന്മാരും, കലാകാരികളും കലാഭവനിൽ നിന്ന് ആടിയും, പാടിയും പുറത്തിറങ്ങിയിട്ടുണ്ട് ഇതിനകം. ആയിരത്തോളം വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ വിവിധ വിഷയങ്ങൾ അഭ്യസിച്ചുകൊണ്ടിരിക്കുന്നു. വായ്പാട്ട്, ലളിതഗാനം, ഹാർമ്മോണിയം, ഓർഗൻ, വീണ, സിത്താർ, ഗിത്താർ, ബോംഗോസ്, കോംഗോസ്, വയലിൻ, ഫ്ളൂട്ട്, മൃദംഗം, ഡാൻസ്, ഡ്രാമ, പെയിന്റിംഗ് ...... എല്ലാം ഇവിടെ ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്നു. പേരു വ്യഞ്ജിപ്പിക്കുന്നതുപോലെ കലകളുടെ വാസഗ്രഹമാണു കലാഭവൻ. പ്രഗത്ഭമതികളായ, കലകൾക്കു വേണ്ടി സർവ്വവും സമർപ്പിച്ച മുപ്പതിലേറെ അദ്ധ്യാപകർ ഇവിടെ കലോപാസകർക്കു പരിശീലനം നല്കുന്നു. ഒരേസമയം പല വേദികളിൽ നടത്തപ്പെടുന്ന പലയിനം മത്സരങ്ങൾപോലെ കലാഭവന്റെ നാലുനിലയിലെ മുപ്പതിൽപ്പരം മുറികളിൽ നിന്ന് ഒരേ സമയം വീണയും, മൃദംഗവും, വയലിനും, ഗിത്താറും, തരിവളകളും, മണിച്ചിലമ്പുകളും, ചിലങ്കകളും, നൂപരങ്ങളും പൊട്ടിച്ചിരിക്കുന്നു.

## രജനീഗന്ധികൾ

എറണാകുളം ടൗൺഹാളിനു സമീപം അതിരൂപതവക പതിനൊന്നു സെന്റു സ്ഥലത്തു പണിയിക്കപ്പെട്ട ഇപ്പോഴത്തെ "കലാഭവൻ" മന്ദിരം നാലുനിലയിൽ

ഇതൾവിരിഞ്ഞു നിൽക്കുന്ന സ്വപ്നസൗധം. 1974-ലാണ് കലോപാസകർക്കു തുറന്നുകൊടുക്കപ്പെട്ടത്. ഇക്കഴിഞ്ഞ പന്ത്രണ്ടുവർഷത്തിനുള്ളിൽ ഈ കലാഭവന്റെ തിരുമുറ്റത്ത് ആടിയും പാടിയും പരിശീലനം നേടി ശലഭങ്ങളായി വന്നു കലകളുടെ കമനീയാരാമങ്ങളിലേയ്ക്കു ചിത്രശലഭങ്ങളായി പറന്നുപോയവർ എത്രയാണെന്നോ? ഒൻപതിനായിരത്തി അഞ്ഞൂറ്. സുജാത, ജെൻസി, ഷക്കീല, ടെൽമ തുടങ്ങിയ ജാനകിമാർ, മാധുരിമാർ, മഞ്ജുഭാഷിണികൾ, മധുരഭാഷിണികൾ, ജോളി എബ്രഹാം, ജോണി, വില്യംസ്, ഇബ്രാഹിം തുടങ്ങിയ യേശുദാസുമാർ, ഗന്ധർവ്വഗായകർ. കലാഭവനത്തിലും, കൊച്ചിനഗരത്തിലെ വർണ്ണമനോഹരമായ വേദികളിലും ഇവരൊരുക്കിയ സംഗീതസായാഹ്നങ്ങൾ, ഗാനനൃത്തരാവുകൾ, ഇവർ ഇതൾ വിടർത്തിയ രജനീഗന്ധികൾ, കല്യാണസൗഗന്ധികങ്ങൾ ഇന്നും കൊച്ചിയിലെ കലാകാരന്മാരുടെ ഓർമ്മകളിൽ പരിമളം വിതറിനിൽക്കുന്നു.

ലോകത്തിൽ ഏറ്റവും കൂടുതൽ മഴപെയ്യുന്ന സ്ഥലമാണത്രെ ചിറാപ്പുഞ്ചി. കേരളത്തിൽ എന്നും സംഗീതവർഷമുള്ള സ്ഥലമാണു കൊച്ചിയിലെ കലാഭവൻ. പഠിക്കുന്നവരുടെ, പഠിപ്പിക്കുന്നവരുടെ, ഗാനം, സംഗീതം, നൃത്തം, ദക്ഷിണേന്ത്യയിലെ ഏറ്റവും നല്ല ഗാനമേളാസംഘം കലാഭവന്റേതാണ്. റാഫിജോസ്, മെഹബൂബ്, ജോളി എബ്രഹാം, ജെൻസി, സംഗീത എന്നിവർ ഒരുക്കുന്ന സംഗീതരാവുകൾ ...... യേശുദാസ്, വാണിജയറാം, ജാനകി തുടങ്ങിയവർ നൽകുന്ന നിർല്ലോഭമായ സഹകരണം.

ശ്രീ. കെ.കെ. ആന്റണി സംവിധാനം ചെയ്ത ഗാനങ്ങളിൽ 200 എണ്ണം റിക്കാർഡു ചെയ്യപ്പെട്ടു. സ്വന്തമായി ഒരു റിക്കാർഡിംഗ് സ്റ്റുഡിയോ സജ്ജീകരിക്കാനും കുറേയേറെ കാസറ്റുകൾ വിപണിയിലിറക്കാനും കലാഭവനു കഴിഞ്ഞിട്ടുണ്ട്. ആകാശവാണിയും, വിവിധഭാരതിയും, സിലോൺ റേഡിയോയും കലാഭവൻ ഗാനങ്ങൾ പലപ്പോഴും പ്രക്ഷേപണം ചെയ്യാറുണ്ട്.

ഇരുപത്തഞ്ചു കലാകാരന്മാരടങ്ങിയ ഒരു സംഘമാണു "കലാഭവൻ ഓർക്കസ്ട്രാ'. ഇതിനോടകം ഇന്ത്യയിൽ പലനഗരങ്ങളിലും, കാനഡയിലും, അമേരിക്കയിലും, ഗൾഫു രാജ്യങ്ങളിലും പര്യടനം നടത്തി ഗാനമേളകൾ അവതരിപ്പിക്കാൻ ഈ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്.

പുതിയൊരു വിനോദകലാരൂപമാണല്ലോ മിമിക്രി. കലാഭവനുമുണ്ട് ഒരു മിമിക്രി സംഘം. ആഴ്ചയിൽ രണ്ടു മൂന്നു പരിപാടികൾ വീതം അവതരിപ്പിക്കുവാൻ അവസരം കിട്ടുന്നുണ്ട് കലാഭവന്റെ പ്രസിദ്ധമായ മിമിക്രി ട്രൂപ്പിന്. രണ്ടരമണിക്കൂർ എല്ലാം മറന്നു ചിരിക്കണമെന്നുള്ളവർക്ക് വിഭവസമൃദ്ധമായ ഒരു "ചിരിവിരുന്നു' തന്നെയാണ് ഈ മിമിക്സ് പരേഡ് പ്രദാനം ചെയ്യുന്നത്.

## കലാഭവൻ തിയേറ്റേഴ്സ്

1972-ൽ "വിൻസെന്റ് ഡി പോൾ' എന്ന നാടകവുമായി പ്രൊഫഷണൽ നാടകരംഗത്തു പദമൂന്നിയ കലാഭവൻ നാലഞ്ചു നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സംഗീതമോ നൃത്തമോ ഇല്ലാത്ത ഒരു പരീക്ഷണനാടകമായിരുന്നു പിന്നത്തേത്. യശശ്ശരീരനായ ശ്രീ. പി.ജെ. ആന്റണി സംവിധാനം ചെയ്ത "അന്തിച്ചുവപ്പ്' തുടർന്നു വേദം, യാത്ര എന്നിവ അവതരിപ്പിക്കപ്പെട്ടു.

"കുഞ്ഞിക്കൈകൾ' എന്ന ബാലചിത്രത്തോടെ സിനിമാരംഗത്തും കലാഭവൻ കടന്നുവന്നു. പി.ജെ. ആന്റണിയും, മങ്കട രവിവർമ്മയും ആയിരുന്നു ഇതിന്റെ മുഖ്യശിൽപ്പികൾ.

1973-ൽ ആരംഭിച്ച "തിയേറ്റർ സ്കൂൾ' നാടകരംഗത്തു പ്രായോഗിക പരിശീലനം നല്കുന്നു. സി.എൻ. ശ്രീകണ്ഠൻ നായർ, ജി. ശങ്കരപ്പിള്ള, പി.ജെ. ആന്റണി, അയ്യപ്പപ്പണിക്കർ തുടങ്ങി നാടകരംഗത്തെ അതികായന്മാർ പലരും ഈ സ്കൂളുമായി സഹകരിച്ചിട്ടുണ്ട്. അഭിനയം, സംവിധാനം, ദീപാലങ്കാരം, മേയ്ക്കപ്പ് തുടങ്ങിയവയിലാണ് പ്രധാനമായും ഇവിടെ പരിശീലനം നല്കുക.

## സംഗീതത്തിന്റെ തേൻമഴ

എല്ലാ വർഷവും കലാഭവൻ അവതരിപ്പിക്കുന്ന "മ്യൂസിക്കേൽ' സംഗീതത്തിന്റെ തോരാമഴ തന്നെയാണ്. എറണാകുളം നഗരവാസികളെ സംബന്ധിച്ചി

marggam
DIGITAL PUBLISHING

www.marggam.org



ടത്തോളം അന്നു രാവെളുപ്പോളം കൊച്ചിയിൽ സംഗീതത്തിന്റെ തേൻമഴ പെയ്യിക്കാൻ കലാഭവനു കഴിയുന്നു. 1970-ൽ യേശുദാസിന്റെ നേതൃത്വത്തിൽ ജാനകി, വസന്ത, ജയചന്ദ്രൻ എന്നിവർ ചേർന്ന് അവതരിപ്പിച്ച ആദ്യത്തെ "മ്യൂസിക്കേൽ' "കൊച്ചു കൊച്ചൊരു കൊച്ചിയ്ക്ക്' അതിമധുരമായ ഒരനുഭവം തന്നെയായിരുന്നു. അമ്പതോളം കലാകാരന്മാർ, അറുപതിൽപ്പരം ഉപകരണങ്ങൾ. ഇന്ദ്രനഗരം ഭുമിയിൽ താണിറങ്ങി വന്നാലെന്നോണം എറണാകുളം നഗരം അന്ന് അണിഞ്ഞൊരുങ്ങുകയാണ്. സംഗീതസദസ്സിലെ സ്വപ്നമരാളങ്ങൾ മേഞ്ഞുനടക്കുന്ന അമൃതപുളിനമായി മാറുകയാണ് കൊച്ചി.

കലാഭവനെപ്പോലുള്ള ഒരു സ്ഥാപനത്തിനു പത്തോ പതിനഞ്ചോ വർഷം പരിഗണനീയമായ ഒരു കാലയളവേ അല്ല. എങ്കിലും ഇക്കഴിഞ്ഞ പതിനഞ്ചു വർഷം കൊണ്ടു കലാഭവൻ നേടിയ നേട്ടങ്ങൾ അത്ഭുതകരം തന്നെ. ഒരു വ്യക്തിയുടെ ശ്രമഫലമായി, അർപ്പിതാത്മാക്കളായ ഏതാനും ചെറുപ്പക്കാരുടെ സഹകരണത്തിൽ ഇതുപോലൊരു മഹാപ്രസ്ഥാനം ഈ നിലയിൽ വളർന്നെത്തുക അസൂയയും, കുതികാൽവെട്ടും, കാപട്യവും, വഞ്ചനയുംകൊണ്ടു കുപ്രസിദ്ധമായ കേരളത്തിൽ ഒരു ഒറ്റപ്പെട്ട അനുഭവമത്രേ. കലാഭവൻ സുകുമാരകലകളുടെ കേളീഭവനമാണ്. എന്നും വസന്തശ്രീയിലാറാടി നില്ക്കുന്ന കലാകേദാരമാണ്; കലാരാമമാണ്. സ്വാതിതിരുനാളിനുപോലും ആണ്ടിലൊരു തവണയായിരുന്നു നവരാത്രിയാഘോഷം. കലാഭവനിൽ എന്നും നവരാത്രിയാണ്. അവിടെ ഓരോ രാഗവും അമൃതധാരയായി തുടിച്ചു നിൽക്കുന്നു. രാഗാലാപനങ്ങൾ, ചിലങ്കകളുടെ, മൃദംഗത്തിന്റെ, വയലിന്റെ, വീണയുടെ നാദപ്രവാഹം, കലാഭവനെ സ്വരരാഗങ്ങൾ കൊണ്ടു സ്വർഗ്ഗം ചമയ്ക്കുന്ന വാസ്തുശില്പമായി ഉയർത്തിയിരിക്കുന്നു. ഗോവിന്ദമാരാരും, പൊന്നയും, ചിന്നയ്യ മുതൽപേരും ചെയ്തതിലേറെ സേവനമാണ്, സംഗീതത്തിലെ വലിയ മനുഷ്യനായ ഫാ. ആബേൽ ഇന്നു ചെയ്തുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് ഉപാസിക്കാൻ ഒരു മന്ത്രമേയുള്ളു. അതിലന്തർഭവിച്ചിരിക്കുന്ന ആത്മസ്വരൂപം സർവ്വേശ്വരന്റേതാണ്. അതിന്റെ ശൈലിയാവട്ടെ, സംഗീതവും. ഈശ്വരോപാസനയ്ക്കു പുതിയ സംഗീതഭാവങ്ങളുടെ അചുംബിത മേഖലകൾ ആരായുന്ന ആബേലച്ചനും അദ്ദേഹത്തിന്റെ സ്വപ്നം യാഥാർത്ഥ്യമായി ഭവിച്ച കലാസൗധവും കേരളത്തിനു മാത്രമല്ല ദക്ഷിണേന്ത്യയ്ക്കാകെ ഒരു മുതൽക്കൂട്ടുതന്നെ.

കലാമയൂരങ്ങൾ പീലിവിടർത്തിയാടുന്ന കലാഭവനിലെ മുറികളിലെല്ലാം കയറിയിറങ്ങി, എല്ലാം കണ്ടും കേട്ടും, അനുഭവിച്ചും, രസിച്ചും, സമയമേറെയായിട്ടും വിമനസ്സായി പുറത്തേയ്ക്കു നടക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞു നിന്നത് ഗർഭശ്രീമാനായ സ്വാതിതിരുനാളിനെപ്പോലെ തനിക്കുള്ളതു മുഴുവൻ കലാകേരളത്തിനു കാഴ്ചവച്ച ഫാ. ആബേലിന്റെ രൂപമായിരുന്നു. ശബ്ദസ്വരൂപിണിയും, വചനസ്വരൂപിണിയുമായ കലാംഗനയെ തന്റെ കലാഭവനത്തിലെ ശ്രീകോവിലിൽ ശക്തിസ്വരുപിണിയായി ആവാഹിച്ചു കുടിയിരുത്തിയ മഹാമാന്ത്രികനായ ആബേലച്ചന്റെ മുഖം.

**(1985 ഒക്ടോബർ ലക്കം "വിമൻസ് മാഗസിനിൽ" നിന്ന്)**



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കലാഭവൻ എന്ന നന്ദനോദ്യാനം

ജോസഫ് വലിയതാഴത്ത്

ഒരായിരം വസന്തങ്ങൾ ഒരുമിച്ചു വിടർന്നു നിൽക്കുന്ന നന്ദനോദ്യാനമാണു കലാഭവൻ. ഗന്ധർവ്വകുമാരന്മാർ ഹൃദയതന്ത്രികളിൽ മീട്ടിയുണർത്തുന്ന രാഗലയങ്ങൾക്കു സാക്ഷി നിൽക്കുന്ന കലാക്ഷേത്രമാണത്. അപ്സരകന്യകകൾ നൃത്തമാടുന്ന ഇന്ദ്രസദസ്സിനെ അത് അനുസ്മരിപ്പിക്കുന്നു. വത്സരങ്ങളായി മധുരസ്മരണകളെ താലോലിക്കുന്ന ഈ കലാസൗധം അഭിമാനത്തിന്റെ സമ്മിശ്ര വികാരങ്ങളാണ് ആരിലും ഉളവാക്കുക. കലയെ സ്നേഹിക്കുകയും കലയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്ത ഉത്തിഷ്ഠമാനസരായ ഒരു കൂട്ടം കലാപ്രേമികളുടെ അത്യധ്വാനത്തിന്റെ ഫലമാണ് ഈ പ്രസ്ഥാനമെന്നു പറയാം. സംഗീതകേരളത്തിന്റെ ഏടുകളിൽ എഴുതിച്ചേർത്ത ഒരു പുതിയ അധ്യായംതന്നെ കലാഭവൻ. സുകുമാരകലകളുടെ ഈറ്റില്ലമായ ഈ ബഹുജനപ്രസ്ഥാനത്തിനു പിന്നിൽ ഇന്നു കലവറയില്ലാതെ അഹോരാത്രം പണിയെടുക്കുന്നവർ നിരവധിയാണ്. രണ്ടു ദശാബ്ദമായിട്ടില്ല ഈ പ്രസ്ഥാനം രൂപംകൊണ്ടിട്ട്. പക്ഷേ, ഒരു യുഗംകൊണ്ടു നേടാവുന്നത് ഇതിനകം നേടിക്കഴിഞ്ഞു. അങ്ങനെ അതു ദക്ഷിണേന്ത്യയുടെ സംഗീതനഭോമണ്ഡലത്തിൽ ഉദിച്ചുയർന്ന സ്വർണ്ണനക്ഷത്രമായിത്തീർന്നു. കലാലോകത്തു കലാഭവൻ കടന്നുചെല്ലാത്ത രംഗങ്ങളില്ല, കൈവയ്ക്കാത്ത പ്രസ്ഥാനങ്ങളില്ല, വിജയം വരിക്കാത്ത കർമ്മപരിപാടികളില്ല.

## വസന്തങ്ങളുടെ സ്വപ്നം

നിത്യവസന്ത സുരഭിലമായ ഈ ലതാഗൃഹത്തിൽ എത്രയെത്ര പാരിജാതങ്ങൾ പൂത്തുനിൽക്കുന്നു! ബാല്യദശകൾ പിന്നിട്ട് എത്രയെത്ര ചിത്രശലഭങ്ങൾ പറന്നുയർന്നു! പൂവിൽനിന്നു പൂവിലേയ്ക്കു പാടിപ്പറന്ന് എത്രയെത്ര പൂത്തുമ്പികൾ പരാഗണം നടത്തി! കലയുടെ ഈ സ്വർഗ്ഗീയകേദാരത്തിൽ എത്രയെത്ര കല്ഹാര പുഷ്പങ്ങൾ വിരിഞ്ഞു! സൗഗന്ധിക പുഷ്പങ്ങൾ പരിമളം പരത്തുന്ന ഈ നന്ദനോദ്യാനത്തിന്റെ സമീപത്ത് എത്രയെത്ര സരോവരങ്ങൾ രൂപംകൊണ്ടു! നളിനങ്ങൾ നയനങ്ങൾ തുറന്ന സരോവരങ്ങളിൽ രാജഹംസികൾ നീരാട്ടിനെത്തി! അവയുടെ അലൗകിക സൗന്ദര്യത്തിൽ മയങ്ങിപ്പോയ കിന്നരന്മാർ താളലയശ്രുതികളുതിർത്തു. കലാദേവത ഭാഗ്യം കൊടുത്തു കനിഞ്ഞനുഗ്രഹിച്ച ഈ കലാകാരന്മാരും കലാകാരികളുമാണു കലാഭവന്റെ ഇതഃപര്യന്തമുള്ള സമ്പാദ്യം.

എഴുപതുകളുടെ സാംസ്കാരിക മുന്നേറ്റങ്ങൾക്കു മുഴുവൻ അടിത്തറ പാകിയതു കലാഭവനാണെന്നു പറയാം. എളിയ നിലയിലായിരുന്നു തുടക്കമെങ്കിലും കുതിച്ചു പായുകയായിരുന്നു പിന്നീട്.

ഫാ. ആബേൽ ആരാധനാക്രമഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്ന കാലം. എറണാകുളത്തെ ബ്രോഡ്‌വേയിൽ ഒരു കൊച്ചുമുറിയിൽ രണ്ടു വയലിനും ഒരു ഹാർമ്മോണിയവും മൂന്നു കുട്ടികളും! താൻ രചിക്കുന്ന ഗാനങ്ങൾക്ക് ഈണം പകരാൻ ആബേലച്ചൻ സംഗീതവിദഗ്ധരുടെ സഹായം പ്രതീക്ഷിക്കുകയായിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പാറേക്കാട്ടിൽ അനുഗ്രഹാശിസ്സുകൾ നല്കി അദ്ദേഹത്തിനുവേണ്ട പ്രോത്സാഹനങ്ങൾക്കു വഴിയൊരുക്കി.

## കലാഭവൻ വളരുന്നു

ഫാ. ആബേലിന്റെ പരിഭാഷകളും ഗാനങ്ങളും വളരെ പെട്ടെന്നാണ് പ്രശസ്തിയിലേയ്ക്കുയർന്നത്. അതോടെ പെരുവഴിയിലെ മുറിയും വളർന്നു, ഉപകരണങ്ങൾ പെരുകി. യുവാക്കൾ ഇരച്ചു കയറി. കലാകാരന്മാർ കാത്തുനിന്നു. കൊച്ചിയിലെ നാനാതുറകളിലുമുള്ള കലാപ്രേമികളും, സഹൃദയരും അദ്ദേഹത്തെ നിർല്ലോപം സഹായിക്കാൻ മുന്നോട്ടു വന്നു.

1969 സെപ്തംബർ 3. അന്നാണു കലാഭവൻ ഒരു പ്രസ്ഥാനമായി രൂപം കൊണ്ടത്. ശ്രീ. എസ്. കൃഷ്ണകുമാറിന്റെ അദ്ധ്യക്ഷതയിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.ജെ.യേശുദാസ്, എമിൽ റെക്സ് സഹോദരൻമാർ തുടങ്ങിയ കലാകാരന്മാരുടെ ആദ്യകാലങ്ങളിലെ സഹകരണം കലാഭവന്റെ പ്രശസ്തിക്കു മാറ്റുകൂട്ടി. പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ ഫാ. ആബേൽ സർവാത്മനാ സന്നദ്ധനായിരുന്നു. സന്യാസവൈദികർ അധികമാരും കലയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞു വെച്ചിട്ടുള്ളതായി കേട്ടിട്ടില്ല. ഫാ. ആബേൽ ഇതിനൊരപവാദമാണ്. അദ്ദേഹം കലയെ

marggam DIGITAL PUBLISHING

www.marggam.org



സ്നേഹിച്ചു. കലാകാരന്മാരെ പ്രോത്സാഹിപ്പിച്ചു. സഹൃദയരെ സേവിച്ചു. ഫലമോ? ഒരു പ്രസ്ഥാനമെന്ന നിലയിൽ കലാഭവൻ നേട്ടങ്ങൾ വാരിക്കൂട്ടി.

## നഗരമദ്ധ്യത്തിൽ ഒരു ശില്പഗോപുരം

സ്വന്തമായൊരു കോവിൽ നിർമ്മിക്കുവാൻ കലാഭവന് ആറുവർഷത്തോളം കാത്തിരിക്കേണ്ടി വന്നു. 1974 ആഗസ്റ്റ് 15-ന് എറണാകുളം ടൗൺഹാളിനടുത്ത്, എറണാകുളം അതിരൂപതയുടെ വക പതിനൊന്നു സെന്റ് സ്ഥലത്ത് അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവ് കലാഭവൻ കെട്ടിടത്തിനു തറക്കല്ലിട്ടു. ആറുമാസം കൊണ്ടു താഴത്തെ നിലയിൽ കലാഭവൻ പ്രവർത്തനമാരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ മറ്റു നിലകളിലേയ്ക്കു കൂടി അക്കാദമിയുടെ പ്രവർത്തനങ്ങൾ വ്യാപിച്ചു. നാലാംനിലയിലുള്ള ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തത് 1978ലാണ്. കേന്ദ്ര ഗവൺമെന്റിന്റേയും, കേരള സംഗീത അക്കാദമികളുടേയും ധനസഹായവും സഹൃദയരായ നാട്ടുകാരുടെ ആത്മാർത്ഥമായ സഹകരണവുംകൊണ്ടാണ് ഇത്രയും സാധിച്ചതെന്നു പറയാം.

## അക്കാദമി

സുകുമാരകലകളുടെ യശസ്സുണർത്തിയ കലാഭവൻ കലയുടെ കലവറയാണ്. ആദ്യകാലങ്ങളിൽ സംഗീതത്തിനാണു കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്.

സംഗീതകലയിൽ താല്പര്യമുള്ള കലാകാരന്മാർക്കു വളരാനുള്ള എല്ലാവിധ സൗകര്യങ്ങളും ഇന്നു കലാഭവനിലുണ്ട്. സംഗീതസംബന്ധമായ എല്ലാ ശാഖകളിലും അധ്യാപനം നടത്തി വരുന്നു. ആയിരത്തിലേറെ വിദ്യാർത്ഥികൾ ഇവിടെ അധ്യയനം നടത്തുന്നു. ഇതേവരെ പതിമൂവായിരത്തോളം പേർ പഠനം പൂർത്തിയാക്കിയിട്ടുള്ളതായി കലാഭവൻ അക്കാദമിയുടെ രജിസ്റ്ററിൽ കാണുന്നു.

## ഗ്രാമഫോൺ റിക്കാർഡുകൾ

കലാഭവൻ റിക്കാർഡുകൾ ലോകപ്രസിദ്ധമാണ്. ജർമ്മനി, ഇറ്റലി, അമേരിക്ക, കാനഡ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ ഈ റിക്കാർഡുകൾക്കു പ്രചാരം വർദ്ധിച്ചുവരുന്നു. 1971-ലാണ് ആദ്യറിക്കാർഡു പുറത്തിറങ്ങിയത്. അതിനുശേഷം എത്രയോ ഗാനങ്ങൾ റിക്കാർഡു ചെയ്തുകഴിഞ്ഞു! യേശുദാസ്, എസ്. ജാനകി, വാണി ജയറാം, ബി.വസന്ത, ജോളി എബ്രഹാം, കെ.ജി. മർക്കോസ് തുടങ്ങിയവരാണ് പാടിയിരിക്കുന്നത്.

## റേഡിയോ പരിപാടികൾ

1970-ലാണു കലാഭവന്റെ ആദ്യത്തെ ഭക്തിഗാനപരിപാടി ഓൾ ഇൻഡ്യാ റേഡിയോ പ്രക്ഷേപണം ചെയ്തത്. തുടർന്ന് ഓരോ അർദ്ധവർഷത്തിലും പരിപാടികൾ നല്കിവരുന്നു. അതിനുപുറമേ കലാഭവന്റെ പ്രത്യേക പരിപാടികൾ റിക്കാർഡു ചെയ്യുവാൻ റേഡിയോസംഘം എറണാകുളത്ത് എത്താറുണ്ട്. കലാഭവൻ ഇതിനകം അവതരിപ്പിച്ച നിരവധി പരിപാടികൾ ഇടയ്ക്കിടെ റേഡിയോ പ്രക്ഷേപണം ചെയ്തു വരുന്നു.

## ചലച്ചിത്രരംഗത്തും

കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന കൊച്ചി നഗരത്തിന്റെ ഓമൽപ്പുത്രിയായ കലാഭവൻ സിനിമാരംഗത്തേയ്ക്കു കടന്നു വരുന്നതു "കുഞ്ഞിക്കൈകൾ' എന്ന ബാലചിത്രത്തിലൂടെയാണ്. പി.ജെ. ആന്റണി എഴുതി മങ്കട രവിവർമ്മ സംവിധാനം ചെയ്ത ഈ ചിത്രം സാങ്കേതികമായി ഉയർന്ന നിലവാരം പുലർത്തുന്നു.

## റിക്കാർഡിംഗ് സ്റ്റുഡിയോ



സൗണ്ട് എൻജിനീയർ സോബി ജോർജ്ജും അസിസ്റ്റന്റ് രഞ്ജിത്തും

കലാഭവന്റെ മറ്റൊരു ചിരകാല സ്വപ്നവും സാക്ഷാത്കൃതമായിരിക്കുന്നു- സൗണ്ട് റിക്കാർഡിംഗ് സ്റ്റുഡിയോ.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൊച്ചിയിൽ ആദ്യത്തെ റിക്കാർഡിംഗ് സ്റ്റുഡിയോയുടെ ഉടമയാകുവാൻ കലാഭവനു സാധിച്ചു. അനേക ലക്ഷം രൂപ ചെലവാക്കി പണിതിരിക്കുന്ന കലാഭവൻ റിക്കാർഡിംഗ് സ്റ്റുഡിയോ ശ്രീ. ഹരിയുടെ സഹകരണത്തോടെയാണ് ആദ്യം പ്രവർത്തിച്ചു കൊണ്ടിരുന്നത്. കലാഭവനിലെ വാസനാസമ്പന്നരായ കലാകാരന്മാർക്കു വളരുവാനുള്ള ഒരവസരവും, അവരുടെ അന്തസ്സിനും അഭിരുചിക്കും ഇണങ്ങിയ ജോലിയും റിക്കാർഡിംഗ് സ്റ്റുഡിയോ പ്രദാനം ചെയ്യുന്നു.

## തീയേറ്റർ സ്കൂൾ

ആദ്യകാലങ്ങളിൽ സംഗീതത്തിനു മുൻതൂക്കം കൊടുത്ത കലാഭവൻ പിന്നീട് നാടകകലയുടെ സർവ്വതോന്മുഖമായ പോഷണത്തിലേയ്ക്കും ശ്രദ്ധ തിരിച്ചു. അഭിനയപാടവമുള്ള കലാകാരന്മാർക്കുവേണ്ടി 1973-ൽ കലാഭവൻ ഒരു തീയേറ്റർ സ്കൂൾ ആരംഭിച്ചു. തുടർന്നു നാടകകലയിൽ അഭിരുചിയുള്ള കലാകാരന്മാർക്കു പ്രായോഗിക പരിശീലനം നല്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച നാടകക്കളരിയിൽ അനേകം പേർ പങ്കെടുത്തു.

1972ലാണ് കലാഭവൻ പ്രൊഫഷണൽ നാടകവേദിയുമായി ബന്ധപ്പെടുന്നത്. പി.ജെ. ആന്റണിയുടെ "അന്തിച്ചുവപ്പ് ഉൾപ്പെടെ നാലു നാടകങ്ങൾ വിജയപൂർവ്വം അവതരിപ്പിച്ച കലാഭവന് മലയാള നാടകരംഗത്ത് ഒരു പുതിയ നാടകശൈലിക്കു രൂപം കൊടുക്കുവാൻ കഴിഞ്ഞെങ്കിലും പിന്നീടത് തുടർന്നു കൊണ്ടുപോകാനായില്ല.

## മ്യൂസിക്കെയിൽ

കലാഭവൻ ഓരോ വർഷവും അവതരിപ്പിക്കുന്ന മ്യൂസിക്കെയിൽ സഹൃദയ ലോകത്തിന് ആഹ്ലാദകരമാണ്. കൊച്ചി നിവാസികൾക്ക് അന്ന് ഉത്സവമാണ്. കുമാരീകുമാരന്മാരും കുടുംബിനികളുമെല്ലാം ഉടുത്തൊരുങ്ങി പൊട്ടുതൊട്ടു നേരത്തേതന്നെ സ്ഥലത്തെത്തുകയായി. സംഗീതം അലയടിച്ചുയരുന്ന വീഥികളിൽ അന്നു മാത്രമാണു നാഗകന്യകമാർ നൃത്തം വെയ്ക്കുക.

71-ലാണ് ആദ്യത്തെ മ്യൂസിക്കെയിൽ നടന്നത്. ഗാനഗന്ധർവ്വനായ യേശുദാസിന്റെ നേതൃത്വത്തിൽ വസന്ത, ജാനകി, ജയചന്ദ്രന്മാർ കലാഭവന് അകമ്പടി സേവിച്ച സംഗീത വിരുന്ന്. സംഗീത കേരളം മുഴുവൻ അന്ന് അതിൽ പങ്കു കൊണ്ടു. കൊച്ചിനഗരം ഇതുപോലൊരു കലാമേള കണ്ടിട്ടില്ല. അൻപതോളം കലാകാരന്മാർ, അറുപതിൽപരം സംഗീതോപകരണങ്ങൾ, നാദബ്രഹ്മത്തിന്റെ മന്ത്രധ്വനിയിൽ മുങ്ങിപ്പോയ നഗരം ശ്വാസമടക്കിനിന്നു. വേണുഗാനം കേട്ടുനിന്നുപോയ വൃന്ദാവനത്തിലെ മാൻപേടകളെപ്പോലെ. സാക്ഷാൽ നാരദമുനിപോലും അത്ഭുതംകൂറിയ ഈ മ്യൂസിക്കെയിലിന്റെ തുടർച്ചയാണു കലാഭവന്റെ വാർഷിക സംഗീതമേളകൾ. കലാപ്രേമികളെ പാലമൃതൂട്ടുന്ന ഈ സംഗീതവിരുന്നുകൾ വിക്രമാദിത്യ ചക്രവർത്തിയുടെ സപ്തരത്നം കവിസദസ്സുകളെ അനുസ്മരിപ്പിക്കുന്നു. 72-ലെ ബൈബിൾ ഗാനമേളയും 75-ലെ വനിതാ കലോത്സവവും ശ്രദ്ധേയമായി. 76-ലെ ക്രിസ്തുമസ് പരിപാടികൾ പുതുമയുണർത്തി.

## വാർഷിക മത്സരങ്ങൾ

ശ്രീ. എം.കെ.കെ. നായരുടെ നിർദ്ദേശാനുസരണം നവരാത്രിയോടനുബന്ധിച്ചു കലാഭവൻ നടത്തുന്ന വാർഷിക മത്സരപരിപാടി കേരളത്തിലെ മുഴുവൻ സ്കൂളുകളേയും പ്രബുദ്ധമാക്കുന്ന ഒരു മഹോത്സവമായി മാറിയിരിക്കുന്നു. പെയിന്റിംഗ്, സംഗീതം, പ്രസംഗം, പ്രച്ഛന്നവേഷം, മോണോ ആക്ട്, കഥാരചന, ഉപകരണസംഗീതം, കൈയെഴുത്ത്, കഥാകഥനം, നൃത്തം എന്നിവയിലാണ് മത്സരങ്ങൾ നടത്തുക. കലാഭവന്റെ വാർഷികസമ്മേളനത്തിന്റെ വർണ്ണശബളമായ ചടങ്ങിൽവെച്ച് ഓരോ വർഷവും മത്സരവിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്യപ്പെടുന്നു. 1979-ൽ മിസിസ് കെ.എം. മാത്യുവും, 1978-ൽ ഉർവ്വശി ശാരദയും, 1977-ൽ ഷീലയും, 1980-ൽ സോമനുമാണ് ആ കർമ്മം നിർവ്വഹിച്ചത്.

റോളിംഗ് ട്രോഫികൾ സംഭാവന ചെയ്തിരിക്കുന്നതു താഴെ പറയുന്നവരാണ്.

(1) കൊച്ചിൻ കോർപ്പറേഷൻ (2) മലബാർ ഫ്രൂട്ട് പ്രോഡക്ട്സ് (3) വിജയാ മൂവീസ് (4) എം.കെ.കെ. മൂപ്പൻ (5) മഠത്തിപ്പറമ്പൻ (6) ലയൺസ് ലേഡീസ് ക്ലബ്.

കൂടാതെ കലാഭവന്റെ ആയുഷ്ക്കാല മെമ്പറായിരുന്ന ജയന്റെ സ്മരണയ്ക്കായി വിജയാ മൂവീസ് അഭിനയത്തിന് ഒരു പ്രത്യേക ട്രോഫിയും സംഭാവന ചെയ്തിട്ടുണ്ട്.

## ഗാനമേള

സംഗീതം പെയ്യുന്ന സുന്ദരരാത്രികളുടെ ഓർമ്മയുണർത്തുന്ന കലാഭവന്റെ ഗാനമേളകൾ ഇൻഡ്യയിലെങ്ങും പ്രസിദ്ധമാണ്. കേരളത്തിനകത്തും പുറത്തും പോയി പ്രതിവർഷം ഇരുന്നൂറോളം സ്റ്റേജുകളിൽ പരിപാടികൾ അവതരിപ്പിച്ചു വരുന്ന കലാഭവൻ ദക്ഷിണേന്ത്യയിലെ പ്രമുഖ ഗാനമേള സംഘങ്ങളിലൊന്നാണ്. കലാഭവൻ പ്രധാനമായും ഇന്നു പുറത്തറിയപ്പെടുന്നതു ഗാനമേളകളിലൂടെയാണ്. മികച്ച ഉപകരണസംഗീതജ്ഞരും, ശക്തരായ ഗായകരും കലാഭവൻ ഗാനമേളയെ അദ്വിതീയമാക്കുന്നു.

## മ്യൂസിക്കേൽ സെൻസേഷൻ

എഴുപതുകളിൽ ശ്രാവ്യപ്രധാനമായിരുന്ന കലാഭവൻ ഗാനമേളകളെ എൺപതുകളിൽ ദൃശ്യപ്രധാനം കൂടിയാക്കി മാറ്റി. സംഗീത തരംഗങ്ങളെ പ്രകാശരേണുക്കളുമായി കൂട്ടിയിണക്കി വേദിയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന "മ്യൂസിക്കൽ സെൻസേഷ'നിലൂടെയാണ് അതു സാധിച്ചിരുന്നത്. അൾട്രാവയലറ്റു രശ്മികൾ തീർക്കുന്ന മങ്ങിയ വെളിച്ചത്തിൽ പാശ്ചാത്യ പൗരസ്ത്യ സംഗീതോപകരണങ്ങൾ ഉയർത്തുന്ന സുന്ദരമായ ടൈറ്റിൽ മ്യൂസിക്ക് അവസാനിക്കുമ്പോൾ രംഗവും വേദിയും ഒരുപോലെ പൂർണ്ണപ്രകാശത്തിൽ മുങ്ങുന്നു. ഒരു പ്രത്യേകാനുഭൂതിയിൽ ശ്രോതാക്കൾ ലയിച്ചു ചേരുന്നതോടെ അകലങ്ങളിൽ നിന്ന് ആഞ്ഞടിക്കുന്ന ചുവന്ന പ്രകാശബിന്ദുവിന്റെ മുന്നിൽ നിന്നുകൊണ്ടു കലാഭവന്റെ പ്രശസ്തഗായകർ വൈവിധ്യം നിറഞ്ഞ മധുരഗാനങ്ങൾ ആലപിച്ചു തുടങ്ങുന്നു. മഞ്ഞയും, നീലയും, ചുവപ്പും, പച്ചയും നിറങ്ങൾ ഒന്നിനു പിറകേ ഒന്നായി സ്റ്റേജിൽ മാന്ത്രികനൃത്തം ചവിട്ടുമ്പോൾ അതിനൊത്തു ശ്രോതാക്കളെ സജീവമായി പങ്കെടുപ്പിക്കുവാൻ സാധിക്കുന്നതു ഗായകരുടെ ഒരു പ്രത്യേക നേട്ടമായി കരുതപ്പെടുന്നു.

## റാഫിനൈറ്റ്

1980 ജൂലൈ 31-ാം തീയതി ആ ഗാനപരമ്പര നിലച്ചു. അനശ്വര ഗായകൻ മുഹമ്മദു റാഫി അൻപത്താറാം വയസ്സിൽ മരണത്തിന്റെ തണുത്ത താഴ്വാരത്തിലേയ്ക്കു വഴുതി വീണു. പ്രശസ്തിയുടെ പടവുകൾ പതുക്കെപ്പതുക്കെ ചവിട്ടിക്കയറി സംഗീതസാമ്രാജ്യം മുഴുവനും കീഴടക്കിയ റാഫി ആകെ ഇരുപത്താറായിരം ഗാനങ്ങളാണ് ആലപിച്ചിട്ടുള്ളത്. ഒരു പുരുഷായുസ്സിനു സൃഷ്ടിക്കാവുന്നതിൽ ഏറ്റവും വലിയ റിക്കാർഡ്.

ഇരുപത്താറായിരം ഗാനങ്ങളിൽനിന്നു ഇരുപത്തിയാറു ഹിറ്റുകൾ തെരഞ്ഞെടുത്ത് അത്യാധുനിക സംഗീതോപകരണങ്ങളുടെയും അൾട്രാ വയലറ്റു വെളിച്ചത്തിന്റെയും, റിവോൾവിംഗ് കളർകാസറ്റുകളുടെയും മറ്റും പശ്ചാത്തലത്തിൽ കലാഭവൻ അവതരിപ്പിച്ച ഒരു പ്രത്യേക പരിപാടിയാണു റാഫിനൈറ്റ്.

മുഹമ്മദുറാഫിയുടെ സ്മരണ നിലനിർത്തുവാൻ റാഫിയുടെ പേരിൽ കലാഭവൻ ഒരു എൻഡോവ്മെന്റും ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും മത്സരം നടത്തി വിജയികൾക്കു സമ്മാനം നൽകി വരുന്നു.

## മിമിക്സ് പരേഡ്

മ്യൂസിക്കേൽ സെൻസേഷൻസ്, റാഫിനൈറ്റ്, ഡ്രംസ് ഓഫ് ഡെസ്റ്റിനി തുടങ്ങിയ പരീക്ഷണങ്ങളിലൂടെ സംഗീതരംഗത്തു നൂതനാനുഭൂതികൾ വിതറിക്കൊണ്ടു വിജയപൂർവ്വം മുന്നേറുന്ന കലാഭവൻ 1979-ൽ കലാകേരളത്തിനു കാഴ്ചവച്ച ഏറ്റവും പുതിയ കലാവിരുന്നാണു മിമിക്സ് പരേഡ്. അഭിനയത്തിന്റെയും, ശബ്ദഭാവാനുകരണത്തിന്റെയും മേഖലകളിൽ പുതിയ മാനങ്ങൾ കണ്ടെത്തുവാൻ ശ്രമിക്കയാണ് ഈ പരിപാടിയിലൂടെ കലാഭവൻ. ശബ്ദാനുകരണവും, ഭാവാഭിനയവും ഒരു കലയുടെ രണ്ടുമുഖങ്ങളാണെങ്കിലും, ഇവ രണ്ടും ഇന്നു രണ്ടു വ്യത്യസ്തദിശകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. ഈ അപാകത പരിഹരിച്ചുകൊണ്ട് അഭിനയത്തിന്റെ അവിഭാജ്യഘടകമായ ശബ്ദത്തെ അതുമായി കൂട്ടി യോജിപ്പിച്ച് ഒരു മുഴുനീള ഹാസ്യമേള അവതരിപ്പിക്കയാണു കലാഭവൻ. വിവിധവർഷങ്ങളിൽ മോണോ ആക്ടിനും, മിമിക്രിക്കും കേരള, കാലിക്കട്ടു യൂണിവേഴ്സിറ്റികളുടെ അവാർഡു നേടിയിട്ടുള്ള ആറു യുവ പ്രതിഭകളെ കണ്ടുപിടിച്ച് ഒരേ വേദിയിൽ അണിനിരത്തുന്നു. അവരുടെ ജൈത്രയാത്രയാണ് മിമിക്സ് പരേഡ്. ●

**(1979-ലെ കലാഭവൻ സ്മരണികയിൽ നിന്ന്)**

marggam DIGITAL PUBLISHING

www.marggam.org



# കത്തോലിക്കാ സഭയും ബഹു. ആബേലച്ചന്റെ അതുല്യസംഭാവനകളും

ഇ. കെ. പോൾ

1969-ൽ ബ്രോഡ്‌വേയിൽ ഒരു കൊച്ചുമുറിയിൽ ആരംഭിച്ച കലാഭവൻ 30 വർഷം പിന്നിട്ടപ്പോൾ ബാനർജി റോഡിലുള്ള ബഹുനില കെട്ടിടങ്ങളുടെ സമുച്ചയമായി വളർന്നതിനോടൊപ്പം നാളിതുവരെ നാൽപ്പതിനായിരത്തിൽപ്പരം വിദ്യാർത്ഥികളെ സംഗീതവും മറ്റു ലളിതകലകളും അഭ്യസിപ്പിക്കുകയും ഇന്നും വർഷംതോറും മൂവായിരത്തിൽപരം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു മഹത്സ്ഥാപനമായി മാറിയിരിക്കുന്നു. മ്യൂസിക് അക്കാദമി കൂടാതെ കലാഭവൻ ഗാനമേള ട്രൂപ്പ്, ഡിജിറ്റൽ സൗണ്ട് റിക്കാർഡിങ്ങ് സ്റ്റുഡിയോ, മിമിക്സ് പരേഡ് ട്രൂപ്പ്, ടാലെന്റ് റെസിഡൻഷ്യൽ സ്ക്കൂൾ എന്നിവയെല്ലാം കലാഭവന്റെ സംഭാവനകളാണ്. ടെലിവിഷൻ, ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, ഫിലിം പ്രൊഡക്ഷൻ എന്നിവ ഭാവിപരിപാടികളിൽ ഉൾപ്പെടുന്നു. ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത് ബഹു. ആബേലച്ചൻ എന്ന ഒരു വ്യക്തിയുടെ ഭാവനാപൂർണ്ണമായ കഠിനാദ്ധ്വാനം കൊണ്ടാണ്. അദ്ദേഹത്തിന്റെ എൺപതാം പിറന്നാളിനോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന ഈ സുവനീറിലേക്ക് സസന്തോഷം ഒരു ലേഖനമെഴുതാൻ ഉദ്യമിച്ചപ്പോൾ എന്റെ മനസ്സിൽ കടന്നു വന്നത് ആബേലച്ചന്റെ ആദ്ധ്യാത്മിക രംഗത്തുള്ള അതുല്യമായ സംഭാവനകളാണ്.

കേരളത്തിലെ മുഴുവൻ കത്തോലിക്കരുടേയും ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയത് അദ്ദേഹത്തിന്റെ തിരുക്കർമ്മ ഗാനങ്ങളാണ്.

ആബേലച്ചന്റെ പുസ്തകങ്ങളും പാട്ടുകളും സീറോ മലബാർ സഭയ്ക്കുവേണ്ടിയാണ് തർജ്ജമ ചെയ്തതെങ്കിലും ഇന്ന് അവയെല്ലാം ഇന്ത്യയിലും വിദേശത്തുമുള്ള മൂന്നു റീത്തുകളിലും (സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ) ഉപയോഗിക്കുന്നുണ്ട്. അദ്ദേഹം പ്രസിദ്ധീകരിച്ച കുരിശിന്റെ വഴി ഏറ്റവും ജനപ്രീതി നേടിയതും മൂന്നുറീത്തുകളിലും ഉപയോഗിക്കുന്നതുമായ ഒരു പുസ്തകമാണ്. 5 വർഷം മുൻപ് ഈ പുസ്തകത്തിന്റെ 25-ാം വർഷം തികയുന്ന ജൂബിലി മൂന്നുറീത്തുകളും കൂടി തിരുവനന്തപുരത്ത് ആഘോഷിക്കുകയുണ്ടായി. കുരിശിന്റെ വഴി 32-ൽപരം പതിപ്പുകളിലായി 20 ലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞു. എല്ലാ പുസ്തകങ്ങളും നിരവധി പതിപ്പുകൾ ഇറക്കേണ്ടതായി വന്നിട്ടുണ്ട്. മരിച്ചടക്കും മറ്റും എട്ടും പത്തും പതിപ്പുകൾ ഇറങ്ങിക്കഴിഞ്ഞു. അഞ്ചു പതിപ്പെങ്കിലും പുറത്തിറങ്ങാത്ത ഒരു പുസ്തകം പോലുമില്ല.

ആബേലച്ചന്റെ പാട്ടുകളുടെ ജനപ്രീതിക്കുള്ള കാരണം കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി ഒരു പൊതുയോഗത്തിൽ വിശദീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂന്നു കാര്യങ്ങളിൽ ആബേലച്ചന്റെ തർജ്ജമകൾ മുന്നിട്ടു നിൽക്കുന്നു.

1. പാട്ടിലുള്ള സാഹിത്യം - ഏറ്റവും അനുയോജ്യമായ പദപ്രയോഗം.
2. പാട്ടിന്റെ അർത്ഥം എല്ലാവർക്കും സുഗ്രഹമാണ്; ഹൃദയത്തിൽ പതിയുന്നതാണ്.
3. പാട്ടുകൾ സംഗീതാത്മകമാണ്, സംഗീത സംവിധായകന് എളുപ്പത്തിൽ ഈണം നൽകാവുന്നവയാണ്.

ഈ കാരണങ്ങളാലായിരിക്കും കത്തോലിക്കരുടെ ഹൃദയത്തിൽ ആബേലച്ചന്റെ പാട്ടുകൾ ആരാധനയ്ക്കുള്ള ഉപാധിയായി സ്ഥിരപ്രതിഷ്ഠനേടിയത്. നാം വീട്ടിലോ പള്ളിയിലോ പ്രാർത്ഥിക്കുമ്പോഴും ശുശ്രൂഷകളിൽ പങ്കെടുക്കുമ്പോഴും അവയെ ഒരു ദൈവാനുഭവമായി മാറ്റുന്നതിൽ ആബേലച്ചന്റെ പാട്ടുകൾ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്, ചെലുത്തിയിട്ടുണ്ട്. അദ്ധ്യാത്മികരംഗത്തുള്ള അദ്ദേഹത്തിന്റെ ഈ നേട്ടങ്ങൾ ലൗകികനേട്ടങ്ങളേക്കാൾ സ്ഥായിയായതുകൊണ്ട് അദ്ദേഹത്തിന്റെ ഈ രംഗത്തുള്ള സംഭാവനകൾ വരും തലമുറകൾക്കുപോലും ഒരു അനുഗ്രഹമായിരിക്കും.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

# ആബേലച്ചനും ലിറ്റർജിയും

**കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ**



(കുറിപ്പ്: സീറോ മലബാർ സഭയിൽ ഇന്ന് ഔദ്യോഗികമായി നിലവിലിരിക്കുന്ന ലിറ്റർജിപുസ്തകങ്ങളും ഗാനങ്ങളുമെല്ലാം കാർഡിനൽ പാറേക്കാട്ടിൽ തിരുമേനിയുടെ പ്രോത്സാഹനത്തിൽ ഫാദർ ആബേൽ സി.എം.ഐ. രചിച്ചതാണ്. അതിനു ദീർഘമായ ഒരു ചരിത്രമുണ്ട്. കർദ്ദിനാൾ തിരുമേനിയെഴുതിയ ഞാൻ എന്റെ ദൃഷ്ടിയിൽ എന്ന പുസ്തകത്തിന്റെ മൂന്നാം ഭാഗം 14-ാം അധ്യായത്തിലും, ലിറ്റർജി എന്റെ ദൃഷ്ടിയിൽ എന്ന പുസ്തകം പതിനൊന്നാം അധ്യായം 175-ാം പേജു മുതലും ആ ചരിത്രം വിശദീകരിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ആ പുസ്തകങ്ങളിൽ നിന്നുള്ള ചുരുക്കം ചില വാചകങ്ങൾ മാത്രമാണ് ഈ ലേഖനത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. (എഡിറ്റർ)

## ആബേലച്ചന്റെ ലിറ്റർജി ഗ്രന്ഥങ്ങൾ

ആരാധന ക്രമത്തിൽ ദിവ്യപൂജയും കൂദാശകളും കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് കനോന നമസ്കാരം. അത് അനുദിനം നിർവ്വഹിക്കാൻ ഗൗരവപൂർവ്വമായ കടമയുണ്ടെന്നായിരുന്നു ഏതാണ്ട് 1960- വരെ സീറോ മലബാർ സഭയിലെ വൈദികർ പഠിച്ചിരുന്നതും ധരിച്ച് വച്ചിരുന്നതും. ഈ ധാരണയ്ക്ക് ആലുവാ സെമിനാരിയിലെ വിദേശ വിദ്യാഭ്യാസം നടത്തിയ ചില പ്രൊഫസർമാരുടെ പ്രസ്താവങ്ങൾ ഇളക്കം തട്ടിച്ചു. തത്ഫലമായി കാനോന നമസ്കാരം ചൊല്ലുന്നതിനുള്ള തീക്ഷ്ണത നവ വൈദികരെ സംബന്ധിച്ചിടത്തോളം കുറയാൻ തുടങ്ങി. മാത്രമല്ല, സുറിയാനി ഭാഷയിലുള്ള പരിചയം നഷ്ടപ്രായമായി വരിക കൂടി ചെയ്തതിനാൽ സ്ഥിതിഗതികൾ ഒന്നിനൊന്ന് ഉത്കണ്ഠാജനകമായി തീർന്നുകൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് വത്തിക്കാൻ സുനഗദോസ് പ്രമാണിച്ച് റോമിലുണ്ടായിരുന്ന സീറോ മലബാർ റീത്തിലെ മെത്രാന്മാർ ഒന്നിച്ച് കൂടി ആലോചിക്കുകയും ഏദൽ സംബന്ധമായി നടപടികൾ സ്വീകരിക്കുന്ന ഭാരം എന്നെ ഏൽപ്പിക്കുകയും ചെയ്തത്.

ഞാൻ നാട്ടിൽ മടങ്ങിയെത്തിയശേഷം ഫാ. ആബേൽ സി.എം.ഐ.യുടെ സഹായം തേടി. അദ്ദേഹം സുറിയാനിയിൽ നിന്നുള്ള വിവർത്തനത്തിന്, ആലുവായിലെ ആശ്രമത്തിൽ താമസിച്ചിരുന്ന ഫാ.ലുദവിക്കോസ് സി.എം.ഐ.യെ ആശ്രയിച്ച്, 1967-ൽ നോമ്പ്, ഉയിർപ്പ് എന്നീ കാലങ്ങളിലേയ്ക്കുള്ള നമസ്കാരക്രമം പുറത്തിറക്കി. അതിലെ ലളിതവും സരളവുമായ ഭാഷയും, ഗീതകങ്ങളുടെ മനോഹാരിതയും ഏവരെയും ആകർഷിച്ചു. ആ കൃതിക്ക് പൗരസ്ത്യ തിരുസംഘത്തിന്റെ അഭിനന്ദനവും ലഭിച്ചതാണ്. ആഗമനം, പൊന്തക്കുസ്താ, സ്ലീവാ തുടങ്ങിയ കാലങ്ങളിലേയ്ക്കുള്ള നമസ്കാരവും പൂർണ്ണമാക്കാൻ ഫാ. ആബേൽ സന്നദ്ധനായിരുന്നെങ്കിലും, ഫാ. ലൂക്കാസ് സി.എം.ഐ.യുടെ നേതൃത്വത്തിൽ ഒരു കൂട്ടർ ഫാ. ആബേലിന്റെ കൃതിയോട്, അതിന്റെ ഘടന ശരിയായിട്ടില്ല എന്നും മറ്റുമുള്ള ഓരോ കാരണം പറഞ്ഞ്, എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ബാക്കി ഭാഗങ്ങൾ തയ്യാറാക്കുന്ന ചുമതല കമ്മിറ്റി അവർക്ക് തന്നെ വിട്ടുകൊടുത്തു.

## ഫാ. ആബേലിന്റെ ഇതരകൃതികൾ

കാനോനനമസ്ക്കാരം (മൂന്നു വാല്യങ്ങൾ), പാട്ടുകുർബ്ബാന, കൂദാശകൾ എന്നിവ കൂടാതെ, മൃതദേഹ സംസ്ക്കരണം, പരേതരുടെ വാർഷിക ദിനാചരണം, റാസ, വെഞ്ചരിപ്പുകൾ, വിഭൂതി, ഓശാന, വിശുദ്ധവാരകർമ്മങ്ങൾ, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിലേക്കുള്ള തൃക്കർമ്മങ്ങൾ, തിരുനാൾ കർമ്മങ്ങൾ, മരണനേരത്തേയ്ക്കുള്ള പ്രാർത്ഥന ഇങ്ങനെ നിരവധി ചെറുഗ്രന്ഥങ്ങൾ എന്റെ പ്രോത്സാഹനത്തോടെ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും നിർഗ്ഗളിച്ചിട്ടുണ്ട്.



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

# ഭക്തിപുരസ്സരം...

1965 മുതൽ 71 വരെയുള്ള കാലയളവിൽ രചിച്ചതും ഇന്നും ജനഹൃദയങ്ങളെ ഭക്തിസാന്ദ്രതയിൽ ആഴ്ത്തുന്നതുമായ ഏതാനും ചില ഗാനങ്ങൾ ഫാ. ആബേലിന്റെ ഭക്തിഗാനങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്-

## ഭക്തിഗാനങ്ങൾ

### പരിശുദ്ധാത്മാവേ

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ, എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാരവിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ,
കേഴുമാത്മാവിലാശ വീശുന്ന
മോഹനദിവ്യഗാനമേ.

വീണ്ടുണങ്ങി വരണ്ടമാനസം
കണ്ട വിണ്ണിൻ തടാകമേ,
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ,
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ.

### ഈശ്വരനെത്തേടി

ഈശ്വരനെത്തേടി ഞാൻ നടന്നു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു:
അവിടെയുമില്ലിവിടെയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ

എവിടെയാണീശ്വരന്റെ കാല്പാടുകൾ?
മണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല:
എവിടെയാണീശ്വരന്റെ സുന്ദരാനനം?
വിണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല.

കണ്ടില്ല, കണ്ടില്ലെന്നോതിയോതി
കാനനച്ചോല കുണുങ്ങിയോടി:
കാണില്ല, കാണില്ലെന്നോതിയോതി
കിളികൾ പറന്നു പറന്നുപോയി.

അവസാനമെന്നിലേയ്ക്കു ഞാൻ തിരിഞ്ഞു
ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു:
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം.

### ദൈവമേ, നിൻ ഗേഹം

ദൈവമേ, നിൻ ഗേഹമെത്ര മോഹനം
നിൻ ഗൃഹത്തിൽ വാഴുവോർ ഭാഗ്യവാന്മാർ.

കണ്ണുകൾ നിൻ ദിവ്യശോഭ തഴുകി നിൽപ്പു:
കാതുകൾ നിൻ വാണിയിൽ മുഴുകി നിൽപ്പു:
അന്യഭൂവിലായിരം ദിനങ്ങളേക്കാൾ
നിൻ ഗൃഹത്തിലേക ദിവസം കാമ്യമല്ലോ.

അഖിലലോകനായകന്റെ പാദപീഠം
തിരുവരങ്ങളൂറി നിൽക്കും ദിവ്യഗേഹം
നിത്യജീവനേകിടുന്ന പുണ്യതീർത്ഥം
വാനദൂതർ പാടിടും മനോജ്ഞഗേഹം.

ആരുമാരും കേൾക്കാത്ത നവ്യഗാനം
ആരുമാരും കാണാത്ത ദിവ്യസ്വപ്നം
മാരിവില്ലിൻ നിറം ചേർന്ന ചക്രവാളം
താരമാല ചാർത്തിടുന്ന വാനമേഘം.

### നട്ടുച്ചനേരത്ത്

നട്ടുച്ചനേരത്ത്, കിണറിന്റെ തീരത്ത്
വെള്ളത്തിനായി ഞാൻ കാത്തിരിപ്പു,
നാരീ, ഒരു പാത്രം ദാഹജലം നീ എനിക്കു നൽകു.

അയ്യയ്യോ, നീയൊരു യൂദൻ
ഞാനിന്നൊരു ശമറായത്തി
ഞാൻ കോരിയ വെള്ളം തൊട്ടാൽ തീണ്ടലില്ലേ?

അറിയുന്നില്ലേതും നീ
എന്നോടു നീ ചോദിച്ചാൽ
ജീവന്റെ ജലം കോരിത്തരുമല്ലോ ഞാൻ.

കയറില്ലാ, പാളയുമില്ലാ
നീയെങ്ങനെ വെള്ളം കോരും ?
ജീവന്റെ ജലം പിന്നെ എങ്ങനെ കിട്ടും ?

ഞാൻ നൽകും നിത്യജലം നീ
വിശ്വാസമിയന്നു കുടിച്ചാൽ
നാരീ, നിനക്കൊരുനാളും ദാഹിക്കില്ല.

ആ ദിവ്യജലം നാഥാ,
നൽകേണമെനിക്കൊരുപാത്രം:
വീണ്ടും ഞാൻ വെള്ളം കോരാൻ പോരണ്ടല്ലോ.

മഹിളേ നീ വീട്ടിൽ പോയ് നിൻ
കണവനെയും കൊണ്ടുവരൂ നീ
അപ്പോൾ ഞാൻ കോരി വിളമ്പാം ജീവന്റെ ജലം.

ഗുരുവേ, നീ കോപിക്കരുതേ
വീട്ടിൽ ഞാനെന്തിനു പോകാൻ ?
ഇല്ലില്ലാ, സത്യമെനിക്കു ഭർത്താവില്ല.

നീ ചൊന്നതു സത്യം തന്നെ
കണവന്മാരഞ്ചുണ്ടായി:
ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല.

നിന്ദിതമെൻ ജീവചരിത്രം
നീയെങ്ങനെ സർവ്വമറിഞ്ഞു?
ദൈവകരം തെളിവായ് നിന്നിൽ കാണുന്നു ഞാൻ.

മകളേ, നീ ശങ്കിക്കേണ്ട
ദൈവത്തിൻ പുത്രൻ തന്നെ
നിൻ മുമ്പിൽ നിൽക്കുന്നു, നീയറിഞ്ഞുകൊൾക.

നാഥാ, നിൻ തിരുമൊഴി കേൾക്കാൻ
ഭാഗ്യമെനിക്കെങ്ങനെയുണ്ടായ് !
തൃപ്പാദം വിശ്വാസമൊടേ വണങ്ങിടുന്നേൻ.

### മഹേശ്വരാ, നിൻ

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം:
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.

നൂറു നൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെ കാണാതെ:
നൂറുനൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞു പോയി കണ്ണീരിൽ.

ദൈവജാതൻ പിറന്ന മണ്ണിൽ
വിരിഞ്ഞ മർത്ത്യനു സൗഭാഗ്യം:
മിന്നിനിൽപ്പൂ താരകൾ വിണ്ണിൽ:
തെളിഞ്ഞു കാൺമൂ സ്വർല്ലോകം.

### മനുഷ്യാ, നീ മണ്ണാകുന്നു

മനുഷ്യാ, നീ മണ്ണാകുന്നു;
മണ്ണിലേയ്ക്കു മടങ്ങും നൂനം:
അനുതാപക്കണ്ണുനീർ വീഴ്ത്തി-പാപ-
പ്പരിഹാരം ചെയ്തുകൊൾക നീ.

ഫലം നാല്കാതുയർന്നു നില്ക്കും-വൃക്ഷ-
നിരയെല്ലാമരിഞ്ഞു വീഴ്ത്തും:
എരിതീയിലെരിഞ്ഞു വീഴും-നീറി
നിറം മാറിച്ചാമ്പലായ്ത്തീരും.

ദൈവപുത്രൻ വരുന്നൂഴിയിൽ-ധാന്യ-
ക്കളമെല്ലാം ശുചിയാക്കുവാൻ:
നെന്മണികൾ സംഭരിക്കുന്നൂ-കെട്ട



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഭക്തിപുരസ്സരം...

1965 മുതൽ 71 വരെയുള്ള കാലയളവിൽ രചിച്ചതും ഇന്നും ജനഹൃദയങ്ങളെ ഭക്തിസാന്ദ്രതയിൽ ആഴ്ത്തുന്നതുമായ ഏതാനും ചില ഗാനങ്ങൾ ഫാ. ആബേലിന്റെ ഭക്തിഗാനങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്–

## ഭക്തിഗാനങ്ങൾ

### പരിശുദ്ധാത്മാവേ

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ, എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാരവിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ,
കേഴുമാത്മാവിലാശ വീശുന്ന
മോഹനദിവ്യഗാനമേ.

വീണ്ടുണങ്ങി വരണ്ടമാനസം
കണ്ട വിണ്ണിൻ തടാകമേ,
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ,
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ.

### ഈശ്വരനെത്തേടി

ഈശ്വരനെത്തേടി ഞാൻ നടന്നു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു:
അവിടെയുമില്ലിവിടെയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ

എവിടെയാണീശ്വരന്റെ കാല്പാടുകൾ?
മണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല:
എവിടെയാണീശ്വരന്റെ സുന്ദരാനനം?
വിണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല.

കണ്ടില്ല, കണ്ടില്ലെന്നോതിയോതി
കാനനച്ചോല കുണുങ്ങിയോടി:
കാണില്ല, കാണില്ലെന്നോതിയോതി
കിളികൾ പറന്നു പറന്നുപോയി.

അവസാനമെന്നിലേയ്ക്കു ഞാൻ തിരിഞ്ഞു
ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു:
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം.

### ദൈവമേ, നിൻ ഗേഹം

ദൈവമേ, നിൻ ഗേഹമെത്ര മോഹനം
നിൻ ഗൃഹത്തിൽ വാഴുവോർ ഭാഗ്യവാന്മാർ.

കണ്ണുകൾ നിൻ ദിവ്യശോഭ തഴുകി നിൽപ്പൂ:
കാതുകൾ നിൻ വാണിയിൽ മുഴുകി നിൽപ്പൂ:
അന്യഭൂവിലായിരം ദിനങ്ങളേക്കാൾ
നിൻ ഗൃഹത്തിലേക ദിവസം കാമ്യമല്ലോ.

അഖിലലോകനായകന്റെ പാദപീഠം
തിരുവരങ്ങളൂറി നിൽക്കും ദിവ്യഗേഹം
നിത്യജീവനേകിടുന്ന പുണ്യതീർത്ഥം
വാനദൂതർ പാടിടും മനോജ്ഞഗേഹം.

ആരുമാരും കേൾക്കാത്ത നവ്യഗാനം
ആരുമാരും കാണാത്ത ദിവ്യസ്വപ്നം
മാരിവില്ലിൻ നിറം ചേർന്ന ചക്രവാളം
താരമാല ചാർത്തിടുന്ന വാനമേഘം.

### നട്ടുച്ചനേരത്ത്

നട്ടുച്ചനേരത്ത്, കിണറിന്റെ തീരത്ത്
വെള്ളത്തിനായി ഞാൻ കാത്തിരിപ്പൂ,
നാരീ, ഒരു പാത്രം ദാഹജലം നീ എനിക്കു നൽകൂ.

അയ്യയ്യോ, നീയൊരു യൂദൻ
ഞാനിന്നൊരു ശമറായത്തി
ഞാൻ കോരിയ വെള്ളം തൊട്ടാൽ തീണ്ടലില്ലേ?

അറിയുന്നില്ലേതും നീ
എന്നോടു നീ ചോദിച്ചാൽ
ജീവന്റെ ജലം കോരിത്തരുമല്ലോ ഞാൻ.

കയറില്ലാ, പാളയുമില്ലാ
നീയെങ്ങനെ വെള്ളം കോരും ?
ജീവന്റെ ജലം പിന്നെ എങ്ങനെ കിട്ടും ?

ഞാൻ നൽകും നിത്യജലം നീ
വിശ്വാസമിയന്നു കുടിച്ചാൽ
നാരീ, നിനക്കൊരുനാളും ദാഹിക്കില്ല.

ആ ദിവ്യജലം നാഥാ,
നൽകേണമെനിക്കൊരുപാത്രം:
വീണ്ടും ഞാൻ വെള്ളം കോരാൻ പോരണ്ടല്ലോ.

മഹിളേ നീ വീട്ടിൽ പോയ് നിൻ
കണവനെയും കൊണ്ടുവരൂ നീ
അപ്പോൾ ഞാൻ കോരി വിളമ്പാം ജീവന്റെ ജലം.

ഗുരുവേ, നീ കോപിക്കരുതേ
വീട്ടിൽ ഞാനെന്തിനു പോകാൻ ?
ഇല്ലില്ലാ, സത്യമെനിക്കു ഭർത്താവില്ല.

നീ ചൊന്നതു സത്യം തന്നെ
കണവന്മാരഞ്ചുണ്ടായി:
ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല.

നിന്ദിതമെൻ ജീവചരിത്രം
നീയെങ്ങനെ സർവ്വമറിഞ്ഞു?
ദൈവകരം തെളിവായ് നിന്നിൽ കാണുന്നു ഞാൻ.

മകളേ, നീ ശങ്കിക്കേണ്ട
ദൈവത്തിൻ പുത്രൻ തന്നെ
നിൻ മുമ്പിൽ നിൽക്കുന്നു, നീയറിഞ്ഞുകൊൾക.

നാഥാ, നിൻ തിരുമൊഴി കേൾക്കാൻ
ഭാഗ്യമെനിക്കെങ്ങനെയുണ്ടായ് !
തൃപ്പാദം വിശ്വാസമൊടേ വണങ്ങിടുന്നേൻ.

### മഹേശ്വരാ, നിൻ

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം:
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.

നൂറു നൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെ കാണാതെ:
നൂറുനൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞു പോയി കണ്ണീരിൽ.

ദൈവജാതൻ പിറന്ന മണ്ണിൽ
വിരിഞ്ഞ മർത്ത്യനു സൗഭാഗ്യം:
മിന്നിനിൽപ്പൂ താരകൾ വിണ്ണിൽ:
തെളിഞ്ഞു കാൺമൂ സ്വർല്ലോകം.

### മനുഷ്യാ, നീ മണ്ണാകുന്നു

മനുഷ്യാ, നീ മണ്ണാകുന്നു;
മണ്ണിലേയ്ക്കു മടങ്ങും നൂനം:
അനുതാപക്കണ്ണുനീർ വീഴ്ത്തി–പാപ–
പ്പരിഹാരം ചെയ്തുകൊൾക നീ.

ഫലം നാല്കാതുയർന്നു നില്ക്കും–വൃക്ഷ–
നിരയെല്ലാമരിഞ്ഞു വീഴ്ത്തും:
എരിതീയിലെരിഞ്ഞു വീഴും–നീറി
നിറം മാറിച്ചാമ്പലായ്ത്തീരും.

ദൈവപുത്രൻ വരുന്നൂഴിയിൽ–ധാന്യ–
ക്കളമെല്ലാം ശുചിയാക്കുവാൻ:
നെന്മണികൾ സംഭരിക്കുന്നു–കെട്ട

marggam
DIGITAL PUBLISHING

www.marggam.org



പതിരെല്ലാം പുട്ടെരിക്കുന്നു.
ആയിരങ്ങൾ വീണു താഴുന്നു-മർത്യ-
മാനസങ്ങൾ വെന്തു നീറുന്നു:
നിത്യജീവൻ നല്കിടും നീർച്ചാൽ-വിട്ടു
മരുഭൂവിൽ ജലം തേടുന്നു.

സ്വർഗ്ഗ രാജ്യമാർഗ്ഗമങ്ങോളം
മുള്ളു മുറ്റിയിരുണ്ടു നിൽപൂ:
തീനരകം തീർത്തമാർഗ്ഗങ്ങൾ-വീതി
നിറഞ്ഞു പൂ ചൊരിഞ്ഞു നില്പൂ.

ശിലോഹായിൽ ഗോപുരം വീണു-കൂടെ
നരരേറെ മരിച്ചു വീണു:
തപം ചെയ്തു വരം നേടായ്കിൽ-നിങ്ങൾ
അതുപോലെ തകർന്നു പോകും.

## എഴുന്നള്ളുന്നു

എഴുന്നള്ളുന്നു, രാജാവെഴുന്നള്ളുന്നു
നാകലോകനാഥനീശോ എഴുന്നള്ളുന്നു,
മാനവർക്കു വരം തൂകിയെഴുന്നള്ളുന്നു.

ബേസ്ലഹേമിൽ വന്നുദിച്ചൊരു കനകതാരം
യൂദയായിൽ കതിരുവീശിയ പരമദീപം:
ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജ്യം
മന്നിടത്തിനു ജീവനേകിയ സ്വർഗ്ഗഭോജ്യം.

കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
കടലിന്റെ മീതെ നടന്നു പോയവൻ:
മൃതിയടഞ്ഞ മാനവർക്കു ജീവനേകി
മനമിടിഞ്ഞ രോഗികൾക്കു സൗഖ്യമേകി.

വഴികളേ, പുതിയ മലരുകളണിഞ്ഞീടുവിൻ
മനുജരേ, മഹിതഗീതികൾ പൊഴിഞ്ഞീടുവിൻ:
വൈരവും പകയുമെല്ലാം മറന്നീടുവിൻ
സാദരം കൈകൾ കോർത്തു നിരന്നീടുവിൻ.

## പുൽക്കൂട്ടിൽ

പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണീ, നിൻ
തൃപ്പാദം കുമ്പിട്ടു നിൽക്കുന്നു ഞാൻ.

മിന്നും നിലാവിന്റെ തൂവെള്ളിക്കൈകൾ നിൻ
പരിപൂതമേനിയെ പുൽകിടുന്നു:
ഊർന്നൂർന്നിറങ്ങുന്ന മഞ്ഞിൻതരികളാൽ
പൊന്നാട നെയ്യുന്നു പൂഞ്ചന്ദ്രിക.

നീലാംബരത്തിന്റെ നീർച്ചാൽ തെളിച്ചൊരു
നീരാളമേഘം പതഞ്ഞു നിന്നു:
നീളെപ്പരന്നു മഹാനന്ദസന്ദേശം-
"സർവ്വേശപുത്രൻ ജനിച്ചു ഭൂവിൽ"

ഭൂമിയിലീശ്വരപുത്രൻ ജനിച്ചപ്പോൾ
പൂത്തിരി കത്തിച്ചില്ലാരുമാരും:
പൂവൽമെയ് മൂടുവാൻ, ശീതമകറ്റുവാൻ
പൂഞ്ചേല നല്കിയില്ലാരുമാരും.

## ഭാരതം കതിരു കണ്ടു

ഭാരതം കതിരു കണ്ടു, ഭൂമുഖം തെളിവു കണ്ടു
മാർത്തോമ്മാ, നീ തെളിച്ച മാർഗ്ഗത്തിലായിരങ്ങ-
ളാനന്ദശാന്തി കണ്ടു.

ധൈര്യം പകർന്നു നിന്ന ജീവിതം
ഗുരുവിൻ മനം കവർന്ന ജീവിതം
പരസേവനം പകർന്ന ജീവിതം
സുവിശേഷ ദീപ്തിയാർന്ന ജീവിതം.

ഇരുളിൽ പ്രകാശമായ് വിടർന്നു നീ
മരുവിൽത്തടാകമായ് വിരിഞ്ഞു നീ:
സുരലോകപാത നരനു കാട്ടുവാൻ
ഒരു ദൈവദൂതനായണഞ്ഞു നീ.

## നാഥൻ വരുന്നു

നാഥൻ വരുന്നു വരുന്നു- മേഘ-
വാതിൽ തുറന്നു വരുന്നു:
കാലൊച്ചകേൾക്കാമരങ്ങിൽ - കൊച്ചു
കാറ്റിൻ തരംഗങ്ങൾ കാണാം.

എത്രയോ കാലങ്ങളായി-ദീർഘ-
യാത്രചെയ്തെത്തുന്നു ദേവൻ
രാത്രിയിൽ മാത്രമല്ലോരോ-പകൽ-
ച്ചാർത്തിലും നാഥൻ വരുന്നു.

ദുഃഖങ്ങളാഞ്ഞു പതിച്ചാൽ - ചിത്ത-
സൗഖ്യം തരാൻ നീ വരുന്നു:
ആനന്ദകാലങ്ങളായാൽ - അതി-
നാക്കം കൊടുക്കാൻ വരുന്നു.

## നിനക്കായി മാത്രം

നിനക്കായി മാത്രം ഞാൻ ജീവിക്കട്ടെ-നിന്നെ-
ക്കാണുവാൻ മാത്രമെന്റെ മിഴിതുറക്കട്ടെ, നാഥാ,
രാത്രിയും പകലും നിൻ ശാന്തിയേകീടും രൂപം
മാത്രമെൻ ചിന്തയിൽത്തെളിഞ്ഞു നില്ക്കട്ടെ.

നിന്നിലാർന്നു വളർന്നിടും സ്നേഹമെന്യേ നാഥാ,
മന്നിലൊന്നും കാര്യമായ് ഞാൻ മതിക്കുന്നില്ല;
നിറമെഴും നിൻ സൗഭാഗ്യസന്ദേശങ്ങൾ ഒന്നും
മറക്കാതെ നിത്യവും ഞാനാലപിച്ചിടും.

നിൻകരങ്ങൾക്കുള്ളിലെന്നെ ബന്ദിയാക്കണമേ, നാഥാ,
പങ്കിലമാം ബന്ധമെല്ലാമഴിക്കേണമേ:
സ്വാതന്ത്ര്യം ഭൂമിയിൽ ഞാൻ തേടുന്നില്ല, നിന്നെ
ഹൃദയത്തിൻ നാഥനായ് ഞാൻ പ്രതിഷ്ഠിക്കുന്നു.

## ഹൃദയവാതിൽ

ഹൃദയവാതിൽ തുറന്നങ്ങേ കാത്തിരിക്കുന്നു ദിവ്യ
വദനമൊന്നു കാണുവാൻ ഞാൻ തപസ്സിരിക്കുന്നു:
മധുരഗാനം പാടിയെന്റെ മണിയറയ്ക്കുള്ളിൽ പൂക്കൾ
വിതറിയങ്ങേയാഗമം ഞാൻ പാർത്തിരിക്കുന്നു.

ചുഴലെ വീശും കാറ്റിലീയിരുണ്ട രാത്രിയിൽ നാഥാ,
വിജനമീവനത്തിലൂടെ പോവതെങ്ങു നീ ?
വെളിയിലെങ്ങും കൊടിയവിനകൾ പതിയിരിക്കുന്നു. ഞാനെൻ
ഭവനവാതിൽ തുറന്നിട്ടു കാത്തിരിക്കുന്നു.

അറയിൽ നിന്നെൻ മിഴികളങ്ങേ സവിധമെത്തുന്നു പായും
നദികടന്നീക്കരയിലെത്താൻ വഴികളില്ലെന്നോ ?
മിഴികൾ പൂട്ടാതനുനിമേഷം കാത്തു നിൽക്കുമീയെന്നെ
അവഗണിച്ചൊരു കനവുപോൽ നീ മാഞ്ഞുപോകല്ലേ.

## എത്രനാളീ ഭൂമിയിൽ

എത്രനാളീ ഭൂമിയിൽ ഞാൻ ജീവിച്ചാലും
എത്രയേറെ ധനം വാരിക്കൂട്ടിയാലും
ഒന്നുമേ ഞാൻ നേടിയില്ലെൻ പ്രാണനാഥാ, നിന്റെ
സന്നിധാനം മാത്രമാണെൻ ശാന്തിയൂഴിയിൽ.

വിവശനായ് ഞാൻ വഴിയരികിലിരിക്കുമ്പോഴും
വിശ്രമത്തിനു പൊടിയിൽ ശയ്യ വിരിക്കുമ്പോഴും
പിന്നിടേണ്ട ദൂരമെല്ലാമോർത്തോർത്തു കണ്ണുനീർ
വാർത്തിടുന്നു, മാനസം പുകഞ്ഞീടുന്നു.

ചിരികൾപൊട്ടി ഭവനമെല്ലാം നിറഞ്ഞീടുമ്പോൾ
മധുരമുരളീഗാനമെങ്ങും മുഴങ്ങീടുമ്പോൾ
അറയിൽ നിന്നെ സ്വീകരിക്കാൻ കഴിയാത്തതിൽ നാഥാ.
കരളു നീറിയുള്ളമൊന്നായ് വേദനിക്കുന്നു.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org



## പ്രാണനാഥാ

പ്രാണ നാഥാ, നിത്യമെന്റെയുള്ളിൽ വന്നു വാഴുവോനേ,
ദിവ്യകരസ്പർശമേറ്റു തരിച്ചീടുന്നേൻ:
നിന്റെ മണിമന്ദിരമെൻ ദേഹമെന്നു നിനച്ചു ഞാൻ
സന്തതം പവിത്രമായതു കാത്തുകൊള്ളാം.

ഹൃദയത്തിലൂറയുന്ന കുടില വിദ്വേഷമെല്ലാം
നിയന്ത്രിച്ചു സ്നേഹമതിൽ പ്രതിഷ്ഠിക്കും ഞാൻ:
നന്മയെന്നിൽ വളർത്തുവാനാശകൊള്ളും പ്രാണനാഥാ,
നിൻമഹത്വം മാത്രമാണെൻ ലക്ഷ്യമീമന്നിൽ.

നല്ല പുല്ലാങ്കുഴലായെൻ ജീവിതത്തെ വാർത്തെടുക്കാൻ
അല്ലിലും ഞാനവിരാമം ശ്രമിച്ചീടുന്നു;
എന്നുമതിൻ സുഷിരങ്ങൾ നിൻമഹത്വമൊഴുക്കുന്ന
നവ്യഗാനതരംഗത്താൽ നിറഞ്ഞീടട്ടെ.

## ഞാനറിയാതെന്റെ

ഞാനറിയാതെന്റെ നാഥാ, നീ ഭൂവിലെൻ
നിത്യ സഹചാരിയായിരുന്നു:
ഭീതിയില്ലാതെ ഞാനുല്ലാസമോടു നിൻ
കൂടെക്കളിച്ചു രസിച്ചിരുന്നു.

എത്ര വർണ്ണോജ്ജ്വല സുപ്രഭാതങ്ങളിൽ
നാഥാ, നീയെന്നെ വിളിച്ചുണർത്തി!
ഒന്നിച്ചു നാമെത്ര കുന്നിൻതടങ്ങളിൽ
ഓടിനടന്നു മഹോത്സവമായ്.

അന്നങ്ങു പാടിയ ഗാനങ്ങളൊക്കെ ഞാ-
നർത്ഥം ഗ്രഹിക്കാതെയേറ്റുപാടി:
സൂര്യനും ചന്ദ്രനും താരാഗണങ്ങളും
താളത്തിനൊപ്പിച്ചു നൃത്തമാടി.

## കരയുന്ന ദൈവത്തെ

കരയുന്ന ദൈവത്തെക്കണ്ടോ-പാരി-
ലലയുന്ന ദൈവത്തെക്കണ്ടോ?
ഒരുവറ്റുചോറിന്നു കൈനീട്ടിനിൽക്കുന്ന
വിവശനാം ദൈവത്തെക്കണ്ടോ?

പുതുമഞ്ഞിൻതരിവീണു കുളിരേറ്റുവഴിവക്കിൽ
തലചായ്ക്കും ദൈവത്തെക്കണ്ടോ?
ഉരുകുന്ന രോഗത്താൽ-അഴലിന്റെ ഭാരത്താൽ
പിടയുന്ന ദൈവത്തെക്കണ്ടോ?

ഇരുളുന്നഹൃദയത്തിനൊരുകൊച്ചു തീരിതേടി
ത്തിരിയുന്ന ദൈവത്തെക്കണ്ടോ?
നിറയുന്ന കദനത്തിൽ മിഴിനീരടക്കുവാ-
നുഴറുന്ന ദൈവത്തെക്കണ്ടോ?

കണ്ടു, മർത്യനിൽക്കണ്ടു ദൈവത്തിൻ
ചിന്മയരൂപം ഞാൻ കണ്ടു;
ദീനദയാലുവിലാനന്ദംകൊള്ളുന്ന
കാരുണ്യരൂപം ഞാൻ കണ്ടു.

## സംഘടിക്കുവിൻ

സംഘടിക്കുവിൻ, സംഘടിക്കുവിൻ മത-
ഭ്രാന്തരെത്തുരത്തുവാൻ സംഘടിക്കുവിൻ;
സൗഹൃദം കെടുത്തിടുന്ന മതവിരുദ്ധരെ
ധരയിൽനിന്നു നിർദ്ദയം തുടച്ചകറ്റുവിൻ.

സ്നേഹമാണേതുമതസ്ഥാപകനും തന്റെ
ശിഷ്യരിൽക്കൊളുത്തിവച്ച ദിവ്യദൗത്യം:
ഇന്നതിൽക്കളങ്കരേഖചാർത്തുവോരെ
നിർദ്ദയം തകർത്തെറിഞ്ഞുമുന്നേറുവിൻ.

സ്നേഹമാണീശ്വരന്റെ ദിവ്യരൂപം
സൗഹൃദംമഹേശ്വരന്റെ പരമജീവൻ:
സ്നേഹമാണു നിയതമീദുരിതലോകം
നിറമെഴും സ്വർഗ്ഗമായിമാറ്റിടുന്നു.

## ഹിന്ദുവല്ലീശ്വരൻ

ഹിന്ദുവല്ലീശ്വരൻ, മുസ്ലീമല്ലീശ്വരൻ
ക്രിസ്ത്യാനിയല്ലീശ്വരൻ
എല്ലാമതങ്ങളും കോർത്തിണക്കീടുന്ന
സ്നേഹമാണീശ്വരൻ.

മതജാതിവർണ്ണങ്ങളെന്താകിലും മർത്യ-
നീശ്വരസൃഷ്ടിയല്ലോ:
മൃതിയോളമൈക്യത്തിലൊരുമിച്ചു കഴിയേണ്ട
ചെറുസോദരങ്ങളല്ലോ:
വൈരാഗ്യവും ദുഷ്ടപകയും തകർന്നന്ത-
രംഗം തെളിഞ്ഞെങ്കിലേ
മരണത്തിനപ്പുറം സകലേശദർശനം
നുകരുവാൻ സാധ്യമാകൂ.

പ്രാർത്ഥിക്കുവാൻ, ശാന്തിയാർജ്ജിക്കുവാൻ ക്ഷേത്ര-
മണയുന്ന ഹിന്ദുക്കളേ,
ദൈവാനുഭൂതിക്കു പള്ളിയിൽക്കുമ്പിട്ടു
നില്ക്കുന്ന മുസ്ലീങ്ങളെ,
കുരിശിൽക്കിടക്കുന്ന സർവ്വേശപുത്രനെ
പുണരുന്ന ക്രിസ്തീയരേ,
ദൈവത്തിലെല്ലാരുമൊന്നായിനീങ്ങുവാൻ
സ്വയമീശനർപ്പിക്കുവിൻ,

## ചെറുത്തുനിൻ കരങ്ങൾ

ചെറുത്തുനിൻ കരങ്ങളെന്നറിഞ്ഞിടാതെ ദൈവമേ,
വെറുത്തു നീ കനിഞ്ഞെനിക്കയച്ച ദുഖവീചികൾ:
പൊറുത്തിടേണമൊക്കെയെൻഗുണത്തിനെന്നുപിന്നെ ഞാ-
നറിഞ്ഞു ദിവ്യപാലനത്തെ വാഴ്ത്തിടുന്നു സന്തതം.

കറുത്തിരുണ്ട രാവുകൾ, പ്രസാദമറ്റ നാളുകൾ
നിരാശയിൽക്കൊഴിഞ്ഞുപോയ നീണ്ട വത്സരങ്ങളും
എനിക്കതൊക്കെ നന്മയായ്ഭവിച്ചതോർത്തു ദൈവമേ,
കൃപാസമുദ്രമാം നിനക്കു നന്ദി ചൊല്ലിടുന്നു ഞാൻ.

മുറിഞ്ഞിടാത്ത കണ്ണുനീരിൽ മുക്കിടുന്നു മർത്യനെ
ഉരുക്കിടുന്നു നീമനോജ്ഞ രത്നമാക്കി മാറ്റുവാൻ
അഴൽ നിറഞ്ഞ വീഥിയിൽ നയിച്ചിടുന്നനന്തമാം
സുഖാനുഭൂതിയേറ്റിടുന്ന സ്വർഗ്ഗലോകമേറ്റുവാൻ.

## എന്തിനീ വേദനകൾ

എന്തിനീ വേദനകൾ തന്നു ദൈവം ലോക-
മെന്തിനൊരു കണ്ണീരിൻ താഴ്‌വരയാക്കി?
ദുരിതവും തീരാത്ത വ്യഥയുമല്ലേ ചേർന്നു
നീയതിതൻ ചക്രം തിരിച്ചിടുന്നു!

മോചനം നേടുവാൻ കൊതിച്ചിടുന്നു-പോയി
വീഴുന്നതോ മുൾപ്പടർപ്പിനുള്ളിൽ
തീരങ്ങൾ തേടിത്തുഴഞ്ഞിടുന്നു - ചെന്നു
ചേരുന്നതോ നീർക്കയത്തിനുള്ളിൽ.

ഇവിടെയെൻ സൂര്യൻ മറഞ്ഞു പോകയോ
ഇവിടെയെൻ ജീവൻ തളർന്നു വീഴ്കയോ
എങ്ങുപോയ് ദൈവം? വിയത്തിൽ നിന്നും-എന്റെ
കണ്ണീർ തുടയ്ക്കുവാൻ വരാത്തതെന്തേ ?



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA



◀ അഡ്മിനിസ്ട്രേറ്റീവ് സെക്ഷൻ



ഡാൻസ് സെക്ഷൻ ▶



◀ ഇൻസ്ട്രുമെന്റ്സ് & ആക്ടിംഗ് സെക്ഷൻ



ഇൻസ്ട്രുമെന്റ് സെക്ഷൻ ▶



◀ മ്യൂസിക് സെക്ഷൻ

# എല്ലാ ഐശ്വര്യങ്ങളുടെയും തുടക്കം ഇവിടുന്നാണ്...



ജയറാം

ഭാരതത്തിലെ ഉന്നതമായൊരു സരസ്വതീ വിദ്യാലയമാണു കലാഭവൻ. കലാരംഗത്തു കലാഭവൻ നൽകിയിട്ടുള്ള സംഭാവനകൾ മഹത്തരമാണ്. ശ്രദ്ധേയമാണ്. ഇങ്ങനെയൊരു സ്ഥാപനം മറ്റൊരിടത്തും കാണാനാകുമെന്നു തോന്നുന്നില്ല.

കലാഭവന്റെ പടികയറിയ എത്രയെത്ര പ്രതിഭകൾ ഭാഷയും ദേശവും മറികടന്നു വിജയം നേടി. പ്രതിഭകളെ സൃഷ്ടിക്കുന്നതിൽ കലാഭവൻ ഇന്നും മുന്നിൽതന്നെയാണ്. കലാഭവനു പകരം വെയ്ക്കാൻ കലാഭവൻ മാത്രമേയുള്ളു. അവിടെ കയറി ഇറങ്ങിയാൽതന്നെ അതൊരു അനുഗ്രഹമാണ്. കഴിവുകൂടി വേണം.

മിമിക്രികളിച്ചു നടന്നിരുന്ന കാലത്ത് എന്റെ വലിയൊരു ആഗ്രഹമായിരുന്നു കലാഭവനിൽ വരിക, പരേഡ് ട്രൂപ്പിൽ കളിക്കാൻ അവസരം കിട്ടുക. ഒരുപാട് കൊതിച്ചിട്ടുണ്ട് ഞാൻ. ഞാൻ മാത്രമല്ല അന്നത്തെ മിക്കവാറും മിമിക്രിക്കാരൊക്കെ ഇതേ ആഗ്രഹക്കാരായിരുന്നിരിക്കണം.

പതിനാറു വർഷങ്ങൾക്കു മുമ്പാണ് കലാഭവനിൽ ഞാൻ എത്തുന്നത്. അന്നുമുതൽ ഇന്നുവരെ കലാഭവനുമായുള്ള ബന്ധം പ്രത്യേകിച്ചു ആബേലച്ചനുമായുള്ള ബന്ധം പറഞ്ഞറിയിക്കാനാവാത്തതാണ്. കലാഭവന്റെ സാരഥിയെന്നതിനുമപ്പുറം ഞാൻ ബഹുമാനിക്കുന്ന വലിയൊരു വ്യക്തിയാണ് ആബേലച്ചൻ. അച്ചൻ എന്നെയും അങ്ങനെയാണു കാണുന്നത്.

മദ്രാസിൽ എന്റെ വീട്ടിൽ അച്ചൻ വന്നിരുന്നു. മണിക്കൂറോളം ചിലവഴിക്കുകയും എല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്തു. അങ്ങനെ ഒരിടത്തും അച്ചൻ പോകാറില്ല.

എൺപത്തിനാലിൽ കലാഭവനിലെത്തിയ ഞാൻ എൺപത്തിയെട്ടിൽ ചലച്ചിത്രവേദിയിലുമെത്തി. അതിനുപ്രധാന കാരണം കലാഭവനാണ്. കലാഭവൻ ടീം ഗൾഫിൽ അവതരിപ്പിച്ച മിമിക്സ് പരേഡിന്റെ വീഡിയോ കാസറ്റ് പപ്പേട്ടന്റെ (പത്മരാജൻ) മകൻ കാണുകയും എന്നെ പപ്പേട്ടനു കാണിച്ചുകൊടുക്കുകയുമായിരുന്നു. അങ്ങനെയാണ് അപരൻ എന്ന ചിത്രത്തിലൂടെ ഞാൻ സിനിമയിലെത്തുന്നത്. ഞാൻ മാത്രമല്ല കലാഭവനിൽ നിന്ന് ഒട്ടേറെ പേർ ചലച്ചിത്ര രംഗത്തേയ്ക്കു കടന്നുവന്നു. ആരും മോശക്കാരായില്ല. എല്ലാവരും മികച്ചവർതന്നെ.

വളരെ അകലെനിന്നു മാത്രം കലാഭവനെ നോക്കിക്കണ്ടിരുന്ന ഞാൻ ഇന്നു കലാഭവന്റെ പതിനൊന്ന് ഡയറക്ടർ ബോർഡ് മെമ്പർമാരിൽ ഒരാളാണ്.

നൂതനമായ ആശയങ്ങളോടും കാഴ്ചപ്പാടോടുംകൂടി പണി പൂർത്തിയായി വരുന്ന കലാഭവൻ ടാലെന്റ് സ്ക്കൂളിനു തറക്കല്ലിടാൻ കഴിഞ്ഞതാണ് മറ്റൊരു വലിയ ഭാഗ്യം.

സ്ക്കൂളിനു തറക്കല്ലിടാൻ ഇന്ത്യയിലെത്തന്നെ പല ഉന്നതന്മാരുടെയും പേരുകൾ പറഞ്ഞിരുന്നു. അങ്ങനെയൊരു തീരുമാനവും വന്നതാണ്. പക്ഷെ ആബേലച്ചൻ പറഞ്ഞു, എന്റെ മക്കളിൽ ആരെങ്കിലും മതി സ്ക്കൂളിനു തറക്കല്ലിടാൻ. അതു ജയറാമായാൽ നന്നായി. അച്ചന്റെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചപ്പോൾ ജയറാം ടാലെന്റ് സ്ക്കൂളിനു തറക്കല്ലിട്ടു. ജീവിതത്തിലെ മറക്കാനാവാത്ത വലിയ ഒരനുഭവമായിരുന്നു അത്.

ഇന്നും ഞാൻ തൊഴുതുപോകുന്ന രണ്ടു സ്ഥാപനങ്ങളാണു കലാഭവനും ആലപ്പുഴയിലെ ഉദയാ സ്റ്റുഡിയോയും.

1988 ഫെബ്രുവരി 18–നായിരുന്നു അപരൻ എന്ന ചിത്രത്തിൽ അഭിനയിക്കാൻ ഉദയാ സ്റ്റുഡിയോയുടെ ഗേറ്റ് ഞാൻ കടക്കുന്നത്. സ്റ്റുഡിയോയ്ക്കകത്തു വലതുകാൽ കുത്തുമ്പോൾ ക്യാമറയുടെ മുന്നിലേയ്ക്കു നടന്നടുക്കുമ്പോൾ മനസ്സു നിറയെ പ്രാർത്ഥനയായിരുന്നു. 84 സെപ്റ്റംബറിൽ കലാഭവനിലെത്തിയതും ഇതു പോലൊരു മനസ്സോടെയായിരുന്നു.

ഇന്നും എറണാകുളം നോർത്തിലുള്ള കലാഭവനു മുന്നിലൂടെ പോകുമ്പോൾ, ആലപ്പുഴയിലെ ഉദയാ സ്റ്റുഡിയോയ്ക്കു മുന്നിലൂടെ പോകുമ്പോൾ മനസ്സിൽ പ്രാർത്ഥിക്കാറുണ്ട് ! എല്ലാ ഐശ്വര്യങ്ങളുടെയും തുടക്കം ഇവിടുന്നാണല്ലോ.

# കലാഭവനിലെ കൂലിക്കാർ...



കലാഭവൻ മണി

കലാഭവനിലെ മിമിക്രിക്കാരായ കൂലിപ്പണിക്കാരായിരുന്നു ഞങ്ങൾ. കൂലിപ്പണിയാണെങ്കിലും അതിലൊരു രസവും ത്രില്ലും ഞങ്ങൾ അനുഭവിച്ചിരുന്നു.

പക്ഷേ അന്നത്തെ പ്രയത്നവും കഠിനാദ്ധ്വാനവുമൊന്നും പാഴായില്ല. ചാലക്കുടി ടൗണിൽ ഓട്ടോറിക്ഷ ഓടിച്ചും മിമിക്രി കളിച്ചും നടന്നിരുന്ന മണി കലാഭവൻ മണി എന്ന പേരിൽ ഇവിടെ വരെ എത്തി. എല്ലാത്തിനും കാരണം ഈശ്വരാധീനവും ആബേലച്ചന്റെ അനുഗ്രഹവുമാണ്.

ചാലക്കുടിയിൽ നിന്നു കലാഭവനിലേയ്ക്കുള്ള ദൂരം വളരെയുണ്ട്. മികച്ച കലാകാരന്മാരെക്കൊണ്ടു നിറഞ്ഞതായിരുന്നു കലാഭവൻ. അതുകൊണ്ടുതന്നെ സാധാരണക്കാരനായ ഒരാൾക്കു കലാഭവനിലേയ്ക്ക് എത്തപ്പെടുക ബുദ്ധിമുട്ടുകൾ നിറഞ്ഞതായിരുന്നു.

കലാഭവനിൽ ഒരവസരം കിട്ടാൻ ഞാനും ആഗ്രഹിച്ചിരുന്നു.

ഒന്നരമണിക്കൂർ പ്രോഗ്രാം ഒറ്റയ്ക്കുനിന്നു തട്ടി. ആരും കൂവിയില്ല.

പ്രോഗ്രാം കഴിഞ്ഞപ്പോൾ തൃശ്ശൂർ പീറ്റർ എന്നോടു വന്നു ചോദിച്ചു മണിക്ക് കലാഭവനിൽ ചേരാൻ താല്പര്യമുണ്ടോ? ചോദ്യം കേട്ടപ്പോൾ പെട്ടെന്നു ഉത്തരം പറയാൻ എനിക്കു കഴിഞ്ഞില്ല.

ഒരുപാടു നാളുകളായി ഞാൻ മനസ്സിൽ കൊണ്ടു നടക്കുന്ന ഒരു ആഗ്രഹം. പീറ്റർ അന്ന് കലാഭവനിൽ ഉണ്ട്. അങ്ങനെ പീറ്ററിന്റെ കൂടെയാണ് ആദ്യമായി ഞാൻ കലാഭവനിൽ എത്തുന്നത്.

ആബേലച്ചന് എന്നെ പരിചയപ്പെടുത്തിയപ്പോൾ അച്ചൻ ആകെപ്പാടെ എന്നെയൊന്നു ഉഴിഞ്ഞു നോക്കിയിട്ടു ചോദിച്ചു ഇയാളാണോ മിമിക്രി കളിക്കാൻപോകുന്നത്. സംഗതി എനിക്കു പിടികിട്ടിയില്ല. അന്നു ഞാൻ ഇട്ടിരുന്നത് ആറു പോക്കറ്റൊക്കെയുള്ള കാക്കി ഷർട്ടാണ്. യൂണിഫോമില്ലാതെ ഓട്ടോ ഓടിക്കാൻ പറ്റില്ലല്ലോ. ആബേലച്ചൻ എന്നെ ഇന്റർവ്യു ചെയ്തു. ഗാനമേളയ്ക്കിടയിൽ കുറച്ചുനേരം മിമിക്രി, അതായിരുന്നു ആദ്യത്തെ നിയമനം. ഒട്ടും താമസിയാതെ മിമിക്സ് പരേഡ് ട്രൂപ്പിലേയ്ക്ക് പ്രമോഷനും കിട്ടി.

ഒന്നര വർഷം മിമിക്സ് പരേഡ് ട്രൂപ്പിൽ നിന്നു. ഇതിനിടയിൽ വിനോദശാല എന്നൊരു സീരിയലിൽ അഭിനയിക്കാൻ പോയി. അത് കുരിശായി. സീരിയൽ അഭിനയവും കഴിഞ്ഞു മടങ്ങിയെത്തിയപ്പോൾ കലാഭവനിലെ പണിപോയി. മണി ഇനി കലാഭവനിൽ കളിക്കണ്ട. മാനേജരുടെ ഉത്തരവാണ്.

പ്രോഗ്രാമിനു പോകുമ്പോൾ അന്ന് യൂണിഫോമൊക്കെയുണ്ട്. ജുബ്ബയൊക്കെ തേച്ചു വടിപോലെയാക്കിയാണു ഞാൻ വന്നത്. യൂണിഫോം കൊണ്ടുവന്നുപോയില്ലേ, ഒരു കളിയെങ്കിലും, പറ്റില്ലെന്ന് തീർത്തുപറഞ്ഞപ്പോൾ സങ്കടായി....

വിവരമറിഞ്ഞ് ആബേലച്ചൻ എന്നെ വിളിച്ചു. സാരമാക്കേണ്ട! ഇതൊന്നും ആലോചിച്ചു വിഷമിക്കുകയും വേണ്ട. നീ എവിടെപ്പോയാലും നന്നായി വരും. എനിക്കറിയാം.... അച്ചന്റെ അനുഗ്രഹവും വാങ്ങി ഞാൻ കലാഭവന്റെ പടിയിറങ്ങി.

കലാഭവനിൽ എത്തിയ അന്നു മുതൽ ഒരുപാട് സഹായങ്ങൾ ആബേലച്ചൻ എനിക്കു ചെയ്തു തന്നിട്ടുണ്ട്. അത്രയും സ്നേഹവും നന്മയും ഉള്ള വലിയൊരു ആളാണ് അച്ചൻ.

അച്ചന്റെ വാക്കുകൾ നൂറു ശതമാനവും സത്യമായി. ഇന്ന് ഈ നിലയിൽ ഇവിടെ നില്ക്കുമ്പോൾ കലാഭവനെക്കുറിച്ച് എങ്ങനെ ഞാൻ ഓർക്കാതിരിക്കും. ജീവിതത്തെത്തന്നെ മാറ്റിമറിച്ച നിർണ്ണായക നിമിഷങ്ങളെ എനിക്കു സമ്മാനിച്ചതു കലാഭവനാണ്.

# കലാഭവനിലൂടെ ഞാനും അറിയപ്പെടുന്നു

കെ.ടി. കുഞ്ഞുമോൻ



കലാഭവൻ കലയുടെ ഭവനമാണ്. കലയ്ക്കുവേണ്ടി നിലകൊള്ളുന്ന ഏറ്റവും മികച്ച സ്ഥാപനങ്ങളിൽ ഒന്ന്. കേരളത്തിനകത്തായാലും ശരി പുറത്തായാലും ശരി എന്റെ കണക്കുക്കൂട്ടലുകളിൽ തെറ്റുപറ്റില്ല.

കലാകൈരളിക്കു ശക്തന്മാരായ ഒരുപിടി കലാകാരന്മാരെ സംഭാവനചെയ്യാൻ കലാഭവനു സാദ്ധ്യമായത് പ്രവർത്തനമണ്ഡലങ്ങളിലെ ശരിയായ തീരുമാനങ്ങളിലൂടെയാണ്. അദ്ധ്വാനത്തിലൂടെയാണ്. കലയ്ക്കുവേണ്ടി നിലകൊള്ളുന്ന മറ്റ് ഏതൊരു കലാപ്രസ്ഥാനത്തോടും കിടപിടിക്കാൻ കലാഭവനു കഴിയുന്നതും ഈ നിലപാടുകളിലെ നന്മകൾകൊണ്ടാണ്. സത്യസന്ധതകൊണ്ടാണ്.

കലാഭവനിൽ നിന്നും ഒട്ടേറെ കലാകാരന്മാർ സിനിമയിലും അതുപോലെ തന്നെ കലയുടെ വിവിധ മേഖലകളിലും കടന്നെത്തി വിജയ ശ്രീലാളിതരായി നിൽക്കുന്നു. എല്ലാവരും ഉന്നതങ്ങളിലുണ്ട്. മികവിന്റെ കാര്യത്തിൽ ആരും മോശക്കാരല്ല. ആരും ആർക്കും പിന്നിലല്ല. എല്ലാവരും മുന്നിൽ തന്നെയുണ്ട്.

ചിരിപ്പിക്കാൻ മാത്രം കലാഭവൻ രൂപം കൊടുത്ത മിമിക്സ് പരേഡിലൂടെ സിനിമയിലെത്തിയവർ ധാരാളം. ചിരിപ്പിക്കാൻ മാത്രം ശീലിച്ചവർ സിനിമയിൽ കരയിപ്പിക്കാനും തയ്യാറായി. പ്രേക്ഷകർ അതു സ്വീകരിക്കുകയും ചെയ്തുവെന്നതിനു ഏറ്റവും വലിയ ഉദാഹരണമാണ് ഓരോരുത്തരുടേയും വർദ്ധിച്ച തിരക്ക്.

കലാഭവനിൽ നിന്നും പുറത്തിറങ്ങിയ കുട്ടികൾ, കലാരംഗത്തെ തിരക്കിട്ട അവരുടെ ജീവിതം ഒക്കെ കലാഭവനു കൂടുതൽ കൂടുതൽ മികവേകുന്നു.

ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഞാനും കലാഭവനിലൂടെ അറിയപ്പെടുന്നുവെന്നത് എന്നെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനിക്കാൻ വക നൽകുന്നു. കലാഭവനിലെ ലൈഫ്മെമ്പറും ഡയറക്ടർ ബോർഡംഗവുമാകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് എനിക്ക്! എന്റെ കുട്ടികൾ, മകനും മകളും കലാഭവൻ വിദ്യാർത്ഥികളാണ്.

കേരളത്തിനകത്തും പുറത്തുമുള്ള മലയാളികൾക്ക് അഭിമാനിക്കാൻ വക നൽകും വിധത്തിൽ കലാഭവനെ ഉയർത്തിക്കൊണ്ടുവന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ആബേലച്ചനാണ്. ഇതിന്റെ ക്രെഡിറ്റു മറ്റൊരാൾക്കും അവകാശപ്പെടാനാവില്ല. ആബേലച്ചനെപ്പോലൊരു കലാകാരനുമാത്രമേ കലാഭവൻപോലൊരു പ്രസ്ഥാനത്തിനു നേതൃത്വം നൽകാനാവൂ. എൺപതിലെത്തിയെങ്കിലും അച്ചനിന്നും ചെറുപ്പമാണ്.

ആബേലച്ചൻ നേതൃത്വം നൽകുന്ന കലാഭവൻ പുതിയ സഹസ്രാബ്ദത്തിൽ കലാരംഗത്തു പുതിയ തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി പുതിയ പുതിയ സംരംഭങ്ങൾക്കു തുടക്കം കുറിച്ചു കഴിഞ്ഞു. എന്റെ ആശംസകൾ....

marggam DIGITAL PUBLISHING

www.marggam.org



# ഞാനിന്നും കലാഭവൻ വിദ്യാർത്ഥിനി

തെസ്നി ഖാൻ

പിന്നിടുന്ന ഓരോ കാലഘട്ടവും അനുഭവങ്ങളുടേതാണ്. നിറം പിടിച്ചതും മങ്ങലേറ്റതുമായ അനുഭവങ്ങൾ.

എന്റെ ജീവിതത്തിലെ ഏറ്റവും സമ്പന്നമെന്നു പറയാവുന്നൊരു കാലഘട്ടം കലാഭവനിലെ വിദ്യാർത്ഥി ജിവിതമാണ്. സംഗീത വിദ്യാർത്ഥിനിയായിരുന്ന എനിക്ക് നൃത്തത്തിലും മിമിക്രിയിലും പ്രൊഫഷണൽ ടച്ചു കൈവരിക്കാനും മികവു നേടാനും കഴിഞ്ഞതു കലാഭവനിലെ വിദ്യാർത്ഥിനിയെന്ന നിലയിലാണ്. ഈ നേട്ടങ്ങൾക്കു പിന്നിൽ ആബേലച്ചന്റെ അകമഴിഞ്ഞ പ്രോത്സാഹനവും ഉണ്ടായിരുന്നു.

കലാഭവൻ ഡാൻസ് ട്രൂപ്പിൽ ഞങ്ങൾ അഞ്ചു പെൺകുട്ടികളായിരുന്നു അന്ന്. മിമിക്രിയിൽ ജയറാമും, സൈനുദ്ദീനും, പ്രസാദും, റഹ്മാനും, അൻസാറുമൊക്കെ ഉണ്ടായിരുന്നു.

നാടുനീളെ പ്രോഗ്രാമും സംഗീത പഠനവുമൊക്കെയായി വിദ്യാർത്ഥി ജീവിതം തിരക്കിന്റേതായിരുന്നു. ഈ തിരക്കിനിടയിലാണു സിനിമയിലേയ്ക്കുള്ള ഓഫറും കിട്ടുന്നത്.

എറണാകുളം ടൗൺഹാളിൽ കലാഭവന്റെ പ്രോഗ്രാം കാണാനിടയായ തോംസൺ ഫിലിംസ് ബാബുവായിരുന്നു എന്നെ സിനിമയിലേയ്ക്കു ക്ഷണിച്ചത്. കലാകാരി എന്ന നിലയിൽ അതൊരു വലിയ മാറ്റത്തിനും പുതിയ തുടക്കത്തിനും കാരണമായി.

കലാഭവന്റെ ഏറ്റവും വലിയ ഗുണം അച്ചടക്കമായിരുന്നു. ഇതിനു പ്രധാന കാരണം കലാഭവന്റെ എല്ലാമായ ആബേലച്ചന്റെ സ്നേഹത്തോടെയുള്ള കർക്കശ നിലപാടുകളായിരുന്നു. പക്ഷെ എത്ര സ്ട്രിക്റ്റായാലും അച്ചന്റെയടുത്ത് എന്തും തുറന്നു പറയാമായിരുന്നു.

കലാഭവനിൽ വിദ്യാർത്ഥിനിയായി എത്താൻ കാരണം എന്റെ പിതാവാണ്. മജീഷ്യനായ പിതാവ് കലാഭവനിൽ മാജിക്ക് ക്ലാസ്സുകൾ നടത്തിയിരുന്നു. പിതാവിലൂടെയാണു കലാഭവനെക്കുറിച്ച് കൂടുതൽ ഞാൻ അറിയുന്നതും കലാഭവനിൽ വരാൻ താല്പര്യം കാട്ടിയതും. പ്രൊഫസർ അലിഖാന്റെ മകളെന്ന പരിഗണനയും കലാഭവനിൽ എനിക്കു കിട്ടിയിരുന്നു.

സ്പോർട്സിനു വളരെയധികം പ്രാധാന്യം നൽകുന്ന നമ്മുടെ നാട്ടിൽ കലാപരമായി വളരെയൊന്നും പ്രോത്സാഹനം കിട്ടാറില്ലായിരുന്നു. കലാഭവന്റെ ജനനത്തോടെ എത്രയോ നശിച്ചു പോകേണ്ട കലാകാരന്മാർ ഉയർന്നുവന്നു.

കലാഭവനിൽ നിന്നു പോന്നുവെങ്കിലും ഇപ്പോഴും കലാഭവനിലെ വിദ്യാർത്ഥിനിതന്നെയാണു ഞാൻ. അവിടെ എന്തു പ്രോഗ്രാം ഉണ്ടെങ്കിലും എന്നെ അറിയിക്കാറുണ്ട്. ഞാൻ പങ്കെടുക്കാറുമുണ്ട്. ഒരു കലാകാരി എന്ന നിലയിൽ ഈ പങ്കെടുക്കലുകൾ എനിക്ക് അഭിമാനം നൽകുന്നു. കലാഭവനിലെ വിദ്യാർത്ഥിനിയാണെന്ന ബോധം എനിക്ക് ഉണ്ടാകുന്നു.

കലാഭവൻ നാൾക്കുനാൾ ഉയർച്ചയുടെ പടവുകൾ കയറുകയാണ്. ആധുനിക സജ്ജീകരണങ്ങളോടെ ആരംഭിക്കുന്ന കലാഭവൻ ടാലെന്റ് സ്ക്കൂൾ മികവിന്റെ ഏറ്റവും വലിയ ഉദാഹരണമാകും. പിന്നെ മ്യൂസിക്ക് കോളേജ്. ഫിലിം അക്കാദമി എല്ലാത്തിനും വളരെ മുന്നിലായി ആബേലച്ചനും.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# കലാഭവനു പകരം കലാഭവൻ മാത്രം

ലാൽ

കലാഭവനെക്കുറിച്ച് ഒറ്റവാക്കിൽ പറഞ്ഞൊതുക്കാനാവില്ല. അത്രയും വലിയൊരു കലാപ്രസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുന്നു കലാഭവൻ. നാളുകൾ പിന്നിടുന്തോറും കലാഭവന്റെ പ്രശസ്തി ഏറുകയാണ്. ദേശാന്തരങ്ങൾക്കുമപ്പുറത്തെത്തി നിൽക്കുന്ന പ്രശസ്തി. കലാഭവനിലെ ഒരു അംഗമെന്ന നിലയിൽ ആത്മാർത്ഥമായും എനിക്കുപറയാൻ കഴിയും കലാഭവനു പകരം വെയ്ക്കാൻ മറ്റൊരു കലാപ്രസ്ഥാനവും ഇവിടെയില്ലെന്ന്.

കലാഭവനുമായി ചെറുപ്പം മുതലേ എനിക്കു ബന്ധമുണ്ട്. എന്റെ അച്ഛൻ കലാഭവനിലെ തബല അദ്ധ്യാപകനായിരുന്നു. അച്ഛനെ കാണാൻ ഞാൻ പലപ്പോഴും അവിടെ എത്തുമായിരുന്നു. പിന്നീടു കലാഭവനിലെ വിദ്യാർത്ഥിയുമായി അഞ്ചാം ക്ലാസ്സിലേയ്ക്ക് കടന്നപ്പോൾ ഗിറ്റാർ പഠിക്കണമെന്നു തോന്നി. അങ്ങനെയാണു കലാഭവനിലെ വിദ്യാർത്ഥിയായത്.

പിന്നീടു കലാഭവൻ മിമിക്രി ട്രൂപ്പ് തുടങ്ങുന്ന സമയത്ത് ഞാനും സിദ്ധിക്കും കൂടിയാണു കലാഭവനിലെത്തുന്നത്. ആബേലച്ചനെ നേരത്തേ പരിചയമുണ്ടായിരുന്നുവെങ്കിലും വർഷങ്ങൾക്കുശേഷമുള്ള വരവിൽ വീണ്ടും പരിചയപ്പെടേണ്ടിവന്നു.

അന്ന് പരേഡ് ട്രൂപ്പില്ല. അതിന്റെ ചർച്ച നടക്കുന്ന സമയത്താണു ഞങ്ങൾ ചെല്ലുന്നത്. ചർച്ചയിൽ ഒന്നുമാകാതെ വന്നപ്പോൾ ഞാനും സിദ്ധിക്കും കൂടി അന്നത്തെ കലാഭവന്റെ സെക്രട്ടറിയായിരുന്ന പ്രകാശനെക്കണ്ടു സംസാരിച്ചു.

ഞങ്ങൾ ഒരു ഫോർമാറ്റുണ്ടാക്കിത്തരാം. വെറുതെ ഒരു പരേഡ് എന്നു പറഞ്ഞിട്ടു കാര്യമില്ല. അതിനൊരു സ്ക്രിപ്റ്റുണ്ടാക്കണം. അച്ചടക്കമുണ്ടാകണം. ആരൊക്കെ എന്തൊക്കെ ചെയ്യണം, എങ്ങനെയൊക്കെ ചെയ്യണം അങ്ങനെ ഒരു അടുക്കും ചിട്ടയുമുള്ള ഒരു ഫോർമാറ്റുണ്ടാക്കി ഞങ്ങൾ പ്രകാശനെ ഏല്പിച്ചു.

ഞങ്ങളെക്കാൾ ഒരുപാട് സീനിയേഴ്സായ ആളുകൾ ഇവിടെയുണ്ട്. അവർ ചിലപ്പോൾ ഞങ്ങളാണ് ഇങ്ങനെയൊരു ഫോർമാറ്റുണ്ടാക്കിയതെന്നു പറഞ്ഞാൽ സമ്മതിച്ചെന്നുവരില്ല. അതുകൊണ്ടു പ്രകാശനാണ് ഈ ഫോർമാറ്റുണ്ടാക്കിയതെന്നു പറഞ്ഞുവേണം പ്രസന്റു ചെയ്യാൻ. പ്രകാശൻ സമ്മതിച്ചു.

അടുത്ത ചർച്ചയിൽ എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ പ്രകാശൻ ഇത് അവതരിപ്പിച്ചു. കാര്യങ്ങൾ വിശദീകരിച്ചു. എല്ലാവർക്കും സമ്മതമായി. എല്ലാവരുടേയും സമ്മതം

കിട്ടിക്കഴിഞ്ഞപ്പോൾ ഇതിന്റെ പിന്നിൽ ഞങ്ങളാണെന്ന കാര്യം പ്രകാശൻ വെളിപ്പെടുത്തി. എതിരഭിപ്രായം ഉണ്ടായില്ല. അംഗീകരിക്കപ്പെട്ടു. അങ്ങനെയാണു ഒറ്റപ്പെട്ട ഏതാനും നേരത്തേയ്ക്കുള്ള മിമിക്രിക്കളിയിൽ നിന്നു ഇന്നത്തെ മിമിക്സ് പരേഡിലേക്കുള്ള മാറ്റം ഉണ്ടായത്.

മുമ്പ് അഞ്ചോ പത്തോ മിനിറ്റ് നേരത്തേയ്ക്ക് മാത്രമായിട്ടായിരുന്നു മിമിക്രി. ഒന്നുകിൽ ഗാനമേള തുടങ്ങുന്നതിനു മുമ്പ്. അല്ലെങ്കിൽ ഇടവേളകളിൽ. ഇത്, മൂന്ന് മണിക്കൂർ തുടർച്ചയായ പ്രോഗ്രാമാക്കി മാറ്റുകയെന്നു പറഞ്ഞാൽ പലർക്കും അംഗീകരിക്കാനാവാത്ത കാര്യമായിരുന്നു. എല്ലാവരും അച്ചനെ എതിർത്തു. പുലിവാലു പിടിക്കണോ..... പക്ഷേ അച്ചന് ഉറപ്പുണ്ടായിരുന്നു ഇതു സക്സസ്സാക്കാൻ കഴിയുമെന്ന്. അത്തരം ധീരമായ നിലപാടുകളെടുക്കാൻ കഴിയുന്ന, അതിനുവേണ്ടി അങ്ങേയറ്റം പരിശ്രമിക്കുന്ന ആളായിരുന്നു ആബേലച്ചൻ.

അതുതന്നെയാണു കലാഭവന്റെ വിജയത്തിനു പ്രധാന കാരണവും. മികച്ചവർ കലാഭവനിലെത്തുന്നു. മികച്ചവരിൽ നിന്നു മികച്ചവരെ കണ്ടെത്താൻ കഴിയുന്നു. അവർ ആരാണ്, ഏതു തരക്കാരാണ്, എങ്ങനെയുള്ളവരാണ് ഇതൊക്കെ മനസ്സിലാക്കാനുള്ള അഗാധമായ കഴിവും അച്ചനുണ്ട്.

ഒരിക്കലും അച്ചന്റെ കണക്കുകൂട്ടലുകൾ പാഴായിട്ടില്ലായെന്നുതന്നെയാണ് എന്റെ വിശ്വാസം. ഏതു പ്രശ്നത്തെയും ലാഘവത്തോടെ കാണാനുള്ള പ്രത്യേകമായ കഴിവുതന്നെ അച്ചനുണ്ട്. ദേഷ്യപ്പെട്ടു അച്ചനെ കണ്ടിട്ടില്ല. ദേഷ്യപ്പെടാൻ അച്ചനൊട്ടു അറിയുകയുമില്ല.

കലാഭവന്റെ ബാനർ അതിന്റെ പവ്വർ അതിഭയങ്കരമാണ്. കലാഭവനിൽ നിന്നു വന്നവരൊക്കെ സിനിമയിലും കലയുടെ വിവിധമേഖലകളിലുമുണ്ട്. എല്ലാവരും മികവുകാട്ടിയവരാണ്. ആരും മോശക്കാരല്ല.

കലാഭവനിൽ നിന്നാണ് എന്ന് പറയുമ്പോൾ കിട്ടുന്ന ആ ഒരു അംഗീകാരം അതൊരു വലിയ സംഭവമാണ്. കലാഭവനിലെ ആർട്ടിസ്റ്റാണെന്നു പറയുമ്പോൾ അയാളുടെ പെർഫോമൻസു കണ്ടിട്ടല്ലെങ്കിൽപ്പോലും മിനിമം ഒരു വിശ്വാസമുണ്ട്, ഇയാൾ മോശക്കാരനാവില്ലെന്ന്. ആ ഒരു തലത്തിലേയ്ക്ക് വളർന്നു കഴിഞ്ഞു കലാഭവൻ.

താരങ്ങളില്ലാതെ വിദേശങ്ങളിൽ പ്രോഗ്രാമുമായെത്തുമ്പോൾ അവർക്കറിയാം കലാഭവന്റെ പ്രോഗ്രാമല്ലേ, മോശമാവില്ലെന്ന്. അതിപ്പോൾ മിമിക്സ് പരേഡായാലും ശരി ഗാനമേളയായാലും ശരി. ഏത് കലാരൂപം അവതരിപ്പിച്ചാലും ശരി കാണാൻ ആളുണ്ടാകും. അതൊരു വിശ്വാസമാണ്. ആ വിശ്വാസം കലാഭവൻ ഉയർത്തിപ്പിടിക്കാറുണ്ട്.

ഇപ്പോൾ കലാഭവൻ ടാലെന്റ് സ്ക്കൂൾ തുടങ്ങുന്നു. പിന്നാലെ മ്യൂസിക്ക് കോളേജും ഫിലിം അക്കാദമിയും പ്രൊഡക്ഷനും ആരംഭിക്കുകയാണ്. ഇതിലൊക്കെ തന്നെയും പ്രത്യേകമായൊരു നിലപാടുകൾ ഉയർത്തിപ്പിടിക്കുമെന്ന കാര്യം ഉറപ്പാണ്. കലാഭവന്റെ ട്രേഡ്മാർക്ക് ഉയർത്തിപ്പിടിച്ചേ മതിയാവൂ. ആ ഒരു ഉത്തരവാദിത്തം അവിടുള്ളവർക്ക് ഉണ്ടാകും.

എത്രവിപുലവും വ്യാസമേറിയതുമായ കാര്യങ്ങളും നല്ലരീതിയിൽ ഓർഗനൈസ് ചെയ്യാനുള്ള ഭയങ്കരമായ കപ്പാസിറ്റിയുള്ള ആളാണ് ആബേലച്ചൻ. അധികം ആളുകളൊന്നും കലാഭവനുവേണ്ടി ഓടിനടക്കുന്നതു കണ്ടിട്ടില്ല. എത്ര വലിയ കാര്യമായാലും അതിന്റെ പിന്നിൽ ഒരേയൊരാളെ മാത്രമേ കണ്ടിട്ടുള്ളൂ; ആബേലച്ചനെ.

ഒരു കലാകാരനു തുടക്കം കുറിക്കുവാൻ പറ്റിയ ഐശ്വര്യപൂർണ്ണമായ സ്ഥലമാണു കലാഭവൻ. തലപ്പത്ത് ഇരിക്കുന്നവരുടെ മനസ്സിന്റെ നന്മയായിരിക്കണം ഈ ഐശ്വര്യത്തിനു കാരണം. സാമ്പത്തികലാഭമല്ല കലാഭവന്റെ ലക്ഷ്യം. അതിനുമപ്പുറം പുണ്യമുള്ള ഐശ്വര്യം നൽകാൻ അത്തരമൊരു ഇൻസ്റ്റിറ്റ്യൂഷനെ കഴിയൂ.

ആ നന്മയാണു കലാഭവന്റെ വിജയവും കലാഭവനിൽ നിന്നു വരുന്ന കലാകാരന്മാരുടെ വിജയവും.

marggam DIGITAL PUBLISHING
www.marggam.org

# കലയുടെയും വിശ്വാസങ്ങളുടേയും പ്രതീകം

അൻസാർ



1976–മുതൽ കലാഭവനിൽ ഞാനുണ്ട്. ഒരു പക്ഷേ ആബേലച്ചനുപോലും അത് ഓർമ്മയുണ്ടാകില്ല. കലാഭവൻ ഗാനമേള ട്രൂപ്പിന്റെ കുടെയായിരുന്നു എന്റെയും യാത്ര. ഗാനമേളയ്ക്കിടയിലെ ഇരുപതു മിനിറ്റു സമയം മിമിക്രി കാട്ടി പോരാം. അന്ന് കലാഭവന്റെ ഗാനമേളയെന്നു പറഞ്ഞാൽ വലിയൊരു സംഭവമായിരുന്നു.

81–ലാണ് മിമിക്സ് പരേഡ് ആരംഭിക്കുന്നത്. വർക്കിയച്ചൻപെട്ട, സിദ്ധിക്ക്, ലാൽ, പ്രസാദ്, റഹ്മാൻ, ഞാൻ. ഞങ്ങൾ ആറു പേർ ചേർന്നായിരുന്നു മിമിക്സ് പരേഡിനു തുടക്കം കുറിച്ചത്. അതുവരെ ഒറ്റയ്ക്കും രണ്ടുപേർചേർന്നുമാണ് മിമിക്രി അവതരിപ്പിച്ചിരുന്നത്. കേരളത്തിലെ പ്രഥമ സംരംഭത്തിന് എങ്ങും വമ്പിച്ച സ്വീകരണമായിരുന്നു. മൂന്നു മണിക്കൂർ നീണ്ടുനിൽക്കുന്ന പ്രോഗ്രാമിനു കലാഭവൻ രൂപം നൽകുമ്പോൾ ഇത്രയും പ്രതീക്ഷിച്ചതല്ല. ഗാനമേള ട്രൂപ്പുകളെ പിൻതള്ളി വേദികൾ പിടിച്ചടക്കിയുള്ള കലാഭവൻ മിമിക്സ് പരേഡിന്റെ മുന്നേറ്റം കേരളം കണ്ടതാണ്. മറുനാടൻ മലയാളികളും ആസ്വദിച്ചതാണ്.

ഇത്തരം ഒരു ട്രൂപ്പ് പ്ലാൻ ചെയ്യുമ്പോൾ ഒരുപാട് എതിർപ്പുകളേയും ആബേലച്ചനു നേരിടേണ്ടിവന്നിട്ടുണ്ട്. എതിർപ്പുകളുടെ ശക്തി കൂടിയപ്പോൾ ഞങ്ങളും ഭയപ്പെട്ടു. ഒട്ടും ഭയമില്ലാതെ ചിരിക്കുന്ന മുഖവുമായി അന്നു ഞങ്ങൾ കണ്ട ഒരേയൊരു മുഖം ആബേലച്ചന്റേതാണ്. ജനങ്ങളുടെ സഹകരണവും പ്രോഗ്രാമിന്റെ വിജയവും കണ്ടപ്പോൾ എതിർത്തവരൊക്കെ അച്ചനെ അഭിനന്ദിക്കുന്നതും കണ്ടു.

1981 സെപ്തംബർ 21–ന് എറണാകുളം ഫൈൻ ആർട്ട്സ് ഹാളിലായിരുന്നു മിമിക്സ് പരേഡിന്റെ ഉദ്ഘാടനം. വിശിഷ്ട വ്യക്തികൾ പങ്കെടുത്ത വലിയൊരു സദസ്സിനു മുന്നിലെ അരങ്ങേറ്റം. മിമിക്സ് പരേഡിന്റെ ഉദ്ഘാടനം കാണാൻ എന്റെ ജ്യേഷ്ഠനും, ജ്യേഷ്ഠന്റെ കൂട്ടുകാരൻ മുഹമ്മതുകുട്ടിയും വന്നിരുന്നു. മുഹമ്മതുകുട്ടി ചെറിയൊരു നടനും കൂടിയാണ്. ഏതാനും ചിത്രങ്ങളിൽ മുഖം കാട്ടിയിട്ടുമുണ്ട്. മേളയിൽ നല്ലൊരു വേഷമാണു മുഹമ്മത്കുട്ടി ചെയ്തിട്ടുള്ളത്. മേള റിലീസ് ആയിട്ടുമില്ല. അതുകൊണ്ട് മുഹമ്മത്കുട്ടി എന്ന സിനിമാ നടനെ അന്ന് ആരും അറിഞ്ഞതുമില്ല. പിൽകാലത്തു അദ്ദേഹത്തിന്റെ നിഴൽ കണ്ടാൽപ്പോലും ജനം തിരിച്ചറിഞ്ഞു.



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

അന്ന് പ്രോഗ്രാം കഴിയുമ്പോൾ ഞങ്ങൾക്കു തരാൻ സുനൈനയിലെ നാസർ ലത്തീഫ് (നാസർ ലത്തീഫ് ഒരു നടനും കൂടിയാണ്) ഗിഫ്റ്റ് ബോക്സുകൾ കൊണ്ടുവന്നിരുന്നു. അപ്പോൾ ഞാൻ നാസറിനോടു പറഞ്ഞു. മുഹമ്മത്കുട്ടി ചെറിയൊരു നടനാണ്. അദ്ദേഹം സ്റ്റേജിൽ വെച്ച് ഇത് തന്നാൽ നന്നായിരുന്നു. നല്ല ഐശ്വര്യമുള്ള കൈയ്യാണ്. അങ്ങനെ മുഹമ്മത്കുട്ടി സ്റ്റേജിൽ വന്നു ഞങ്ങൾക്ക് ഗിഫ്റ്റ്ബോക്സുകൾ തന്നു. ഭയങ്കര ചമ്മലോടെയായിരുന്നു അദ്ദേഹം സ്റ്റേജിൽ വന്നത്. ആ മുഹമ്മത്കുട്ടിയാണ് ഇന്ന് നിങ്ങൾ അറിയുന്ന സൂപ്പർസ്റ്റാർ മമ്മൂട്ടി.

അലക്ഷ്യമായി കിടന്നിരുന്ന മിമിക്രി എന്ന കലാരൂപത്തിന് അടുക്കും ചിട്ടയും സ്ക്രിപ്റ്റും കാര്യങ്ങളുമൊക്കെ ഉണ്ടാക്കിയത് സിദ്ധിക്കും ലാലും ചേർന്നാണ്. അതുവരെ ഇങ്ങനെയൊരു സംഭവമേ ഇല്ലായിരുന്നു. കലാഭവൻ മിമിക്സ് പരേഡിന്റെ വിജയം കേരളത്തിൽ ട്രൂപ്പുകൾക്കും ജന്മം നല്കി. പക്ഷേ കലാഭവൻ അന്നും ഇന്നും ശക്തമാണ്.

നടന്മാർ, തിരക്കഥാകൃത്തുകൾ, സംവിധായകർ അങ്ങനെ ഒരു പിടിപേർ കലാഭവനിൽ നിന്നും ചലചിത്രവേദിയിലേയ്ക്ക് കടന്നുകയറി, കലാഭവന് പ്രശസ്തി നേടികൊടുത്തു. ഇതിൽ ഒരു കൊമേഡിയൻ നഷ്ടമായി. വേദനിപ്പിക്കുന്ന അനുഭവങ്ങൾ സമ്മാനിച്ചുകൊണ്ടായിരുന്നു സൈനുദ്ദീന്റെ വിടവാങ്ങൽ.

കലയെ സ്നേഹിക്കുന്ന കലാകാരന്മാരെ സ്നേഹിക്കുന്ന ജാതിയും മതവും നോക്കാത്ത വലിയൊരു കലാകാരനാണ് ആബേലച്ചൻ.

അച്ചന്മാർക്കിടയിലെ സൂപ്പർസ്റ്റാറാണു ആബേലച്ചൻ. അത് അച്ചനറിയാമോ എന്ന് എനിക്കറിയില്ല.

ആബേലച്ചന് എൺപതു വയസ്സ് പിന്നിടുംമ്പോഴും ചെറുപ്പമാണ്. ഒരു അഞ്ചാറുകൊല്ലവും കൂടിക്കഴിയുമ്പോൾ ഞങ്ങളാണോ അച്ചനാണോ മൂത്തതെന്ന് പറയുവാൻ പറ്റാതെവരും. വയസ്സു കൂടുന്തോറും ചെറുപ്പമേറുകയാണ് അച്ചന്.

എളിമയും വിനയവും പഠിക്കാൻ കഴിഞ്ഞത് കലാഭവനിൽ നിന്നാണെന്നു പലരും പറഞ്ഞു കേട്ടിട്ടുണ്ട്. എനിക്ക് അങ്ങനെ പറയാൻ പറ്റത്തില്ല. കാരണം ഞാൻ ഇതൊക്കെ പഠിച്ചത് ആബേൽ അച്ചനിൽ നിന്നാണ്. ഇനിയും ഒരുപാടു കാര്യങ്ങൾ പഠിക്കാനുണ്ട്. അതാണ് ആ വ്യക്തിത്വം.

വലിയവലിയ കർമ്മപദ്ധതികളുമായി കലാഭവൻ മുന്നോട്ടു നീങ്ങുകയാണ്. കലാരംഗത്തു പുത്തൻ പ്രതിഭകളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്ന കരുത്തുറ്റ പദ്ധതികൾ. എല്ലാം മികച്ച രീതിയിൽതന്നെയാണു നീങ്ങുന്നത്. ഈ മികവാണു ജനത്തെ ആകാംക്ഷാഭരിത രാക്കുന്നത്. പലരും ഇപ്പോഴേ റെക്കമെന്റ് ചെയ്തുതുടങ്ങി. അതു വിശ്വാസമാണ്.

ആബേലച്ചൻ കൈവച്ചതൊന്നും മോശമായിട്ടില്ല. യേശുദാസ് മുതൽ നവാസ് വരെ-പ്രതിഭകളുടെ വലിയൊരു നിരതന്നെ കാണാം.

marggam DIGITAL PUBLISHING

www.marggam.org

# സമയത്തിന്റെ വില പഠിച്ചതിവിടെ നിന്ന്

കെ. എസ്. പ്രസാദ്



ഒരു കലാകാരനെന്നതിനുപരി സമയത്തിന്റെ വിലയെക്കുറിച്ചു ഞാൻ പഠിച്ചതു ആബേലച്ചനിൽ നിന്നാണ്. ഒരിക്കലും ഒരു സമയവും അത് ഓഫീസിലായാലും ശരി വിശ്രമമുറിയിലായാലും ശരി ആബേലച്ചൻ വെറുതെയിരിക്കുന്നതു ഞാൻ കണ്ടിട്ടില്ല.

സമയത്തിന്റെ കാര്യത്തിൽ ഇത്രയും കൃത്യനിഷ്ഠത പാലിക്കുന്നൊരു വ്യക്തിയെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. ആ പോളിസി ഞാനും പിൻതുടരുകയാണ്.

അമ്പതു വയസ്സ് പലർക്കും റിട്ടയർമെന്റ് പ്രായമാണ്. അച്ചനെ സംബന്ധിച്ചിടത്തോളം എൺപതിലെത്തിയിട്ടും യുവത്വം പിന്നിൽ നില്ക്കുകയാണ്.

ഞാൻ അച്ചനെക്കുറിച്ച് ഒരു ഡോക്യുമെന്ററി ചെയ്തു. ഫാ. ആബേൽ – കലാഭവന്റെ ശില്പി എന്നായിരുന്നു അതിന്റെ പേര്. ഇതിന്റെ ഷൂട്ടിങ്ങിനുവേണ്ടി അച്ചന്റെ ഒരു ഷോട്ട് എടുക്കുന്നതിനേക്കുറിച്ച് സംസാരിച്ചപ്പോൾ അച്ചൻ എന്നോട് ചോദിച്ചു : "എത്ര സമയം വേണ്ടി വരും ? "

"വെറും രണ്ടു മിനിറ്റ്. അച്ചൻ നടന്നു വരുന്ന ഒരു ഷോട്ടാണ്." താൻ എന്നെ പറ്റിക്കാനാണ്. നടക്കണതല്ലേ വേണ്ടത്. നടക്കണ ഒരു ഫോട്ടോ ഞാൻ തരാം. അച്ചാ ഇതങ്ങനെ പറ്റില്ലെന്നു പറഞ്ഞ് അന്ന് ആ ഷോട്ട് എടുത്തു. മറ്റൊരിക്കൽ, അച്ചൻ എഴുതുന്നൊരു ഷോട്ടെടുക്കണം. ഞാൻ അച്ചനോടു പറഞ്ഞു റൗണ്ട് ട്രോളിയൊക്കെയിട്ട് റെഡിയായി നില്ക്കുമ്പോൾ അച്ചൻ,

തനിക്ക് ഞാൻ എഴുതുന്ന സംഭവമല്ലേ വേണ്ടത്. ഫോട്ടോ തരാം....

"അച്ചാ എന്നെ കുഴപ്പിയ്ക്കരുത്. അച്ചൻ ഒരു മിനിറ്റ് ഇവിടെയിരുന്നു എഴുതണമാതിരി കാണിച്ചാൽ മതി."

അച്ചൻ പോയി കുറെ പേപ്പർ എടുത്തുകൊണ്ടുവന്നു എഴുത്തായി. ഒരു ആറ് പേജ്. ഞാൻ പറഞ്ഞു അച്ചാ ഇത്രയൊന്നും എഴുതണ്ട. അപ്പോൾ അച്ചൻ പറഞ്ഞു ഞാൻ എഴുതാം. താൻ ആവശ്യമുള്ളത് എടുത്തോ.

ഷോട്ടെടുത്ത് കഴിഞ്ഞ് അച്ചൻ പോകാൻ എഴുന്നേറ്റപ്പോൾ ഞാൻ ചോദിച്ചു, അച്ചൻ എന്താണ് എഴുതിക്കൊണ്ടിരുന്നത്.

"ഒരു ആറു ഏഴ് കത്തെഴുതാനുണ്ടായിരുന്നു. ആ ജോലി അങ്ങോട്ടു തീർത്തു."

അത്രയും സമയത്തിനു വില കല്പിക്കുന്ന ആളാണ് അച്ചൻ. ലോകത്തിന്റെ ഏത് അറ്റത്ത് നിന്ന് അച്ചനെ കാണാൻ വന്നാലും ശരി പന്ത്രണ്ടു മണി പറഞ്ഞാൽ പന്ത്രണ്ടുമണിയായിരിക്കണം. പന്ത്രണ്ടരയായാൽ അച്ചൻ പോയിരിക്കും. കൃത്യനിഷ്ഠയുടെ കാര്യത്തിൽ പിടിവാശിക്കാരനാണ് അച്ചൻ.

ഈ കൃത്യനിഷ്ഠയും ആസൂത്രിതവും ദീർഘദൃഷ്ടിയോടെയുള്ള നടപടികളുമാണ് വിജയത്തിന്റെ അടിസ്ഥാന ഘടകം. ഒമ്പതുകൊല്ലം കലാഭവനിൽ ഞാൻ ഉണ്ടായിരുന്നു. കലാഭവനിൽ നിന്നു പോന്നുവെങ്കിലും കലാഭവന്റെ ആവശ്യങ്ങളിൽ ഇന്നും സജ്ജീവമായി പങ്കുകൊള്ളാറുണ്ട്.

കൃത്യനിഷ്ഠയുടെ കാര്യത്തിലെന്നപ്പോലെ തന്ത്രങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിലും അച്ചനെ വെല്ലാൻ പ്രയാസമായിരിക്കും.

1981–ൽ മിമിക്സ് പരേഡിന് തുടക്കം കുറിക്കുമ്പോൾ ഇത്രയും ശക്തമായ രീതിയിൽ ആധിപത്യം ഉറപ്പിക്കാൻ കഴിയുമെന്നു വിചാരിച്ചതല്ല. പക്ഷേ കടന്നുപോകുന്തോറും ഒരുപാടു നേട്ടങ്ങൾ പിടിയിലൊതുക്കാൻ കഴിഞ്ഞു. കലാഭവന് പിന്നാലെ പലട്രൂപ്പുകളും രംഗത്തു വന്നുവെങ്കിലും കലാഭവന്റെ ഇമേജിനു ഇന്നും കോട്ടം തട്ടിയിട്ടില്ല. കൂടുകയാണു ചെയ്യുന്നത്.

ഇപ്പോൾ പഴയതിലും ശക്തമായി വിപുലമായ രീതിയിൽ പുതിയ പദ്ധതികളുമായി നിലയുറപ്പിക്കാനുള്ള ശ്രമത്തിലാണു കലാഭവൻ. ടാലെന്റ് സ്ക്കൂളും മ്യൂസിക്ക് കോളേജും ഫിലിം അക്കാദമിയും ഫിലിം പ്രൊഡക്ഷനുമൊക്കെയാണു കലാഭവൻ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ. ഇന്റർനാഷണൽ ലെവലിൽ വലിയൊരു സംഭവമായിമാറുകയാണു കലാഭവൻ. ഇനിയുള്ള മുന്നേറ്റവും വേഗത്തിലായിരിക്കും.

ഇതുവരെ എനിക്ക് കലാഭവനിൽ നിന്നു ലഭിച്ച നന്മകൾക്കും പ്രോത്സാഹനങ്ങൾക്കും നന്ദി പറയുന്നു...



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മലയാളികൾ എവിടെയുണ്ടോ അവിടെ കലാഭവനുമുണ്ട്



കലാഭവൻ നവാസ്

ഒരു തിരുവോണത്തലേന്നാണു കലാഭവനിൽ ഞാനെത്തുന്നത്. കൂടെ കലാഭവനിലെ സീനിയർ മിമിക്രി ആർട്ടിസ്റ്റും എന്റെ സുഹൃത്തുമായ പ്രസാദു മുണ്ട്. ആബേലച്ചന് എന്നെ പരിചയപ്പെടുത്തിയതു പ്രസാദാണ്.

കലാഭവന്റെ ബാനറിൽ എന്റെ ആദ്യ പ്രോഗ്രാം കുന്നംകുളത്തു ബാർ ഓഡിറ്റോറിയത്തിലായിരുന്നു. ഗാനമേളക്കിടയിലെ ഇടവേള. ടിക്കറ്റു പ്രോഗ്രാമായതു കൊണ്ടു ഗാനമേളക്കിടയിലെ ഇന്റർവെൽ ശബ്ദം കേട്ടപ്പോഴേ ജനം ഒച്ചവച്ചു.

മിമിക്രിക്കാരനെ വിളി... മിമിക്രിക്കാരനെ വിളി... എന്നെ വിളിച്ചു. ഞാൻ സ്റ്റേജിലെത്തിയപ്പോഴേ കേട്ടു, ഈ പയ്യനെ വെച്ചാണോ മിമിക്രി നടത്താൻ പോണത്. പിള്ളേരുകളിയാ ഇത്....

ചോദ്യങ്ങളും സംശയങ്ങളും ഗൗരവമായിത്തന്നെ കേട്ടു. യാതൊരുവിധ ടെൻഷനും കാട്ടാതെ രണ്ടും കല്പിച്ചു നിന്നു, ഒറ്റയ്ക്ക്. മോശമായില്ല. പ്രോഗ്രാം കഴിഞ്ഞപ്പോൾ എല്ലാവരുടേയും അഭിനന്ദനം കിട്ടി. ജീവിതത്തിലെ നിർണ്ണായകമായൊരു അനുഭവമായിരുന്നു അത്.

അന്നെനിക്ക് അച്ചൻ തന്ന പ്രതിഫലം എഴുപത്തിയഞ്ചു രൂപയാണ്. തുടർന്നൊരു ചോദ്യവും. ഇവിടെ തന്നെ നിൽക്കാൻ താല്പര്യമുണ്ടോ ? മറ്റൊന്നും ആലോചിച്ചില്ല. ഉടൻ പറഞ്ഞു സമ്മതം. ആറുവർഷത്തോളം നീണ്ടു നിന്ന സമ്മതം.

ഇതിനിടയിലാണ് മിമിക്സ് ആക്ഷൻ 500 എന്ന ചിത്രത്തിൽ അഭിനയിക്കാൻ പോയത്. മിമിക്രി കാട്ടി നടന്നിരുന്ന നവാസ് ചലച്ചിത്ര രംഗത്തു കലാഭവൻ നവാസായി. ഒന്നിനുപിന്നാലെ ഒന്നായി ഒരുപിടി ചിത്രങ്ങൾ. മിമിക്രിയിൽ തുടരാനായില്ല. കലാഭവനോട് യാത്ര പറയേണ്ടി വന്നു. പക്ഷേ ഇപ്പോഴും കലാഭവനിൽ എന്റെ ആവശ്യമുണ്ടെന്നു പറഞ്ഞാൽ ഞാൻ ചെല്ലാറുണ്ട്. സഹകരിക്കാറുമുണ്ട്.

കലാഭവനിൽ മിമിക്രി ക്ലാസ്സിനു തുടക്കമിട്ടത് ഞാനാണ്. ഒരുപാടു എതിർപ്പുകൾ നേരിട്ടുകൊണ്ടാണ് ഇങ്ങനെയൊരു ക്ലാസ്സ് ആരംഭിച്ചത്. നേരത്തെ ഇതിനുവേണ്ടി പദ്ധതികൾ പ്ലാൻ ചെയ്തിരുന്നുവെങ്കിലും ശക്തമായ എതിർപ്പുകാരണം മാറ്റിവെയ്ക്കുകയായിരുന്നു. കുറെ കഴിഞ്ഞാണു വീണ്ടും ഇത് പൊക്കുന്നത്.

ക്ലാസ്സ് നടത്തേണ്ട ഉത്തരവാദിത്തം എനിക്കായിരുന്നു. ഞാൻ അത് ഏറ്റെടുക്കുകയും ചെയ്തു. കുട്ടികൾ വേദിയിൽ നില്ക്കുമ്പോൾ ജനവുമായി എങ്ങനെ ഇണങ്ങണം. അവരുമായുണ്ടാകേണ്ട റിലേഷൻ ഏതുവിധമാകണം അത് എത്രത്തോളം ദൃഢമായിരിക്കണം ഇത്തരം കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു പഠിപ്പിച്ചുകൊടുക്കുകയായിരുന്നു ഈ ക്ലാസ്സുകൊണ്ട് ഉദ്ദേശിച്ചത്. അവിടെയും കലാപക്കൊടി ഉയർന്നു. ഏതു നല്ല കാര്യം തുടങ്ങാൻ പോകുമ്പോഴും ഇത്തരം കുഴപ്പങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. ആറേഴു പേരെവെച്ചു തുടങ്ങിയ മിമിക്രിക്ലാസ്സിൽ ഇന്നിപ്പോൾ ഇരുനൂറോളം വിദ്യാർത്ഥികൾ മൂന്നു ബാച്ചുകളിലായി പരിശീലനം നേടുന്നുണ്ട്. അന്ന് എതിർപ്പുകാട്ടിയവരും ഇതിന്റെ പേരിൽ ശമ്പളം വാങ്ങുന്നുണ്ട്.

ഒരു മനുഷ്യന് എത്രത്തോളം ആയുസ്സുണ്ടോ അത്രയും കാലം ആബേൽ അച്ചൻ കലയ്ക്കു വേണ്ടിതന്നെയാവും നിലകൊള്ളുക. ഇപ്പോഴും ചുറുചുറുക്കോടെ ഓടിനടക്കുകയാണ്. നല്ലൊരു സ്ക്കൂളാണ് ആബേലച്ചൻ. അവിടെ വിദ്യാർത്ഥിയാകാൻ കഴിയുക അതൊരു വലിയ ഭാഗ്യം തന്നെയാണ്.

അച്ചനെ സംബന്ധിച്ചിടത്തോളം കൃത്യനിഷ്ഠ വലിയൊരു പ്രശ്നമാണ്. പ്രോഗ്രാമിനു ആരെങ്കിലും വൈകിയെത്തിയാൽ ഫൈൻ ഈടാക്കിയിട്ടേ ബാക്കി സംസാരമുള്ളു. ആ ഒരു കടുംപിടിത്തം മുന്നോട്ടുള്ള ജീവിതത്തിൽ ഉപകാരപ്പെടുന്നുണ്ട്.

എന്തു പ്രശ്നമുണ്ടെങ്കിലും ശരി അച്ചനുമായി സംസാരിച്ചാൽ ആശ്വാസകരമാണ്. നല്ലൊരു സുഹൃത്തും നല്ലൊരു അദ്ധ്യാപകനും വഴികാട്ടിയുമാണ് ആബേലച്ചൻ. ഒരുപാടു സ്നേഹങ്ങളുള്ള വ്യക്തി. കലാഭവന്റെ എല്ലാ ഉയർച്ചയ്ക്കും കാരണം ആബേലച്ചന്റെ ശ്രമകരമായ പ്രവർത്തനങ്ങളാണ്.

ഗായകരിൽ യേശുദാസിനു തുല്യം യേശുദാസ് എന്നു പറയുമ്പോലെ അച്ചന്മാരിൽ ആബേൽ അച്ചനു തുല്യം ആബേൽ അച്ചൻ മാത്രം.

മലയാളികൾ എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ ആബേൽ അച്ചനും കലാഭവനും അറിയപ്പെടും. അത് അച്ചന്റെ മാത്രം കഴിവാണ്.

# എന്നെ കലാകാരനാക്കിയത് കലാഭവൻ



ഹരിശ്രീ അശോകൻ

അമ്പതു രൂപ പ്രതിഫലത്തിനു കലാഭവനിൽ മിമിക്രി അവതരിപ്പിക്കാൻ എത്തിയ ആളാണ് ഞാൻ. അന്നു കലാഭവൻ മിമിക്സ് പരേഡുണ്ടെങ്കിലും ഗാനമേള ട്രൂപ്പിന്റെ കൂടെയായിരുന്നു ഞാൻ.

ഗാനമേള തുടങ്ങുന്നതിനു മുമ്പോ ഇടവേളകളിലോ ആയിരുന്നു എനിക്കു റോൾ കിട്ടിയിരുന്നത്. പത്തു ഇരുപത് മിനിറ്റു നേരത്തേയ്ക്കുള്ള പ്രോഗ്രാം. കുറേനാൾ കഴിഞ്ഞു മിമിക്സ് പരേഡിലേയ്ക്കു വന്നു. അതിനു കാരണം കലാഭവനിൽ നിന്നുള്ള സിദ്ധിക്കിന്റെ വിടവാങ്ങലാണ്.

മാനസികമായി എന്തോ ബുദ്ധിമുട്ടുകൾ വന്നപ്പോൾ സിദ്ധിക്ക് യാത്ര പറഞ്ഞു. ആ ഒഴിവിലേക്കാണ് ഞാൻ ചെല്ലുന്നത്. കുറേനാൾ പരേഡിലും നിന്നു. പിന്നീട് ഹരിശ്രീയിലേയ്ക്കു പോവുകയായിരുന്നു. ഹരിശ്രീയിലേയ്ക്കു പോകാനും ചില കാരണങ്ങളുണ്ട്. അതുകൊണ്ടാണ് പോയത്.

ഒരു ആർട്ടിസ്റ്റ് എന്ന നിലയിൽ അറിയപ്പെട്ടു തുടങ്ങിയതു കലാഭവനിൽ വന്നതിനു ശേഷമാണ്. മിമിക്രിയിൽ നിന്നു സിനിമയിലുമെത്തി. ഞങ്ങളുടെ വളർച്ചയ്ക്കു കലാഭവൻ കാരണമായിയെന്നു പറയുന്നതുപ്പോലെ തന്നെ കലാഭവന്റെ വളർച്ചയ്ക്കു ഞങ്ങളും കാരണമായിട്ടുണ്ട്.

കലാഭവനു കാസറ്റു ചെയ്യാൻ വേണ്ടി സ്ക്രിപ്റ്റുണ്ടാക്കി കഴിഞ്ഞതിനു ശേഷമാണ് ഹരിശ്രീയിലേയ്ക്കു ഞാൻ മാറുന്നത്. അവിടെ ചെന്നു കഴിഞ്ഞപ്പോൾ ഹരിശ്രീ കാസറ്റു ചെയ്യുന്നു. അതിനുവേണ്ടിയും സ്ക്രിപ്റ്റിൽ സഹകരിക്കേണ്ടി വന്നു.

മിമിക്രി എന്നു പറയുന്നത് അനുകരണ കലയാണ്. ആർക്കും ആരെയും അനുകരിക്കാം. അതൊന്നുമായിരുന്നില്ല പ്രശ്നം.

ആബേലച്ചൻ ഒരു പാവം മനുഷ്യനാണ്. ആര് എന്ത് പറഞ്ഞാലും വിശ്വസിക്കും. കണ്ണടച്ചുള്ള വിശ്വാസം അച്ചനെ കുഴപ്പത്തിൽ ചാടിച്ചിട്ടുമുണ്ട്.

അതിഭയങ്കര കഴിവുള്ള ആളാണ് അച്ചൻ. കലാഭവന്റെ ഇതുവരെയുള്ള വളർച്ചക്ക് പ്രധാന കാരണം വ്യക്തമായ പ്ലാനിങ്ങോടെയുള്ള അച്ചന്റെ നീക്കങ്ങളായിരുന്നു.

കലാഭവൻ ഇപ്പോൾ വിപുലമായ പല പദ്ധതികൾക്കും തുടക്കം കുറിച്ചുകഴിഞ്ഞു. ടാലെന്റ് സ്ക്കൂളും, മ്യൂസിക്കൽ കോളേജും, ഫിലിം അക്കാദമിയുമൊക്കെ കലാഭവന്റെ വരുംകാല പ്രവർത്തനങ്ങളിലും പദ്ധതികളിലും ചിലതുമാത്രമാണ്. എല്ലായിടത്തും കലാഭവൻ വിജയം വരിക്കുന്ന ഒരു സത്യമാണ്.



# കലാഭവനെ തകർക്കാൻ ആർക്കും കഴിയില്ല

സിദ്ധിക്ക്

ഇന്ന് എവിടേയും ചർച്ചചെയ്യപ്പെടുന്ന ഒരു പ്രസ്ഥാനമായി വളർന്നിരിക്കുന്നു കലാഭവൻ. കലാഭവന്റെ ഈ നേട്ടങ്ങൾക്കൊക്കെയും കാരണം ആബേലച്ചനാണ്. ആ വലിയ മനസ്സിന്റെ ക്ഷമയോടെയുള്ള നീക്കങ്ങൾ പാഴായില്ല. കലാരംഗത്തു കലാഭവന്റേതായ സംഭാവന അത്രയും മികച്ചതാണ്.

കലാഭവന്റെ മിമിക്സ് പരേഡ് ട്രൂപ്പിൽ രണ്ടുവർഷം ഞാനുണ്ടായിരുന്നു. മിമിക്സ് പരേഡിന്റെ ആരംഭം കുറിക്കുന്ന സമയം. കേരളത്തിൽ തന്നെ മിമിക്സ് പരേഡ് എന്ന സംഭവം ആദ്യമായിട്ടു രൂപം കൊള്ളുകയാണ്. മിമിക്സ് പരേഡ് എന്ന പേരിട്ടതും ഞാൻ തന്നെയാണ്.

അന്ന് ഒരു കാര്യം നിർബന്ധമായും പറഞ്ഞിരുന്നു. മിമിക്സ് പരേഡ് എന്ന പേരായിരിക്കണം ഹൈലൈറ്റ് ചെയ്യേണ്ടത്. വ്യക്തികളുടെ പേരിൽ ഒരിക്കലും ട്രൂപ്പ് അറിയപ്പെടാൻ ഇടവരരുത്. കാരണം ആർട്ടിസ്റ്റുകൾ മാറിമാറിവന്നു കൊണ്ടേയിരിക്കും. അപ്പോഴും പ്രസ്ഥാനം നിലനിൽക്കണം. ഇപ്പോഴും അങ്ങനെതന്നെ. പഴയ ആളുകൾപോയപ്പോഴും കലാഭവന്റെ മിമിക്സ് പരേഡ് വളരെ സജീവമായി നിൽക്കുന്നു.

മിമിക്സ് പരേഡ് രൂപീകരണസമയത്ത് ധാരാളം എതിർപ്പുകളെയും നേരിടേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊക്കെ ശക്തമായ നിലപാടുകളെടുക്കാനും യുക്തമായ നിർദ്ദേശങ്ങൾ നൽകാനും ആബേലച്ചനു കഴിഞ്ഞിരുന്നു.

നാലഞ്ചുപേർ മൈക്കിനു മുന്നിൽ നിന്നു കാറിയാൽ ഇതല്ല ഇതിനപ്പുറവും ഉണ്ടാകുമെന്നായിരുന്നു ചിലരുടെ കണ്ടെത്തൽ. മിമിക്സ് പരേഡ് എന്ന ആശയത്തെ തകർക്കാനുള്ള പലരുടേയും ശ്രമങ്ങളെ പരാജയപ്പെടുത്താനും പ്രോഗ്രാം ഗംഭീരവിജയമാക്കിത്തീർക്കാനും കഴിഞ്ഞത് ആബേലച്ചന്റെ ഉറച്ച പിന്തുണ കൊണ്ടുമാത്രമാണ്.

കലാഭവൻ ഐശ്വര്യമാണ്. ജനങ്ങളുടെ പൾസ് മനസ്സിലാക്കാനുള്ള കഴിവ് ലഭിച്ചത് എനിക്ക് അവിടുന്നാണ്. അതോടൊപ്പം ഫാസിൽ എന്ന സംവിധായകന്റെ കൂടെയുള്ള അഭ്യാസവും. ധാരാളം സിനിമകൾ കണ്ടും വായിച്ചും പഠിച്ചുമുള്ള എന്റെ അനുഭവങ്ങളാണ് എന്റെ സിനിമകൾ.

കലാഭവൻ മിമിക്രി ട്രൂപ്പിൽ ചേർന്നാൽ അടുത്തപടി സിനിമയെന്നാണ് അപ്പോഴത്തെ ധാരണ. കലാഭവന്റെ വേദിയിലെത്തുന്നതോടൊപ്പം തന്നെ കഴിവും കഠിനാദ്ധ്വാനവും ഉണ്ടായാൽ മാത്രമേ അങ്ങോട്ടുള്ള പാത സുഗമമാകൂ. കലാഭവന്റെ വേദികൾ കിട്ടിയതിനു ശേഷമാണ് എന്നിലെ കലാകാരനെ ഞാൻ തിരിച്ചറിഞ്ഞത്. അതിന്റെ വ്യാപ്തികൾ മനസ്സിലാക്കിയത്.

കഴിവുണ്ടായാൽ മാത്രം പോരാ. അതു പ്രകടിപ്പിക്കാൻ വേദിയുണ്ടാകണം. ചട്ടക്കൂട് ഉണ്ടാകണം. വൃത്തിയുണ്ടാകണം. അതാണ് നമ്മളെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കുന്നത്. അതുതന്നെയാണു കലാഭവന്റെ നേട്ടവും. കലാഭവൻ എനിക്കു നൽകിയ പാഠങ്ങൾ അച്ചടക്കത്തിന്റേതാണ്. കലാഭവന്റെ വേദിയും ക്ലാസ്സും ലഭിച്ചാൽ ആർക്കും

marggam DIGITAL PUBLISHING
www.marggam.org



വിജയിക്കാമെന്നു തന്നെയാണ് എന്റെ വിശ്വാസം.

ഞാൻ പുല്ലേപ്പടിയിൽ കളിച്ചു നടന്നിരുന്ന കാലത്ത് ആബേലച്ചൻ ഗ്രൗണ്ടിനരികിലെ റെയിൽ പാളത്തിലൂടെ നടന്നുപോകുന്നതു കാണാമായിരുന്നു. പുറകെ കുറേ കുട്ടികൾ അച്ചനെ കളിയാക്കിയും കൂകി വിളിച്ചു ബഹളംകൂട്ടിയും വരുന്നതു കാണാം. ഇതൊക്കെ കേട്ട് ഒന്നും അറിയാത്തപോലെ നടന്നുപോകുന്ന അച്ചൻ അന്നേ എനിക്കൊരു അത്ഭുതമായിരുന്നു. കുട്ടികൾ കൂകി വിളിക്കുന്നതോ കളിയാക്കുന്നതോ അച്ചനു പ്രശ്നമേയല്ല. അടുത്തദിവസം അതുവഴി തന്നെ അച്ചൻ വരും. കുട്ടികൾ പിന്നാലേയും. വഴിമാറിപ്പോയാൽ ഒരു പക്ഷേ ഇങ്ങനെ സംഭവിക്കില്ലായിരിക്കാം. എന്നാലും അച്ചൻ ഈ വഴി തന്നെ വരും.

കുറേ കഴിഞ്ഞു ഞാൻ കലാഭവനിൽ ചേർന്നപ്പോൾ ഇതേക്കുറിച്ച് ചോദിച്ചപ്പോൾ അച്ചൻ പറഞ്ഞ കാര്യം എന്റെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. റോമിൽ വൈദിക പട്ടത്തിനായി പഠിക്കുമ്പോൾ ക്ഷമ പരീക്ഷിക്കുവാൻ വേണ്ടി ആളുകൾക്കു പൈസ കൊടുത്തു തെറി വിളിപ്പിക്കുകയും കളിയാക്കുകയുമൊക്കെ ചെയ്തിരുന്നു.

മാനസികമായുള്ള തയ്യാറെടുപ്പുകൾക്കു വേണ്ടിയായിരുന്നു അന്നവർ അങ്ങനെ ചെയ്തിരുന്നത്. ഇവിടെ യാതൊരു മുടക്കു മുതലുമില്ലാതെയാണ് ഞാൻ തെറി കേൾക്കുന്നത്. നല്ല കാര്യമല്ലേ ! സ്വതേ കാണാറുള്ള ചിരി അപ്പോഴും അച്ചന്റെ മുഖത്തുണ്ട്. എന്തിനോടും ക്ഷമിക്കാനുള്ള ഈ കരുത്തും കരുതലോടെയുള്ള ചുവടുവെപ്പുകളുമാണ് അച്ചനെയും കലാഭവനെയും ഉയർത്തിക്കാണിക്കുന്നത്.

എന്തു കാര്യത്തിനും ഇറങ്ങുക. അതൊരു പ്രാർത്ഥനപോലെ ദൈവീകമായ കാര്യംപോലെ കൊണ്ടുപോകുകയും വിജയം കണ്ടെത്താനും ആബേലച്ചനു കഴിയുന്നു.

ഒരുപാടു ശത്രുക്കളും അച്ചനുണ്ടായിരുന്നു. പീഡാനുഭവങ്ങളൊന്നും അച്ചനെ തളർത്തിയിട്ടില്ല. അതങ്ങനെ കിടക്കുകയും മറ്റൊരു വഴിയിലൂടെ നീങ്ങുകയുമാണ് അച്ചന്റെ സ്വഭാവം. ഒരിക്കലും ആ മനസ്സ് വിഷമിച്ചു കണ്ടിട്ടില്ല. അവർ അങ്ങനെ പറയുന്നു ഇവർ ഇങ്ങനെ പറയുന്നു ഇതൊന്നും ശ്രദ്ധിക്കാനേ അച്ചനു നേരമില്ലെന്നാണ് അച്ചന്റെ വാദം.

ഒരു ക്രിസ്തീയപ്രസ്ഥാനത്തിന്റെ തലപ്പത്ത് ഇരിക്കുന്ന ആൾ ക്രിസ്തീയ പുരോഹിതനാണെങ്കിലും ആ ഒരു കണ്ണിലൂടെ ആരെയും ഒരു കലാകാരനെയും അച്ചൻ കണ്ടിട്ടില്ല. ക്രിസ്ത്യാനിക്ക് പ്രത്യേക പരിഗണനയും നൽകിയിട്ടില്ല. ഒരു ചെറിയ പ്രവർത്തിയിൽപ്പോലും അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല.

ഇന്ന് ഏതൊരു പ്രസ്ഥാനത്തിന്റെ തലപ്പത്ത് ഇരിക്കുന്നവരിലും കാണാറുള്ള വർഗ്ഗീയത ഒരു ശതമാനംപോലും അച്ചനിലില്ല. വലിയ ആളാണെങ്കിലും മറ്റുള്ളവരോടു കാണിക്കുന്ന ബഹുമാനവും മര്യാദയും കൂടിയിട്ടേയുള്ളു.

സംഗീത ക്ലാസ്സുകൾ, ഗാനമേള ട്രൂപ്പ്, ഡാൻസ് ട്രൂപ്പ്, മിമിക്സ് ട്രൂപ്പ് ഇപ്പോൾ ടാലെന്റ് സ്ക്കൂൾ, മ്യൂസിക്ക് കോളേജ്, ഫിലിം അക്കാദമി ഇതിന്റെയാക്കെ മുന്നിലും പിന്നിലും ഒരേ ഒരാൾ മാത്രമേയുള്ളു. അദ്ദേഹത്തിന്റെ സംഘടനാപാടവവും ആത്മാർത്ഥതയും ചോദ്യം ചെയ്യപ്പെടാത്തതാണ്.

എന്തൊക്കെ എതിർപ്പുകളുണ്ടെങ്കിലും ശരി ആരുടെയൊക്കെ എതിർപ്പുകളുണ്ടെങ്കിലും ശരി അതിനെയൊക്കെ കലാഭവൻ അതിജീവിക്കുകതന്നെ ചെയ്യും.



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വഴിത്തിരിവായതു കലാഭവനിലെ ജീവിതം

ദിലീപ്



ഒരു മിമിക്രിക്കാരനെന്ന നിലയിൽ എന്റെ തുടക്കം കലാഭവനിലാണ്. പലർക്കും കിട്ടാത്ത വലിയൊരു ഭാഗ്യം തന്നെയായിരുന്നു അന്ന് എനിക്ക് കിട്ടിയത്.

കലാഭവനിൽ വരുന്നതിന് മുമ്പ് ദിലീപ് എവിടെയായിരുന്നുവെന്നു ചോദിച്ചാൽ സത്യം ഞാൻ പറഞ്ഞു പോകും. എവിടേയുമായിരുന്നില്ല. വീട്ടിൽത്തന്നെയുണ്ടായിരുന്നു. എവിടേയും പോകാതെ നേരിട്ടുള്ള വരവായിരുന്നു കലാഭവനിലേയ്ക്ക്. അന്ന് കലാഭവന്റെ മിമിക്രി ട്രൂപ്പിലുണ്ടായിരുന്ന റഹ്മാനാണ് കലാഭവനിലേയ്ക്ക് എന്നെ കൂട്ടിക്കൊണ്ടുപോയതും ആബേലച്ചനെ പരിചയപ്പെടുത്തിയതും. പിന്നെ ഞാനും കലാഭവനിലെ ഒരംഗമായി.

കലാഭവനിൽ വച്ചാണ് സ്റ്റേജിന്റെ ബേസിക് തിയറി ഞാൻ പഠിക്കുന്നത്. ട്രൂപ്പിന്റെ ഡിസിപ്ലിൻ, സ്റ്റേജിൽ എങ്ങനെ പെർഫോം ചെയ്യണം, ടൈമിങ്ങ് ഇതൊക്കെ പഠിക്കുന്നതും അറിയുന്നതും കലാഭവനിൽവച്ചാണ്. കലാഭവന്റെ മിമിക്രി ട്രൂപ്പിൽ അന്ന് ജയറാം, സൈനുദ്ദീൻ, റഹ്മാൻ, പ്രസാദ്, നാരായണൻകുട്ടി തുടങ്ങിവരാണു ണ്ടായിരുന്നത്.

ജയറാമേട്ടനുമായുള്ള പരിചയം എന്റെ ജീവിതത്തിൽ വലിയൊരു വഴിത്തിരിവിനു തന്നെ കാരണമായി. ജയറാമേട്ടനും സൈനുദ്ദീനുമൊക്കെ അന്നും സിനിമയിൽ അഭിനയിക്കുന്നുണ്ട്.

ജയറാമേട്ടൻ സ്റ്റേജിൽ ചെയ്തിരുന്ന ഐറ്റംസൊക്കെയായിരുന്നു ഞാനും ചെയ്തിരുന്നത്. ആർട്ടിസ്റ്റുകളെ അനുകരിക്കലായിരുന്നല്ലോ പ്രധാന പണി. ജയറാമേട്ടൻ സിനിമയിൽ ബിസ്സിയായി- പ്രോഗ്രാമിനു വരാൻ കഴിയാതെയായി. ആ ചാൻസ് എനിക്കു കിട്ടി. എന്നിലെ മിമിക്രിക്കാരന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും പ്രധാന കാരണമായിത്തീർന്നതും ഈ നിമിഷങ്ങളാണ്.

മിമിക്സ് പരേഡിൽ അന്നുണ്ടായിരുന്നവരിൽ പലരും വർഷങ്ങളോളം ഒറ്റയ്ക്കും കൂട്ടായും മറ്റു ഗ്രൂപ്പുകളിലും പ്രവർത്തിച്ചതിനുശേഷമായിരിക്കും കലാഭവനിൽ വന്നിട്ടുണ്ടാകുക. പക്ഷെ എന്റെ കാര്യത്തിൽ വലിയൊരു മാറ്റം സംഭവിച്ചു. മിമിക്രി കലാകാരൻ എന്ന നിലയിൽ വലതുകാൽ കുത്തുന്നതു കലാഭവനിലാണ്. ഈശ്വരാധീനമെന്നുതന്നെ പറയാം, തുടക്കം മോശമായില്ല.

പഠിച്ചു നടന്നിരുന്ന സമയത്ത് റോഡിലൂടെ കലാഭവൻ മിമിക്സ് പരേഡ് എന്ന് എഴുതിയ ബോർഡുള്ള വണ്ടി പോകുമ്പോൾ മിഴിച്ചുനോക്കിയിട്ടുണ്ട് ഞാൻ. പിന്നീട് കലാഭവനിൽ മിമിക്രി കാട്ടാൻ അവസരം കിട്ടിയപ്പോൾ അടക്കാനാവാത്ത സന്തോഷം തോന്നി.

മിമിക്രി എന്നു പറഞ്ഞാൽ കലാഭവൻ ആണെന്നു വിചാരിച്ചിരുന്നൊരു കാലമുണ്ടായിരുന്നു. പിന്നീടാണല്ലോ ഹരിശ്രീ വന്നത്. അവിടെയും കലാഭവനിൽ നിന്നു പോയ ആർട്ടിസ്റ്റുകളായിരുന്നു. കലാഭവനുമായി ഏതെങ്കിലും തരത്തിൽ ബന്ധമില്ലാത്തൊരു മിമിക്രി ആർട്ടിസ്റ്റിനെ കാണുക അപൂർവ്വമായിരിക്കും.

കലാഭവൻ താരങ്ങളായ ജയറാമേട്ടനും സൈനുദ്ദീനുമൊക്കെ സിനിമയിൽ വന്നപ്പോൾ അതിന്റെ ക്രെഡിറ്റും ഞങ്ങൾ മിമിക്രിക്കാർക്ക് കിട്ടി. പ്രോഗ്രാമിനു പോകുന്നിടത്തെല്ലാം വളരെ നല്ല സ്വീകരണമായിരുന്നു. ഞങ്ങളുടെ സംഘത്തിലുണ്ടായിരുന്നവരാണല്ലോ സിനിമയിലും. നാളെ ഞങ്ങളും സിനിമയിൽ എത്തിച്ചേർന്നേക്കാമെന്നു ഒരു പക്ഷേ അന്നേ ജനം കരുതിയിരിക്കണം.

അവർക്കു തെറ്റിയില്ല. ഞങ്ങളൊക്കെ സിനിമയിലുമെത്തി. അതിനു വേദിയൊരുക്കി തന്നതു കലാഭവനാണ്.

विशेष कार्य अधिकारी
OFFICER ON SPECIAL DUTY

राष्ट्रपति सचिवालय,
राष्ट्रपति भवन,
नई दिल्ली-110004.
President's Secretariat,
Rashtrapati Bhavan,
New Delhi - 110004.



No. F. 2-M/99

27th December, 1999

Dear Rev. Dr. Abel,

The President of India, Shri. K.R. Narayanan, is happy to know that the Kalabhavan is celebrating its 30th anniversary on 19th January, 2000.

The President extends his warm greetings and felicitations to all those associated with Kalabhavan and wishes the Celebrations all success.

With regards,

Yours sincerely

(S.N. Sahu)

C. M. I. LIBRARY
28670
P. B. No. 648
KOTTAYAM
S J PROVINCE



# നന്ദിയോടെ...

സുജാത

ചലച്ചിത്ര പിന്നണി ഗായിക എന്ന നിലയിൽ അറിയപ്പെട്ടപ്പോഴും അംഗീകാരങ്ങൾ തേടിയെത്തിയപ്പോഴും മനസ്സിൽ ഞാൻ നന്ദി പറഞ്ഞിരുന്നു കലാഭവനും എന്റെ ഗുരുക്കന്മാർക്കും ആബേലച്ചനും.

എന്റെ ചുവടുകൾ ഉറച്ചതു കലാഭവനിലെ സംഗീതകളരിയിലാണ്. അവിടുന്നു കിട്ടിയ ശിക്ഷണം മികച്ചതായിരുന്നു. സ്റ്റേജ് എന്താണെന്നും സ്റ്റേജിൽ എങ്ങനെ നിൽക്കണമെന്നും ഞാൻ പഠിച്ചത് കലാഭവനിലെ കളരിയിൽ നിന്നാണ്.

കലാഭവന്റെ ബാലഗാനമേള ട്രൂപ്പിലെ പ്രധാനഗായികയും കോമ്പിയറും ഞാനായിരുന്നു. കോമ്പിയർ പറയേണ്ട വാചകങ്ങൾ ആബേലച്ചൻ എഴുതിതരുമായിരുന്നു. ബാലഗാനമേള ട്രൂപ്പിൽ പാടിയിരുന്ന ഞാൻ പിന്നീട് കലാഭവന്റെ ജൂനിയർ ട്രൂപ്പിലും സീനിയർ ട്രൂപ്പിലും പാടി.

എന്റെ ശബ്ദം ആദ്യമായി റിക്കാർഡു ചെയ്യപ്പെട്ടതും കലാഭവനുവേണ്ടിയാണ്. കലാഭവൻ പുറത്തിറക്കിയ ക്രിസ്തീയ ഭക്തിഗാന ഓഡിയോ കാസറ്റിനു വേണ്ടിയാണ് റിക്കാർഡ് ചെയ്തത്. ആബേലച്ചൻ രചിച്ച ആന്റണി മാസ്റ്ററുടെ സംഗീത സംവിധാനത്തിൽ പാടിയ പാട്ടിലെ വരികൾ ഇന്നും ഞാൻ ഓർക്കുന്നു.

"ദൈവം എന്റെ കൂടെയുണ്ട്,
ദൈവമെന്റെ ഉള്ളിലുണ്ട്
ദൈവമെന്റെ ചുറ്റുമുണ്ട്
ദൈവമെന്റെ മുകളിലുണ്ട്
വീട്ടിനുള്ളിൽ ദൈവമുണ്ട്
കാട്ടിനുള്ളിൽ ദൈവമുണ്ട്
പൂനിലാവിൽ ദൈവമുണ്ട്
പൂവനത്തിൽ ദൈവമുണ്ട്..."

വർഷങ്ങൾ എത്രയോ പിന്നിട്ടു. പക്ഷേ, കലാഭവനിലെ ജിവിതം അവിടത്തെ അനുഭവങ്ങൾ ഒന്നും മറക്കാനാവാത്തതാണ്.

കലാഭവനിൽ വച്ചാണ് ദാസേട്ടനെ ആദ്യമായി ഞാൻ കാണുന്നതും പരിചയപ്പെടുന്നതും. ദാസേട്ടനുമായുള്ള പരിചയം സംഗീത വിദ്യാർത്ഥിനി എന്ന നിലയിൽ എനിക്ക് കിട്ടിയ വലിയൊരു പ്രോത്സാഹനമായിരുന്നു.

ദാസേട്ടനോടൊത്തു ഒരേ വേദിയിൽ പാടാൻ കഴിയുക, സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്ന നിമിഷങ്ങളിൽ പകച്ചു പോയിട്ടുണ്ട് ഞാൻ. ഇന്ത്യയ്ക്കകത്തും പുറത്തും എത്രയോ സ്റ്റേജുകളിൽ ദാസേട്ടനോടൊത്തു പാടി. തിരക്കുപിടിച്ച ഈ യാത്രയിൽ കലാഭവനോട് വിട പറയേണ്ടി വന്നു.

ഉന്നതരായ കലാകാരന്മാർക്കും കലാകാരികൾക്കും ജന്മം നല്കിയ കലാഭവൻ കലാരംഗത്തു വലിയൊരു പ്രസ്ഥാനം തന്നെയായി വളർന്നിരിക്കുന്നു. വളർന്നുവരുന്ന തലമുറയ്ക്കായി ഒരുപാടു പുതിയ പദ്ധതികളും കലാഭവനിൽ ലക്ഷ്യമിടുന്നുണ്ട്. ടാലെന്റ് സ്കൂളും മ്യൂസിക്കൽ കോളേജുമെല്ലാം കലാഭവന്റെ പുതിയ ലക്ഷ്യങ്ങളാണ്.

മ്യൂസിക്ക് കോളേജിലെത്തുന്ന വിദ്യാർത്ഥികൾ സംഗീതത്തെ മത്സരവേദിയിലേക്കുള്ള പാതയായി സ്വീകരിക്കരുതെന്ന് എനിക്ക് അഭിപ്രായമുണ്ട്. സംഗീതത്തെ ഉപാസിക്കുക. അത് നമ്മുടെ സന്തോഷത്തിനു വേണ്ടിയാണ്. പാടാൻവേണ്ടി പാട്ടു പഠിക്കുന്നതിനോട് എനിക്ക് താല്പര്യമില്ല. മത്സര ബുദ്ധിയോടെ സംഗീതത്തെ സമീപിക്കുമ്പോൾ അതിലെ സത്യവും ശരിയും ഉൾക്കൊള്ളാൻ കഴിയാതെപ്പോകും.

# കലാകാരനിലൂടെ കലാഭവൻ അറിയപ്പെടുന്നു

സുരേഷ് ഗോപി

കലാഭവനിലുടെ കലാകാരന്മാർ അറിയപ്പെടുന്നു. കലാകാരന്മാരിലുടെ കലാഭവൻ അറിയപ്പെടുന്നു. അത്രയും മികച്ച കലാകാരന്മാർ കലാഭവനിൽ ഉണ്ടാകുന്നു. അവരിലൂടെ കലാഭവൻ എല്ലായിടത്തുമെത്തുന്നു.

കോളേജ് വിദ്യാഭ്യാസകാലത്ത് പലപ്പോഴും ഞാൻ കണ്ടിരുന്നു, സൂര്യസോമ, വൈക്കം മാളവിക, ചങ്ങനാശ്ശേരി ഗീത, കെ. പി. എ. സി. എന്നൊക്കെ എഴുതിയ ബോർഡുവച്ചു നിറയെ ആളുകളും സാധനങ്ങളുമൊക്കെയായി പോകുന്ന നാടകവണ്ടികൾ. ഈ കാഴ്ചകൾക്കിടയിലാണു കലാഭവൻ മിമിക്സ് പരേഡ് എന്ന ബോർഡുമായി പായുന്ന വാൻ കണ്ടത്. നാടകവണ്ടികൾക്കിടയിൽ അതൊരു ഒറ്റപ്പെട്ട കാഴ്ചയായിരുന്നു. മിമിക്സ് പരേഡിനു കലാഭവനിൽ തുടക്കം കുറിച്ചസമയവുമായിരുന്നു അന്ന്. അന്നേ കലാഭവനെ എനിക്കറിയാം.



കലാഭവന്റെ ഭാവിതാരങ്ങൾ സൂപ്പർ സ്റ്റാറുമൊത്ത്

കലാഭവനിൽ തുടക്കം കുറിച്ചവരാരും മോശക്കാരായില്ല. മിമിക്സ് പരേഡിൽ കണ്ട മുഖങ്ങളൊക്കെ സിനിമയിലുമെത്തി. ആബേലച്ചനടക്കമുള്ള മികച്ച കലാകാരന്മാരുടെ കൂട്ടായ ശ്രമമാണു കലാഭവന്റെ എല്ലാവളർച്ചയ്ക്കും പ്രധാനകാരണം. നല്ലൊരു കലാകാരനു മാത്രമേ ഇതുപോലൊരു നന്മയുള്ള പ്രസ്ഥാനത്തിനു നേതൃത്വം കൊടുക്കാൻ കഴിയൂ.

കലാഭവൻ എന്നൊരു പ്രസ്ഥാനമില്ലായിരുന്നുവെങ്കിൽ ആബേലച്ചനെ ഞാൻ എങ്ങനെ അറിയും... അറിയില്ല. ഒരു ചുറ്റുവട്ടത്തിലുള്ളവർ മാത്രമേ അറിയൂ. കലാഭവന്റെ സാരഥി എന്ന നിലയിൽ ആബേലച്ചനെ എല്ലാവരും അറിയുന്നു.

ഒരു ഗായകൻ വരുന്നു അല്ലെങ്കിൽ ഒരു മിമിക്രിക്കാരൻ വരുന്നുവെന്നു പറയുമ്പോൾ ഏതോ ഒരു ഗായകൻ വരുന്നു, മിമിക്രിക്കാരൻ വരുന്നു എന്നേ പറയൂ. മറിച്ചു കലാഭവനിൽ നിന്ന് ഒരു ഗായകൻ വരുന്നു, ഒരു മിമിക്രിക്കാരൻ വരുന്നുവെന്നു പറയുമ്പോൾ കിട്ടുന്ന അംഗീകാരം മികച്ചതാണ്.

സിനിമയിൽ ചിലപ്പോഴൊക്കെ കലാഭവൻ സീസൺതന്നെയുണ്ടാകാറുണ്ട് ! കോമഡി ചിത്രങ്ങൾ ധാരാളമായി ചിത്രീകരണം നടക്കുന്ന സമയത്ത് അതിലെ മിക്കവാറും ആർട്ടിസ്റ്റുകൾ കലാഭവനിൽ നിന്നുള്ളവരായിരിക്കും. സിനിമയിൽ കലാഭവന്റെ സീസൺതന്നെയാണ് അത്.

മികച്ച കലാകാരന്മാരുടെ സങ്കേതമെന്നു പറയാൻ ഇതുപോലൊരു സ്ഥാപനം വേറെയുണ്ടോന്ന് എനിക്കറിയില്ല. ആ മഹത്വം കലാഭവനു മാത്രമുള്ളതാണ്.

# ഭാവിതലമുറയ്ക്ക് കരുത്തേകുന്ന പ്രവർത്തനങ്ങൾ

ബേണി പി.ജെ.

കലാഭവനുമായി എഴുപത്തിയൊന്നു മുതൽ വളരെ അടുത്തബന്ധം എനിക്കുണ്ട്. അഖിലകേരളാടിസ്ഥാനത്തിൽ കലാഭവൻ എഴുപത്തിയൊന്നിൽ സംഘടിപ്പിച്ച ലളിതഗാന മത്സരത്തിൽ സബ് ജൂനിയർ വിഭാഗത്തിൽ ഒന്നാം സമ്മാനം നേടികൊണ്ടാണ് കലാഭവനിൽ ഞാനെത്തുന്നത്.

ലളിതഗാന മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ഞാൻ മൂന്നുവർഷങ്ങൾക്കുശേഷം എഴുപത്തിനാലിൽ ശാസ്ത്രീയ സംഗീതം പഠിക്കാൻ കലാഭവനിൽ ചേർന്നു. ജീവിതത്തിന്റെ വലിയൊരു വഴിത്തിരിവിനു കാരണമായിത്തീർന്നതും ഇവിടേക്കുള്ള വരവാണ്.

എറണാകുളം നോർത്ത് ഓവർബ്രിഡ്ജിനു സമീപം ഒരുതാൽക്കാലിക കെട്ടിടത്തിലാണ് അന്നു ക്ലാസ്സുകൾ നടത്തിയിരുന്നത്.



ഒരു വർഷത്തെ സംഗീത പഠനം കഴിഞ്ഞപ്പോൾ കലാഭവന്റെ ജൂനിയർ ട്രൂപ്പിൽ ഗായകനായി എനിക്കു പ്രമോഷൻ കിട്ടി. ഒരേസമയം ഗായകനായും ഹാർമ്മോണിസ്റ്റായും പ്രവർത്തിച്ചു.

മൂന്നുവർഷം കൂടി പിന്നിട്ടപ്പോൾ സീനിയർ ട്രൂപ്പിൽ ഗിറ്റാറിസ്റ്റായി വീണ്ടും പ്രമോഷൻ. എൺപത്തിരണ്ടുവരെ ട്രൂപ്പിലെ ലീഡ് ഗിറ്റാറിസ്റ്റും ഞാനായിരുന്നു. ഗാനമേള ട്രൂപ്പിൽ ഗിറ്റാറിസ്റ്റായി പോകുമ്പോൾ തന്നെ അക്കാദമിയിൽ ഗിറ്റാർ, ഹാർമ്മോണിയം അധ്യാപകനായും റിക്കോർഡിങ്ങ് സ്റ്റുഡിയോയിൽ ആന്റണി മാസ്റ്ററുടെ സഹായിയായും പ്രവർത്തിക്കുവാൻ കഴിഞ്ഞിരുന്നു. മറ്റാർക്കും കിട്ടാത്ത മഹാഭാഗ്യം തന്നെയായിരുന്നു അത്.

നന്മ മാത്രം മനസ്സിൽ സൂക്ഷിക്കുന്ന ആബേലച്ചനിൽ നിന്നു കിട്ടിയ അച്ചടക്കബോധവും കൃത്യനിഷ്ഠയും കലാഭവന്റെ ആദ്യകാല സെക്രട്ടറിയായിരുന്ന ഗാനഗന്ധർവ്വൻ യേശുദാസ് നൽകിയ പ്രോത്സാഹനവും ആന്റണി മാസ്റ്റർ, അഗസ്റ്റിൻ മാസ്റ്റർ, എമിൽ-റെക്സ് സഹോദരങ്ങൾ തുടങ്ങിയ ഗുരുക്കന്മാരിൽ നിന്നു കിട്ടിയ പരിശീലനവും കഠിന പ്രയത്നശീലവുമാണ്, എന്റെ സംഗീത ജിവിതത്തിന്റെ പ്രധാന അടിത്തറ. ഗുരുക്കന്മാരുടെ നല്ലൊരു ശിഷ്യനാകാനും എനിക്കു കഴിഞ്ഞിരുന്നു.

പുതിയ പുതിയ സംരംഭങ്ങളുമായി ആബേലച്ചനും കലാഭവനും മുന്നോട്ടു കുതിക്കുകയാണ്. ടാലെന്റ് സ്ക്കൂളും മ്യൂസിക്കൽ കോളേജുമൊക്കെ ഭാവി തലമുറയ്ക്കു കൂടുതൽ ശക്തി പകരുമെന്ന കാര്യം ഉറപ്പ്.

ഉദ്ദേശ ശുദ്ധിയോടെയുള്ള കലാഭവന്റെ എല്ലാം പ്രയത്നങ്ങൾക്കും എന്റെ പ്രാർത്ഥനകൾ ഉണ്ട്.

# ഒരിക്കലും മരിക്കാത്ത എന്റെ ഓർമ്മകൾ...



ലൈല സൈനുദ്ദീൻ

വിചാരിച്ചിരുന്നില്ല. ഒരിക്കലും! ഇങ്ങനെയൊരു കുറിപ്പ് കലാഭവനുവേണ്ടി എഴുതേണ്ടി വരുമെന്ന്. ആ മനസ്സിൽ "കലാഭവന്" ഒരു ഉന്നതസ്ഥാനം അദ്ദേഹം നല്കിയിരുന്നു. കലാഭവനോടും ആബേലച്ചനോടും ഉള്ള സ്നേഹവും ബഹുമാനവും ആ മനസ്സിൽ അവസാനംവരെയും ഉണ്ടായിരുന്നു.

1984-ൽ സ്നേഹമുള്ള സുഹൃത്തുക്കളുടെ നിർബന്ധത്തിനുവഴങ്ങി മനസ്സില്ലാമനസ്സോടെ കലാഭ



സൈനുദ്ദീൻ കുടുംബം

**കലാഭവൻ സൈനുദ്ദീനല്ലേ. എനിക്കപ്പോൾ മനസ്സിൽ വളരെയധികം അഭിമാനം തോന്നി. ദൂരദർശനിലും കലാഭവന്റെ പരിപാടികൾ വന്നു. യൂണിവേഴ്സിറ്റിയിൽ ഒന്നാം സ്ഥാനം നേടിയെടുത്ത അദ്ദേഹത്തിന്റെ മുഖം യു.സി. കോളേജിന് മാത്രമേ പരിചയമുണ്ടായിരുന്നുള്ളൂ.**

വനിൽ ചേർന്നു. വിവാഹത്തിനുശേഷവും സ്റ്റേജിൽ പ്രോഗ്രാം അവതരിപ്പിക്കുക, മിമിക്രി കാണിക്കുക, അതെനിക്ക് അത്ര താൽപര്യമായിരുന്നില്ല.

ഒന്നു രണ്ടു വർഷങ്ങൾ പിന്നിട്ടപ്പോൾ എനിക്കു മനസ്സിലായി, കലാഭവൻ നേടിത്തന്നത് ഒരിക്കലും നഷ്ടപ്പെടാത്ത, മറ്റെവിടെനിന്നും കിട്ടാത്ത ഒന്നാണെന്ന്. ഞങ്ങൾ പുറത്തുപോകുമ്പോഴും ആരാധകർ! അവർ വന്നു. പരിചയപ്പെട്ടു. കലാഭവൻ സൈനുദ്ദീനല്ലേ? എനിക്കപ്പോൾ മനസ്സിൽ വളരെയധികം അഭിമാനം തോന്നി. ദൂരദർശനിലും കലാഭവന്റെ പരിപാടികൾ വന്നു. യൂണിവേഴ്സിറ്റിയിൽ ഒന്നാം സ്ഥാനം നേടിയെടുത്ത അദ്ദേഹത്തിന്റെ മുഖം യു.സി. കോളേജിന് മാത്രമേ പരിചയമുണ്ടായിരുന്നുള്ളു. അങ്ങനെ എല്ലാവരും അറിയപ്പെടുന്ന ഒരാളായി മാറി അദ്ദേഹം.

സ്നേഹിക്കാൻ മാത്രം അറിയാവുന്ന ആ മനസ്സിൽ കലാഭവനുവേണ്ടി സൂക്ഷിച്ചിരുന്ന സ്നേഹവും ആദരവും എന്റെ മനസ്സിലും ഞാൻ എന്നും സൂക്ഷിക്കും.


Rev.Dr. Abel. CMI
Founder Chairman
Board of Directors 2000
Jayaram
K.T. Kunjumon
Jose Dominic Kuruvinakkunnel
K.I. Siddique
James Kulathunkal
Andrew Nettikadan
Georgekutty Kariyanappally
Managing Director
Thomas Thomas Palathara
Rev. Dr. James Aerthayil, CMI
Jose Thomas Ettuparayil

# PROPOSED DIRECTORS


Jolly Thadathil, Germany


George Nareparamban, UAE


Venugopal Menon, UAE


Thomas Parokaran, UAE


Manuel Dominic, UAE


Sukumaran, UAE


Radhakrishnan Nair , Australia


James Lukose, USA



# കലാഭവൻ സ്റ്റുഡിയോസിന്റെ പുനർജ്ജന്മം

ജോർജ്ജുകുട്ടി കരിയാനപ്പള്ളി
മാനേജിംഗ് ഡയറക്ടർ

ആബേലച്ചന്റെ വ്യക്തിപ്രഭാവത്തിൽ സ്വയം മറന്നു ഞാൻ ആകൃഷ്ടനായതോ, അതോ അച്ചനെന്നെ വശീകരിച്ചതോ ഏതാണ് ശരിയെന്നെനിക്കറിയില്ല. ഞാനിന്നൊരു കലാഭവൻ കുടുംബാംഗമാണ്. ആയിരത്തൊന്നു പൂർണ്ണചന്ദ്രന്മാരെയും കണ്ട് ഇന്നും ചുറുചുറുക്കോടെ അചഞ്ചലനായി നടന്നുനീങ്ങുന്ന ആ കർമ്മയോഗിയെ അനുധാവനം ചെയ്യുമ്പോൾ മനസിൽ സന്തോഷവും അതിലേറെ സംതൃപ്തിയുമാണ്.

1971 ഏപ്രിൽ മാസം 21-ന് ഗാനഗന്ധർവ്വൻ യേശുദാസ്, ശ്രീ. ജോസഫ് കാരിക്കാശേരി തുടങ്ങിയ പ്രഗത്ഭരായ സാരഥികളോടൊത്ത് കലാഭവൻ സ്റ്റുഡിയോസ് ലിമിറ്റഡ് എന്ന കമ്പനി രൂപപ്പെടുത്തി ജോർജ്ജ് പനയ്ക്കലോടിയുടെ കാക്കനാട്ട് ഇടച്ചിറയിലുള്ള 6 ഏക്കർ സ്ഥലം നാല്പത്തയ്യായിരം രൂപയ്ക്ക് വാങ്ങി. അങ്ങനെ ആബേലച്ചൻ സ്ഥാപക ചെയർമാനായി മറ്റു 8 സഹപ്രവർത്തകരോടൊപ്പം കലാഭവൻ സ്റ്റുഡിയോയുടെ പ്രവർത്തനം ആരംഭിച്ചു. വിധിവൈപരീത്യമെന്നു പറയാം ശ്രീ. ജോസഫ് കാരിക്കാശേരിയുടെ പെട്ടെന്നുള്ള മരണവും ശ്രീ. യേശുദാസിന്റെ സംഗീത ലോകത്തേക്കുള്ള ഉയർച്ചയും കലാഭവൻ സ്റ്റുഡിയോസിന്റെ പ്രവർത്തനങ്ങളെ ആകെ മന്ദീഭവിപ്പിച്ചു. Founder Chairman എന്ന നിലയിൽ ആബേലച്ചന്റെ തലയിൽ 'സ്റ്റുഡിയോസ്' എന്ന സ്വപ്നങ്ങളുടെ ഭാരമേറിയ ഭാണ്ഡവും കൊടുത്ത് ഓരോരുത്തരും അവരവരുടെ വഴിക്കു പിരിഞ്ഞു. 1985 ആയപ്പോഴേക്കും ചിലർ ചേർന്ന് ഈ കമ്പനി കൈവശമാക്കാനുള്ള ശ്രമം ആരംഭിച്ചു. ആറേക്കർ സ്ഥലത്തിന് ഒരു കോടിയിലധികം തുക വിലയായികിട്ടുമെന്നായപ്പോൾ അതു വിറ്റുകാശാക്കാമെന്നു ചിലർ വ്യാമോഹിച്ചു. 1996-ൽ സ്ഥലം വിൽക്കുന്നതിനു ചിലർ തീരുമാനിച്ചു പത്രപരസ്യവും നല്കി.

> "ആ കാലയളവിൽ ഓരോ ദിവസങ്ങളും അത്ഭുതത്തിന്റേതായിരുന്നു. ദൈവസാന്നിദ്ധ്യം നേരിട്ടറിഞ്ഞ് അനുഭവിച്ച അമൂല്യനിമിഷങ്ങൾ. ഒരിക്കലും ഒരിക്കലും സംഭവ്യമല്ലാത്ത കഴിഞ്ഞ 26 വർഷക്കാലം ഈ കമ്പനിയിൽ എന്തോ നടക്കാതെ പോയ പല കാര്യങ്ങളും ആ കാലങ്ങളിൽ ദൈവം നടത്തിത്തന്നു."

വിദേശത്തു നിന്നും അവധിക്കാലം ചിലവഴിക്കാൻ നാട്ടിലെത്തിയ ഞാൻ 1996 ആഗസ്റ്റ് മാസം 19-ാം തീയതി പതിവുപോലെ അച്ചനെ സന്ദർശിക്കുവാൻ കലാഭവനിലും ചെന്നു. പലതും പറഞ്ഞ കൂട്ടത്തിൽ യാദൃശ്ചികമായി കലാഭവൻ സ്റ്റുഡിയോസിന്റെ ചില കഥകളൊക്കെ അച്ചൻ പറഞ്ഞപ്പോൾ എഴുപത്തി ഏഴ് വയസ്സായ ഒരു വൈദികനെ ചില കുബുദ്ധികൾ

ചേർന്ന് തങ്ങളുടെ സ്വാർത്ഥതാത്പര്യങ്ങൾക്കായി മാനസികമായി പീഡിപ്പിക്കുന്നല്ലോ എന്നു തോന്നി. അന്വേഷണ കുതുകിയായി എന്റെ മനസ്സ് ഈ കഥ മുഴുവൻ കേൾക്കാൻ വെമ്പൽക്കൊണ്ടു. അവിടെയായിരുന്നു ഇതിന്റെയെല്ലാം തുടക്കം. സാമൂഹിക പ്രവർത്തനത്തിൽ താത്പര്യമുണ്ടായിരുന്ന ഞാൻ ഇതൊരു നിമിത്തമായി കണ്ട് അച്ചനെ ഗുരുവായി സ്വീകരിച്ച് കലാഭവനിൽ നിസ്വാർത്ഥമായി പ്രവർത്തിക്കാമെന്ന് തീരുമാനിച്ചുറച്ചു. സൗദിയിലുള്ള എന്റെ പ്രവർത്തനങ്ങളൊക്കെ അവസാനിപ്പിച്ച് മാസങ്ങൾക്കുശേഷം തിരിച്ചുവന്നപ്പോൾ ഓരോതരത്തിലുള്ള ആയിരം പ്രതിസന്ധികൾ എന്റെ മുന്നിൽ തലപൊക്കി നിന്നു. കലാഭവനിൽ ആബേലച്ചന്റെ എല്ലാവിധ അനുഗ്രഹങ്ങളോടും പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കാൻ ആദ്യ കാലങ്ങളിൽ ഞാൻ ഒരുമ്പെട്ടപ്പോൾ ഈ കഥകളുടെയെല്ലാം പിന്നിൽ ഒളിഞ്ഞിരുന്ന പൈശാചിക ശക്തികൾ എന്നെ മാനസികമായി തകർക്കാൻ ശ്രമിച്ചു. അതും ഫലിക്കില്ലായെന്നായപ്പോൾ ഫോണിൽ ഭീഷണികളായി. മാനസികാസ്വസ്ഥതകളാൽ ഉഴറിയ ആ ദിവസങ്ങളിൽ അച്ചൻ എനിക്കു ശക്തി പകർന്നു തന്നിരുന്നു. ഇതൊരു കുർബ്ബാനയായി സ്വീകരിച്ച് പ്രവർത്തിക്കുവാൻ തന്നെ ഞാൻ തീരുമാനിച്ചു. കഴിഞ്ഞ 30 വർഷക്കാലം അച്ചൻ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളും പരിഹാസങ്ങളുമെല്ലാം അച്ചൻ പറഞ്ഞുതന്ന് എന്നെ പ്രോത്സാഹിപ്പിച്ചിരുന്നു. നടന്നതെല്ലാം സത്യം സത്യമായി തുറന്നെഴുതുക ബുദ്ധിമുട്ടുള്ള കാര്യമാണ്. പ്രത്യേകിച്ച് ആ വ്യക്തികളൊക്കെ ഇന്നും നമുക്കു ചുറ്റുംവേലികൾ സൃഷ്ടിച്ചു നില്ക്കുമ്പോൾ.

ഒരുവിധത്തിൽ ചിന്തിച്ചാൽ അത്തരത്തിലുള്ള ഓരോ വ്യക്തികളുടെയും വികൃതമായ ചിന്താഗതികളേയും പ്രവർത്തനങ്ങളേയും പൊളിച്ചുകാണിച്ചും കുറ്റംപറഞ്ഞും നമുക്കെന്തുനേടാൻ. ക്രിയാത്മകമായി ജീവിതത്തിൽ പ്രവർത്തിക്കുവാനാഗ്രഹിക്കുന്ന ഒരു മനുഷ്യ സ്നേഹിയും മറ്റൊരാളെ കുറ്റപ്പെടുത്താനും പകരം വീട്ടാനും സമയം പാഴാക്കാറില്ല. നൂതന പാതകൾ വെട്ടിത്തെളിച്ച് സാമൂഹികനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതിൽ സന്തോഷം കണ്ടെത്തേണ്ടവരാണു നമ്മൾ. അതിലൂടെ ലഭിക്കുന്ന ഉദാത്തമായ സന്തോഷവും സംതൃപ്തിയും ഒന്നുവേറെതന്നെയാണ്.

കലാഭവനിൽ എന്റെ മുഴുവൻ സമയ പ്രവർത്തനം ആരംഭിച്ചത് 1997 നവംബർ 29-ാം തീയതി മുതലാണ്. അതിനുമുമ്പ് കലാഭവനിൽ ഇരിക്കാൻ ഒരു കസേരയോ മേശയോ എനിക്കില്ലായിരുന്നു. ആബേലച്ചൻ ഉപയോഗിക്കുന്ന ഒരു മേശ അച്ചനെനിക്കു തന്നു. അടുത്തുള്ള ഫർണിച്ചർ ഷോപ്പിൽ നിന്ന് ഒരു ചെയർ വാങ്ങി വന്ന് കലാഭവന്റെ Silver Jubilee Building-ന്റെ താഴത്തെ നിലയിലുള്ള ഡാൻസ് മുറിയുടെ ഒരു മൂലയിൽ ഞാൻ ഒതുങ്ങിക്കൂടി. ടെലിഫോണും, കംപ്യൂട്ടറും, ഓഫീസ് സാധനസാമഗ്രികളും ഞാൻ സ്വന്തമായി വാങ്ങി. കലാഭവൻ സ്റ്റുഡിയോസ് ലിമിറ്റഡ് എന്ന ഒരു ബോർഡും കെട്ടിടത്തിനു വെളിയിൽ ഉറപ്പിച്ചു. കമ്പനിയുടെ അനുദിന പ്രവർത്തനത്തിനുള്ള പണം പോലും സ്വന്തം കീശയിൽ നിന്നും ഞാൻ മുടക്കുമ്പോഴെല്ലാം കമ്പനിയുടെ ഷെയറു വിൽക്കുമ്പോൾ ഈ കാശെല്ലാം തിരിച്ചെടുത്തോണമെന്ന് അച്ചൻ ഓർമ്മിപ്പിക്കാറുണ്ടായിരുന്നു. പക്ഷെ 27 വർഷമായി അന്യാധീനമായി കിടന്നിരുന്ന പല തരത്തിലുള്ള കുഴപ്പങ്ങളും കേസുകളുമുണ്ടായിരുന്ന ഈ കമ്പനിയെ ജീവൻ പിടിപ്പിക്കുക എന്ന ക്രിയ ആയാസകരമായ ഒരു കാര്യമായിരുന്നു.

പ്രബലരായ സാമൂഹ്യസ്നേഹികളെ കമ്പനിയുടെ ഡയറക്ടർ ബോർഡിൽ കൊണ്ടുവരികയായിരുന്നു ഒരു വഴി. അതുപോലെതന്നെ നിർഗുണരായ ഡയറക്ടേഴ്സിനെ ഒഴിവാക്കുകയും. എല്ലാം ദൈവഹിതം പോലെ തന്നെ നടന്നു. ആ കാലയളവിൽ ഓരോ ദിവസങ്ങളും അത്ഭുതത്തിന്റേതായിരുന്നു. ദൈവസാന്നിദ്ധ്യം നേരിട്ടറിഞ്ഞ് അനുഭവിച്ച അമൂല്യനിമിഷങ്ങൾ. ഒരിക്കലും ഒരിക്കലും സംഭവ്യമല്ലാത്ത കഴിഞ്ഞ 26 വർഷക്കാലം ഈ കമ്പനിയിൽ എന്തോ നടക്കാതെ പോയ പല കാര്യങ്ങളും ആ കാലങ്ങളിൽ ദൈവം നടത്തിത്തന്നു. ആബേലച്ചന്റെ അതിരറ്റ സ്നേഹവും, പ്രോത്സാഹനവും കൂടാതെ Shri. C.J. George M.D. Geojit Securities Ltd., Shri. Zibi Jose, Company Secretary, Shri. Santhosh, M/s. Santhosh & George Architects, Shri. P.J. Joseph, Chartered Accountant, Senior Adv. Vallamattom Kurian, Shri.Sajan Varghese, Chartered Accountant and Shri. Jose Dominic Kuruvinakkunnel എന്നിവരുടെ നിസ്സീമമായ ഉപദേശവും സഹായവും ഈ കലാഭവൻ സ്റ്റുഡിയോസ് എന്ന സ്ഥാപനത്തിന്റെ പുനർജ്ജന്മത്തിനു വളരെ വളരെ സഹായിച്ചു.

അന്നത്തെ കമ്പനിയുടെ Statutary Auditor Shri

marggam DIGITAL PUBLISHING
www.marggam.org



P.S. Divakara Pai-യുടെ Audit Report-നോടുകൂടി 1997-98ലെ ആദ്യത്തെ ബാലൻസ്ഷീറ്റ് ഞങ്ങൾ പുറത്തിറക്കി. അന്നുവരെയുള്ള എല്ലാ കമ്പനി ഡോക്യുമെന്റ്സും up to date ആക്കി 26-ാമത്തെ Annual General Body Meeting വിളിച്ചുകൂട്ടി. സംഭവബഹുലമായ ആ AGM -നു ശേഷം എന്റെ പ്രവർത്തനങ്ങൾക്കു വിലങ്ങുതടികൾ ധാരാള മായിരുന്നു. ഏതൊരു ദുർഘട സാഹചര്യങ്ങളേയും തരണം ചെയ്തു കൂസലില്ലാതെ കലാഭവനെ നയിക്കുന്ന ആബേലച്ചൻ എനിക്കു ഗുരുവും മാർഗ്ഗദർശി യുമായിരുന്നു.

ഒരിക്കൽ അദ്ദേഹം എന്നോടു പറഞ്ഞു. ആദ്യകാലങ്ങളിൽ എന്റെ പ്രവർത്തനങ്ങളെ തടസ്സ പ്പെടുത്തുവാൻ ഒളിഞ്ഞും തെളിഞ്ഞും നിന്ന് ഒരുപാടുപേർ കല്ലെറിഞ്ഞിട്ടുണ്ട്. പക്ഷെ അവരെറിഞ്ഞ ഒരു കല്ലും ഞാൻ എടുത്തു തിരിച്ചെറിഞ്ഞില്ല. ഞാനതെല്ലാം പെറുക്കിയെടുത്തു കലാഭവനുണ്ടാക്കി. സമൂഹത്തിൽ പ്രവർത്തിക്കാനിറങ്ങുമ്പോൾ നാം ഓരോരുത്തരും അറിഞ്ഞിരിക്കേണ്ട പരമസത്യമാണിത്. അച്ചന്റെ ആ വാക്കുകൾ എനിക്കു വളരെയധികം പ്രചോദനം നല്കിയിട്ടുണ്ട്. ഇതുപോലുള്ളൊരു വലിയ പ്രസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള ഒരു പരിശീലനവു മില്ലാത്ത എനിക്കു ചിലപ്പോൾ അച്ചൻ പോലും എന്നെ കൈവിടുന്നല്ലോ എന്നോർത്തു വേദനിക്കേണ്ടി വന്നിട്ടുണ്ട്. വികാരാധീനനായി ചില അവസരങ്ങളിൽ ഞാനത് അച്ചനോട് പറയുമ്പോൾ ഇങ്ങനെയൊക്കെ ട്രെയിനിങ്ങ് കിട്ടിയാലേ കലാഭവനിൽ പ്രവർത്തിക്കാ നാവൂ എന്നു പറഞ്ഞാശ്വസിപ്പിക്കും. തത്വചിന്തകനായ പ്ലാറ്റോ കാശുകൊടുത്ത് തന്റെ കൂട്ടുകാരോടു പറഞ്ഞ് പൊതുസ്ഥലത്തു വച്ച് തന്നെ പരിഹസിപ്പിച്ച് തന്റെ അഹംഭാവത്തിന് അറുതി വരുത്തിയ കഥ അച്ചൻ പറഞ്ഞു കേൾപ്പിക്കും. കലാഭവനിലെ ആദ്യകാല പ്രവർത്തനം എനിക്കു ശരശയ്യയായിരുന്നു. ഇന്നും ഒരു പരിധിവരെ അങ്ങനെതന്നെയാണെങ്കിലും കലാഭവനിൽ പ്രവർത്തിക്കുമ്പോൾ മനസ്സിന് അവാച്യമായ സുഖവും സന്തോഷവും തോന്നാറുണ്ട്.

കലാഭവൻ കമ്പനിയുടെ ഡോക്യുമെന്റ്സ് ഒക്കെ തയ്യാറാക്കുമ്പോഴും ഇതിൽ ഏതു വിധത്തിലുള്ള ഒരു പ്രോജക്ടാണു കൊണ്ടുവരേണ്ടതെന്ന് എനിക്ക് വ്യക്തമായ ഒരു രൂപവുമില്ലായിരുന്നു. സ്കൂൾ, വൃദ്ധമന്ദിരം, ആന്തൂറിയം കൃഷി മുതൽ റിസോർട്ടു വരെയുള്ള പ്രോജക്ടുകൾ പലരും അഭിപ്രായപ്പെട്ടിരുന്നു. എന്നിരുന്നാലും എന്റെ ഹൃദയത്തിൽ ഞാനെന്നും ആഗ്രഹിച്ചിരുന്ന താലോചിച്ചിരുന്ന ഒരു സ്വപ്ന മായിരുന്നു ആധുനിക സൗകര്യങ്ങളോടുകൂടിയ വിദേശ മലയാളികളുടെ കുട്ടികൾക്ക് കേരളത്തിൽ വന്നു താമസിച്ചു പഠിക്കാൻ സൗകര്യങ്ങളുള്ള ഒരു സ്കൂൾ. പ്രവൃത്തി പരിചയം വിദ്യാഭ്യാസത്തോടൊപ്പം കൊടുക്കുകയും അതിനുതകുന്ന ശൈലിയിൽ ഒരു അദ്ധ്യയന രീതി വികസിപ്പിച്ചെടുക്കുകയും ചെയ്താൽ മാത്രമേ നമ്മുടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ക്രിയാത്മകമാവുകയുള്ളു. കലാഭവൻ ടാലെന്റ് റസിഡൻഷ്യൽ സ്ക്കൂൾ ഏതാണ്ട് ഈ രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ്. ആബേ ലച്ചന് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങണമെന്ന കലശലായ ആഗ്രഹവുമായി ഇരിക്കുമ്പോഴാണ് സ്ക്കൂൾ പ്രോജക്ടിനു ശക്തി ആർജ്ജിച്ചത്. അങ്ങനെ വിദ്യാഭ്യാസത്തേയും ആവിഷ്ക്കാരകലകളേയും സമന്വയിപ്പിച്ചുകൊണ്ട് ഹൈസ്ക്കൂൾ വിദ്യാഭ്യാസം എന്ന ആശയം ഉരുത്തിരിഞ്ഞു. അങ്ങനെയാണ് ഈ സ്ക്കൂളിന് Kalabhavan Talent Residential School എന്നു പേരിട്ടത്. സ്ക്കൂളിനെക്കുറിച്ചും അതിന്റെ സാദ്ധ്യതകളെക്കുറിച്ചും സമൂഹത്തിലെ പല വിദ്യാ ഭ്യാസവിചക്ഷണരുമായി ഞാൻ ചർച്ച നടത്തി. kalabhavan.com എന്ന website തുടങ്ങി, ഈ ആശയ ങ്ങൾ അതിലെഴുതിയിട്ടു. വളരെയധികം പ്രോത്സാഹന കരങ്ങളായ കത്തുകളാണ് ഇത്തരത്തിലുള്ള ഒരു സ്ക്കൂളിനു വേണ്ടി ലഭിച്ചത്. Mrs. Lilly Luiz, Former Principal of Greets Academy and Dr. Shailaja S., Regional Director for National Open School എന്നിവരുടെ ഉപദേശങ്ങൾ വിലപ്പെട്ടതായിരുന്നു. മനസ്സിൽ നുരഞ്ഞുപൊന്തിയ കുറെ സ്വപ്നങ്ങളെല്ലാം തടുത്തുക്കൂട്ടി ഞാനൊരു നോട്ടീസിറക്കി. ഒപ്പം കുറെ വാഗ്ദാനങ്ങളും.

ആബേലച്ചന്റെ മുഖവും കലാഭവന്റെ പേരു മുണ്ടെങ്കിൽ ഇതെല്ലാം സാക്ഷാത്കരിക്കാനാകുമെന്ന് ഞാനച്ചനോടു പറഞ്ഞു. എന്തിനും സാഹസികമായി ഒരുമ്പെട്ടിറങ്ങാൻ തന്റേടം കാണിക്കുന്ന അച്ചൻ എന്റെ ശക്തിദുർഗ്ഗമായിരുന്നു. ആ കാലങ്ങളിൽ അച്ചന്റെ മുഴു വൻ സമയവും കലാഭവൻ സ്റ്റുഡിയോസിന്റെ നടത്തി പ്പിനായി അച്ചൻ ചിലവിട്ടിരുന്നു. അച്ചനിൽ കൂടി അല്ലാതെയുള്ള എന്റെ ചിന്തകളും പ്രവൃത്തികളും ചടുലവും ദുർബലവുമായിരുന്നു. വർഷങ്ങൾകൊണ്ട് അച്ചൻ നേടിയെടുത്ത പ്രവൃത്തിപരിചയത്തിന്റെ



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ജീവിതാനുഭാവങ്ങളുടെ അരിപ്പയിലിട്ടരിച്ച് എന്റെ സ്വപ്നങ്ങളെ കുറ്റമറ്റതാക്കി തന്നു. കമ്പനിക്കുവേണ്ടി ഒരു വയലിന്റേയും ഫിലിം റോളിന്റേയും ചേർന്നുള്ള ഫോട്ടോ ശരിയാക്കി logo തയ്യാറാക്കി. സൗഭാഗ്യ അഡ്വർടൈസിങ്ങ് കമ്പനി മാനേജർ Mr. Kutty ആദ്യമായി കമ്പനിക്ക് ഒരു Brochure Design ചെയ്തുതന്നു. Shri. Jose Dominic Kuruvinakkunnel-നോട് അനുവാദം വാങ്ങി കലാഭവൻ കുട്ടികൾ Swimming Poolനടുത്തിരുന്ന് ഉപകരണങ്ങൾ വായിക്കുന്ന പടവും ഞാനെടുത്തു Brochure-ൽ ചേർത്തു. പ്രിന്റു ചെയ്യിക്കാൻ പണമില്ലാഞ്ഞതിനാൽ Shri. Andrew Nettikadan-ന്റെ സഹായത്താൽ കടമായി അദ്ദേഹം പ്രിന്റ് ചെയ്തുതന്നു. 1998-ലെ ഇന്ത്യയിലിറങ്ങിയ നല്ല 10 ബ്രോഷറുകളിൽ ഒന്നായി അതിന് സമ്മാനവും ലഭിച്ചു. സ്ക്കൂൾ പണിയാൻ വേണ്ട പണം വിദേശത്തു



കലാഭവൻ സ്റ്റുഡിയോസിലെ ഓഫീസ് സ്റ്റാഫംഗങ്ങൾ

നിന്നു സമാഹരിക്കാനാവുമെന്നു ഞാനച്ചനോടു വാക്കുകൊടുത്തിരുന്നു. പക്ഷേ വിദേശത്തുപോകാനുള്ള വിസകൾ, ടിക്കറ്റിനുള്ള പണം, അവിടെ ചെന്നാലുള്ള യാത്രാച്ചെലവും ഭക്ഷണവും ഇങ്ങനെ നൂറുനൂറു പ്രശ്നങ്ങൾ എന്നെ വല്ലാതെ കുഴച്ചു. അച്ചന്റെ പഴയ കാലശിഷ്യനായിരുന്ന ശ്രീ. തോമസ് പാലത്തറ അമേരിക്കയിലെ താമസവും ഭക്ഷണ്വും എല്ലാ ചെലവുകളും ഏറ്റു. ജർമ്മനിയിലേയ്ക്ക് ഒരിക്കൽ കലാഭവനെ Sponsor ചെയ്തിട്ടുള്ള ജോളി തടത്തിൽ ഞങ്ങൾക്കു ഷങ്കൺ വിസയും Switzerland-ലേക്കുള്ള വിസയും ശരിപ്പെടുത്താമെന്നേറ്റു. ഒരുദിവസം അപ്രതീക്ഷിതമായി ജർമ്മനിയിൽ നിന്നും ശ്രീ. തോമസ് ചക്കിയത്ത്, ശ്രീ. അഗസ്റ്റിൻ ഇലഞ്ഞിപ്പള്ളി തുടങ്ങിയവർ ചേർന്ന് പ്രസിദ്ധീകരിക്കുന്ന രശ്മിമാസികയിൽ ശ്രീ. പ്രിൻസ് പള്ളിക്കുന്നേലിന്റെ വിയന്നയിലെ അഡ്രസ്സും ഫോൺ നമ്പറും കണ്ടു. ഒരു പരീക്ഷണമെന്നോണം വിളിച്ചു സ്വയം പരിചയപ്പെടുത്തി. കലാഭവനിൽ നിന്നു വിളിക്കുന്നെന്നു പറഞ്ഞപ്പോൾ എല്ലാവിധ സഹായവും അദ്ദേഹം ഞങ്ങൾക്കു വാഗ്ദാനം ചെയ്തു. ശ്രീ. പ്രിൻസിന്റെ ഉറ്റസുഹൃത്ത് ശ്രീ. പ്രേംകുമാർ ലണ്ടനിൽ ഞങ്ങളെ സ്വീകരിക്കാനും വേണ്ടതെല്ലാം ചെയ്യാനും തയ്യാറായി. അദ്ദേഹത്തിന്റെ ഫാമിലി സുഹൃത്ത് Shri. Surendran Nair ഞങ്ങളെ പാരീസിലും സ്വീകരിക്കാമെന്നേറ്റു. റോമിലുള്ള Fr.Lukos Vithuvattikal-ന്റെ സഹായത്താൽ Shri. Joseph Karumathy ഞങ്ങൾക്കു വേണ്ട എല്ലാ സഹായങ്ങളും ഏറ്റു. ഗൾഫു രാജ്യങ്ങളിൽ ഏതാനും സുഹൃത്തുക്കൾ വഴി കുവൈറ്റിൽ ശ്രീ. ബാബു പോളും, ബഹ്റിനിൽ ശ്രീ. റോബർട്ട് സെബാസ്റ്റ്യനും, ദോഹയിൽ ദോഹാപാലസ്സിലെ ശ്രീ. മുഹമ്മദുകബീറും, ഒമാനിൽ ശ്രീ. ജോർജ്ജു വർഗീസും വിസ ശരിയാക്കി. ഈ യാത്രയ്ക്ക് ഒന്നര ലക്ഷം രൂപയുടെ ടിക്കറ്റ് കടമായിത്തന്ന് സഹായിച്ചത് രവിപുരത്തുള്ള Athena Travels-ന്റെ owner Ms.Sherly Jose ആണ്.

സത്യത്തിൽ അന്നത്തെ ആ യാത്ര ഒരു സ്വപ്ന സാക്ഷാത്ക്കാരത്തിനുവേണ്ടിയുള്ള യാത്രയായിരുന്നു. ഓരോ രാജ്യം പിന്നിടുമ്പോഴും ഓരോ ദിവസങ്ങൾ കടന്നു പോവുമ്പോഴും ഞങ്ങളുടെ ശുഭാപ്തി വിശ്വാസം കൂടിക്കൂടി വന്നു. ചില അവസരങ്ങളിൽ കൈയ്യിൽ ഒരു പൈസ പോലുമില്ലാതെ യാത്രചെയ്യേണ്ടി വന്നിട്ടുണ്ട്. Frankfurt-ൽ നിന്നും Paris-ലേയ്ക്കു യാത്ര ചെയ്യും വഴി ഭക്ഷണം കഴിക്കാതെ വെള്ളം വാങ്ങാൻ പോലും

marggam DIGITAL PUBLISHING
www.marggam.org




www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

പണമില്ലാതെ മരവിച്ച ഒരു രാത്രിയിൽ ജർമ്മനിയിലെ Baden-Baden എന്ന സ്റ്റേഷനിൽ തണുപ്പു പിടിച്ചു വിറച്ചു നിന്നിട്ടുണ്ട്. തണുപ്പേറിയപ്പോൾ പുതയ്ക്കാൻ മീറ്റിങ്ങുകളിൽ ഭിത്തിയിൽ വലിച്ചുകെട്ടാൻ ഇവിടെ നിന്നും എഴുതികൊണ്ടു പോയ ബാനർ മാത്രം. അപ്പോഴും ഒരു പരിഭവവുമില്ലാതെ തമാശകൾ പറഞ്ഞ് അച്ചൻ എന്നെ സന്തോഷിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ ഞാനറിയാതെ അച്ചനെ ആരാധിക്കുകയായിരുന്നു. അസഹ്യമായ തണുപ്പിൽ പാരീസിലേയ്ക്കുള്ള ട്രെയിനും കാത്തു സ്റ്റേഷനിലെ ബഞ്ചിൽ കിടക്കുമ്പോൾ അച്ചൻ എന്നോടിങ്ങനെ പറഞ്ഞു "ജോർജ്ജു കുട്ടീ ഈ കിടപ്പ് മാതാവ് ഉണ്ണീശോയെ പ്രസവിക്കാൻ കിടന്ന കിടപ്പാ. ഞാൻ താമസിയാതെ കലാഭവൻ സ്ക്കൂളിനെ പ്രസവിക്കും".



കലാഭവൻ സ്കൂളിന്റെ ആശീർവാദകർമ്മം ആബേലച്ചൻ നിർവഹിച്ചപ്പോൾ....

അച്ചന്റെ നിശ്ചയദാർഢ്യം, പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള മനസ്സിനെ ഒരുക്കൽ, എന്തിനേയും സ്നേഹിക്കാനും ഉൾക്കൊള്ളാനുമുള്ള വിശാലമായ മനസ്സ്... ഞാൻ ആബേലച്ചന്റെ വ്യക്തിപ്രഭാവത്തെ തൊട്ടറിയുന്ന നിമിഷങ്ങളായിരുന്നു അതെല്ലാം. എനിക്ക് തോന്നിയ വിശപ്പും തണുപ്പുമെല്ലാം ആ സമയം ഇല്ലാതായതു പോലെ. ഞാനച്ചന്റെ ആരാധകനും അടിമയും ആകുന്നതുപോലെ തോന്നി. ക്രമേണ അച്ചന്റെ വ്യക്തിത്വം എന്നിൽ വലിയ സ്വാധീനം ചെലുത്തിയെന്നു തന്നെ വേണം പറയാൻ. അച്ചനെ വിട്ടുപോയാൽ ഞാൻ അന്യാധീനനാകുമെന്നു പോലും എനിക്കുതോന്നി. "മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാം സൗരഭ്യം" എന്നതു പോലെ അച്ചന്റെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കുചേർന്നു പ്രവർത്തിക്കാൻ എന്നിൽ ആവേശമുണ്ടായി. കലയിലൂടെ ദൈവാരാധന എന്ന പ്രത്യയശാസ്ത്രത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിപ്പിച്ചതും വളർത്തിയതും ആബേലച്ചനാണ്. കലാഭവനിലൂടെ കലാഭവനോടൊപ്പം വളരാൻ കൊതിക്കുന്ന ഏതൊരു യുവതലമുറയ്ക്കും അച്ചൻ കലാഭവന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു.

1998 നവംബർ 14-ന് ശിശുദിന ദിവസം, അച്ചന്റെ ഓമനശിഷ്യൻ സൂപ്പർസ്റ്റാർ ജയറാം കല്ലിട്ട സ്ക്കൂൾ കെട്ടിടം വെറും 6 മാസം കൊണ്ട് പണിതീർത്ത് ഞങ്ങൾ വാഗ്ദാനം ചെയ്തിരുന്നതു പോലെ 1999 ജൂൺ 7ന് ആബേലച്ചൻ ആശീർവദിച്ചു സ്ക്കൂൾ ആരംഭിച്ചു. 2000-ാംമാണ്ട് ജനുവരി മാസം 19-ാം തീയതി ആബേലച്ചന് 80 വയസ്സു തികയുന്ന ദിവസം തന്നെ ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. പി.ജെ. ജോസഫ് കലാഭവൻ സ്ക്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനവും നിർവ്വഹിച്ചു. കലാഭവൻ ടാലെന്റ് റസിഡൻഷ്യൽ സ്ക്കൂൾ എന്ന സ്വപ്നം ഇന്നു സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുകയാണ്. ഇതിനു ഞങ്ങളെ സഹായിച്ച ഓരോ ഷെയർ ഹോൾഡേഴ്സിനേയും, സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം അഹോരാത്രം പണിയെടുത്ത കോൺട്രാക്ടേഴ്സ്, ഇടച്ചിറയിലെ കെട്ടിടനിർമ്മാണത്തൊഴിലാളികൾ, രാഷ്ട്രീയ നേതാക്കൾ, കലാ-സാംസ്ക്കാരിക പ്രവർത്തകർ എന്നിവരെയും, ഈ സംരംഭത്തിൽ നിസ്വാർത്ഥമായി പ്രവർത്തിച്ച, ഉപദേശിച്ച, ആവേശം പകർന്നുതന്ന മറ്റു വ്യക്തികളേയും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

marggam DIGITAL PUBLISHING

www.marggam.org






**Proposed
Kalabhavan Film Institute
&
Television Centre Building.**

ഞങ്ങളുടെ അടുത്ത സ്വപ്നമാണു കലാഭവൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ടെലിവിഷൻ സെന്റർ. ഏകദേശം 5 കോടി രൂപ ചിലവുവരുന്ന ഈ പ്രോജക്ട് കാക്കനാട്ടുള്ള കലാഭവന്റെ സ്ഥലത്തു തന്നെ സ്ഥാപിക്കുവാനാണു പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

8000 Sq. Feet വിസ്തൃതിയുള്ള ഈ കെട്ടിടത്തിന് 40 അടി ഉയരമുണ്ടായിരിക്കും. ഇതിനുള്ളിൽ Video Editing, Recording, Dubbing, Audio Mixing മുതലായവയ്ക്കെല്ലാം സൗകര്യമുണ്ടായിരിക്കും. ആർട്ടിസ്റ്റുകൾക്ക് വിശ്രമിക്കാൻ എയർ കണ്ടീഷൻഡ് മുറികൾവരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ 4000 Sq. Feet Shooting Floor ആയിരിക്കും. ആധുനിക Acoustic സംവിധാനങ്ങളും കുറഞ്ഞ സമയം കൊണ്ട് Light Settings നടത്താനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കും. ഇതുമൂലം ഓരോ ഷോട്ടുകൾക്കും ഇടയിലുള്ള സമയം ലാഭിക്കുവാനും Production Cost ഗണ്യമായി കുറയ്ക്കുവാനും സാധിക്കും.

Photography, Film Editing, Dubbing, Graphics, Sound Engineering, Acting and Direction എന്നീ വിഷയങ്ങളിലായിരിക്കും ക്ലാസുകൾ ആരംഭിക്കുക. Film Institute ലേക്കുള്ള പ്രവേശനത്തിന് മിനിമം യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദമോ കുറഞ്ഞത് 5 വർഷം പഠിക്കാനുദ്ദേശിക്കുന്ന വിഷയത്തിൽ പ്രവൃത്തിപരിചയമോ ആണ്.

കലാഭവന്റെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന മൂവായിരത്തിലധികം കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കുന്ന കലാകാരന്മാരെ സംഘടിപ്പിച്ചു കുട്ടികൾക്കു വേണ്ടി ടെലി സീരിയൽ നിർമ്മിക്കുകയും തുടക്കത്തിൽ അത് ഏതെങ്കിലും മലയാള ടി.വി. ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുകയും ചെയ്യും. മലയാള ടെലിവിഷൻ-സിനിമാലോകത്തു പ്രവർത്തിക്കുന്നവർക്ക് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനുള്ള സംവിധാനം കലാഭവനിൽ ഉണ്ടായിരിക്കും. Share Holders ആയിട്ടുള്ളവർക്ക് വാടകയിനത്തിൽ കൂടുതൽ സൗകര്യങ്ങളും ചെറിയ ഇളവുകളും കൊടുക്കുന്നതായിരിക്കും. ഒരു പക്ഷെ ഇത് കേരളത്തിലെ എറ്റവും വലിയതും, ആധുനിക സാങ്കേതിക ഉപകരണങ്ങളാൽ മികവുറ്റതുമായ ഒരു ടെലിവിഷൻ സ്റ്റുഡിയോ സംവിധാനവുമായിരിക്കും.

2000-ാമാണ്ട് സെപ്തംബർ 10-ാം തീയതി ഈ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന് കല്ലിടുവാനും 2001-ാംമാണ്ട് ജനുവരി 19-ാം തീയതി ആബേലച്ചന്റെ ജന്മനാളിൽ ത്തന്നെ കലാഭവന്റെ ബാനറിൽ നിർമ്മിക്കുന്ന പ്രഥമ Tele Serial Telecast ചെയ്യുവാനും ഞങ്ങൾ പദ്ധതികൾ തയ്യാറാക്കികഴിഞ്ഞു.

കലയ്ക്കുവേണ്ടി സ്വന്തം ജീവിതം തന്നെ ഉഴിഞ്ഞുവച്ച കലോപാസകനായ കലാഭവന്റെ ശില്പിയും, C.M.I. സഭയുടെ തേജസ്സുമായ നമ്മുടെ ആബേലച്ചൻ തന്റെ 81-ാം വയസിലും കലാകേരളത്തിനു മാത്രമല്ല ഈ ലോകത്തിനുതന്നെ മഹത്തായ സംഭാവനകൾ നല്കിക്കൊണ്ടു മുന്നേറുമ്പോൾ അദ്ദേഹത്തിന്റെ ആയുരാരോഗ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ആ ശ്രേഷ്ഠ മനസ്സിന്റെ പ്രവർത്തനമണ്ഡലങ്ങളിൽ നമുക്കോരോരുത്തർക്കും പങ്കുചേരാം.



www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA


KALABHAVAN
FILM INSTITUTE
& TELEVISION CENTRE
KALABHAVAN



കലാഭവൻ സ്കൂളിന്റെ ശിലാസ്ഥാപന കർമ്മം സൂപ്പർ സ്റ്റാർ ശ്രീ.ജയറാം നിർവ്വഹിക്കുന്നു.

കലാഭവൻ സ്കൂളിന്റെ ഉദ്ഘാടനത്തിന് എത്തിയ ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. പി.ജെ.ജോസഫും മറ്റു മുഖ്യാതിഥികളും.

# Kala Bhavan School

TRUTH BEAUTY GOODNESS
ACADEMICS WITH FINE ARTS

# WELCOMES YOU

The Kalabhavan Talent Residential School nestles in the lush green countryside, on the outskirts of the Kochi Metropolis, in the heart of 'God's own country', Kerala. It stands as a mute testimonial to the dreams and aspirations of the great visionary, Fr. Abel CMI, who dares to make music and dance an integral part of mainstream education, bequeathing equal importance to academics and these art forms.

The aesthetically designed school building, the performing arts centre and other structures blend beautifully, into the backdrop of rolling hillocks and meandering rivulets that stretch to the distant horizon. Adding to the scene are swaying coconut-laden palm groves and sun-dappled rubber plantations. A soothing setting to help mould the generation of the morrow.

Every child is blessed with some special talent, be it for maths, for science, for language, music, dance or drama. Some find their niche in sports while others in painting. Fr. Abel felt convinced that each and every child has the potential to excel somewhere, in something at some time. This gift has to be recognised, nurtured and allowed to bloom. This is the concept of the Kalabhavan Talent Residential School. A unique school, the one and only such school in India today that gives equal weightage to arts and academics. A child has the option to pursue and elect dance or music in place of maths or science for grade exams. The school has to be affiliated to the I.C.S.E. Board, New Delhi. We are confident that premium educational institutions around the country will follow this novel system in future.



Some of the special attractions of the Kalabhavan Talent Residential School are as listed:-

1. Each and every student from the L.K.G. onwards will be able to make use of the twenty four hour computer accessibility allowed, for the easy and instant interaction of the child with the parents and other dear ones, right round the globe. They can avail of e-mail, voice mail, video conferencing and other technologically feasible add-ons from time to time.

2. Parents of the children will be welcome and be provided with, on the premises, accommodation for a maximum period of a week in an academic year at a very nominal cost, to allow them first hand observation of their ward's progress in their school. The parents will also be invited to share the cafeteria facilities.

3. The Kalabhavan Talent Residential School will promote promising and talented students through documentary movie projects, as a part of the creative programmes of the school, with parental approval and co-operation, to provide the necessary exposure for their artistic skills.

4. Each and every student will be provided with a small garden plot to help them study and understand nature and its bio-diversity. This will inculcate in them a respect for nature through gardening, nature care, waste management and other horticultural activities.

5. A technology-based project to sharpen their powers of reasoning and mathematical precision will also be an annual feature.

6. Inter-school as well as intra-school annual competitions in all the disciplines offered

marggam DIGITAL PUBLISHING
www.marggam.org




in the curriculum, will be conducted with the active participation of other local and national schools. Also on the anvil is a nationally and internationally interactive workshop under the able guidance of top luminaries, to help focus the students on current issues and topics of importance.



Discipline at the school is based on a healthy interaction between the pupil and the teacher and excellence in performance is accomplished through co-operation, rather than competition. Kalabhavan's emphasis is on the total development of the individual and with this in view, the strength of each class is kept at a healthy low level. Two staff members are in attendance in each class.



The students are encouraged to make positive contributions to the school and its environs. They are guided with understanding and care, and are cushioned in the comforts of familiar facilities and ambience, that give them a feel of a home away from home. A state of the art kitchen and dining hall are operated under the supervision of five-star chefs, who dish out mouth- watering combinations of Indian and continental cuisine to tempt the most reluctant palates.



Built-in sports facilities of both the indoor and outdoor variety draw the children to physical activities that will help them develop self-esteem, team spirit, mutual respect and a deeper understanding of human nature.

An in-house student counsellor will make periodic evaluations of the IQ of students to help the dedicated faculty in providing able guidance as and when required.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA


കലാഭവൻ ശില്പി ഫാദർ ആബേൽ
KALABHAVAN
കലാഭവൻ
കലാഭവൻ
നയിക്കുന്ന
ഗാനമേള
മിമിക്രി









KALABHAVAN 2000 souvenir released by Justice V.R. Krishna Iyer.


Georgekutty Kariyanappally
Managing Director
KALABHAVAN 2000
Musical Concert Mimics Cinematic dance
A millennium entertainment for Indians around the world


കലാകേരളത്തിന് അനുഗ്രഹീത
കലാകാരൻമാരെ സംഭാവന ചെയ്ത
കൊച്ചിൻ കലാഭവൻ
അവതരിപ്പിക്കുന്ന
മിമിക്സ് പരേഡ്
MIMICS PARADE
SANTHOSH
RAJAN
VISWANATH
SANTHOSH KUMAR
JAYAKUMAR
SHAJOHN
BENNY
SHIBU JOHN
DINESH
PRAJOD
Light
SAJEEVAN
kalabhavan
Sound Engineer
BIJU JACOB


കൊച്ചിൻ
കലാഭവൻ നൈറ്റ് '87
at aLain INTER•CONTINENTAL HOTEL
ON THURSDAY 4th JUNE 1987, 9.00 P.M.
MIMIC'S PARADE
KALABHAVAN
PRESENTS
Led by NAWAZ (Film Star)
Mimic's Parade
BY
COCHIN KALA BHAVAN
Organised by
INDIAN CULTURAL ASSOCIATION
(Affiliated to Indian Association - Dubai)
at 7:30 pm
ROYAL
GRAND EID CELEBRATIONS
Gulf Musical Promotions, Kerala Catholic Association
Ajeeb & Adhari Video Presents
3RD DAY OF EID
AT 7P.M.
mimics parade
KALA
Proudly Presents
in Association with
Bahrain International Hotel
Cochin Kalabhavan
Mimics Parade
At Pakistan Club
on 18th July, 97
97
Film Stars of Kerala
Rev. Dr. Abel C.M.I.'s
COCHIN KALABAVAN
Presents
Mega Music-N-Comedy Nite
Date: Saturday, October 11, '97 at 6:00 p.m.
Place: Cardinal Dougherty High School Auditorium
6301 North 2nd Street, Philadelphia
A team of sixteen Super Artists will entertain you for 3 hours with Melodies (Devotional & Film), Mimicry & Comedy
Admission by Pass only.
Plenty of Free Parking
No Audio-Video or Food will be allowed in the Auditorium
Security Provided
For Information & Tickets call:
Rev. Fr. M. K. Kuriakose - (201) 387-1431
Joseph Varghese (215) 335-2641
Daniel Varghese (215) 457-9740
G. K. John (610) 352-1724
Mathew Samuel (215) 676-7668
Regi Mathai (215) 535-2692
John Panickar (215) 728-9454
Directions to Auditorium:
Sponsored by: St. Thomas Orthodox Church, Philadelphia


haleej Tim
Friday, June 19, 1987
23 Shawwal 1407
Mimics on parade in Doha
KUWAIT
KUWAIT TIMES, SATURDAY, OCTOBER 14, 1995
Kalabhavan enters into film production
Musical treat along with mimicry
aleej
Friday, January 8, 1988
MUSICAL NIGH
Thursday, May 28, 1987
Madhu
Joshy
Kerala troupe to perform in Doha
Staff Reporter
What's on ... and where
Kerala stars plan show
erala group
ries of cultu



## കലാഭവന്റെ കൃതജ്ഞത.....

ഏകദേശം രണ്ടുമാസകാലത്തോളം ദീർഘിച്ച ഈ ഗ്രന്ഥത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുകയും നിർദ്ദേശങ്ങളും സഹായങ്ങളും തിരുത്തലുകളും നൽകി ഈ പ്രസിദ്ധീകരണത്തെ ഭംഗിയാക്കുവാൻ ഞങ്ങൾക്കു പിന്തുണ നൽകിയ എല്ലാ സുഹൃത്തുക്കൾക്കും.

ലേഖനങ്ങൾ നൽകിയും, അഭിപ്രായങ്ങളയച്ചു തന്നും ഇതിനെ മോടിപിടിപ്പിക്കാൻ സഹായിച്ച സ്നേഹിതന്മാർക്കും. അഭ്യുദയകാംക്ഷികൾക്കും.

ഈ ഗ്രന്ഥം പ്രശംസനീയമാംവണ്ണം രുപകല്പന ചെയ്തു തന്ന നെറ്റിക്കാടൻ ക്രിയേറ്റീവ്സിലെ ആർട്ടിസ്റ്റുകളോടും, ഈ ഗ്രന്ഥത്തിന്റെ പേജുകളിൽ കൊടുത്തിട്ടുള്ള കോളം ഫോട്ടോകൾ തന്ന് സഹായിച്ച സിനിമാട്ടോഗ്രാഫർമാരോടും കലാഭവന്റെ ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

എഡിറ്റർ



marggam DIGITAL PUBLISHING

www.marggam.org

# KALABHAVAN 2000

editor Georgekutty Kariyanappally

published by Kalabhavan Studios Ltd.
Kalabhavan building
Kalabhavan Road
Cochin 682 018
Kerala, India.
Tel: 0091-484-355599, 355590
Fax: 0091-484-349697
E-mail: info@kalabhavan.com
Websites: www.kalabhavan.com
www.kalabhavanschool.org

designed & printed by Nettikadan Creatives
Nettikadan building, Karakkat Road
Ernakulam South, Cochin 682 016
Kerala, India.
Tel: (91) (484) 351226, 383480
E-mail: mail@nettikadan.com
Website: www.nettikadan.com

C. M. I. LIBRARY
P. B. No. 048
KOTTAYAM
S. J. P. OFFICE

COPY RIGHT © KALABHAVAN 2000
by Kalabhavan Studios Ltd.
All rights reserved. Any use of the contents of this publication without the written permission of the publisher strictly prohibited. Some of the views expressed by contributors may not be the representative views of the publisher.

US $ 10.00
1111212812211 9

Printed in India

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA


HAVE A CASINO HOLIDAY
It's like taking seven vacations.
Bangaram Island Resort, Lakshadweep
Spice Village, Thekkady
Casino Hotel, Cochin
The Marari Beach Resort, Mararikulam
The Brunton Boat Yard, Fort Cochin
Spice Coast Cruise
Coconut Lagoon, Kumarakom
For details on Casino package tours to all seven destinations,contact central reservation:
CASINO GROUP OF HOTELS
Casino Hotel, Willingdon Island, Cochin 682 003, Kerala
Tel:91-484-668221/668421, Fax: 91-484-668001;
Tlx: 0885-6314 SAFE IN E-mail: casino@giasmdO1.vsnl.net.in


Creative solutions in design and print
NETTIKADAN CREATIVES
Graphic design
Brochures
Mailers
Catalogues
Posters
Job printing
NETTIKADAN CREATIVES
Nettikadan Building, Karakkat Road, Cochin 682 016. Tel: 351226, 383480.
E-mail: mail@nettikadan.com Website: www.nettikadan.com
concepts. to print

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org